# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## താബോർ വിഭാഗം

### പാഠാവലി പതിനൊന്ന്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-686 004
ossaebodhanam.org,ossae.org

**AN OSSAE PUBLICATION**
**Sunday School Padavali-11**
First Edition : April 2012
Fifth Edition: February 2023
Copies: 5,000
Price ₹ 70.00

Printed at Alois Graphics, Kottayam
aloisgraphics@gmail.com

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ-ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയ ജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. 'നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം' (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും

കടന്നുവരികയുള്ളു. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തര ത്തിനും സ്വർഗ്ഗരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

# ആമുഖം

യേശുക്രിസ്തു ഏക കർത്താവും രക്ഷകനും ദൈവവുമാകുന്നു എന്ന ബോധ്യം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയെന്നതാണ് OSSAE യുടെ ബോധനലക്ഷ്യം. എല്ലാ ക്ലാസ്സുകളിലും പ്രസ്തുത വിശ്വാസസത്യം ആവർത്തിക്കപ്പെടണം. വേദപുസ്തകവും ആരാധനയും സഭാചരിത്രവും മഹത് വ്യക്തികളെക്കുറിച്ചുള്ള പഠനവും പ്രസ്തുത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവഹിക്കപ്പെടുവാൻ അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിലും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിലും 'യേശുക്രിസ്തു എന്റെ ദൈവമാകുന്നു' എന്ന ബോധ്യം ഉണ്ടാകണം. ത്രിയേക ദൈവത്തിൽ വിശ്വസിക്കുവാനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിൽ, വിശുദ്ധ സഭയുടെ അംഗമെന്ന നിലയിൽ പങ്കാളികളായി ദൈവരാജ്യ മഹത്വത്തിനായി ജീവിക്കുവാനും സൺഡേസ്കൂൾ പഠനം പ്രചോദനമാകണം.

നിലവിൽ എന്താണ് എന്നതിനെക്കാൾ പ്രധാനമാണ് ഇനിയും എന്തൊക്കെയാകാം എന്നത്. പഠനം കഴിവതും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കണം. അധ്യാപകർ ആജ്ഞാപിക്കുന്ന സ്ഥിരശൈലി മാറ്റി സഹായിയുടെയും സംരക്ഷകന്റെയും സംയുക്തശൈലിയിലേക്കു മാറണം. പരമസത്യമായ ദൈവത്തെ അറിയുവാനും അനുഭവമാക്കുവാനും അതു പ്രകാരമുള്ള ജീവിതം നയിക്കുവാനുമുള്ള മാർഗ്ഗദർശനമാണ് ഇന്നിന്റെ ഗുരുധർമ്മം. 'വളർച്ച' അധ്യാപകനും വിദ്യാർത്ഥിക്കും ഒരുപോലെ സംജാതമാകണം. കഠോപനിഷത്തിന്റെ ശാന്തിപാഠം, അധ്യയനത്തിന്റെ ഈ ആത്യന്തിക ലക്ഷ്യം വിവരിക്കുന്നു. "ഓം സഹനാവവതു സഹനൗ ഭുനക്തു; സഹവീര്യം കരവാവഹൈ; തേജസ്വിനാവധീതമസ്തു; മാ വിദ്വിഷാവഹൈ." നമ്മെ (ഗുരുവിനെയും ശിഷ്യനെയും) ഒരുമിച്ച് (ദൈവം) അനുഗ്രഹിക്കട്ടെ. നാം രണ്ടുപേരും ഒരുമിച്ച് ഭുജിക്കട്ടെ. നാം രണ്ടുപേരും പരസ്പരം ശക്തി പകരട്ടെ. നാം അധ്യയനം ചെയ്ത് തേജസ്സുറ്റതാവട്ടെ." ഭാരതത്തിന്റെ തദ്ദേശീയ ക്രൈസ്തവ സഭയായ മലങ്കരസഭ അതിന്റെ വളർന്നുവരുന്ന തലമുറയ്ക്ക് ദേശസ്നേഹവും സ്വത്വബോധവും പകർന്നു നൽകണം.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ദൈവീകരായി വളർത്തുകയെന്ന സുവിശേഷ ദൗത്യത്തിൽ വലുതായ ഉത്തരവാദിത്വം ഉണ്ട്. പരീക്ഷയ്ക്ക്, ആണ്ടിൽ ഒരിക്കൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പതിവിനു പകരം ആഴ്ചയിൽ അല്പസമയമെങ്കിലും ക്രമമായി വേദപഠനത്തിനു സമയം കണ്ടെത്തണം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പ്രബോധിപ്പിക്കുന്നതുപോലെ 'ഭവനത്തിലെ സഭ' (Home Church) ആണ് വേദപഠനത്തിന്റെ ഈറ്റില്ലം. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സ്വാധീനിക്കുവാൻ ഏറ്റവും കഴിവുള്ള അധ്യാപകർ. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠങ്ങൾ വീഡിയോ ക്ലാസ്സുകളായി ossaebodhanam.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സൺഡേസ്കൂളിൽ അധ്യാപകർ നൽകുന്ന ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പരീക്ഷയിലെ ഉന്നത വിജയം മാത്രമല്ല ലക്ഷ്യം; കുഞ്ഞുങ്ങൾ ദൈവീകരാകുകയെന്നതാണ് പരമമായ ലക്ഷ്യം. ചെറുതായിരിക്കുന്നതു മാത്രമല്ല, വലുതാകാൻ ശ്രമിക്കാത്തതാണ് ആത്മീയ അപചയത്തിനു കാരണം! നന്മ നിറഞ്ഞതും ദൈവരാജ്യമഹത്വത്തിന് അനുയോജ്യവുമായ ചിന്താധാരകൾ നമ്മുടെ മനസ്സുകളിൽ നിറയട്ടെ, വരുംതലമുറയിലേക്ക് അവ അനസ്യൂതം പ്രവഹിക്കട്ടെ!

ദേവലോകം
23-02-2021

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

## ഉള്ളടക്കം


**യൂണിറ്റ് ഒന്ന്: വേദപുസ്തകപഠനം**

അദ്ധ്യായം ഒന്ന്: വിശുദ്ധ ബൈബിൾ ........ 9

അദ്ധ്യായം രണ്ട്: പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം ........ 12

അദ്ധ്യായം മൂന്ന്: സുവിശേഷങ്ങളും പൗലോസിന്റെ കത്തുകളും ........ 15

അദ്ധ്യായം നാല്: ഓർത്തഡോക്സ് ആരാധനയിൽ ........ 19

**യൂണിറ്റ് രണ്ട്: സഭാചരിത്രം**

അദ്ധ്യായം ഒന്ന്: സഭാചരിത്രത്തിലെ നാഴികക്കല്ലുകൾ ........ 22

അദ്ധ്യായം രണ്ട്: മലങ്കരസഭയും പ്രധാന സംഭവങ്ങളും ........ 29

അദ്ധ്യായം മൂന്ന്: കാതോലിക്കാ സിംഹാസന ചരിത്രം ........ 39

അദ്ധ്യായം നാല്: മലങ്കരസഭ ആധുനിക യുഗത്തിൽ ........ 43

**യൂണിറ്റ് മൂന്ന്: ക്രിസ്തീയ കുടുംബം**

അദ്ധ്യായം ഒന്ന്: വേദപുസ്തക അടിസ്ഥാനം ........ 48

അദ്ധ്യായം രണ്ട്: ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ........ 52

അദ്ധ്യായം മൂന്ന്: കുടുംബ ബന്ധങ്ങൾ ........ 55

അദ്ധ്യായം നാല്: വ്യത്യസ്ത സഭകളിലെയും മതങ്ങളിലെയും അംഗങ്ങൾ തമ്മിലുള്ള വിവാഹ ബന്ധങ്ങൾ ........ 58

**യൂണിറ്റ് നാല്: വിവിധ മതങ്ങളും എക്യുമെനിസവും**

അദ്ധ്യായം ഒന്ന്: വിവിധ മതങ്ങൾ ........ 62

അദ്ധ്യായം രണ്ട്: വിവിധ ക്രിസ്തീയ വിഭാഗങ്ങൾ ........ 67

അദ്ധ്യായം മൂന്ന്: എക്യുമെനിക്കൽ പ്രസ്ഥാനം ........ 73

അദ്ധ്യായം നാല്: എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തം ........ 77

**യൂണിറ്റ് അഞ്ച്: മനുഷ്യാവകാശങ്ങൾ**

അദ്ധ്യായം ഒന്ന്: മനുഷ്യാവകാശങ്ങളുടെ ആരംഭവും സ്വഭാവവും ........ 81

അദ്ധ്യായം രണ്ട്: അടിസ്ഥാനമനുഷ്യാവകാശങ്ങൾ: ഭരണഘടനയിൽ ........ 85

അദ്ധ്യായം മൂന്ന്: മനുഷ്യാവകാശവും വിലപ്പെട്ട മനുഷ്യജീവനും ........ 88

അദ്ധ്യായം നാല്: മനുഷ്യാവകാശങ്ങളും ഉത്തരവാദിത്വങ്ങളും (Rights and Responsibilities) ........ 91

**യൂണിറ്റ് ആറ്: വിവിധ തത്വസംഹിതകളോടുള്ള ക്രിസ്തീയ സമീപനം**

അദ്ധ്യായം ഒന്ന്: ഗാന്ധിജിയെ പരിചയപ്പെടുക ........ 94

അദ്ധ്യായം രണ്ട്: മതമൗലികവാദം ........ 98

അദ്ധ്യായം മൂന്ന്: സാമൂഹ്യപ്രത്യയശാസ്ത്രം ........ 102

അദ്ധ്യായം നാല്: സാമ്പത്തികപ്രത്യയശാസ്ത്രങ്ങൾ ........ 105

# വേദപ്രവീൺ ഡിപ്ലോമാ കോഴ്സ്

താബോർ വിഭാഗത്തിലെ 11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങളാണ് വേദപ്രവീൺ ഡിപ്ലോമാ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 11-ാം ക്ലാസ്സിലെ ടെക്സ്റ്റും 'വി. കുർബാന യുടെ ധ്യാനപഠനം' എന്ന പുസ്തകവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരീക്ഷ 11-ാം ക്ലാസ് അവസാനവും 12-ാം ക്ലാസ്സിലെ ഈ ടെക്സ്റ്റും 'അർത്ഥവത്തായ അനുഷ്ഠാനങ്ങൾ' എന്ന ഉപപാഠവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരീക്ഷ 12-ാം ക്ലാസ് അവസാനവും ഉണ്ടായിരിക്കും. എന്നാൽ പ്രൈവറ്റായി പരീക്ഷ എഴുതുന്നവർക്ക് 11, 12 ക്ലാസ്സുകളിലെ എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയുള്ള ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

ഇതിനു പുറമേ ഒരു പ്രോജക്ട് റിപ്പോർട്ടും വിദ്യാർത്ഥികൾ പങ്കെടുത്ത ഒരു ഓറിയ ന്റേഷൻ കോഴ്സ് റിപ്പോർട്ടും വേദപ്രവീൺ ഡിപ്ലോമാ കോഴ്സിന്റെ ഭാഗമാണ്. ഈ രണ്ടു റിപ്പോർട്ടുകൾക്കും കൂടി 10 മാർക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് അഞ്ചു പേജിൽ കുറയാതെയും ഓറിയന്റേഷൻ റിപ്പോർട്ട് രണ്ടു പേജിൽ കുറയാതെയും തയ്യാ റാക്കണം.

പ്രോജക്ട് റിപ്പോർട്ട് ക്ലാസ് ടീച്ചർ മുഖേന ഹെഡ്മാസ്റ്റർക്കു നൽകണം. പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു ഏകദേശ ഘടന ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ തലക്കെട്ട്
2. ആമുഖം
3. വിഷയത്തിന്റെ പ്രാധാന്യവും പഠനത്തിന്റെ ആവശ്യകതയും
4. പഠനരീതി
5. ശേഖരിച്ച വിവരങ്ങളുടെ വിശകലനം
6. പ്രധാന കണ്ടെത്തലുകൾ
7. ഉപസംഹാരം
8. റഫറൻസുകൾ

ഇതിനു പുറമെ എല്ലാ പരീക്ഷാർത്ഥികളും ഏതെങ്കിലും സൺഡേസ്കൂൾ ക്ലാസ്സിൽ മൂന്നു മണിക്കൂർ എങ്കിലും പഠിപ്പിച്ചിരിക്കണം.

ഓരോ വർഷത്തേക്കും അസോസിയേഷൻ നിശ്ചയിച്ചുതരുന്ന വിഷയങ്ങളിൽനിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള വിഷയം അധ്യാപകരുടെ ആലോചനയോടെ തെരഞ്ഞെ ടുക്കാം. അധ്യാപകരുടെ നേതൃത്വത്തിൽ പ്രോജക്ട് ചെയ്ത്, റിപ്പോർട്ട് നിശ്ചിത സമയത്ത് ഹെഡ്മാസ്റ്ററെ ഏല്പിക്കണം.

ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്കാണ് സൺഡേസ്കൾ അധ്യാപകർക്കുള്ള യോഗ്യത എന്നു മനസ്സിലാക്കി എല്ലാ കാര്യങ്ങളും കൃത്യമായും ഭംഗിയായും ചെയ്യുക.

യൂണിറ്റ് ഒന്ന്

# വേദപുസ്തകപഠനം

അദ്ധ്യായം ഒന്ന്

## വിശുദ്ധ ബൈബിൾ ഓർത്തഡോക്സ് സഭാവീക്ഷണത്തിൽ

സഭയുടെ ആധികാരികഗ്രന്ഥം വിശുദ്ധവേദപുസ്തകമാണ്. സഭയുടെ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രധാന സ്രോതസ്സായി വിശുദ്ധഗ്രന്ഥം നിലകൊള്ളുന്നു. അത് ദൈവാത്മാവിന്റെ പ്രചോദനത്താലും സഹായത്താലും രചിക്കപ്പെട്ടതാണ് ആ സത്യം പത്രോസ് ശ്ലീഹാ വ്യക്തമാക്കുന്നു. “ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ” (2 പത്രോസ് 1:21) പൗലോസ് ശ്ലീഹായുടെ സാക്ഷ്യം “എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ... പ്രയോജനമുള്ളത് ആകുന്നു” (2 തീമൊ. 3:16–17) വചനം എന്ന മാധ്യമത്തിൽക്കൂടിയാണ് ദൈവം തന്റെ ഹിതവും പ്രവൃത്തിയും വെളിപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ബൈബിൾ ദൈവവചനമാണ്. മനുഷ്യരക്ഷയ്ക്കുവേണ്ടി നല്കുന്ന സന്ദേശമായി അതിനെ കാണാം.

ഇതു തെറ്റുകൂടാതെയും പൂർണ്ണമായും എഴുതാൻ ദൈവം ചില വ്യക്തികളെ ഉപയോഗിക്കുകയായിരുന്നു. അവർക്ക് അവിടുന്ന് പ്രചോദനവും പ്രകാശവും നല്കി. എന്നാൽ അവർ വെറും യാന്ത്രികമായ ഉപകരണങ്ങൾ ആയിരുന്നില്ല. മറ്റേതു ഗ്രന്ഥകർത്താവിനെപ്പോലെ ഇവരും സ്ഥലകാലസാഹചര്യങ്ങളുടെ സ്വാധീനത്തിനു വിധേയരായിരുന്നു. അവരുടെ സാംസ്കാരികവും സാമൂഹ്യവും സാഹിത്യപരവുമായ സവിശേഷതകൾ നിലനിറുത്തിക്കൊണ്ട് ദൈവത്തിന്റെ സന്ദേശം പ്രമാദരഹിതമായി അവതരിപ്പിക്കാൻ അവർക്കു വരം ലഭിച്ചു. അങ്ങനെ ദൈവത്തിന്റെ സന്ദേശം മനുഷ്യന്റെ വാക്കുകളിൽ ലിഖിതമായി. ദൈവത്തെയും മനുഷ്യരക്ഷയെയും സംബന്ധിച്ചുള്ള വസ്തുതകളിൽ ബൈബിൾ പ്രമാദരഹിതമാണ്.

ബൈബിൾ ഒരു ശാസ്ത്രപുസ്തകമല്ല. ഭൗതികശാസ്ത്രത്തെ സംബന്ധിച്ചുള്ള അറിവുകളല്ല അതിൽ കണ്ടെത്തുന്നത്. എന്നാൽ ശാസ്ത്രത്തിനു നിരക്കാത്തത് ബൈബിളിൽ ഇല്ലാ എന്നു പറയാം. രക്ഷാചരിത്രം അവതരിപ്പിക്കുകയും രക്ഷാമാർഗ്ഗം നിർദ്ദേശിക്കുകയുമാണ് ബൈബിൾ ചെയ്യുന്നത്.

### ഓർത്തഡോക്സ് സഭയും പ്രൊട്ടസ്റ്റന്റു ബൈബിളും

പ്രൊട്ടസ്റ്റന്റുകാർ സ്വീകരിച്ചിട്ടുള്ള ബൈബിളിൽ പഴയനിയമത്തിൽ 39 പുസ്തകങ്ങൾ മാത്രമേയുള്ളൂ. എന്നാൽ ഓർത്തഡോക്സ് സഭ അംഗീകരിച്ചിട്ടുള്ള ബൈബിളിൽ 46 പുസ്തകങ്ങളുണ്ട്. ഈ വ്യത്യാസം എങ്ങനെ വന്നു? ബി.സി. മൂന്നാം നൂറ്റാണ്ടിൽ അനവധി യഹൂദന്മാർ കുടിയേറ്റക്കാരായി ഈജിപ്തിൽ പാർക്കുന്നുണ്ടായിരുന്നു. അവരുടെ രണ്ടാം തലമുറക്കാർ തദ്ദേശീയ ഭാഷയായ ഗ്രീക്കുമാത്രം അറിയാവുന്നവരായി. അതുകൊണ്ട് അവരുടെ ഉപയോഗത്തിനായി ബൈബിളിന്റെ ഗ്രീക്കുപരിഭാഷ അലക്സാണ്ട്രിയായിൽ നിർവ്വഹിക്കപ്പെട്ടു.

ഇത് ബി.സി. മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ്. 72 പണ്ഡിതന്മാർ ചേർന്നുള്ള സംരംഭമായിരുന്നതിനാൽ ഈ പരിഭാഷയ്ക്ക് സെപ്റ്റുവജിന്റ് (LXX) എന്ന് പേരായി.

ഈ പരിഭാഷയിൽ പാലസ്തീനിൽ നിലവിലിരുന്ന ബൈബിളിനെക്കാൾ കൂടുതൽ ഏഴു കൃതികളുണ്ടായിരുന്നു. അതു സംഭവിച്ചത് അന്ന് ഇത്ര പുസ്തകങ്ങൾ മാത്രമേ ഉണ്ടായിരിക്കയുള്ളൂ എന്ന നിശ്ചയമൊന്നും ചെയ്തിട്ടില്ലാതിരുന്നതിനാലാണ്. ഹീബ്രു ഒരു മാതൃഭാഷയായിത്തീർന്നതുകൊണ്ടും ഗ്രീക്ക് അന്നു സാർവ്വത്രികഭാഷയായിരുന്നതുകൊണ്ടും യഹൂദസമൂഹം സെപ്റ്റുവജിന്റ് അംഗീകരിച്ചുപോന്നു. ആ പാരമ്പര്യത്തിൽ ആണ് ക്രിസ്തീയസഭയും ആരംഭംമുതൽ സെപ്റ്റുവജിന്റ് ഉപയോഗിച്ചു വന്നത്. പൗലോസും മറ്റും ഉദ്ധരിക്കുന്നത് ഹീബ്രുവിൽനിന്നല്ല ഗ്രീക്കുപരിഭാഷയിൽനിന്നാണ്.

ക്രിസ്തീയസഭയുടെ വളർച്ചയും മുന്നേറ്റവും തടയുവാൻ പലസ്തീനിലെ യഹൂദ റാബിമാരുടെ ഒരു കൗൺസിൽ ജാമ്നിയായിൽകൂടി (A.D. 90). അവിടെ അവർ എടുത്ത ഒരു തീരുമാനം ക്രിസ്തീയസമൂഹം ഉപയോഗിക്കുന്ന ബൈബിൾ നിരാകരിച്ചുകൊണ്ട് നേരത്തെ പലസ്തീനിൽ നിലനിന്നിരുന്ന 39 പുസ്തകങ്ങൾ മാത്രമാണ് കാനോനികഗ്രന്ഥങ്ങൾ എന്നുള്ളതായിരുന്നു. അപ്പോൾ സെപ്റ്റുവജിന്റിലെ അധികം ചേർക്കപ്പെട്ട കൃതികൾക്കു ക്രിസ്തീയ സഭ ഉത്തരകാനോനിക (Deutro Canonical) ഗ്രന്ഥങ്ങൾ എന്നു പേർ വിളിച്ചു. അധികമുള്ള ഏഴു കൃതികൾ തോബിത്, യൂദിത്, മഹാജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക്, 1,2 മക്കബായർ (എസ്തറിന്റെയും ദാനിയേലിന്റെയും കൃതികൾക്ക് അനുബന്ധങ്ങൾ കൂടിയുണ്ട്).

ക്രിസ്തീയസഭയിൽ പ്രൊട്ടസ്റ്റന്റ് നവീകരണം ഉണ്ടാകുന്നതുവരെ ഉപയോഗിച്ചുകൊണ്ടിരുന്നത് സെപ്റ്റുവജിന്റ് ബൈബിളും അതിൽനിന്നുള്ള പരിഭാഷകളുമാണ്. നവീകരണകർത്താക്കൾ എബ്രായ കാനോൻപ്രകാരമുള്ള 39 പുസ്തകങ്ങൾ മാത്രം പഴയനിയമമെന്ന് വ്യവസ്ഥപ്പെടുത്തുകയായിരുന്നു. അങ്ങനെയാണ് നവീകരണസഭകൾ അല്ലാതെയുള്ള റോമൻ കത്തോലിക്ക-ഓർത്തഡോക്സ് സഭകൾ എല്ലാംതന്നെ 46 പുസ്തകങ്ങൾ ഉള്ള പഴയനിയമം സ്വീകരിക്കുന്നത്.

സുറിയാനി ഓർത്തഡോക്സ് സഭയിൽ ഉപയോഗിക്കുന്ന പെശീത്താ പരിഭാഷ (Peshitta) സെപ്റ്റുവജിന്റിൽനിന്നായതുകൊണ്ട് അതിൽ 46 പുസ്തകങ്ങൾ ഉണ്ട്. മലയാളത്തിൽ പെശീത്തായുടെ പരിഭാഷ ഫാദർ കുര്യൻ കണിയാംപറമ്പിലും ഫാദർ ഉപ്പാണിയും നടത്തിയിട്ടുണ്ട്.

## 'സഭയാൽ സഭയ്ക്കുവേണ്ടി രചിക്കപ്പെട്ട പുസ്തകം'

വിശുദ്ധ ഗ്രന്ഥം ദൈവത്തിന്റെ വചനമാണെന്നും പരിശുദ്ധാത്മപ്രചോദനത്താൽ രചിക്കപ്പെട്ടതാണെന്നും മുകളിൽ കണ്ടു. എന്നാൽ അതിന്റെ രൂപീകരണത്തിലും ക്രോഡീകരണത്തിലും സഭയ്ക്കുള്ള പങ്ക് അറിഞ്ഞിരിക്കണം. പഴയനിയമം യഹൂദസഭയിലെ ആരാധനയുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ടതാണ്. അതുപോലെ പുതിയ നിയമം ക്രിസ്തീയസഭയുടെ ആരാധനയുടെ പശ്ചാത്തലത്തിലാണ് രൂപപ്പെട്ടത്. ആരാധനയിൽ ഉപയോഗിക്കുന്നതിന് അതിലെ പ്രബോധനങ്ങൾക്ക് ഉപയുക്തമാംവണ്ണമാണ് പുസ്തകങ്ങൾ ക്രോഡീകരിക്കപ്പെട്ടത്.

മറ്റുപല കൃതികളും അന്നുണ്ടായിരുന്നു. എന്നാൽ ഏതൊക്കെ ആയിരിക്കണം വിശുദ്ധ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തേണ്ടത് എന്ന് സഭയാണ് നിശ്ചയിച്ചത്. അപ്രകാരം തെരഞ്ഞെടുക്കുന്നതിനും ക്രോഡീകരിക്കുന്നതിനും പരിശുദ്ധാത്മാവു സഭയെ നയിച്ചു എന്നു പറയാം. അതുകൊണ്ട് സഭയിൽനിന്ന്, സഭയ്ക്കുവേണ്ടി, സഭയാൽ ക്രോഡീകരിക്കപ്പെട്ടതാണ് വിശുദ്ധ ഗ്രന്ഥമെന്നു പറയുന്നതിൽ തെറ്റില്ല. ആ ഗ്രന്ഥം തന്നെയാണ് സഭയുടെ വിശ്വാസങ്ങളെ നിർവചിക്കാനും നിയന്ത്രിക്കാനും അനുഷ്ഠാനങ്ങളെ രൂപപ്പെടുത്താനും എല്ലാം സഹായിക്കുന്നത്. അങ്ങനെ സഭയോടുള്ള ബന്ധത്തിൽവേണം വിശുദ്ധ ഗ്രന്ഥത്തെ കാണേണ്ടതും വിലയിരുത്തേണ്ടതും.

വിശുദ്ധനായ അഗസ്തീനോസ് പ്രസ്താവിച്ചു: I would not believe in the Gospel were it not for the authority of the church. "സഭയുടെ ആധികാരികത അതിന്റെ പിമ്പിലില്ലായിരുന്നു എങ്കിൽ ഞാൻ സുവിശേഷത്തെ വിശ്വസിക്കുകയില്ലായിരുന്നു." The Church is to teach, the Bible to prove. സഭയാണു പഠിപ്പിക്കേണ്ടത്, വേദപുസ്തകം അതിനെ സാധൂകരിക്കുകയും വേണം. പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നത് "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയം" (1 തീമൊ 3:15) എന്നാണ്. സഭയുടെ സ്ഥാനവും പ്രാധാന്യവും ഇതു വ്യക്തമാക്കുന്നു.

സഭയോടുള്ള ബന്ധത്തിലല്ലാതെ സ്വതന്ത്രമായ വേദവ്യാഖ്യാനത്തിന് ഒരുമ്പെടുന്നതു അപകടകരമാണ്. അങ്ങനെയാണ് നൂതനങ്ങളായ ഒട്ടേറെ സഭകൾ ഉണ്ടായിട്ടുള്ളത്. 'വാൾ എടുക്കുന്നവൻ വെളിച്ചപ്പാട്' എന്നു പറയുന്നതുപോലെ ഓരോരുത്തരും ബൈബിൾ വ്യാഖ്യാനത്തിന് ഒരുമ്പെടുമ്പോൾ തെറ്റായ പല നിഗമനങ്ങളിലും ചിന്തകളിലും ചെന്നെത്താം. അതുകൊണ്ട് സഭയോടുള്ള ബന്ധത്തിലും സഭയുടെ പിതാക്കന്മാർ നല്കിയിട്ടുള്ള പ്രബോധനങ്ങളുടെ വെളിച്ചത്തിലും ബൈബിൾ പഠനം സാധ്യമാക്കണം.

സഭയുടെ പ്രമാണങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും വേദപുസ്തകം മാത്രമാണ് ആധാരം എന്ന പ്രൊട്ടസ്റ്റന്റ് വീക്ഷണം ഓർത്തഡോക്സ് സഭയ്ക്കില്ല. വിശുദ്ധഗ്രന്ഥം പ്രധാനവും പ്രാമാണികവുമായ സ്രോതസ്സ് ആണ്. അതോടു ചേർന്നു പരിശുദ്ധ സഭാപിതാക്കളുടെ ഉപദേശങ്ങളും വിശുദ്ധ സുന്നഹദോസുകളുടെ നിശ്ചയങ്ങളും പരിഗണിക്കുന്നു. വേദപുസ്തകസത്യങ്ങളെ എപ്രകാരം, സഭാപിതാക്കൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. രണ്ടായിരത്തിലധികം വർഷങ്ങൾക്കുമുമ്പ് രചിക്കപ്പെട്ട വിശുദ്ധഗ്രന്ഥം പിന്നിട്ട തലമുറകൾ എപ്രകാരം മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്തു എന്നു നാമറിയുന്നത് ആവശ്യംതന്നെ.

## ഉപസംഹാരം

1. സഭയുടെ ആധികാരികഗ്രന്ഥമാണ് വിശുദ്ധവേദപുസ്തകമെന്ന് നാം അംഗീകരിക്കുന്നു.
2. സഭാപിതാക്കന്മാരുടെ ഉപദേശങ്ങളെയും സുന്നഹദോസു കാനോനുകളെയും വേദപുസ്തകപഠനത്തിൽ ഉപയുക്തമാക്കണം.
3. നാം അംഗീകരിക്കുന്ന സുറിയാനി ബൈബിൾ (പ്പെശീത്ത) പ്രൊട്ടസ്റ്റന്റ് ബൈബിളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് പഴയനിയമത്തിലെ പുസ്തകങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിലാണ്.
4. വേദപുസ്തകം മാത്രമാണ് (sola scripture) സഭയുടെ പ്രമാണങ്ങൾക്ക് ആധാരമെന്ന് നാം വിശ്വസിക്കുന്നില്ല.

## പ്രവർത്തനങ്ങൾ

1. പ്രൊട്ടസ്റ്റന്റ് ബൈബിളിലെയും ഓർത്തഡോക്സ് സഭ അംഗീകരിച്ചിട്ടുള്ള ബൈബിളിലെയും പുസ്തകങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കാൻ കാരണമെന്ത്?
2. 'സഭയോടുള്ള ബന്ധത്തിൽ മാത്രമേ വേദപുസ്തകം വ്യാഖ്യാനിക്കാവൂ'. ഈ ആശയം സമർത്ഥിക്കുക.
3. 'വി. വേദപുസ്തകത്തിന്റെ പ്രത്യേകതകൾ ഓർത്തഡോക്സ് സഭാവീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

അദ്ധ്യായം രണ്ട്

## പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം

'ഞാൻ പഴയനിയമം വായിക്കാറില്ല; പുതിയനിയമം മാത്രമേ വായിക്കൂ.' എന്നു പറയുന്നവരുണ്ട്. അതിന് അവർ നൽകുന്ന വിശദീകരണം ഇപ്രകാരമാണ്. ഒന്ന്, പഴയനിയമം യഹൂദജനതയുടെ വേദഗ്രന്ഥമാണ്. അത് അനുശാസിക്കുന്നത് ന്യായപ്രമാണവും അവയുടെ അനുഷ്ഠാനങ്ങളുമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അതു പ്രസക്തമല്ല. രണ്ട്, പഴയനിയമത്തിൽ പ്രതിഫലിക്കുന്ന വികാരം പ്രതികാരത്തിന്റെയും അക്രമത്തിന്റെയും ശിക്ഷയുടേതുമാണ്. അതു ക്രിസ്തുവിന്റെ സുവിശേഷത്തോടു നിരക്കുന്നതല്ല. ഈ അഭിപ്രായങ്ങൾ പുലർത്തുന്നവർ അനവധി പേർ ഉണ്ടായേക്കാം.

അതുകൊണ്ട് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നാം മനസ്സിലാക്കേണ്ടത് ഏറ്റവും ആവശ്യമാണ്. അഗസ്തീനോസിന്റെ പ്രസ്താവന വളരെ പ്രസക്തവും അർത്ഥപൂർണ്ണവുമാണ്. 'പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞുകിടക്കുന്നു; പഴയത് പ്രകാശിതമാകുന്നത് പുതിയനിയമത്തിലും.' രണ്ടും തമ്മിലുള്ള ബന്ധം ഈ പ്രസ്താവനയിൽ സ്പഷ്ടമാക്കിയിരിക്കുന്നു. പുതിയനിയമ പഠനം ശരിയായി നടത്തണമെങ്കിൽ പഴയനിയമത്തെപ്പറ്റിയുള്ള പരിജ്ഞാനം ആവശ്യമാണ്. പഴയനിയമസംഭവങ്ങളും ഉപദേശങ്ങളും പൂർത്തീകരിക്കപ്പെടുന്നത് പുതിയനിയമത്തിലാണ്.

പഴയനിയമവും പുതിയനിയമവും തമ്മിൽ പലതിലും വ്യത്യാസങ്ങൾ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ അവ തമ്മിലുള്ള പൊരുത്തവും ഐക്യവുമാണ് നമ്മെ കൂടുതൽ ആകർഷിക്കുന്നത്.

(1) രണ്ട് ഭാഗങ്ങളിലും ഒരേ ദൈവത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ് പുതിയനിയമത്തിൽ യേശുവിൽക്കൂടി സംസാരിക്കുന്നത്. യേശുക്രിസ്തുവിൽക്കൂടി രക്ഷണ്യപ്രവർത്തനം നിവർത്തിച്ച ദൈവം തന്നെയാണ് യിസ്രായേലിനെ ഈജിപ്തിൽനിന്നും വിടുവിച്ച് കനാനിലേക്ക് കൊണ്ടുവന്നതും പ്രവാചകന്മാർമൂലം സംസാരിക്കുകയും ചെയ്തത്. സൃഷ്ടികർമ്മത്തിൽ പ്രവർത്തിച്ച ദൈവം തന്നെയാണ് യേശുക്രിസ്തുവിൽക്കൂടി വ്യാപരിച്ചതും. 'ഇരുട്ടിൽനിന്നു വെളിച്ചം പ്രകാശിക്കണം' എന്ന് അരുൾചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു' (2 കൊരി 4:6). 'യിസ്രായേല്യരോട് ഭാഗം ഭാഗമായും വിവിധമായും സംസാരിച്ച ദൈവംതന്നെ അന്ത്യസമയത്തു പുത്രൻ മുഖാന്തരം അരുൾച്ചെയ്തു' (എബ്രാ 1:1).

(2) രണ്ടു ഭാഗങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനതയെപ്പറ്റി പ്രതിപാദിക്കുന്നു. പഴയനിയമത്തിൽ ദൈവജനമായ യിസ്രായേലിനെപ്പറ്റി, അവരുടെ ഉത്ഭവം, ചരിത്രം, ജയപരാജയങ്ങൾ, ആത്യന്തികലക്ഷ്യം എന്നിവ വ്യക്തമാക്കുന്നു. ദൈവത്തിന്റെ ദൗത്യനിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ടവരാണവർ.

അതേ വിധത്തിൽത്തന്നെ പുതിയനിയമത്തിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയാണ് ക്രിസ്ത്രീയസഭ. അത് പുതിയ യിസ്രായേലാണ്. പഴയ യിസ്രായേലിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായ പുതിയ സമൂഹം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനവും വിശുദ്ധജനവുമായിത്തീർന്നിരിക്കുന്നു (പുറ 19:6; 1 പത്രൊ 2:9). ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ നിയുക്തരാണവർ.

(3) പഴയനിയമ സംഭവങ്ങൾ പുതിയനിയമ സംഭവങ്ങളുടെ ദൃഷ്ടാന്തങ്ങളും മാതൃക കളും മുൻകുറികളുമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലും ക്രിസ്തീയസഭയുടെ അനുഭവത്തിലുമുള്ള അനവധി സംഭവങ്ങൾ പഴയനിയമചരിത്രത്തിൽ മുൻകുറികളും അടയാളങ്ങളുമായി കാണാം. ശിശുവായ യേശു ഈജിപ്തിൽനിന്നും തിരികെ വരുന്നതും പിന്നീട് യേശു മരുഭൂമിയിൽ 40 ദിവസങ്ങൾ ഉപവാസത്തിൽ കഴിച്ചതും തുടർന്നുണ്ടായ പ്രലോഭനങ്ങളും എല്ലാം തന്നെ യിസ്രായേലിന്റെ അനുഭവങ്ങളിൽ സൂചിപ്പിച്ചിരുന്നതായി സുവിശേഷകന്മാർ ചൂണ്ടിക്കാണിക്കുന്നു. അതുപോലെ സഭയുടെ അനുഭവത്തിലും പലതും മുൻകുറി ആയി പഴയനിയമത്തിൽ കാണാം (1 കൊരി 10:1–13).

(4) പഴയനിയമത്തിലെ അനവധി പ്രവചനങ്ങളും സങ്കീർത്തനങ്ങളും പുതിയതിൽ നിവർത്തിക്കപ്പെടുന്നു. പുതിയനിയമ എഴുത്തുകാർ എല്ലാവരും ഈ വീക്ഷണം പുലർത്തി. മത്തായിയുടെ സുവിശേഷത്തിൽ ഉടനീളം പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികൾ നൽകിക്കൊണ്ട് യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ സംഭവവും പ്രവചനപൂർത്തീ കരണമായി വിവരിക്കുന്നു. ഇതര സുവിശേഷങ്ങളിൽ ഇത്രയും വ്യാപകമായില്ലെങ്കിലും ഈ അടിസ്ഥാനത്തിലുള്ള പല പരാമർശങ്ങളും കാണാം.

പഴയനിയമ പണ്ഡിതനായിരുന്ന പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ പഴയനിയമ ഉദ്ധരണികളും പരാമർശങ്ങളും നല്കിക്കൊണ്ട് തന്റെ ആശയങ്ങൾ വ്യക്തമാക്കുന്നു. ഉദാ. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന സിദ്ധാന്തം പൗലോസിന്റെ പുതുതായ ഒരു ഉപദേശമല്ല, പഴയനിയമത്തിൽ അബ്രഹാമിന്റെ ജീവിതത്തിൽ വെളിപ്പെട്ടതാണെന്ന് ഉല്പത്തി 15:6 ഉദ്ധരിച്ചുകൊണ്ട് സമർത്ഥിക്കുന്നു (റോമർ 4:22).

പുതിയനിയമത്തിലെ എഴുത്തുകാർ പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികൾ എടു ത്തിട്ടുള്ളത് അവരുടെ പഴയനിയമപാണ്ഡിത്യം പ്രകടമാക്കാനല്ല. പിന്നെയോ, ക്രിസ്തീയ സഭ എന്നുള്ളത് പൊടുന്നനവേ പൊന്തിവന്ന ഒരു പ്രസ്ഥാനമല്ല എന്നും ദീർഘമായ ഒരുക്കത്തിന്റെയും സുചിന്തിതവും ആശ്രിതവുമായ ഒരു ദൈവികപദ്ധതിയുടെ പരിണിത ഫലമായി രൂപംകൊണ്ടതാണെന്നും തെളിയിക്കാനത്രേ. പഴയനിയമപ്രതീക്ഷകളും അഭി ലാഷങ്ങളും പൂവണിഞ്ഞ് ഫലപൂർണ്ണമായത് പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലും അവിടുത്തെ പ്രവർത്തനത്തിലുമാകുന്നു.

"നാം ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകുന്നു" (റോമ. 6:15) എന്നുള്ള പൗലോസിന്റെ പ്രസ്താവന എങ്ങനെ മനസ്സിലാക്കണം? മോശയുടെ ന്യായപ്രമാണം ക്രിസ്തീയ വിശ്വാസികൾക്കു പ്രസക്തമല്ല എന്നു വരുമോ? പഴയനിയമത്തിലെ ഗണ്യമായ ഭാഗം നിയമങ്ങളും പ്രമാണങ്ങളുമാണ്. അവ നമുക്ക് പ്രസക്തമല്ലെങ്കിൽ പഴയനിയമം നമുക്ക് സ്വീകാര്യമാകുന്നതെങ്ങനെ? വളരെ ഗഹനവും വ്യാപ്തവുമായ ഈ വിഷയത്തെ താഴെ പറയുംവിധം ചുരുക്കമായി പറയാം.

(1) പഴയനിയമത്തിലെ അനുഷ്ഠാനപരങ്ങളും ആചാരപരങ്ങളുമായ നിയമങ്ങൾ അതേപടി നമുക്കു പ്രസക്തമല്ല. ഉദാ: മോശെയുടെ നിയമത്തിൽ മൃഗങ്ങളെയും മത്സ്യങ്ങ ളെയും അശുദ്ധമെന്നും ശുദ്ധമെന്നും വേർതിരിച്ച് ഭക്ഷ്യങ്ങളും അല്ലാത്തവയുമെന്ന വേർതിരിവ് നമുക്ക് പ്രസക്തമല്ല. ശുദ്ധിയെക്കുറിച്ചുള്ള ചില സങ്കല്പങ്ങളും സ്വീകാര്യമല്ല. ഉദാ: കുഷ്ഠരോഗിയെ തൊട്ടാൽ, ശവത്തെ തൊട്ടാൽ അശുദ്ധി (സംഖ്യാ 5:2) എന്നും മറ്റുമുള്ള നിഷ്കർഷ ക്രിസ്തീയ വിശ്വാസത്തിൽ ഇല്ല. ശാബതു നാളിനെ (ഏഴാം ദിവസ മായ ശനിയാഴ്ച) ശുദ്ധീകരിക്ക എന്നുള്ള കല്പനയും ബാധകമല്ല. നാം ആചരിക്കുന്നത് കർത്താവിന്റെ ഉയിർപ്പ് ദിവസമായ ഞായറാഴ്ച (ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ) ആണ്. ശാബത് നമുക്ക് അപ്രസക്തമായി.

(2) നിയമങ്ങളും ചട്ടങ്ങളും ആചരിക്കുന്നതുവഴി ദൈവരാജ്യം സംപ്രാപിക്കാം എന്നും അങ്ങനെ മനുഷ്യന്റെ പരിശ്രമത്താലും പ്രയത്നത്താലും ആർജ്ജിക്കുന്ന ഒന്നാണ് ദൈവ രാജ്യം (രക്ഷയുടെ അനുഭവം) എന്നുമുള്ള സിദ്ധാന്തം നമുക്കു സ്വീകാര്യമല്ല എന്നാണ് പൗലോസ് വ്യക്തമാക്കുന്നത്. നാം ന്യായപ്രമാണത്തിൻകീഴുള്ളവരല്ല എന്നു പറയുന്നത് ഇക്കാര്യമത്രേ. പാപത്തിനധീനനായ മനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും ന്യായപ്രമാണം നിർവചിക്കുന്ന പൂർണ്ണതയിൽ എത്തുക സാധ്യമല്ല. ഈ പരിമിതിയും പരാധീനതയും മനസ്സിലാക്കി ദൈവം തന്നെ സ്വപുത്രനെ പാപത്തിനു പരിഹാരം വരുത്തുവാൻ നിയോ ഗിച്ചു. അങ്ങനെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു പരിഹാരം വരുത്തിയെന്നുള്ളത് നാം അംഗീകരിക്കുന്നതുവഴി (വിശ്വാസത്താൽ) നാം ദൈവമുമ്പാകെ സ്വീകാര്യരാകുന്നു. അവിടെ ദൈവകൃപയാണ് അടിസ്ഥാനം. അക്കാരണത്താൽ നാം ന്യായപ്രമാണത്തിൻ കീഴിലല്ല, കൃപയ്ക്കധീനരായി ജീവിക്കുന്നു. നാം ധാർമ്മികമായി ജീവിക്കുന്നത് ദൈവം നമ്മെ പുത്രപദവി തന്ന് രക്ഷയുടെ അനുഭവത്തിൽ വരുത്തിയതുകൊണ്ടാണ്. മോശയിൽ ക്കൂടിയും മറ്റു പ്രവാചകരിൽക്കൂടിയും ലഭ്യമായിട്ടുള്ള ധാർമ്മികനിയമങ്ങൾ (Moral and Ethical Rules) നമുക്കു പ്രസക്തമാണ്. എന്നാൽ ആചാരപരവും, അനുഷ്ഠാനപരങ്ങളുമായവ ക്രിസ്തുവിൽക്കൂടി അപ്രസക്തങ്ങൾ ആയി.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള അഭേദ്യബന്ധം നാം കണക്കിലെടുത്ത് പഴയനിയമത്തെ അവഗണിക്കുന്ന പ്രവണത ന്യായീകരിക്കാവുന്നതല്ല. പുതിയനിയമം പഴയതിന്റെ പൂർത്തീകരണമായി കണ്ട് രണ്ടും തമ്മിലുള്ള ശരിയായ ബന്ധം നാം സംര ക്ഷിക്കുകയാണു വേണ്ടത്. ഒന്നു നിഴലും മറ്റത് പൊരുളും എന്ന വീക്ഷണമായിരിക്കണം.

## പ്രവർത്തനങ്ങൾ

1. വി. മത്തായിയുടെ സുവിശേഷത്തിൽനിന്ന് പത്ത് പഴയനിയമ ഉദ്ധരണികൾ കണ്ടു പിടിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കുക.
2. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന പൗലോസ് ശ്ലീഹായുടെ ആശയം അബ്രഹാ മിന്റെ ജീവിതത്തിൽ എങ്ങനെ വെളിപ്പെട്ടു?
3. പഴയനിയമകാലത്തിൽ നിലനിന്നിരുന്നതിൽ നമുക്ക് പ്രസക്തമല്ലാത്ത അനുഷ്ഠാന ങ്ങൾ കണ്ടുപിടിക്കുക.
4. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും വിശദീ കരിക്കുക?

അദ്ധ്യായം മൂന്ന്

# സുവിശേഷങ്ങളും പൗലോസിന്റെ കത്തുകളും

'സുവിശേഷം' എന്നത് 'ഏവൻഗേലിയോൻ' എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയാണ്. അതിന് നല്ല വാർത്ത, സദ്‌വാർത്ത, സുവാർത്ത എന്നൊക്കെ അർത്ഥം നല്കാം. മനുഷ്യ രാശി മുഴുവനും വേണ്ടിയുള്ള സദ്‌വാർത്തയാണ് അതുൾക്കൊള്ളുന്നത്. സുവിശേഷം, ചരിത്രത്തിൽ പ്രവർത്തിച്ച യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുന്നു (റോമ 1:1-2; 2 തീമൊ 2:8). യേശുക്രിസ്തുവിൽക്കൂടി ലഭ്യമാകുന്ന പുതിയ അനുഭവത്തിന്റെ വെളിച്ച ത്തിൽ അവിടുന്നു ആരാകുന്നു എന്നും, എന്ത് ഉപദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്തുവെന്നും സുവിശേഷം വെളിപ്പെടുത്തുന്നു.

ആദിമഘട്ടത്തിൽ സുവിശേഷസത്യങ്ങൾ വാമൊഴിയായി പ്രചരിച്ചു. എഴുതിസൂക്ഷി ക്കുവാൻ ആരും ശ്രമിച്ചില്ല. എഴുതി പ്രചരിപ്പിക്കുന്നതിനെക്കാൾ പറഞ്ഞും പ്രസംഗിച്ചും ജനങ്ങളിൽ എത്തിക്കുകയായിരുന്നു അപ്പോസ്തലന്മാരുടെയും സുവിശേഷകന്മാരു ടെയും ലക്ഷ്യം. കർത്താവിന്റെ പുനരാഗമനം ആസന്നഭാവിയിൽ സംഭവിക്കുമെന്നു പ്രതീ ക്ഷിച്ചിരുന്നതിനാൽ വരുംതലമുറയ്ക്കുവേണ്ടി എഴുതിവയ്ക്കേണ്ട ആവശ്യകത തോന്നി യിരുന്നില്ല. യേശുക്രിസ്തു ചെയ്തതും പറഞ്ഞതുമായ വസ്തുതകൾ വിശ്വസ്തതയോടെ ദൃക്സാക്ഷികൾ മറ്റുള്ളവർക്കു പകർന്നുകൊടുത്തു (1 യോഹ. 1:1-2; അ.പ്ര. 2:42; ലൂക്കോ. 1:2).

## സുവിശേഷങ്ങൾ എഴുതുവാനുള്ള സാഹചര്യം

ദൃക്സാക്ഷികളായ അപ്പോസ്തലന്മാരുടെ കാലം വേഗത്തിൽ കടന്നുപോയി. അവ രിൽനിന്നു നേരിട്ടുകേൾക്കുവാൻ സാഹചര്യം കുറഞ്ഞപ്പോൾ അവരുടെ വാക്കുകൾ രേഖപ്പെടുത്തി വയ്ക്കുവാൻ പ്രേരണയുണ്ടായി. മാത്രമല്ല സഭ വളരുകയും വ്യാപിക്കയും ചെയ്തപ്പോൾ അപ്പോസ്തലന്മാർക്കും സഹപ്രവർത്തകർക്കും എല്ലാ സ്ഥലങ്ങളിലും എത്തിച്ചേരുക സാധ്യമല്ലായിരുന്നു. അതുപോലെതന്നെ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ആദ്യം അവർ പ്രതീക്ഷിച്ചതുപോലെ ആസന്നമായിരിക്കയില്ല എന്നുള്ള ചിന്തയും ഉയർന്നു. ഇവയെല്ലാമാണ് സുവിശേഷങ്ങൾ രേഖപ്പെടുത്തുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ. അപ്പോസ്തലന്മാരുടെ ഓർമ്മക്കുറിപ്പുകളായിട്ടോ സമൂഹത്തിന്റെ വിശ്വാസസംഹിതയാ യിട്ടോ വേദോപദേശ സഹായിയായിട്ടോ യേശുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും എഴുതപ്പെടുവാനിടയായി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി നാലു സുവിശേ ഷങ്ങളും പ്രചാരത്തിൽ വന്നു.

## നാലു സുവിശേഷങ്ങൾ ഉണ്ടോ?

നാലു സുവിശേഷങ്ങൾ എന്നു വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ തെറ്റാണ്. സുവിശേഷം ഒന്നേയുള്ളൂ. അതു ദൈവപുത്രനായ ക്രിസ്തുവിനെക്കുറിച്ചുള്ളതാണ്. എന്നാൽ അതേപ്പറ്റിയുള്ള നാലു വീക്ഷണങ്ങളാണ്; നാല് അവതരണങ്ങളുമാണ് നാലു സുവിശേഷങ്ങളിൽ കാണുന്നത്. അവ കാലദേശങ്ങൾക്കനുസരണമായി പകർന്നുവന്ന പാരമ്പര്യങ്ങളിൽനിന്നു രൂപംപ്രാപിച്ചതാണ്. സഭയുടെ സജീവപാരമ്പര്യങ്ങളാകുന്നു സുവി ശേഷരചനയുടെ പിമ്പിലുള്ളത്. ഓരോ എഴുത്തുകാരനും തന്റേതായ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി സ്വന്തമായ വിലയിരുത്തലും വിശകലനവും ചെയ്താണ് പാരമ്പര്യവസ്തുതകളെ ക്രോഡീകരിച്ച് അവതരിപ്പിച്ചിട്ടുള്ളത്. ഇംഗ്ലീഷിലുള്ള പ്രസ്താവന

ഇക്കാര്യം വ്യക്തമാക്കുന്നതാണ്; Gospel of Jesus Christ, according to St. Matthew or St. Mark or St. Luke or St. John.

## സുവിശേഷങ്ങൾ തമ്മിലുള്ള വ്യത്യാസം

നാലു സുവിശേഷങ്ങളും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളുമാണ് ഉൾക്കൊള്ളുന്നതെങ്കിലും അവ തമ്മിൽ പ്രത്യക്ഷമായ പല വ്യത്യാസങ്ങളും നാം കണ്ടെത്തുന്നു. ആദ്യത്തെ മൂന്നു സുവിശേഷങ്ങളും തമ്മിൽ വളരെ സാമ്യമുണ്ട്; എന്നാൽ അവ യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് വളരെ വ്യത്യസ്തമാണ്. ആദ്യത്തെ മൂന്ന് സുവിശേഷങ്ങൾ (മത്തായി, മർക്കോസ്, ലൂക്കോസ്) തമ്മിലുള്ള അടുത്ത സാധർമ്മ്യം കൊണ്ട് അവയെ വിശേഷിപ്പിക്കുന്നത് 'സമവീക്ഷണ സുവിശേഷങ്ങൾ' (Synoptic Gospels) എന്നാണ്. ഇവയും യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ചുവടെ കൊടുക്കുന്നു.

**1. യേശുവിന്റെ പരസ്യശുശ്രൂഷാകാലം:** ഒരു വർഷംകൊണ്ട് അവസാനിക്കുന്ന വിധമാണ് സമവീക്ഷണ സുവിശേഷത്തിലുള്ളത്. യോഹന്നാന്റെ സുവിശേഷത്തിലെ വിവരണങ്ങൾ കുറഞ്ഞതു മൂന്നുവർഷം നീണ്ടുനില്ക്കുന്നു. മൂന്നു പെസഹായിൽ യേശു സംബന്ധിക്കുന്നതായി യോഹന്നാൻ വിവരിക്കുന്നു (യോഹ. 2:13; 6:4; 12:1). മാത്രമല്ല യേശു പല പ്രാവശ്യം യെരുശലേം സന്ദർശിക്കുന്നതായും പറയുന്നു.

**2. ഉപദേശത്തിലുള്ള വ്യത്യാസം:** സമാന്തരസുവിശേഷങ്ങളിൽ ജീവസുറ്റ അനവധി ഉപമകൾ കാണാം. യോഹന്നാനിൽ സുദീർഘവും സങ്കീർണ്ണവുമായ പ്രഭാഷണങ്ങളാണ്; ഉപമകളേയില്ല. പ്രതിപാദ്യവിഷയങ്ങളും വ്യത്യസ്തങ്ങളാണ്. സമവീക്ഷണസുവിശേഷങ്ങളിൽ ദൈവരാജ്യത്തിന് ഊന്നൽ കൊടുക്കുമ്പോൾ യോഹന്നാനിൽ യേശുക്രിസ്തു ആരെന്നും തനിക്കു പിതാവിനോടും പരിശുദ്ധാത്മാവിനോടുമുള്ള ബന്ധമെന്തെന്നും വെളിപ്പെടുത്തുന്നു.

**3. അത്ഭുതങ്ങളും അടയാളങ്ങളും:** സമവീക്ഷണ സുവിശേഷങ്ങളിൽ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും നിറഞ്ഞുനില്ക്കുന്നു. യോഹന്നാൻ ഏഴെണ്ണം മാത്രം തിരഞ്ഞെടുത്ത് അവയെ 'അടയാളങ്ങൾ' എന്നു വിശേഷിപ്പിക്കുന്നു. അവയിൽക്കൂടി യേശുക്രിസ്തുവിന്റെ ആളത്തത്തെകുറിക്കുന്ന സത്യങ്ങൾ വ്യക്തമാക്കുകയാണ്. യോഹന്നാനിൽ ഭൂതോച്ചാടനം ഒന്നും തന്നെയില്ല.

## വി.പൗലോസിന്റെ കത്തുകൾ

പുതിയ നിയമത്തിന്റെ ഏതാണ്ട് പകുതി ഭാഗം പൗലോസിന്റെ കത്തുകൾ ആണെന്നു പറയാം. സുവിശേഷങ്ങൾ കഴിഞ്ഞാൽ ഏറെ പ്രാധാന്യം അർഹിക്കുന്നവയും അവ തന്നെ. പൗലോസ് എന്ന വ്യക്തിയെക്കുറിച്ചും അദ്ദേഹത്തിന്റെ വേദശാസ്ത്രപരമായ ഉൾക്കാഴ്ചകളെക്കുറിച്ചും നമുക്കറിയാൻ സാധിക്കുന്നത് ആ കത്തുകളിൽക്കൂടിയാണ്. പൗലോസിന്റെ കത്തുകളെപ്പറ്റി പൊതുവായി പറയേണ്ട ചില നിരീക്ഷണങ്ങൾ ഉണ്ട്.

1. എല്ലാ കത്തുകളും നമുക്ക് ലഭ്യമായിട്ടില്ല. ചില കത്തുകൾ നഷ്ടപ്പെട്ടു എന്നു കരുതേണ്ടിയിരിക്കുന്നു. കൊരിന്ത്യർക്ക് എഴുതിയ ഒന്നാം കത്തിൽ അതിനുമുമ്പ് അവർക്ക് അദ്ദേഹം എഴുതിയ കത്തിനെപ്പറ്റി പരാമർശിക്കുന്നു (1 കൊരി. 5:9). അതുപോലെ 2 കൊരി. 2:4-ൽ 'വളരെ കണ്ണുനീരോടും വ്യസനത്തോടും എഴുതി' എന്നു പറയുന്നു. അത് ഒന്നാം ലേഖനം ആകാനിടയില്ല. ഒരുപക്ഷേ, 2 കൊരി 10-13 അദ്ധ്യായങ്ങൾ ഈ കത്തോ, അതിന്റെ ഭാഗമോ ആയിരിക്കാമെന്നു പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. കൊലൊ. 4:16ൽ ലവുദിക്യസഭയ്ക്ക് ഒരു കത്തയച്ചതിനെപ്പറ്റി പറയുന്നു. അതും നമുക്ക് ലഭ്യമായിട്ടില്ല.

2. പല കത്തുകൾക്കും പിന്നീട് 'എഡിറ്റിങ്' നടന്നിട്ടുള്ളതായി കരുതുന്നു. 2 കൊരിന്ത്യർക്ക് ഇപ്രകാരം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. 2 കൊരി. 6:14-7:1 വരെയുള്ള ഭാഗം അതിനുമുമ്പും പിമ്പുമുള്ള ഭാഗങ്ങളോട് ബന്ധപ്പെടാതെ നില്ക്കുന്നു. 6:13-നുശേഷം 7:2 വായിച്ചാൽ ആശയത്തിന് ഒരു ഭംഗവും വരുന്നില്ല. അതുപോലെ 2 കൊരി. 8, 9 അദ്ധ്യായങ്ങൾ പല മൂലങ്ങളിൽനിന്നു കൂട്ടിച്ചേർത്ത പ്രതീതിയാണ് ഉളവാക്കുന്നത് - ആശയങ്ങളുടെ ആവർത്തനം, പരസ്പരബന്ധമില്ലാത്ത അവതരണം ഇവ പ്രകടമാണ്.

3. കത്തുകൾ ഓരോന്നും ഓരോ പ്രത്യേക സാഹചര്യത്തിൽ എഴുതപ്പെട്ടവയാണ്. ഉള്ളിൽ പ്രചോദനമുണ്ടായിട്ട് ചിലർ പ്രബന്ധങ്ങൾ രചിക്കുന്നതുപോലെ എഴുതപ്പെട്ടവയല്ല. അതുപോലെ ലോകത്തെങ്ങുമുള്ള എല്ലാവരും വായിച്ചറിയുവാൻ ആദ്ധ്യാത്മിക കൃതികളായി രചിക്കപ്പെട്ടവയല്ല. ഓരോ സ്ഥലത്തുമുള്ള സഭകളുടെ പ്രത്യേകമായ പ്രശ്നങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് അവയ്ക്കു മാർഗ്ഗനിർദ്ദേശം നല്കാൻ ഉദ്ദേശിക്കപ്പെട്ടവയാണ്.

ഓരോ സഭയിലും ഉയർന്ന പ്രശ്നങ്ങൾക്കുള്ള പ്രതികരണമാണ് പൗലോസിന്റെ കത്തുകൾ. അതുകൊണ്ട് കത്തുകളുടെ ഉള്ളടക്കം ശരിയായി ഗ്രഹിക്കണമെങ്കിൽ ഓരോ സഭയും നേരിട്ട പ്രശ്നങ്ങളും അവയുടെ സാഹചര്യങ്ങളും അറിഞ്ഞിരിക്കണം. പക്ഷേ, അതിനു അപ്പോസ്തോലന്റെ കത്തുകൾ മാത്രമേ നമുക്കാശ്രയിക്കാനുള്ളൂ. കത്തുകളിലെ വരികൾക്കിടയിൽക്കൂടി വായിച്ചുകൊണ്ട് സാഹചര്യങ്ങൾ മനസ്സിലാക്കാം. അപ്പോൾ അപ്പോസ്തലൻ എപ്രകാരമാണ് മാർഗ്ഗനിർദ്ദേശം നല്കുന്നത് എന്നു കാണാൻ കഴിയും.

ഓരോ സഭയുടെയും പ്രശ്നം ഓരോന്നായിരുന്നു. അതിനനുസരണമായിട്ടാണ് അപ്പോസ്തോലൻ എഴുതുന്നത്. തനിക്കു നേരിട്ട് പോയി സഭാസമൂഹത്തെ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ കത്തുകളുടെ ആവശ്യംതന്നെ ഉണ്ടാകുമായിരുന്നില്ല. അക്കാലത്തു ടെലഫോൺബന്ധം സാധ്യമായിരുന്നെങ്കിൽ ഈ കത്തുകളുടെ സാംഗത്യമേ ഉണ്ടാകുമായിരുന്നില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് അർത്ഥവത്താണ്. നേരിട്ടു ബന്ധം പുലർത്താൻ അസാധ്യമായതിനാലാണ് കത്തുകൾ അയയ്ക്കേണ്ടി വന്നത്.

പ്രാദേശികസഭകൾക്ക് അതതിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടെഴുതപ്പെട്ടവയെങ്കിൽ എങ്ങനെയാണ് ഈ കത്തുകൾക്കു സാർവ്വത്രികമായ പ്രസക്തി ഉണ്ടാകുന്നത്? രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്നാമത്, അന്നത്തെ പ്രശ്നങ്ങൾതന്നെ ഓരോ ഭാവത്തിലും രൂപത്തിലും ഇന്നും പ്രത്യക്ഷപ്പെടുന്നു എന്നുള്ളതുകൊണ്ട് അപ്പോസ്തോലന്റെ സന്ദേശം ഇന്നും സംഗതമാണ്. രണ്ടാമത്, അദ്ദേഹത്തിന്റെ കത്തുകൾ കേവലം ഉപരിപ്ലവമായ ചിന്തയിൽനിന്നോ ബുദ്ധിയിൽനിന്നോ ഉള്ളവയല്ല. പരിശുദ്ധാത്മ പ്രചോദനത്താൽ രൂപപ്പെട്ടതായതുകൊണ്ട് അവയ്ക്കു സനാതനമായ സന്ദേശമുണ്ട്; സാംഗത്യമുണ്ട്. എക്കാലത്തും എവിടെയുമുള്ളവർക്ക് അവ പ്രസക്തമാണ്. തല്ക്കാല സാഹചര്യത്തിന് ഉദ്ദേശിക്കപ്പെട്ടവയെങ്കിലും സനാതനസത്യങ്ങൾ അവ ഉൾക്കൊള്ളുന്നു.

4. പുരാതന കാലത്ത് നിലവിലിരുന്ന കത്തുകളുടെ മാതൃകതന്നെയാണ് അപ്പോസ്തലനും പിന്തുടർന്നിട്ടുള്ളത്. എന്നാൽ തന്റെ പ്രതിഭയ്ക്കനുസൃതമായി ആവശ്യമുള്ള ചില മാറ്റങ്ങൾ രൂപഭാവങ്ങളിൽ അദ്ദേഹം വരുത്തുന്നുണ്ട്. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ഇടയിൽ പ്രചരിച്ചിരുന്ന കത്തുകളുടെ മാതൃക മനസ്സിലാക്കാൻ തക്കവണ്ണം പല പുരാതന ലിഖിതങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്. അവയുടെ ചുവടു പിടിച്ചാണ് അപ്പോസ്തലൻ എഴുതിയത്.

ഈ കത്തുകൾ വിശ്വസ്തരായ വ്യക്തികൾവശം കൊടുത്തയ്ക്കുകയായിരുന്നു. കൊണ്ടുപോകുന്നവർതന്നെ അതതു സഭയിൽ വായിച്ചുകേൾപ്പിക്കുകയോ ആവശ്യമായ വിശദീകരണങ്ങൾ നല്കുകയോ ചെയ്തുപോന്നു (എഫെ. 6:21-22; കൊലോ. 4:7-8).

## പ്രവർത്തനങ്ങൾ

1. സമവീക്ഷണ സുവിശേഷങ്ങളും വി. യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടുപിടിക്കുക.
2. വി. പൗലോസിന്റെ എല്ലാ കത്തുകളും നമുക്ക് ലഭിച്ചിട്ടില്ല എന്നതിനുള്ള തെളിവ് കണ്ടെത്തുക.
3. കൊരിന്ത്യ സഭയിലുണ്ടായിരുന്ന പ്രശ്നങ്ങൾ കൊരിന്ത്യലേഖനം വായിച്ച് കണ്ടെത്തുക.
4. വി. പൗലോസ് ശ്ലീഹായുടെ കത്തുകൾ ഓരോ സ്ഥലത്തുമുള്ള സഭകളിൽ നിലനിന്നിരുന്ന പ്രത്യേക പ്രശ്നങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് എഴുതപ്പെട്ടവയാണ്. അവയ്ക്ക് സാർവ്വത്രികമായ പ്രസക്തി എങ്ങനെയുണ്ടാകുന്നു എന്ന് വ്യക്തമാക്കുക.

അദ്ധ്യായം നാല്

# ഓർത്തഡോക്സ് ആരാധനയിൽ വിശുദ്ധ വേദപുസ്തകത്തിനുള്ള സ്ഥാനം

സഭയുടെ മൗലികമായ ദൗത്യം ദൈവത്തെ ആരാധിക്കുകയാണ്. ആരാധനയിൽക്കൂടി ലഭിക്കുന്ന ആത്മീയചൈതന്യമാണ് സഭയുടെ സാക്ഷ്യജീവിതത്തിനു കരുത്തു പകരുന്നത്. ആരാധനയും വിശുദ്ധ തിരുവെഴുത്തുമായി അഭേദ്യമായ ബന്ധമുണ്ട്. യഹൂദസഭയുടെ ആരാധനയുടെ പശ്ചാത്തലത്തിലാണ് പഴയനിയമം രൂപംപ്രാപിച്ചത്. അതുപോലെ പുതിയനിയമം രൂപംപ്രാപിച്ചത് ക്രിസ്തീയസഭയുടെ ആരാധനയിൽനിന്നുമാണ്. ആരാധനയുടെ വിവിധഘടകങ്ങൾക്കു പ്രചോദനം തിരുവെഴുത്തുകളിൽക്കൂടി വെളിപ്പെടുത്തിക്കിട്ടിയ സത്യങ്ങളുമാണ്.

പുരാതന അപ്പോസ്തോലിക സഭയായ ഓർത്തഡോക്സ് സഭയിൽ വിശുദ്ധഗ്രന്ഥത്തിന് സുപ്രധാന സ്ഥാനം നല്കിയിരിക്കുന്നു. അതു മനസ്സിലാകുന്നത് സഭയുടെ ആരാധനാസംവിധാനങ്ങളും ആരാധനാക്രമീകരണങ്ങളും പരിശോധിക്കുമ്പോഴാണ്. ഒരു വിശ്വാസി ആരാധനയ്ക്കായി ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ഹൈക്കലായിൽ അഴിക്കകത്ത് വച്ചിട്ടുള്ള മേശമേൽ വി. ഗ്രന്ഥം വിശേഷമായി സൂക്ഷിച്ചിട്ടുള്ളതു ദർശിക്കുന്നു. ആരാധന കഴിയുമ്പോൾ എല്ലാ വിശ്വാസികളും ഈ വി. ഗ്രന്ഥം മുത്തിയിട്ടാണ് പിരിഞ്ഞുപോകുന്നത്. ദൈവവചനത്തോടുള്ള വണക്കം മാത്രമല്ല, തങ്ങളുടെ 'പാതയ്ക്കു ദീപവും പാദത്തിനു പ്രകാശവു'മായിരിക്കുന്നത് തിരുവെഴുത്തുതന്നെയാണ് എന്നു അനുസ്മരിക്കുകകൂടിയാണ്.

വിശുദ്ധ മദ്ബഹായിൽ വിരിച്ചൊരുക്കിയ ത്രോണോസും അതിനു സമീപത്ത് വിരിച്ചൊരുക്കിയ മറ്റൊരു പീഠവും നാം കാണുന്നു. ആ പീഠത്തിന്മേൽ ദൈവവചനം സൂക്ഷിക്കുന്നു. ദൈവത്തിന്റെ സിംഹാസനമായ ത്രോണോസിനു മുമ്പിൽ ധൂപം അർപ്പിക്കുമ്പോൾ ഏവൻഗേലിപീഠത്തിനു മുമ്പിലും ധൂപം അർപ്പിക്കുന്നു. ഒന്നിൽ അവതരിച്ച വചനമെങ്കിൽ മറ്റതിൽ അരുൾചെയ്ത വചനമാണ് സ്ഥിതിചെയ്യുന്നത്. ആരാധനയോടനുബന്ധിച്ചുള്ള പ്രദക്ഷിണങ്ങളിൽ ഏറ്റവും മുമ്പിൽ കുരിശും അതിനു പിമ്പിൽ വിശുദ്ധ ഗ്രന്ഥവും ഉയർത്തിപ്പിടിച്ചിരിക്കും. വിശ്വാസികൾക്കു മാർഗ്ഗദീപമാണ് തിരുവചനം എന്നു വെളിപ്പെടുത്തുകയാണ്.

ഓർത്തഡോക്സ് സഭയുടെ ആരാധനകളിൽ ഏറ്റവും പ്രധാനം വി. കുർബ്ബാനയാണ്. ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും വി. കുർബ്ബാനാനുഷ്ഠാനം നിർബ്ബന്ധമാണ്. മറ്റു കൂദാശകളുടെ പൂർത്തീകരണവും വി. കുർബ്ബാനയിൽക്കൂടിയാണ്. വിശുദ്ധ കുർബ്ബാനയോട് അനുബന്ധിച്ചാണ് മറ്റു കൂദാശകൾ എല്ലാം അനുഷ്ഠിക്കപ്പെടുന്നത്. അങ്ങനെ പരമപ്രധാനമായ വിശുദ്ധ കുർബ്ബാനയിൽ തിരുവചനപാരായണത്തിനു വലിയ സ്ഥാനം നല്കിയിരിക്കുന്നു. വിശുദ്ധ കുർബ്ബാനയെ പ്രധാനമായി രണ്ടു ഭാഗങ്ങളായി വിഭജിക്കാം. ആദ്യത്തെ ഭാഗം പരസ്യമായി ആരംഭിച്ച്, വിശ്വാസപ്രമാണം ചൊല്ലുന്നതുവരെയുള്ളത്. അതുവരെ പട്ടക്കാരൻ ത്രോണോസിന്റെ മുമ്പിലുള്ള പദവി(പടി, ദർഗ)യിൽ കയറാതെ അതിനുതാഴെ നിന്നുകൊണ്ടാണ് പ്രാർത്ഥിക്കുന്നത്. രണ്ടാമത്തെ ഭാഗമായ അന്നാഫൊറ ആരംഭിക്കുമ്പോൾ മുതൽ പദവിമേൽ കയറിനിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു. കുർബ്ബാനയുടെ ആദ്യഭാഗത്തിന് രണ്ടു പേരുകൾ ഉണ്ട്. (1) വചനശുശ്രൂഷ (Ministry of the Word) (2) വിശ്വാസികളുടെ ക്രമം (Liturgy of the Catechumens). വചനശുശ്രൂഷ എന്നു

പറയുവാൻ കാരണം, ആ ഭാഗത്ത് തിരുവെഴുത്തുകളിൽനിന്നുള്ള നിർദ്ദിഷ്ടവായനകളും അവയെ അടിസ്ഥാനമാക്കിയ പ്രബോധനവുമാണ്. രണ്ടാമത്തെ പേരിനുള്ള അടിസ്ഥാനം ആദിമകാലത്ത് സഭയിൽ മാമോദീസായ്ക്കുവേണ്ടി ഒരുങ്ങി വിശ്വാസം പഠിക്കുന്നവർ ധാരാളം ഉണ്ടായിരുന്നു (catachumens). അവർക്ക് ഈ ആദ്യഭാഗത്തെ ആരാധനയിൽ സംബന്ധിക്കാം. അതുകഴിഞ്ഞു പിരിഞ്ഞുപോകണം. രണ്ടാമത്തെ ഭാഗം (അനാഫോറ) മാമോദീസാ സ്വീകരിച്ച വിശ്വാസികൾക്കുമാത്രമുള്ളതാണ്.

വചനശുശ്രൂഷയുടെ ഈ ആദ്യഭാഗം സുനഗോഗ് ആരാധനയുടെ മാതൃകയിലാണ്. അവിടെ മോശയുടെ ന്യായപ്രമാണഗ്രന്ഥങ്ങളിൽനിന്നും പ്രവചനഗ്രന്ഥങ്ങളിൽനിന്നും ഉള്ള വായനകളും സങ്കീർത്തനാലാപനവും തുടർന്ന് വായനയെ അടിസ്ഥാനമാക്കിയ പ്രബോധനവുമാണ്. വി. കുർബ്ബാനയിൽ നാം പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽ നിന്നുമുള്ള വായനകൾ നടത്തുന്നു. ഇപ്പോൾ പഴയനിയമവായന കുർബ്ബാനയ്ക്കുമുമ്പേ യുള്ള നമസ്കാരത്തിന്റെ പര്യവസാനത്തിലാക്കി. മുമ്പ് അങ്ങനെ ആയിരുന്നില്ല. തിരുവെ ഴുത്ത് പുതിയനിയമം മാത്രമല്ല, പഴയനിയമവും ഉൾപ്പെടുന്നതാണ്. ഇപ്പോൾ നാം മൂന്നു വായനകൾ നടത്തുന്നു. അവയിൽ മൂന്നാമത്തെ വായന, എല്ലാ തിരുവെഴുത്തിന്റെയും മകുടവും പൂർത്തീകരണവുമായ വിശുദ്ധ സുവിശേഷത്തിൽനിന്നാണ്.

വിശുദ്ധ സുവിശേഷം വായിക്കുന്നതിനായി കൊണ്ടുവരുന്നത് വളരെ ആഘോഷമാ യിട്ടാണ്. മുമ്പിൽ ധൂപവും ഇരുവശങ്ങളിലും കത്തിച്ച ദീപവുമായി വി. ഏവൻഗേലിയോൻ ഉയർത്തിപ്പിടിച്ച് വലിയ ആഘോഷമായ വരവേല്പാണ്. ചില ഓർത്തഡോക്സ് സഭക ളിൽ ഈ വരവേല്പ് വളരെ മിഴിവുറ്റ ഒന്നാണ്. ഇപ്പോൾ പട്ടക്കാരൻതന്നെ ഏവൻഗേലി യോൻ ഉയർത്തിപ്പിടിച്ചു പടിഞ്ഞാറോട്ട് കൊണ്ടുവരുന്നു എന്നുള്ള മാറ്റം പലയിടത്തും വരുത്തിയിട്ടുണ്ട്. സുവിശേഷത്തിന്റെ മഹത്വത്തെപ്പറ്റി പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ് ആമുഖവാക്കുകളായി പറയുന്നത് ശ്രദ്ധേയമാണ്. "ലോകത്തിനു ജീവനും രക്ഷയും നല്കുന്ന ദൈവത്തിന്റെ ജീവനുള്ള വചനം" എന്നാണ്.

ആരാധനാസംവിധാനമനുസരിച്ച് പ്രസംഗം ഏവൻഗേലിയോൻ വായനയെ തുടർ ന്നാണ് നടത്തേണ്ടത്. മുമ്പ് അങ്ങനെ ആയിരുന്നു. അതു ജനങ്ങളെപ്രതി ഇപ്പോൾ കുക്കിലിയോന്റെ സമയത്തേക്കു മാറ്റിയിരിക്കുന്നത് ലിറ്റർജിക്കൽ ആയി ന്യായീകരിക്കാവു ന്നതല്ല. ആരാധനാവർഷത്തെ വിവിധ ഘട്ടങ്ങളായി തിരിച്ച് കർത്താവിന്റെ മനുഷ്യാവതാര പ്രവർത്തനത്തെയും തന്റെ മരണം, പുനരുദ്ധാനം, പുനരാഗമനം തുടങ്ങി അന്ത്യ ന്യായ വിധിയും യുഗാന്ത്യവും വരെയുള്ള വിഷയങ്ങളെയും വിശ്വാസികളുടെ ധ്യാനത്തിനും പഠനത്തിനും സഹായിക്കത്തക്കവണ്ണമാണ് വേദവായനകൾ തെരഞ്ഞെടുത്തിട്ടുള്ളത്.

മാമോദീസാ, വിവാഹം, പട്ടംകൊട മുതലായ മറ്റു കൂദാശകൾ അനുഷ്ഠിക്കുമ്പോഴും തിരുവെഴുത്തിൽനിന്നുള്ള വായന അവിഭാജ്യഘടകമാണ്. പ്രത്യേകിച്ച് പൗലോസ് ശ്ലീഹാ യുടെ ലേഖനങ്ങളിൽനിന്നും സുവിശേഷങ്ങളിൽനിന്നുമുള്ള ഭാഗങ്ങൾ നിർബന്ധമുണ്ട്. ശുശ്രൂഷാക്രമങ്ങളിൽതന്നെ അവ ചേർത്തിരിക്കുന്നു. ശവസംസ്കാരശുശ്രൂഷയിൽ പഴയ നിയമത്തിലെ വായനയും ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അതു ഇപ്പോൾ വായിക്കാറില്ല എന്നുമാത്രം. യൽദോ, ദനഹാ, ഓശാന, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ്, പെന്തിക്കോസ്തി മുതലായ വിശേഷദിവസങ്ങളിൽ പ്രത്യേകമായ ശുശ്രൂഷാസംവിധാനമുണ്ട്. ഓരോ വിഷയ ത്തോടും ബന്ധപ്പെടുത്തി അതിന്റെ പ്രസക്തിയും അനുഗ്രഹവും അനുഭവവേദ്യമാക്കുവാൻ തക്കവണ്ണമുള്ള ശുശ്രൂഷാക്രമങ്ങളാണ് ഇവ. ഈ ശുശ്രൂഷകളിൽ എല്ലാംതന്നെ പഴയ നിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നുമുള്ള പ്രസക്തവും അനുയോജ്യവുമായ വേദഭാഗങ്ങൾ വായിക്കുന്നു. ഈ ശുശ്രൂഷാക്രമങ്ങൾ ക്രോഡീകരിച്ച സഭാപിതാക്കന്മാർ നല്ല വേദപരിജ്ഞാനമുള്ളവരായിരുന്നു എന്നു വ്യക്തം.

അനുദിനം അനുഷ്ഠിക്കുന്ന നമസ്കാരങ്ങളും കർത്താവിന്റെ പീഢാനുഭവത്തെ അനുസ്മരിക്കുന്ന കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരങ്ങളും പരിശോധിച്ചാൽ ഒരു കാര്യം ബോധ്യമാകും. വേദപുസ്തകസത്യങ്ങൾ നമുക്കായി അവയിൽ ഉദ്ധരിക്കുകയോ, പരാമർശിക്കുകയോ ചെയ്യുന്നു. കഷ്ടാനുഭവ ആഴ്ച നമസ്കാരത്തിൽ ഉപയോഗിക്കുന്ന പ്രുമിയോൻ-സെദറാകൾ നിറഞ്ഞുനില്ക്കുന്നത് പഴയനിയമത്തിലെ പ്രവചനസൂക്തങ്ങളാണ്.

ഓർത്തഡോക്സ് സഭയുടെ ആരാധനകളിൽ - കൂദാശകളിലും നമസ്കാരങ്ങളിലും അർത്ഥപൂർണ്ണമായി സംബന്ധിക്കുമ്പോൾ അവയുടെ തിരുവചനസമ്പുഷ്ടി വിശ്വാസികളുടെ ഹൃദയത്തിൽ പതിയുന്നതാണ്. കൂടാതെ ഭവനങ്ങളിലെ കുടുംബാരാധനയിൽ തിരുവചനം വായിച്ചശേഷമാണ് കാനോനികനമസ്കാരം നടത്തുന്നത്. ആരാധനയുടെ ഭാഗമാണ് തിരുവചനധ്യാനം എന്ന ബോധ്യം കുഞ്ഞുങ്ങൾക്കുണ്ടാകുന്നു.

ഇടവകകളിൽ നടത്തുന്ന പ്രാർത്ഥനായോഗങ്ങൾക്ക് ചില ഭദ്രാസനങ്ങളിൽ 'വായന' കൾ എന്ന പേരുണ്ട്. എങ്ങനെ ആ പേരുണ്ടായി എന്നു മനസ്സിലാക്കണം. വിശ്വാസികൾ ഭവനങ്ങളിൽ കൂടിവരുന്നത് തിരുവെഴുത്തിൽനിന്നുള്ള വായനയ്ക്ക് എന്ന ശക്തീകരണമാണ് അതിലുള്ളത്. പഴയനിയമത്തിൽനിന്നും പുതിയനിയമത്തിൽനിന്നും ക്രമമായി വായിക്കുന്ന സംവിധാനം അവിടെയുണ്ട്.

പൗലോസ് ശ്ലീഹാ തിരുവെഴുത്തിനെപ്പറ്റി ആധികാരികമായി നല്കിയിട്ടുള്ള പ്രസ്താവനയോടെ ഈ പഠനം അവസാനിപ്പിക്കാം. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തീമൊ. 3:16,17).

## പ്രവർത്തനങ്ങൾ

1. 'അവതരിച്ച വചനം' എന്നാൽ എന്ത്?
2. വി. കുർബ്ബാനയിൽ വചനശുശ്രൂഷയ്ക്ക് വളരെ പ്രാധാന്യമുണ്ട് എന്ന് തെളിയിക്കുക.
3. വി. കുർബ്ബാനയിൽ അനാഫോറ എന്ന ക്രമം തുടങ്ങുന്നതെപ്പോൾ?
4. 'ഓർത്തഡോക്സ് ആരാധനയിൽ വി. വേദപുസ്തകത്തിനുള്ള സ്ഥാനം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുക.

യൂണിറ്റ് രണ്ട്

# സഭാചരിത്രം

അദ്ധ്യായം ഒന്ന്

## സഭാചരിത്രത്തിലെ നാഴികക്കല്ലുകൾ

ക്രൈസ്തവസഭയുടെ ആരംഭംമുതൽ ഇരുപത്തി ഒന്നാം നൂറ്റാണ്ടുവരെയുള്ള വളർച്ചയുടെ സമഗ്രവും സംക്ഷിപ്തവുമായ ചരിത്രം പ്രധാന സംഭവങ്ങളുടെ വെളിച്ചത്തിൽ ഇവിടെ പ്രതിപാദിക്കപ്പെടുന്നു. സഭാചരിത്രത്തിലെ നാഴികക്കല്ലുകൾ എന്ന് വിശേഷിപ്പിക്കാവുന്നവ മാത്രമേ ഇവിടെ പ്രതിപാദ്യവിഷയമാകുന്നുള്ളൂ.

1. പെന്തിക്കോസ്തിയും സഭയുടെ മാമ്മോദീസയും.
2. ശെമ്മാശന്മാരുടെ തെരഞ്ഞെടുപ്പും ശൗലിന്റെ മാനസാന്തരവും.
3. യേറുശലേം കൗൺസിൽ (എ.ഡി. 50).
4. പീഢനങ്ങൾ.
5. വി. വേദപുസ്തക രൂപീകരണം.
6. മിലാൻ വിളംബരം (എ.ഡി. 313).
7. പൊതുസുന്നഹദോസുകളും സഭാവിജനവും.
8. സന്യാസപ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയും.
9. കുരിശ് യുദ്ധങ്ങൾ.
10. നവീകരണം.
11. എക്യൂമെനിക്കൽ പ്രസ്ഥാനം.

### പെന്തിക്കോസ്തിയും സഭയുടെ വളർച്ചയും

മൂന്നാം നാൾ ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്കും ചില സ്ത്രീകൾക്കും പ്രത്യക്ഷനായി, അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർക്ക് പരിശുദ്ധാത്മ നൽവരം നൽകുകയും അവരെ സുവിശേഷദൗത്യം ഭരമേല്പിക്കുകയും ചെയ്യുന്നു (വി. യോഹ. 20:19-23; വി. മത്തായി 28:18-20).

യേരുശലേമിൽനിന്ന് വാങ്ങിപ്പോകാതെ തന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തിനായി കാത്തിരിക്കണമെന്നും താൻ അവർക്ക് നിർദ്ദേശം നൽകി (അപ്പോ. പ്ര. 1:2-5). പരിശുദ്ധാത്മ സ്നാനത്തിനായി കാത്തിരിക്കുമ്പോൾ ക്രിസ്തുവിനെ ഒറ്റിക്കൊടുത്തതുമൂലം അപ്പോസ്തോലവൃന്ദത്തിൽനിന്നും നീക്കപ്പെട്ട യൂദായ്ക്ക് പകരം മത്ഥിയാസിനെ തെരഞ്ഞെടുക്കുന്നു (അപ്പോ. പ്ര. 1:15-26).

പെന്തിക്കോസ്ത് നാളിൽ ശിഷ്യന്മാർ എല്ലാവരും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച്, ആത്മാവ് നിറഞ്ഞ് അന്യഭാഷകളിൽ സംസാരിച്ചു (അപ്പോ. പ്ര. 2:1-4). കൂടാതെ പത്രോസിന്റെ പ്രസംഗം ശ്രവിച്ചവരിൽ മൂവായിരത്തോളം പേർ സ്നാനം ഏറ്റ് സഭയോടു ചേർന്നു (അപ്പോ. പ്ര. 2:14-42). യേശുക്രിസ്തുവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും 50-ാം ദിവസം ശിഷ്യന്മാർക്ക് ലഭിച്ച പരിശുദ്ധാത്മാഭിഷേകവും ക്രൈസ്തവസഭയുടെ വളർച്ചയ്ക്ക് യരുശലേമിൽ തുടക്കം കുറിച്ചു.

## ശെമ്മാശന്മാരുടെ തെരഞ്ഞെടുപ്പും ശൗലിന്റെ മാനസാന്തരവും

ശിഷ്യന്മാർ പെരുകിവരികയും സഭ അഭൂതപൂർവ്വമായ വളർച്ച പ്രാപിക്കുകയും ചെയ്തപ്പോൾ സഭാശുശ്രൂഷകരിൽ പ്രത്യേകിച്ച് സഭയുടെ ക്ഷേമപ്രവർത്തനങ്ങളിൽ അപ്പോസ്തോലന്മാരെ സഹായിക്കുന്നതിന് 'ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള' ഏഴ് പേരെ പ്രാർത്ഥനാപൂർവ്വം തെരഞ്ഞെടുത്തു (അപ്പോ. പ്ര. 6:1-6). "ശുശ്രൂഷിക്കുന്നവൻ" എന്നർത്ഥമുള്ള 'ശെമ്മാശൻ' (deacon) എന്ന പേരിൽ ഇവർ അറിയപ്പെട്ടു.

ക്രൈസ്തവസഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയിൽ അസൂയപൂണ്ട യഹൂദന്മാർ ഏതുവിധേനയും സഭയെ നശിപ്പിക്കുവാൻ ശ്രമിച്ചു. ക്രിസ്ത്യാനികളെ കണ്ടെത്തി അവരെ പീഡിപ്പിച്ച് ഉന്മൂലനാശം വരുത്തുക എന്നതായിരുന്നു പ്രധാന പോംവഴി. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നവരിൽ പ്രധാനിയായിരുന്ന ശൗൽ എന്ന ബാല്യക്കാരൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ട് സഭയുടെ പ്രധാന ശുശ്രൂഷകനായിത്തീർന്നു (അപ്പോ. പ്ര. 9:1-18; 22:3-21). ശൗലിന്റെ മാനസാന്തരം ക്രൈസ്തവസഭയ്ക്ക് പുത്തൻ ഉണർവും ഊർജ്ജവും പകർന്നു നൽകി. 'ജാതികളുടെ അപ്പോസ്തോലൻ' എന്ന പേരിൽ വിളിക്കപ്പെടുവാൻ തക്കവണ്ണം ശൗൽ എന്ന പൗലോസ് തന്റെ സുവിശേഷീകരണപ്രവർത്തനം യഹൂദ്യക്കും ശമര്യക്കും പുറത്ത് റോമാസാമ്രാജ്യത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചു.

പൗലോസിന്റെ മിഷനറിയാത്രകളും സുവിശേഷപ്രവർത്തനങ്ങളും ക്രൈസ്തവസഭയുടെ വ്യാപനത്തിനും വളർച്ചയ്ക്കും നിദാനമായിത്തീർന്നു.

## യരുശലേം കൗൺസിൽ (എ.ഡി. 50)

സഭാചരിത്രത്തിൽ ശ്രദ്ധേയമായ ഒന്നാണ് യരുശലേം കൗൺസിൽ. യഹൂദന്മാർ അല്ലാത്തവർ ക്രൈസ്തവസഭയിൽ ചേരുമ്പോൾ പാലിക്കേണ്ട കർമ്മങ്ങളെക്കുറിച്ചും നിയമങ്ങളെ സംബന്ധിച്ചും തർക്കമുണ്ടായപ്പോൾ അത് പരിഹരിക്കുവാനായി അപ്പോസ്തോലന്മാരുടെ നേതൃത്വത്തിൽ എ.ഡി. 50-ൽ യരുശലേമിൽ യോഗം ചേരുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു (അപ്പോ. പ്ര. 15:1-15). നിസ്സാരമെന്ന് തോന്നുമെങ്കിലും പ്രസ്തുത കൗൺസിൽ രണ്ട് കാരണങ്ങളാൽ പ്രാധാന്യമർഹിക്കുന്നു.

1. ക്രൈസ്തവസഭയ്ക്ക് തനതായ അസ്ഥിത്വം ഉണ്ടാക്കുന്നതിൽ പ്രസ്തുത കൗൺസിൽ കാരണമായിത്തീർന്നു. അന്യരെയും യഹൂദമതത്തിന്റെ ഭാഗമായി കരുതിയിരുന്ന ക്രൈസ്തവസഭയ്ക്ക് തനതായ വ്യക്തിത്വവും അസ്ഥിത്വവും ലഭിക്കുന്നത് പ്രസ്തുത കൗൺസിൽ വഴിയാണ്.

2. സഭാപരമായ തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും തീർപ്പ് കല്പിക്കുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമായി യരുശലേം കൗൺസിൽ ചരിത്രപ്രാധാന്യമർഹിക്കുന്നു. സഭയുടെ വളർച്ച മുമ്പത്തേക്കാൾ വേഗത്തിലാവുകയും ചെയ്തു.

## പീഢകൾ

ആദിമസഭ വളരെയേറെ പീഢകൾക്ക് വിധേയമാകേണ്ടിവന്നു. ആദ്യം യഹൂദരും പിന്നീട് റോമാക്കാരും ക്രിസ്ത്യാനികളെ പീഢിപ്പിച്ചു. ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച ക്രൂരവും മൃഗീയവുമായ പീഢനങ്ങൾ നാലാം നൂറ്റാണ്ടുവരെയും നീണ്ടുനിന്നു. അപ്പോസ്തോലന്മാരും അപ്പോസ്തോലിക പിതാക്കന്മാരുമടക്കം അനേകായിരങ്ങൾ രക്തസാക്ഷിമരണം പ്രാപിച്ചു. രക്തസാക്ഷിത്വം പ്രാപിക്കുന്നത് മറ്റെന്തിനേക്കാളും ഉപരിയായി കാണുകയും കരുതുകയും ചെയ്ത ആദിമക്രൈസ്തവരുടെ രക്തം സഭയ്ക്ക് വളമായും വിത്തായും രൂപാന്തരപ്പെടുകയും ചെയ്തു.

വലേറിയസ് (253-260), ഡയോക്ലീഷ്യൻ (284-313) മുതലായ റോമാചക്രവർത്തിമാരായിരുന്നു പീഢകൾക്ക് നേതൃത്വം നൽകിയത്. റോമാസാമ്രാജ്യത്തോടും ചക്രവർത്തിമാരോടുമുള്ള വിധേയത്വമില്ലായ്മ, റോമൻ ദൈവങ്ങളെ അവഗണിക്കുക, അവർക്ക് പൂജയോ ബലിയോ നടത്താതിരിക്കുക, സൈനികസേവനത്തിന് തയ്യാറാകാതിരിക്കുക, സാമ്രാജ്യ താൽപര്യങ്ങൾക്ക് വിരുദ്ധമായോ, എതിരായോ പ്രവർത്തിക്കുക, രഹസ്യസങ്കേതങ്ങളിൽ സമ്മേളനങ്ങൾ കൂടി സാമ്രാജ്യത്തിനെതിരെ ഗൂഢാലോചന നടത്തുക, രഹസ്യകൂട്ടായ്മകൾകൂടി വ്യഭിചാരത്തിലും മാംസഭോജനത്തിലും പങ്കാളികളാവുക, സാമൂഹിക ആചാരാനുഷ്ഠാനങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുക എന്നിവ പീഢകൾക്കുള്ള കാരണങ്ങളായി ആരോപിക്കപ്പെട്ടിരുന്നു.

പീഢകൾ ക്രൈസ്തവസഭയ്ക്ക് വെല്ലുവിളി ഉയർത്തിയിരുന്നെങ്കിലും ആദിമ ക്രിസ്ത്യാനികളുടെ വിശ്വാസവും നിശ്ചയദാർഢ്യവും രക്തസാക്ഷികളാവാനുള്ള അഭിവാഞ്ഛയും അനേകരെ ക്രൈസ്തവസഭയിലേക്ക് ആകർഷിക്കുകയും തന്മൂലം സഭയുടെ വളർച്ച ത്വരിതഗതിയിലാവുകയും ചെയ്തു. പീഢകൾ രക്തസാക്ഷികളെ മാത്രം സൃഷ്ടിക്കുകയായിരുന്നില്ല, പ്രത്യുത സഭയുടെ വളർച്ചയ്ക്കും വ്യാപനത്തിനും കാരണമാവുകയും ചെയ്തു. കൂടാതെ പുതിയനിയമ കാനോൻ രൂപീകരണത്തിനും വിശ്വാസസംബന്ധിയായ രചനകൾക്കും പീഢനങ്ങൾ കാരണമായിത്തീർന്നു.

## വി. വേദപുസ്തക കാനോന്റെ രൂപീകരണം

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഉടനെ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ ആദിമ സഭ ഗ്രന്ഥരചനകളിൽ ഉത്സാഹം കാട്ടിയിരുന്നില്ല. എ.ഡി. 50-നു ശേഷം പൗലോസിന്റെ ലേഖനങ്ങളും തുടർന്ന് എ.ഡി. 60 നു ശേഷം സുവിശേഷഭാഗങ്ങളും എഴുതപ്പെടുവാൻ തുടങ്ങി. അപ്പോസ്തോലന്മാരുടെയും പിതാക്കന്മാരുടെയും പേരിൽ അനേകം ഗ്രന്ഥങ്ങൾ രചിക്കപ്പെടുകയും അതുവഴിയായി വിരുദ്ധോപദേശങ്ങൾ സഭയിൽ പ്രചരിക്കുവാൻ ഇടയാകുകയും ചെയ്തു. തന്മൂലം വി. വേദഗ്രന്ഥത്തെ സംബന്ധിച്ച് ഏതൊക്കെ രചനകൾ ഉൾപ്പെടുത്താം, ഏതൊക്കെ ഒഴിവാക്കാം എന്നതിനെ സംബന്ധിച്ച് ചിന്തിക്കുകയും തൽഫലമായി രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഏകദേശം എ.ഡി. 175-നോടടുത്ത് പുതിയ നിയമ കാനോൻ രൂപീകൃതമാവുകയും ചെയ്തു.

എ.ഡി. 180-നോടടുത്ത് എഴുതപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്ന 'മ്യൂററ്റോറിയൻ കാനോനിൽ' പുതിയനിയമത്തിലെ 22 പുസ്തകങ്ങളെ കാനോനികമായി രേഖപ്പെടുത്തിയിട്ടുള്ളൂ. ഗ്രന്ഥകാരനെ സംബന്ധിച്ചുള്ള അവ്യക്തതകളും ഉള്ളടക്ക സംബന്ധമായ സംശയങ്ങളും മറ്റ് ഗ്രന്ഥങ്ങളുടെ കാനോനികതയെ ചോദ്യം ചെയ്യുകയും എന്നാൽ അത് സംബന്ധിയായ സ്ഥിരീകരണം പില്ക്കാലത്ത് പ്രസ്തുത ഗ്രന്ഥങ്ങളെ ഉൾപ്പെടുത്തുന്നതിന് കാരണമാവുകയും ചെയ്തു. എ.ഡി. 367-ൽ അലക്സന്ത്രിയായിലെ ബിഷപ്പായ അത്തനാസ്യോസ് തന്റെ ഇടവകകൾക്ക് അയച്ച ഈസ്റ്റർ സന്ദേശത്തിൽ പുതിയനിയമ പുസ്തകങ്ങൾ 27 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി. 90-ൽ 'ജാംനിയ' എന്ന സ്ഥലത്ത് കൂടിയ യഹൂദറാബിമാരുടെ യോഗം പഴയനിയമഗ്രന്ഥസമുച്ചയത്തിൽ 39 പുസ്തകങ്ങൾ ഉണ്ടായിരിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു (ജാംനിയ കൗൺസിൽ). വി. വേദപുസ്തകത്തിലെ ഗ്രന്ഥങ്ങളെ സംബന്ധിച്ച ആധികാരികവും ഔദ്യോഗികവുമായ തീരുമാനം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് സഭ കൈക്കൊള്ളുന്നത്. അങ്ങനെ 39 പുസ്തകങ്ങളടങ്ങിയ പഴയനിയമവും 27 പുസ്തകങ്ങളടങ്ങിയ പുതിയനിയമവും ആദിമസഭ ഔദ്യോഗികമായി അംഗീകരിച്ചു.

## മിലാൻ വിളംബരം (എ.ഡി. 313)

റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളുടെ അധിപനായിരുന്ന ലിസിനിയൂസും പടിഞ്ഞാറൻ പ്രദേശങ്ങളുടെ അധിപനായിരുന്ന കുസ്തന്തീനോസും ചേർന്ന് എ.ഡി. 313 ജൂൺ മാസം 13-ാം തീയതി 'മിലാൻ വിളംബരം' പുറപ്പെടുവിച്ചു. പ്രസ്തുത വിളംബരം റോമാസാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾക്കുമേലുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യുകയും റോമാ സാമ്രാജ്യത്തിലെ അംഗീകരിക്കപ്പെട്ട മതങ്ങളിലൊന്നായി ക്രിസ്തുമതത്തെ പ്രഖ്യാപിക്കുകയും ചെയ്തു. മൂന്ന് നൂറ്റാണ്ടുകളോളം അടിച്ചമർത്തപ്പെട്ട്, പീഡിപ്പിക്കപ്പെട്ട ക്രൈസ്തവസഭയ്ക്ക്, റോമാസാമ്രാജ്യത്തിൽ അംഗീകാരവും സ്വാതന്ത്ര്യവും മിലാൻ വിളംബരത്തിലൂടെ ലഭിച്ചു. ക്രിസ്ത്യാനികളുടെ കണ്ടുകെട്ടിയ എല്ലാ സ്വത്തുക്കളും ആരാധനാലയങ്ങളും തിരികെ ലഭിച്ചു. തടവിലടയ്ക്കപ്പെട്ട ക്രിസ്ത്യാനികൾ മോചിപ്പിക്കപ്പെട്ടു. ഞായറാഴ്ച പൊതു അവധി ദിവസമായി കണക്കാക്കപ്പെട്ടു. മിലാൻ വിളംബരം ആദ്ധ്യാത്മികതലത്തിൽ ഗുണത്തേക്കാളേറെ ദോഷം ചെയ്തുവെന്ന് പില്ക്കാല ചരിത്രസംഭവങ്ങൾ സാക്ഷിക്കുന്നു.

അംഗീകൃത മതമായി ക്രിസ്തുമതം അംഗീകരിക്കപ്പെട്ടതോടുകൂടി അനേകായിരങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ ക്രൈസ്തവസഭ അന്നുവരെയും കാത്തുസൂക്ഷിച്ചിരുന്ന ധാർമ്മിക നിലപാടുകളും സാന്മാർഗ്ഗിക ജീവിതരീതികളും സ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മകളുമൊക്കെ നാമമാത്രമായിത്തീരുകയും രാഷ്ട്രീയ അധികാര പിൻബലത്തോടെ പ്രവർത്തിക്കുന്ന ഒരു ഭരണസംവിധാനമായി റോമാസാമ്രാജ്യത്തിലെ ക്രൈസ്തവസഭ മാറ്റപ്പെടുകയും ചെയ്തു. കൂടാതെ അതുവരെയും സാമ്രാജ്യശക്തികൾക്കെതിരെ ശബ്ദിച്ചിരുന്ന സഭ, പില്ക്കാലത്ത് അത്തരം ശക്തികൾക്കും വ്യക്തികൾക്കും സ്തുതി പാടുന്നവരായിത്തീരുകയും ചെയ്തു. ക്രൈസ്തവസഭ സാമ്രാജ്യസഭയായി മാറ്റപ്പെട്ടു.

## പൊതുസുന്നഹദോസുകളും സഭാവിഭജനവും

സുന്നഹദോസുകൾ ('കൂടിവരവ്', 'സമ്മേളനം') സഭാഗാത്രത്തിലെ വേദശാസ്ത്രപരവും മതപരവുമായ തർക്കങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദിയായിരുന്നു. ആദിമക്രൈസ്തവസഭയ്ക്ക് പ്രധാനമായും രണ്ട് തരത്തിലുള്ള വെല്ലുവിളികൾ ഉണ്ടായിരുന്നു. ഒന്ന്, രാഷ്ട്രീയ-സാമ്രാജ്യപീഢനങ്ങൾ; രണ്ട്, തെറ്റായ ഉപദേശങ്ങളും വേദവിപരീതങ്ങളും. ജ്ഞാനവാദം (gnosticism), മാർസിയനിസം (marcianism), മൊണ്ടാനിസം (montanism), മൊണാർക്കിയനിസം (monarchianism) എന്നിവയായിരുന്നു ആദ്യ നൂറ്റാണ്ടുകളിലെ പ്രധാന വേദവിപരീതങ്ങൾ. ഇത്തരം ഉപദേശങ്ങളുടെ സ്വാധീനത്തിലോ അല്ലാതെയോ പില്ക്കാലത്ത് അനേകം വേദവിപരീതങ്ങൾ ഉടലെടുത്തു. പില്ക്കാല വേദവിപരീതങ്ങൾ സഭയിൽ ഭിന്നത സൃഷ്ടിക്കുകയും അവ സുന്നഹദോസുകളിലേക്ക് നയിക്കുകയും ചെയ്തു. പ്രധാന സുന്നഹദോസുകളും അവയ്ക്ക് കാരണമായ വേദവിപരീതങ്ങളും താഴെപ്പറയുന്നവയാണ്.

1. നിഖ്യാ (A.D. 325): അറിയൂസിന്റെ വേദവിപരീതം.
2. കുസ്തന്തീനോസ് (A.D. 381): മാസിഡോണിയനിസം, അപ്പൊല്ലിനേറിയനിസം.
3. എഫേസൂസ് (A.D. 431): നെസ്തോറിയനിസം.

മേല്പറഞ്ഞ മൂന്ന് സുന്നഹദോസുകൾ എല്ലാ പൗരാണിക സഭകളും അംഗീകരിക്കുന്നതാണ്. പൊതുസുന്നഹദോസുകൾ അഥവാ സാർവ്വത്രിക സുന്നഹദോസുകൾ എന്ന പേരിൽ പതിനെട്ട് സുന്നഹദോസുകൾ പിന്നീട് കൂടുകയുണ്ടായി. ആകെയുള്ള ഇരുപത്തിയൊന്ന് സുന്നഹദോസുകളിൽ ആദ്യത്തെ മൂന്ന് സുന്നഹദോസുകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ആദ്യത്തെ ഏഴ് സുന്നഹദോസുകൾ ബൈസന്റിയൻ

ഓർത്തഡോക്സ് സഭകളും അംഗീകരിക്കുന്നു. എന്നാൽ അതിനുശേഷമുള്ളവ റോമൻ കത്തോലിക്കാ സഭ മാത്രമേ അംഗീകരിക്കുകയും അവകാശപ്പെടുകയും ചെയ്യുന്നുള്ളു.

നാലാം സാർവ്വത്രിക സുന്നഹദോസ് എന്നറിയപ്പെടുന്ന കൽക്കദൂൻ സുന്നഹദോസ് (451) സഭാചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മനുഷ്യാവതാരം ചെയ്ത ക്രിസ്തു യോജിപ്പിനുശേഷം ഏകസ്വഭാവത്തിലാണോ, അതോ ഇരുസ്വഭാവങ്ങളിലാണോ വർത്തിച്ചിരുന്നത് എന്ന തർക്കവിഷയത്തിൽ അലക്സാന്ത്രിയയിലെ സന്ന്യാസാശ്രമത്തിലെ അധിപനും വയോധികനുമായ എവുത്തിക്കൂസ് "യോജിപ്പിനുശേഷം ഏകസ്വഭാവം എന്ന് ഞാൻ പറയുന്നു" എന്നഭിപ്രായപ്പെട്ടു. പ്രസ്തുത പ്രയോഗം വലിയൊരു തർക്കത്തിന് ആരംഭമിടുകയും ആ തർക്കം റോമാസാമ്രാജ്യത്തിലെ സഭയുടെ വിഭജനത്തിന് കാരണമായിത്തീരുകയും ചെയ്തു. കൽക്കദൂൻ സുന്നഹദോസ് തീരുമാനങ്ങൾ അംഗീകരിക്കുന്ന സഭകളെ കൽക്കദൂൻ സഭകളെന്നും (Chalcedonian Churches) (റോം, കുസ്തന്തിനോപ്പോലീസ്), അംഗീകരിക്കാത്ത സഭകളെ കൽക്കദൂൻ ഇതര സഭകളെന്നും (Non-Chalcedonian Churches) (അലക്സാന്ത്രിയ, അന്ത്യോഖ്യ, അർമേനിയ, മലങ്കര, എത്യോപ്യ, എരിത്രിയ) വിളിച്ചുപോരുന്നു. 1054-ലെ സഭാവിഭജനത്തോടെ റോമാസാമ്രാജ്യത്തിലെ സഭ കിഴക്കൻ സഭയെന്നും (ബൈസന്റയിൻ) പടിഞ്ഞാറൻ സഭയെന്നും (റോമൻ കത്തോലിക്കാ) രണ്ടായി പിരിഞ്ഞു.

## സന്ന്യാസപ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയും

രണ്ടാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലും മൂന്നാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലുമാണ് സന്ന്യാസപ്രസ്ഥാനം ക്രൈസ്തവസഭയിൽ ഉടലെടുത്തത്. യേശുക്രിസ്തു ആവശ്യപ്പെട്ട 'പൂർണ്ണത' കൈവരിക്കണമെന്നുള്ള ആഗ്രഹവും (Mt. 5:48; 19:21), പീഢകളുടെ അവസാനവും ക്രൈസ്തവരുടെ ആദ്ധ്യാത്മിക ജീവിതശൈലിയും ലോകത്തെക്കുറിച്ചുള്ള വ്യത്യസ്ത ധാരണകളും സന്ന്യാസജീവിതത്തിലേക്ക് അനേകരെ ആകർഷിച്ചു. ഈജിപ്തിലാണ് സന്ന്യാസപ്രസ്ഥാനം ഉടലെടുത്തത്. അന്തോണിയോസ്, പക്കോമിയോസ് എന്നിവർ യഥാക്രമം ഏകാന്തജീവിതക്രമത്തിന്റെയും സമൂഹജീവിതക്രമത്തിന്റെയും (Solitary & Community) പ്രാരംഭകരും പ്രയോക്താക്കളുമായി കരുതപ്പെടുന്നു. സന്ന്യാസപ്രസ്ഥാനങ്ങളും സന്ന്യാസികളും ക്രൈസ്തവസഭയ്ക്ക് അമൂല്യസംഭാവനകൾ നൽകിയിട്ടുണ്ട്. തിരുവചന പഠനങ്ങളും ആരാധനാക്രമങ്ങളുടെ രചനകളും കൂടാതെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും മിഷനറിപ്രവർത്തനങ്ങളും സാന്മാർഗ്ഗിക ജീവിതശൈലികളും സന്ന്യാസ പ്രസ്ഥാനത്തിന്റെ സംഭാവനകളാണ്.

## കുരിശുയുദ്ധങ്ങൾ

ഇസ്ലാം മതവിശ്വാസികളായ തുർക്കികളുടെ കൈകളിൽനിന്നും വിശുദ്ധനാടായ പാലസ്തീൻ പിടിച്ചെടുക്കുവാൻ പാശ്ചാത്യക്രൈസ്തവർ നടത്തിയ ശ്രമങ്ങൾ കുരിശുയുദ്ധങ്ങൾ എന്നറിയപ്പെടുന്നു. ക്രൂശിന്റെ ശത്രുക്കൾക്കെതിരെ ക്രൂശുമേന്തി ക്രൈസ്തവർ നടത്തിയ യുദ്ധമാണിത്. 1095 മുതൽ 1291 വരെ കാലഘട്ടത്തിലാണ് കുരിശുയുദ്ധങ്ങൾ നടത്തപ്പെട്ടത്. 1212-ൽ 'ചിൽഡ്രൻസ് ക്രൂസേഡ്' എന്നറിയപ്പെടുന്ന കുട്ടികളുടെ കുരിശുയുദ്ധവും നടത്തപ്പെട്ടു. പാലസ്തീൻ പിടിച്ചെടുക്കുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, ക്രൈസ്തവ സ്വാധീനത്തിലുണ്ടായിരുന്ന പശ്ചിമേഷ്യ, വടക്കൻ ആഫ്രിക്ക, കിഴക്കൻ യൂറോപ്പ് എന്നിവിടങ്ങളിലെ പ്രദേശങ്ങൾ മുസ്ലീങ്ങളുടെ ആധിപത്യത്തിലാവുകയും ചെയ്തു. കുരിശുയുദ്ധങ്ങൾ ഗുണത്തേക്കാളുപരി ദോഷകരമായി ക്രൈസ്തവസഭയെ ആകമാനം ബാധിച്ചു. ക്രൈസ്തവസഭകൾ തമ്മിലുള്ള ശണ്ഠയ്ക്കും തർക്കത്തിനും ക്രിസ്ത്യാനികളെ പീഢിപ്പിക്കുന്നതിനും വഴിതെളിക്കുകയും ചെയ്തു.

## നവീകരണപ്രസ്ഥാനം

പാശ്ചാത്യസഭയിൽ മാർട്ടിൻ ലൂഥർ(1483-1546)റുടെ നേതൃത്വത്തിൽ ആരംഭിച്ച സഭ നവീകരണനീക്കങ്ങൾ 'നവീകരണപ്രസ്ഥാനം' എന്ന പേരിലറിയപ്പെടുന്നു. നവീകരണത്തിന്റെ ഉപജ്ഞാതാവ് മാർട്ടിൻ ലൂഥറാണെങ്കിലും അതിന് ഉപോത്ബലകമായ ആശയങ്ങൾ വളരെ മുമ്പുതന്നെ പ്രചാരത്തിലിരുന്നു. ജോൺ വൈക്ലിഫും (1328-1384) ജോൺ ഹസ്സു(1369-1415)മൊക്കെ നവീകരണാശയങ്ങൾ പ്രചരിപ്പിച്ചവരും പാശ്ചാത്യസഭയുടെ ഘടനയെയും പ്രവർത്തനശൈലിയെയും ചോദ്യം ചെയ്തവരുമാണ്. റോമൻ കത്തോലിക്കാ സഭയിൽ നിലനിന്നിരുന്ന 'പാപവിമോചന ചീട്ട്' വില്പന നവീകരണപ്രസ്ഥാനത്തിന് ഊർജ്ജം പകർന്നു. റോമാസഭയിൽ നിലനിന്നിരുന്ന അഴിമതിക്കും അധർമ്മങ്ങൾക്കും അധികാര ദുർവിനിയോഗത്തിനുമെതിരെ മാർട്ടിൻ ലൂഥർ ശക്തമായി പ്രതികരിച്ചു. 1517-ൽ ലൂഥർ നവീകരണപ്രസ്ഥാനം പരസ്യമായി ആരംഭിച്ചു. ഉൾറിച്ച് സ്വിംഗ്ലി (1484-1521), ജോൺ കാൽവിൻ (1509-1564) എന്നിവർ ലൂഥറിന്റെ പ്രവർത്തനത്തെ ശക്തമായി പിന്തുണച്ചുകൊണ്ട് ജർമ്മനി, സ്വിറ്റ്സർലണ്ട്, ഫ്രാൻസ്, നെതർലണ്ട് മുതലായ പ്രദേശങ്ങളിൽ നവീകരണാശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. നവീകരണപ്രസ്ഥാനത്തിലൂടെ ഉടലെടുത്ത സഭകൾ 'നവീകരണ സഭകൾ' എന്നറിയപ്പെടുന്നു. നവീകരണ പ്രസ്ഥാനം നവീകരണസഭകളും അതുവഴി പ്രൊട്ടസ്റ്റന്റ് സഭകളും രൂപപ്പെടുവാൻ കാരണമായിത്തീർന്നു. നവീകരണപ്രസ്ഥാനം റോമൻ കത്തോലിക്കാ സഭയുടെ തുടർവിഭജനത്തിന് ഹേതുവായിത്തീർന്നു.

## എക്യൂമെനിക്കൽ പ്രസ്ഥാനം

നവീകരണാശയങ്ങൾ ക്രൈസ്തവസമൂഹം മുഴുവനും പുതിയ ചലനങ്ങളുണ്ടാക്കുന്നതിനു വഴിവച്ചു. തൽഫലമായി വേദപുസ്തകപഠനവും മിഷൻ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ നവീനസഭാ-സംഘടനകൾ മുന്നോട്ടുവന്നു. വേദപുസ്തക പഠനത്തിലും മിഷനറിപ്രവർത്തനങ്ങളിലുമുള്ള താല്പര്യം അത്തരം സഭാശുശ്രൂഷകരെ വ്യത്യാസമെന്യേ ഒന്നിച്ച് കൂടുവാനും ഒന്നിച്ച് പ്രവർത്തിപ്പാനും ഇടയാക്കി. സഭാവ്യത്യാസമില്ലാത്ത ഇത്തരം കൂട്ടായ്മകൾ കാലാന്തരത്തിൽ വളരുകയും പിന്നീട് അത് അഖിലലോക മിഷനറി സമ്മേളനത്തിലേക്ക് (World Missionary Conference) നയിക്കുകയും ചെയ്തു. 1910-ൽ എഡിൻബറോയിൽ കൂടിയ സമ്മേളനമാണ് ആധുനിക എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് അടിത്തറ പാകിയത്. അഖില ലോക മിഷനറി സമ്മേളനത്തിന്റെ സ്വാധീനം പുതിയ രണ്ട് എക്യൂമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു; ജീവനും പ്രവർത്തനവും (Life and Work Movement) വിശ്വാസവും പട്ടത്വവും (Faith and Order Movement) അടിയന്തിര സാമൂഹിക പ്രശ്നങ്ങളുടെ നടുവിൽ ക്രൈസ്തവ ഉത്തരവാദിത്വം മനസ്സിലാക്കാൻ ലൈഫ് ആൻഡ് വർക്ക് പ്രസ്ഥാനം യത്നിച്ചു. ഫെയ്ത്ത് ആൻഡ് ഓർഡർ പ്രസ്ഥാനമാകട്ടെ സഭകൾ തമ്മിലുള്ള വിശ്വാസ-പട്ടത്വ വിഷയങ്ങൾ പഠിക്കുന്നതിനും പരസ്പരം മനസ്സിലാക്കുന്നതിനും സഹായകരമായി.

1937-ൽ ഓക്സ്ഫോർഡിൽ കൂടിയ 'ഫെയ്ത്ത് ആൻഡ് ഓർഡർ' സമ്മേളനവും എഡിൻബറോയിൽ വച്ച് നടന്ന 'ലൈഫ് ആൻഡ് വർക്ക്' സമ്മേളനവും അഖില ലോക സഭാ കൗൺസിലി (World Council of Churches)ന്റെ ആവിർഭാവത്തിന് കാരണമായി. ഇരുപ്രസ്ഥാനങ്ങളും ഒന്നിച്ച് ലോകസഭാ കൗൺസിൽ രൂപീകരിക്കണമെന്ന് തീരുമാനിക്കുകയും 1948 ആഗസ്റ്റ് മാസത്തിൽ ആംസ്റ്റർഡാമിൽ വച്ച് നടന്ന 147 ക്രൈസ്തവ സഭകളുടെ പ്രതിനിധികൾ സഭകളുടെ അഖില ലോകകൗൺസിൽ രൂപീകരിക്കുകയും ചെയ്തു. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ആദ്യ ജനറൽ സെക്രട്ടറിയായി Rev. Willem

Adolph Visser't Hooft-നെ (ഡബ്ലിയു. എ. വിസ്സേർട്ട് ഹൂഫ്റ്റിനെ) തിരഞ്ഞെടുത്തു. മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായി അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ, ഫാ. കെ. ഫിലിപ്പോസ് (പിന്നീട് ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത) എന്നിവർ പങ്കെടുത്തു. മലങ്കരസഭ അഖില ലോക സഭാ കൗൺസിലിന്റെ സ്ഥാപകാംഗങ്ങളിൽ ഒന്നായിത്തീർന്നു. അന്നു മുതൽ മലങ്കര ഓർത്തഡോക്സ് സഭ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. WCC യുടെ ആദ്യ വനിതാ പ്രസിഡന്റുമാരിൽ ഒരാളായി മലങ്കരസഭാംഗമായ സാറാ ചാക്കോയെ 1991 ൽ തെരഞ്ഞെടുത്തു. കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്താ എന്നിവർ എക്യുമെനിക്കൽ രംഗത്ത് ഉന്നതശീർഷനായിരുന്നു എന്നത് അഭിമാനകരമാണ്.

## പ്രവർത്തനങ്ങൾ

1. ശെമ്മാശ്ശന്മാരുടെ തെരഞ്ഞെടുപ്പിന് ഇടയായ സാഹചര്യം എന്തായിരുന്നു?
2. ഒറ്റുകാരനായ യൂദായ്ക്കു പകരം മത്ഥിയാസിനെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതെങ്ങനെയാണെന്ന് (അപ്പോ. പ്ര. 1:15-26) വായിച്ച് കണ്ടുപിടിക്കുക.
3. യരുശലേം കൗൺസിൽ എന്നാലെന്ത്? അത് കൂടിയതെന്തിന്? ഈ കൗൺസിലിന്റെ പ്രാധാന്യമെന്ത്?
4. മിലാൻ വിളംബരം എന്നാലെന്ത്? ഈ വിളംബരത്തിന്റെ ഗുണങ്ങളും ദോഷങ്ങളും ചർച്ച ചെയ്യുക.
5. കൽക്കദോനിയൻ സുന്നഹദോസ് എന്നാലെന്ത്? ഈ സുന്നഹദോസിനുശേഷമുണ്ടായ സഭാവിഭജനം വ്യക്തമാക്കുക?
6. ചുരുങ്ങിയ വിവരണം തയ്യാറാക്കുക
   1. സന്യാസപ്രസ്ഥാനത്തിന്റെ ആരംഭം.
   2. കുരിശുയുദ്ധങ്ങൾ.
   3. നവീകരണപ്രസ്ഥാനങ്ങൾ.
   4. എക്യൂമെനിക്കൽ പ്രസ്ഥാനം.

അദ്ധ്യായം രണ്ട്

# മലങ്കരസഭയും പ്രധാന സംഭവങ്ങളും

മലങ്കരസഭയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിച്ച ഏതാനും ചില സംഭവങ്ങളേക്കുറിച്ചാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ഇരുപത് നൂറ്റാണ്ടുകളിലെ മലങ്കര സഭാ ചരിത്രം വളരെ സംക്ഷിപ്തമായി ഇവിടെ കുറിക്കുന്നു.

## മാർത്തോമ്മാ ശ്ലീഹായും മലങ്കരസഭയും

മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ മലങ്കരയിൽ വരികയും ചില ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തുവെന്ന് ചരിത്രം സാക്ഷിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ ഭാരത സന്ദർശനത്തെക്കുറിച്ച് രണ്ട് പാരമ്പര്യങ്ങൾ നിലനിൽക്കുന്നു; ഉത്തരേന്ത്യൻ പാരമ്പര്യവും, ദക്ഷിണേന്ത്യൻ പാരമ്പര്യവും.

## ദക്ഷിണേന്ത്യൻ പാരമ്പര്യം

മുസീരിസ് എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിൽ മാർത്തോമ്മാശ്ലീഹാ ആഗതനാകുകയും ഏഴ് പ്രധാന സ്ഥലങ്ങളിൽ ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എ.ഡി. 72-ൽ ശ്ലീഹാ മൈലാപ്പൂരിൽ താമസിക്കവെ, സാക്ഷിമരണം പ്രാപിച്ചു. അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായാണ് മലങ്കരയിൽ സഭ സ്ഥാപിച്ചത് എന്നതിനുള്ള പ്രധാന തെളിവുകൾ താഴെപ്പറയുന്നവയാണ്.

മാർത്തോമ്മാശ്ലീഹായുടെ കബറിടം, മാർത്തോമ്മായാൽ സ്ഥാപിക്കപ്പെട്ട പുരാതന ക്രൈസ്തവസമൂഹങ്ങൾ, ക്രൈസ്തവസമൂഹങ്ങൾ ഉപയോഗിക്കുന്ന ശ്ലീഹായുടെ നാമധേയം, ശ്ലീഹായുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ചരിത്രരേഖകൾ, വാമൊഴിയായും വരമൊഴിയായും നിലനിൽക്കുന്ന ക്രൈസ്തവസാക്ഷ്യം.

## ഉത്തരേന്ത്യൻ പാരമ്പര്യം

തോമ്മാശ്ലീഹാ വടക്കേ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു എന്നതിനാധാരം A.D. 180 നും 230നും ഇടയിൽ ഉറഹായിൽനിന്നുള്ള ഒരു ഗ്രന്ഥകാരൻ രചിച്ച 'യൂദാസ് തോമാസിന്റെ പ്രവർത്തനങ്ങൾ' (Act of Judas Thomas) എന്ന കൃതിയാണ്. തോമസ് അപ്പോസ്തോലൻ ഗോണ്ടഫോറസിന്റെ രാജ്യത്ത് ക്രിസ്തുമാർഗം പ്രചരിപ്പിച്ചതായി ആ ഗ്രന്ഥത്തിൽ പറയുന്നു. ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിൽ അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, പഞ്ചാബ് എന്നീ ദേശങ്ങൾ ചേർന്നു കിടന്നിരുന്ന നാടുകളെ ഭരിച്ചിരുന്ന രാജാവായിരുന്നു ഗോണ്ടഫോറസ് എന്നു പണ്ഡിതന്മാർ പറയുന്നു. അദ്ദേഹത്തിന്റെ പേരിലുള്ള നാണയങ്ങൾ പില്ക്കാലത്തു കണ്ടെടുത്തിട്ടുണ്ട്. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അന്ത്യോക്യൻ സുറിയാനി പിതാവായ ഗ്രിഗോറിയോസ് ബാർ എബ്രായ അദ്ദേഹത്തിന്റെ സഭാചരിത്ര ഗ്രന്ഥത്തിൽ മാർത്തോമ്മാ ശ്ലീഹാ ഗോണ്ടഫോറസിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ സുവിശേഷം അറിയിച്ചിരുന്നതായി പറയുന്നുണ്ട്. ആ നൂറ്റാണ്ടിൽതന്നെ ജീവിച്ചിരുന്ന ബസ്രായിലെ നെസ്തോറിയൻ ബിഷപ്പായിരുന്ന ശലോമോൻ രചിച്ച 'The Book of the Bee' എന്ന ഗ്രന്ഥത്തിലും യൂദാഗോത്രക്കാരനായ തോമാസ് ഇന്ത്യയിൽ സുവിശേഷം ഘോഷിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

## പേർഷ്യൻ കുടിയേറ്റം

മലങ്കരസഭയും പേർഷ്യൻ സഭയും മാർത്തോമ്മാശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിക്കുകയും അതിൽ അഭിമാനം കണ്ടെത്തു

കയും ചെയ്യുന്ന സഭകളാണ്. മാർത്തോമ്മ പൈതൃകം ഇരുസഭകളുടെയും പരസ്പര ബന്ധത്തിനും സൗഹൃദത്തിനും ആക്കംകൂട്ടി. മലങ്കരസഭ ആദ്യ നൂറ്റാണ്ടുകളിൽതന്നെ പേർഷ്യൻസഭയുമായി നല്ല ബന്ധം പുലർത്തിയിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിൽ ക്രൈസ്തവ സഭയ്ക്കെതിരെ ക്രൂരമായ പീഢകൾ അരങ്ങേറിയപ്പോൾ ചെറുസമൂഹങ്ങളായി പേർഷ്യൻ ക്രിസ്ത്യാനികൾ മലങ്കരയിലേക്ക് കുടിയേറിപ്പാർത്തു. ആദ്യ പേർഷ്യൻ കുടിയേറ്റം എ.ഡി. 345–ൽ ക്നായിത്തൊമ്മന്റെ നേതൃത്വത്തിലും രണ്ടാമത്തെ കുടിയേറ്റം 825–ൽ സബ്റീശോയുടെ നേതൃത്വത്തിലുമാണ് നടന്നത്. ആദ്യത്തേത് പ്രാണരക്ഷാർത്ഥമുള്ള കുടിയേറ്റവും രണ്ടാമത്തേത് വ്യാപാരതാല്പര്യത്തോടുകൂടിയതുമായിരുന്നു. പേർഷ്യൻ കുടിയേറ്റം മലങ്കരസഭയുടെ ചരിത്രത്തിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മലങ്കരസഭയെ സഭാജീവിതത്തിൽ പുഷ്ടിപ്പെടുത്തുന്നതിനും ആത്മീയ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനും പേർഷ്യൻ ബന്ധം ഒരളവുവരെ സഹായിച്ചിട്ടുണ്ട്.

## ഉദയംപേരൂർ സുന്നഹദോസ്

15–ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ റോമൻ കത്തോലിക്ക വിശ്വാസികളായ പോർട്ടുഗീസുകാർ വാണിജ്യാവശ്യത്തിനായി മലങ്കരയിലേക്ക് വന്നുചേർന്നു. വാസ്കോഡഗാമയുടെ നേതൃത്വത്തിൽ മലങ്കരയിൽ എത്തിയ പാശ്ചാത്യസഭാംഗങ്ങൾ മലങ്കരസഭയെ റോമൻ കത്തോലിക്കാ സഭാവിശ്വാസത്തിലേക്ക് മാറ്റുവാൻ കിണഞ്ഞു ശ്രമിച്ചു. അന്നുവരെയും പേർഷ്യൻ സഭയുമായി മാത്രം സഭാബന്ധം പുലർത്തിയിരുന്ന മലങ്കരസഭാമക്കൾക്ക് റോമൻ കത്തോലിക്കാ സഭാംഗങ്ങളുടെ പ്രവർത്തനത്തിൽ അതൃപ്തിയുണ്ടായി. എന്നാൽ കാലക്രമേണ മലങ്കരയിലെ ഭരണാധികാരവും പോർട്ടുഗീസുകാരായ റോമൻ കത്തോലിക്കാ സഭാംഗങ്ങൾ ബലമായി കൈക്കലാക്കിയപ്പോൾ മലങ്കരസഭക്ക് അവരുടെ അധികാരമുഷ്കിനു മുൻപിൽ അടിയറവു പറയേണ്ടിവന്നു. അത്തരത്തിലുള്ള ഒരു കുപ്രസിദ്ധ സംഭവമാണ് ഉദയംപേരൂർ സുന്നഹദോസിലൂടെ സംഭവിച്ചത്. റോമാസഭയുടെ പരമാധികാരവും റോമാസഭയുടെ വിശ്വാസാചാരങ്ങളും സഭാസംബന്ധമായ മറ്റ് അനുഷ്ഠാനങ്ങളും സ്വീകരിക്കുവാൻ വിസമ്മതിച്ച മലങ്കരസഭയെ, ഉദയംപേരൂർ സുന്നഹദോസിലൂടെ നിർബന്ധമായി റോമാനുകത്തിനടിമയാക്കി. നിസ്സഹായരായ നസ്രാണികൾക്ക് ഈ ബാഹ്യശക്തിയെ പ്രതിരോധിക്കുന്നതിനുള്ള ശക്തി ഉണ്ടായിരുന്നില്ല. അലക്സിസ് ഡി. മെനസിസ് എന്ന ഗോവൻ ആർച്ച് ബിഷപ്പാണ് ഉദയംപേരൂർ സുന്നഹദോസിന്റെ നടപടികളെ നിയന്ത്രിച്ചതും തീരുമാനങ്ങൾ കൈക്കൊണ്ടതും. 1599 ജൂൺ മാസത്തിൽ ആർച്ച് ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. മലങ്കര സഭാംഗങ്ങളായി 153 പട്ടക്കാരും 660 ആത്മായക്കാരും സുന്നഹദോസിൽ സംബന്ധിച്ചു. ഉദയംപേരൂർ സുന്നഹദോസ് കൈക്കൊണ്ടു എന്ന് അവകാശപ്പെടുന്ന തീരുമാനങ്ങൾ, ഏകപക്ഷീയമായും നിർബന്ധത്താലും കൈക്കൊണ്ടിട്ടുള്ളവയാണെന്ന് ചരിത്രരചനകൾ സാക്ഷിക്കുന്നു. കൂടാതെ സുന്നഹദോസിൽ അവതരിപ്പിക്കാത്ത ചില നിശ്ചയങ്ങളും തീരുമാനങ്ങളും മെനസ്സിസ് പിന്നീട് എഴുതിച്ചേർത്തതായും പറയുന്നു.

സുന്നഹദോസിൽ കൈക്കൊണ്ട തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ത്രിത്വം, മനുഷ്യാവതാരം, ദൈവമാതാവ്, ജന്മപാപം, ബസ്പുർക്കാന, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത, രൂപവണക്കം, സഭയും അതിന്റെ സംഘടനയും, വേദപുസ്തകഗ്രന്ഥങ്ങൾ എന്നിവയിൽ റോമൻ കത്തോലിക്കാ സഭയുടെ നിലപാട് അംഗീകരിക്കണം.

2. സഭയുടെ പരമാദ്ധ്യക്ഷൻ റോമൻ പാപ്പാ മാത്രമാണ്, ബാബിലോൺ പാത്രിയർക്കീസ് വിശ്വാസവിപരീതിയും, ശീശ്മക്കാരനും ആകയാൽ അദ്ദേഹത്തെ ഉപേക്ഷിക്കണം.

3. മലങ്കരയിലെ പരിശുദ്ധന്മാരുടെ പട്ടിക സ്വീകാര്യമല്ല; അതിനാൽ ആ പട്ടിക ഉപേക്ഷിക്കണം.

4. പട്ടക്കാർക്ക് ബ്രഹ്മചര്യം നിർബന്ധമാക്കണം.

5. മലങ്കരസഭയെ ഇടവകകളായി തിരിച്ച് ഓരോ ഇടവകയ്ക്കും വികാരിമാരെ നിയമിക്കണം. ഇങ്ങനെ പള്ളി യോഗങ്ങളുടെ അധികാരം ഇല്ലാതാക്കണം എന്ന ഉദ്ദേശ്യമായിരുന്നു ഇതിനു പിന്നിൽ.

മലങ്കരസഭയുടെ തനിമയും സ്വാതന്ത്ര്യവും, അടിച്ചമർത്തിയ ഒന്നായിരുന്നു ഉദയംപേരൂർ സുന്നഹദോസ്.

## കൂനൻകുരിശു സത്യം (1653)

അമ്പത്തിനാലു വർഷത്തെ അടിമനുകത്തിൽനിന്നും മലങ്കരസഭയെ സ്വാതന്ത്ര്യത്തിന്റെ തുറമുഖത്തേക്ക് ആനയിച്ച മഹാസംഭവമാണ് കൂനൻകുരിശു സത്യത്തിലൂടെ സംജാതമായത്. 1599-ലെ ഉദയംപേരൂർ സുന്നഹദോസിലൂടെ മലങ്കരസഭയുടെ ആരാധന-വിശ്വാസ-അനുഷ്ഠാനങ്ങളിൽ കാര്യമായി മാറ്റങ്ങൾ വരുത്തി മലങ്കരസഭയുടെമേൽ റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസവും ആചരണങ്ങളും അടിച്ചേല്പിക്കുകയും റോമൻ പാപ്പായുടെ അടിമനുകത്തിൽ മലങ്കരസഭയെ തളച്ചിടുകയും ചെയ്തു. ഗത്യന്തരമില്ലാതെ മലങ്കരസഭ അരനൂറ്റാണ്ടുകാലം എല്ലാം സഹിച്ച് സ്വാതന്ത്ര്യം തിരികെ നേടുന്നതിന് തക്ക സമയത്തിനായി നോക്കിയിരുന്നു. അങ്ങനെയിരിക്കെ 1652-ൽ 'അഹത്തള്ള' എന്ന മേല്പട്ടക്കാരൻ മലങ്കരയിലെത്തുകയും അദ്ദേഹത്തെ തങ്ങളുടെ രക്ഷകനായി കണ്ടുകൊണ്ട് അദ്ദേഹത്തെ കാണ്മാനും പോർട്ടുഗീസ് ബാന്ധവത്വത്തിൽ വിട്ടുകിട്ടുവാനുമായി മലങ്കരസഭാ മക്കൾ ആർച്ച് ബിഷപ്പ് ഫ്രാൻസിസ് ഗാർസിയയെ സമീപിക്കുകയും ചെയ്തു. മലങ്കരസഭയുടെ സ്വാതന്ത്ര്യവാഞ്ചയെ നഖശിഖാന്തം എതിർത്തിരുന്ന ആർച്ച് ബിഷപ്പ് അഹത്തള്ളയെ വിട്ടുകൊടുക്കുവാനോ കാണ്മാൻ അവസരമുണ്ടാക്കുന്നതിനോ അനുവദിച്ചില്ല. വിദേശികളുടെ സ്വാധീനംമൂലം കൊച്ചിരാജാവിനു നസ്രാണികളെ സഹായിക്കുവാൻ കഴിഞ്ഞില്ല.

ബലപ്രയോഗത്തിലൂടെ മലങ്കരസഭാമക്കൾ അഹത്തള്ളയെ മോചിപ്പിച്ചേക്കുമെന്ന് തിരിച്ചറിഞ്ഞ അധികാരികൾ 'അഹത്തള്ള'യെ വഹിച്ചിരുന്ന കപ്പൽ കൊച്ചി തുറമുഖം വിട്ട് പോകണമെന്ന് ആജ്ഞ നല്കി. തദവസരത്തിൽ പോർട്ടുഗീസുകാർ അഹത്തള്ളയെ വധിച്ച് സമുദ്രത്തിൽ കെട്ടിത്താഴ്ത്തി എന്ന ഒരു കിംവദന്തിയും പരന്നു. രോഷാകുലരായ മലങ്കരസഭാ മക്കൾ മട്ടാഞ്ചേരിയിൽ ഉണ്ടായിരുന്ന കുരിശുപള്ളിയിൽ കൂടി പ്രതിജ്ഞയെടുത്തു. ഈ പ്രതിജ്ഞയാണ് കൂനൻകുരിശു സത്യം എന്നപേരിലറിയപ്പെടുന്നത്. കുരിശിൽ ആലാത്ത് കെട്ടി സത്യം ചെയ്തതിനാൽ കുരിശ് വളഞ്ഞു. തത്ഫലമായി ഈ സത്യപ്രഖ്യാപനത്തെ കൂനൻകുരിശ് സത്യമെന്ന് വിളിക്കുന്നു.

1653 ജനുവരി 3-ാം തീയതി നടന്ന ചരിത്രപ്രസിദ്ധമായ ഈ സംഭവം പില്ക്കാല റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ചരിത്രസത്യം വിസ്മരിച്ചുകൊണ്ട് തെറ്റായി വ്യാഖ്യാനിക്കുവാനും പഠിപ്പിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'മലങ്കരസഭയുടെ സ്വാതന്ത്ര്യ സമരം' എന്ന പേരിൽ അറിയപ്പെടുന്ന 'കൂനൻകുരിശ് സത്യം' എല്ലാ വൈദേശിക ആധിപത്യത്തിനും മേല്ക്കോയ്മക്കും എതിരെയുള്ളതായിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. സമകാലീന ചരിത്രപശ്ചാത്തലം പഠിക്കുന്നവർക്ക് ഇത് വ്യക്തമാണ്. റോമൻ സഭയുടെ ചരിത്രഗ്രന്ഥശേഖരണത്തിൽപോലും അതിനുള്ള തെളിവുകളുണ്ട്. കൂനൻ കുരിശ് സത്യം വെറുമൊരു പ്രഹസനമോ രോഷപ്രകടനമോ മാത്രമായിരുന്നില്ല; മറിച്ച് അടിച്ചമർത്തപ്പെട്ട മലങ്കരസഭ അതിന്റെ ആരാധന-വിശ്വാസ പാരമ്പര്യങ്ങൾ വീണ്ടെടുക്കുവാനുള്ള ഒരു കൂട്ടായ ശ്രമമായിരുന്നു.

മലങ്കരസഭ മുഴുവനും ഒന്നായി ഈ പ്രത്യക്ഷസമരരംഗത്ത് പങ്കുകൊള്ളുകയും റോമാസഭയെയും അതിന്റെ അനുബന്ധസ്ഥാനികളെയും മലങ്കരസഭയുടെമേൽ അടിച്ചേല്പി

ക്കപ്പെട്ട റോമൻ കത്തോലിക്കാ വിശ്വാസത്തെയും നിരുപാധികം ഉപേക്ഷിക്കുകയും തങ്ങളാചരിച്ചിരുന്ന മാർത്തോമ്മ പൈതൃകത്തിലേക്കും സുറിയാനി പാരമ്പര്യത്തിലേക്കും തിരിച്ചുപോവുകയും ചെയ്തു. നൂറ്റാണ്ടുകളായി മലങ്കരസഭ ആചരിച്ചിരുന്ന പാരമ്പര്യങ്ങളും പൈതൃകങ്ങളും പുല്കിയവരെ 'പുത്തൻകൂറ്റുകാർ' എന്ന പേരിൽ അധിക്ഷേപിച്ചത് ചരിത്രസത്യത്തിന് നിരക്കാത്തതാണെന്ന സത്യം വിസ്മരിക്കാൻ പാടില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യവും തനിമയും സംരക്ഷിക്കുന്നതിനും നഷ്ടപ്പെട്ട പൈതൃകങ്ങളെയും പാരമ്പര്യങ്ങളെയും വീണ്ടെടുക്കുന്നതിനുമുള്ള ഒരു മഹായജ്ഞമായിരുന്നു കൂനൻകുരിശ് സത്യം.

## മാർത്തോമ്മ ഒന്നാമൻ

1653-ലെ കൂനൻകുരിശ് സത്യത്തിനുശേഷം മെയ്മാസം 22-ാം തീയതി ആലങ്ങാട്ട് വച്ചുചേർന്ന സമ്മേളനത്തിൽ തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുയർത്തി. ഭാരതസഭയുടെ എപ്പിസ്കോപ്പൽ ശ്രേണിയിലെ ആദ്യ വ്യക്തിത്വമാണ് അപ്രകാരം അവരോധിതനായ മാർത്തോമ്മ ഒന്നാമൻ. മാർത്തോമ്മ ഒന്നാമന്റെ സ്ഥാനസാധുതയെപ്പറ്റി അന്നും ഇന്നും ചരിത്രകാരന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും മലങ്കരസഭ ഒന്നായി ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്ത ഒന്നായിരുന്നു അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകം. കൂടാതെ 1665-ൽ മലങ്കരയിലെത്തിയ യേരുശലേമിലെ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനത്തെ സാധൂകരിച്ചു. വൈദേശിക മെത്രാന്മാരെ എന്തിനും ഏതിനുംവേണ്ടി ആശ്രയിക്കേണ്ടിവന്ന മലങ്കരസഭ, അത്തരമൊരു ഭരണ-ശുശ്രൂഷ സംവിധാനം മലങ്കരസഭയുടെ സമഗ്രമായ വളർച്ചക്ക് അനുപേക്ഷണീയമാണെന്ന് തിരിച്ചറിയുകയും തദ്ദേശീയ എപ്പിസ്കോപ്പൽ സ്ഥാനത്തിന് നാന്ദി കുറിക്കുകയും ചെയ്തു. ഭാരതസഭയുടെ അറിയപ്പെടുന്ന ആദ്യ എപ്പിസ്കോപ്പ ആണ് മാർത്തോമ്മ ഒന്നാമൻ. പന്ത്രണ്ട് വൈദികർ ചേർന്ന് ഒരാളെ എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് ഉയർത്തുന്ന കീഴ്വഴക്കവും അലക്സന്ത്രിയൻ (കോപ്റ്റിക്) സഭയിൽ നിലനിന്നിരുന്നു.

## മലങ്കരസഭയുടെ വിഭജനം

കൂനൻകുരിശ് സത്യവും തുടർനടപടികളും മനസ്സിലാക്കിയ റോമാസഭ മലങ്കര മക്കളെ അനുനയിപ്പിക്കുന്നതിനും തിരികെ റോമാവിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിനുമായി കർമ്മലീത്ത മിഷനറിമാരായ ഹിയാസിന്ത്, ജോസഫ് സെബസ്ത്യാനി എന്നിവരുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ ശ്രമങ്ങളാരംഭിച്ചു. ജോസഫ് സെബസ്ത്യാനിയുടെ നേതൃത്വത്തിലുള്ള സംഘം അനുരഞ്ജനശ്രമങ്ങളിൽ വിജയിക്കുകയും മാർത്തോമ്മ ഒന്നാമനോടൊപ്പം ഉണ്ടായിരുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ഇടവകകളും മറുപക്ഷത്തേക്ക് ചേക്കേറുകയും ചെയ്തു. മാർത്തോമ്മ ഒന്നാമനെ സഹായിക്കുവാനായി ഇടപ്പള്ളിയോഗം നിയമിച്ചാക്കിയ നാലു പ്രമുഖ വൈദികരിൽ രണ്ട് പേർ കുറവിലങ്ങാട്ട് പറമ്പിൽ ചാണ്ടി കത്തനാരും കടുത്തുരുത്തി കടവിൽ ചാണ്ടി കത്തനാരും ഇതിനോടകം തന്നെ റോമാവിശ്വാസം സ്വീകരിച്ചിരുന്നു.

1663 ജനുവരി 7-ാം തീയതി ഡച്ചുകാർ കൊച്ചി പിടിച്ചെടുത്തു. തത്ഫലമായി പോർട്ടുഗീസുകാർക്ക് മലങ്കരയിലുള്ള രാഷ്ട്രീയ സ്വാധീനം കുറഞ്ഞുവന്നു. പോർട്ടുഗീസുകാരെല്ലാവരും കൊച്ചി വിടണമെന്ന നിർദ്ദേശം ഡച്ചുകാർ പുറപ്പെടുവിച്ചപ്പോൾ ഗത്യന്തരമില്ലാതെ റോമാസഭയുടെ വിശ്വാസം പുലർത്തിയിരുന്നവരുടെ നേതാവായി പറമ്പിൽ ചാണ്ടി കത്തനാരെ എപ്പിസ്കോപ്പായായി ഉയർത്തി. 16 നൂറ്റാണ്ടുകൾ ഒന്നായി നിലനിന്നിരുന്ന മലങ്കരസഭ റോമൻ കത്തോലിക്കാ സഭയുടെ ഇടപെടൽ മൂലം രണ്ടായി വിഭജിക്കപ്പെടുകയും ഇരുവിഭാഗങ്ങളും ബദ്ധ ശത്രുക്കളായി വർത്തിക്കുകയും ചെയ്തു. മുകളിൽ

പ്രസ്താവിച്ചപോലെ സ്പർദ്ധയും വിഭാഗീയതയും വളർത്തുന്ന മിഷൻ പ്രവർത്തനങ്ങൾ വേണമോ എന്ന് പുനർവിചിന്തനം ചെയ്യണം.

റോമൻ കത്തോലിക്കാ സഭയുടെ ഇടപെടൽ മലങ്കരസഭയെ തുടർവിഭജനത്തിലേക്കും അധികാര മാത്സര്യത്തിലേക്കും വഴിതെളിച്ചു. മലങ്കരസഭയുടെ ഇന്നത്തെ വിഭാഗീയതക്കും അധികാര മത്സരത്തിനും നാന്ദികുറിച്ചത് റോമൻ കത്തോലിക്കാ സഭയും അതിന്റെ അധികാരമോഹവുമാണെന്ന സത്യം ചരിത്രം സാക്ഷിക്കുന്നു. വിശ്വാസവും പാരമ്പര്യവും അനുഷ്ഠാനങ്ങളുമെല്ലാം ഒന്നായിരുന്ന മലങ്കരസഭ 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ ഇങ്ങനെ വിഭജനത്തിന് വിധേയമായി.

## മലങ്കര സഭയും അന്ത്യോക്യയിലെ സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധം

15-ാം നൂറ്റാണ്ടുവരെയും തദ്ദേശീയ നേതാക്കന്മാരാൽ ഭരിക്കപ്പെട്ട മലങ്കരസഭ, 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനത്തെ തുടർന്ന് റോമൻ കത്തോലിക്ക സഭയുടെ ഭരണത്തിന് കീഴിലമർന്നു. ഏകദേശം അരനൂറ്റാണ്ട് കാലം റോമാനുകം പേറിയ മലങ്കരസഭ 1653-ലെ കൂനൻകുരിശ് സത്യത്തെതുടർന്ന് റോമൻ കത്തോലിക്കാ വിശ്വാസവും റോമൻ കത്തോലിക്കാ സഭയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു. കൂനൻകുരിശ് സത്യത്തെ തുടർന്നുണ്ടായ മാർത്തോമ്മ ഒന്നാമന്റെ സ്ഥാനാഭിഷേകവും അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ സ്ഥാനത്തെക്കുറിച്ചുള്ള തർക്കവും പുതിയ ബന്ധങ്ങളിലേക്ക് മലങ്കര സഭയെ നയിച്ചു. 1665-ൽ മലങ്കരയിലെത്തിയ യരുശലേമിലെ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസാണ് അന്ത്യോഖ്യൻ ബന്ധത്തിന് നാന്ദികുറിച്ചതെന്ന് സഭാചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. 16-ാം നൂറ്റാണ്ട്വരെയും മലങ്കരസഭക്ക് പേർഷ്യൻ സഭയുമായി (നെസ്തോറിയൻ) ബന്ധമുണ്ടായിരുന്നെങ്കിലും അന്ത്യോഖ്യൻ സഭയുമായി യാതൊരു ബന്ധവുമില്ലായിരുന്നു. അത്തരത്തിലുള്ള എന്തെങ്കിലും ബന്ധം മലങ്കരസഭക്ക് അന്ത്യോഖ്യൻ സഭയുമായി ഉണ്ടായിരുന്നതായി യാതൊരു ചരിത്രരേഖകളുമില്ല.

17-ാം നൂറ്റാണ്ടിലെ മാർ ഗ്രീഗോറിയോസിന്റെ ആഗമനവും അതുവഴി മലങ്കരസഭക്ക് കൈവന്ന എപ്പിസ്കോപ്പൽ സ്ഥാനസാധുതയുമാണ് മലങ്കര-അന്ത്യോഖ്യൻ ബന്ധത്തിന് നാന്ദികുറിച്ചത്. 17, 18 നൂറ്റാണ്ടുകളിലെ അന്ത്യോഖ്യൻ മേല്പട്ടക്കാരുടെ സന്ദർശനവും സഹവർത്തിത്വവും മലങ്കര അന്ത്യോഖ്യൻ ബന്ധത്തിന് കൂടുതൽ ദൃഢത നൽകുകയും ചെയ്തു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ വാഴ്ചയും 1876-ൽ കൂടിയ മുളന്തുരുത്തി സുന്നഹദോസും മലങ്കര-അന്ത്യോഖ്യൻ ബന്ധത്തിന് ഔദ്യോഗിക പരിവേഷം നൽകുകയും ചെയ്തു. അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധം മലങ്കരസഭയുടെ സുറിയാനി സഭാപാരമ്പര്യം നിലനിർത്തുവാൻ സഹായിച്ചെങ്കിലും വിശ്വാസ-ആചാരാനുഷ്ഠാനങ്ങളിൽ നിർണ്ണായകമായ മാറ്റം വരുത്തുവാൻ ഇടയാക്കി. റോമൻ കത്തോലിക്ക സഭയുമായുള്ള ബന്ധം മലങ്കരയിൽ രണ്ട് വിഭജനങ്ങൾക്ക് (മലങ്കര കത്തോലിക്കാ റീത്ത് ഉൾപ്പെടെ) കാരണമായപ്പോൾ അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധം മലങ്കര സഭയെ ഛിന്നഭിന്നമാക്കി. അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള മലങ്കരസഭയുടെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മലങ്കരയിൽ രൂപപ്പെട്ട സഭാവിഭാഗങ്ങളാണ് തൊഴിയൂർ, യാക്കോബായ എന്നിവർ.

## വട്ടിപ്പണം

ബ്രിട്ടിഷ് ഇന്ത്യയിൽ കേണൽ കോളിൻ മെക്കാള റസിഡന്റായി ഭരണം നിർവ്വഹിക്കുന്ന കാലത്ത് 1808-ൽ മാർത്തോമ്മ ആറാമന്റെ (വലിയ മാർ ദീവന്നാസ്യോസിന്റെ) കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമി മാർത്തോമ്മ ഏഴാമൻ 10,500 രൂപ വരുന്ന 3000 പൂവരാഹൻ (star pagodas) പ്രതിവർഷം 8 ശതമാനം പലിശനിരക്കിൽ ബ്രിട്ടീഷ് ഈസ്റ്റ്

ഇന്ത്യാ കമ്പനിയിൽ സ്ഥിരമായി നിക്ഷേപിച്ചു. 3000 പൂവരാഹത്തിൽ 840 പൂവരാഹൻ മാർ ദീവന്നാസ്യോസ് സമുദായത്തിൽനിന്ന് പിരിച്ചുണ്ടാക്കിയതും ബാക്കിയുള്ളത് (2160) മെക്കാളയുടെ സഹകരണത്തിൽ ലഭിച്ചതുമായിരുന്നു (കന്നഡ ഭാഷയിലെ 'ബഡ്ഢി' എന്ന വാക്കിന് 'പലിശ' എന്നർത്ഥം. ഈ വാക്കാണ് മലയാളത്തിൽ 'വട്ടി'യായി രൂപാന്തരം പ്രാപിച്ചത്).

മേലുദ്ധരിച്ച തുകയിൽ വർഷംതോറും ലഭിക്കുന്ന പലിശ സമുദായത്തിന്റെ സാമൂഹിക സേവനപരിപാടികൾക്ക് വിനിയോഗിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. നിക്ഷേപ സംഖ്യയുടെ പ്രഥമ പലിശ മാർത്തോമ്മ ഏഴാമനും തുടർന്നുള്ള മൂന്ന് വർഷത്തെ പലിശ സെമിനാരിയുടെ നിർമ്മാണത്തിനുവേണ്ടി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കൈപ്പറ്റി. 1936 വരെ സെമിനാരിയുടെ ദൈനംദിന നടത്തിപ്പിനായി സ്ഥിരനിക്ഷേപത്തിന്റെ പലിശ ഉപയോഗപ്പെടുത്തി. എന്നാൽ പിന്നീട് പലിശ ആര് കൈപ്പറ്റണമെന്ന് പാത്രിയർക്കീസ് വിഭാഗവുമായി തർക്കമുണ്ടാവുകയും ആ തർക്കം വട്ടിപ്പണക്കേസ് എന്ന പേരിലറിയപ്പെടുകയും ചെയ്തു.

## ബൈബിൾ പരിഭാഷയും സെമിനാരി സ്ഥാപനവും

വി. വേദപുസ്തകത്തിന്റെ പഴയനിയമ ഭാഗം എബ്രായ ഭാഷയിലും പുതിയനിയമഭാഗം ഗ്രീക്ക് ഭാഷയിലുമാണ് രചിക്കപ്പെട്ടത്. പിന്നീട് സമ്പൂർണ്ണ വേദഗ്രന്ഥം ലാറ്റിൻ, സുറിയാനി, കോപ്റ്റിക്, ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങി വിവിധ ഭാഷകളിലേക്ക് പരിഭാഷ ചെയ്യപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകംവരെ മലങ്കരയിലും പ്രചാരത്തിലിരുന്നത് സുറിയാനി പരിഭാഷയിലുള്ള വേദഗ്രന്ഥമായിരുന്നു. 1811-ലാണ് ബൈബിളിലെ നാല് സുവിശേഷഭാഗങ്ങളുടെ മലയാള പരിഭാഷ ആദ്യമായി മലങ്കരയിൽ പ്രചാരത്തിലാവുന്നത്. മലയാളം ബൈബിളിന്റെ പരിഭാഷയിൽ കായംകുളം ഫിലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ജോസഫ് റമ്പാനും സുപ്രധാന പങ്ക് വഹിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. 'റമ്പാൻ ബൈബിൾ' എന്നറിയപ്പെടുന്ന ഈ പരിഭാഷ 1811-ൽ ബോംബെയിൽനിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചു. റമ്പാൻ ബൈബിളിന്റെ പ്രസിദ്ധീകരണത്തിൽ കായംകുളം ഫിലിപ്പോസ് റമ്പാന്റെയും ക്ലോഡിയസ് ബുക്കാനന്റെയും പങ്ക് പ്രത്യേകം സ്മരിക്കപ്പെടുന്നു.

1829-ൽ പ്രസിദ്ധീകരിക്കപ്പെട്ട സമ്പൂർണ്ണ പുതിയനിയമ ബൈബിളിന്റെ അണിയറ ശില്പികളിൽ പ്രധാനിയാണ് ബെഞ്ചമിൻ ബെയ്‌ലി. 1841-ൽ പഴയ-പുതിയ നിയമ സമ്പൂർണ്ണ ബൈബിൾ ബെഞ്ചമിൻ ബെയ്‌ലിയുടെയും തോമസ് നോർട്ടന്റെയും ശ്രമഫലമായി പ്രസിദ്ധീകരിക്കപ്പെട്ടു. മലയാളം ബൈബിളിന്റെ പ്രസിദ്ധീകരണത്തിൽ വിദേശ മിഷനറിമാരുടെ, പ്രത്യേകിച്ച് ആംഗ്ലിക്കൻ മിഷനറിമാരുടെ സേവനം നിസ്തുലമാണ്. ബെഞ്ചമിൻ ബെയ്‌ലി, തോമസ് നോർട്ടൻ, ഹെർമ്മൻ ഗുണ്ടർട്ട് എന്നിവർ പ്രത്യേക സ്മരണ അർഹിക്കുന്നു.

1815-ൽ കേണൽ മൺറോയുടെ സഹായത്തോടെ (പുലിക്കോട്ടിൽ-1) ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനാണ് പഴയസെമിനാരി എന്നറിയപ്പെടുന്ന വൈദിക പരിശീലന കേന്ദ്രം കോട്ടയത്ത് സ്ഥാപിച്ചത്. സെമിനാരി സ്ഥാപനത്തിന്റെ ആവശ്യത്തിലേക്കായി തിരുവിതാംകൂർ വാണിരുന്ന റാണി ലക്ഷ്മീഭായി 16 ഏക്കർ ഭൂമിയും ആവശ്യമായ തടികളും 20,000 രൂപയും സംഭാവനയായി നൽകി. മീനച്ചിലാറിന്റെ തീരത്ത് കരമൊഴിവായി ലഭിച്ച സ്ഥലത്ത് 1814 ഫെബ്രുവരി 15-ാം തീയതി കല്ലിട്ട് പണി ആരംഭിച്ചു. 1815 മാർച്ചിൽ സെമിനാരി നിർമ്മാണം പൂർത്തീകരിച്ച് വൈദിക പരിശീലനം ആരംഭിച്ചു. മലങ്കരസഭയുടെ ഭരണസിരാകേന്ദ്രമായും വൈദിക പരിശീലന കളരിയായും രൂപപ്പെട്ട പഴയസെമിനാരിയുടെ നിർമ്മാണത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ തിരുമേനിയുടെ പങ്ക് നിസ്തുലമാണ്. മലയാളക്കരയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് പഴയസെമിനാരിയിലായിരുന്നു.

## മലങ്കര-ആംഗ്ലിക്കൻ ബന്ധം

മലങ്കരസഭയുടെ വളർച്ചയിൽ സഹായിക്കുകയും എന്നാൽ അതോടൊപ്പംതന്നെ സഭയുടെ വിഭജനത്തിന് കാരണമാവുകയും ചെയ്ത മറ്റൊരു സഭാബന്ധമാണ് മലങ്കര-ആംഗ്ലിക്കൻ ബന്ധം. 19-ാം നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ മലങ്കരസഭയും ആംഗ്ലിക്കൻ സഭയുടെ മിഷനറിവിഭാഗമായ CMS (Church Mission Society) മിഷനറിമാരുമായി നല്ല ബന്ധം പുലർത്തിയിരുന്നു. മലങ്കരസഭയോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന ഉദ്ദേശ്യത്തോടെ കേണൽ മൺട്രോയുടെ നിർദ്ദേശപ്രകാരം ചർച്ച് മിഷനറി സൊസൈറ്റി തോമസ് നോർട്ടൺ, ബെഞ്ചമിൻ ബെയ്‌ലി, ഹെന്റി ബെക്കർ, ജോസഫ് ഫെൻ എന്നീ മിഷനറിമാരെ മലങ്കരയിലേക്ക് അയക്കുകയും കോട്ടയം കേന്ദ്രമാക്കി അവർ തങ്ങളുടെ സുവിശേഷവേല നിർവ്വഹിക്കുകയും ചെയ്തു. ഫെൻ സെമിനാരി സേവനത്തിലും ബെയ്‌ലി വേദപുസ്തകപരിഭാഷയിലും ബേക്കർ സ്കൂളുകൾ സ്ഥാപിക്കുന്നതിലും വ്യാപൃതരായി. മിഷനറിമാർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നതോടൊപ്പം മലങ്കരസഭയിൽ പ്രൊട്ടസ്റ്റന്റ് നവീകരണാശയങ്ങൾ നടപ്പിൽ വരുത്തുന്നതിനും ശ്രമമാരംഭിച്ചു. മലങ്കരസഭയുടെ ആരാധനക്രമവും വിശ്വാസാചാരങ്ങളും തങ്ങളുടെ സഭയുടേതുമായി ചേർന്നുപോകത്തക്കവിധം വ്യതിയാനങ്ങൾ വരുത്തുവാൻ അവർ അഭിലഷിച്ചു.

നവീകരണാശയങ്ങളെ അനുകൂലിച്ചവരും എതിർത്തവരുമായി രണ്ട് വിഭാഗങ്ങൾ തത്ഫലമായി മലങ്കരസഭയിൽ രൂപപ്പെട്ടു. നവീകരണാശയങ്ങളെ സഭ സ്വീകരിക്കണമോ തള്ളണോ എന്ന് തീരുമാനിക്കുവാനായി 1836-ൽ മാവേലിക്കരയിൽ ഒരു സഭായോഗം ചേർന്ന് നിശ്ചയങ്ങൾ കൈക്കൊണ്ടു. ആ സഭായോഗം നവീകരണാശയങ്ങളെ തള്ളി തീരുമാനം കൈക്കൊണ്ടു. അതിനെയാണ് 'മാവേലിക്കര പടിയോല' എന്നു പറയപ്പെടുന്നത്. എന്നാൽ സഭയുടെ ഔദ്യോഗിക തീരുമാനം അംഗീകരിക്കുവാൻ എല്ലാവരും തയ്യാറായില്ല.

## കൊച്ചി പഞ്ചായത്ത് എ.ഡി. 1840

മിഷനറിമാരുമായുള്ള ഭിന്നത പരമകാഷ്ഠയിൽ എത്തി. യോജിപ്പ് അസാദ്ധ്യമാണെന്ന് കണ്ടപ്പോൾ സഭാസ്വത്തുക്കൾ രണ്ടായി തിരിക്കാമെന്ന് ഇരുകൂട്ടരും തീർച്ചപ്പെടുത്തി. ഇതിനായിട്ട് മൂന്ന് യൂറോപ്യന്മാരടങ്ങിയ ഒരു കമ്മറ്റി 1840 ഏപ്രിൽ 24-നു കൊച്ചിയിൽ കൂടി. കമ്മറ്റിയുടെ തീരുമാനം പഴയസെമിനാരിയും സ്വത്തുക്കളും വട്ടിപ്പണവും സുറിയാനി സഭയ്ക്കിരിക്കണമെന്നും കോട്ടയം സി.എം.എസ്. കോളജും പരിസരങ്ങളും സർക്കാരിൽനിന്ന് ലഭിച്ച 20000 രൂപായും മൺട്രോ ദ്വീപും മിഷനറി സംഘത്തിന് ഇരിക്കണമെന്നുമായിരുന്നു. പൊതുമുതൽ കൈകാര്യം ചെയ്യുന്നതിനും വട്ടിപ്പണപ്പലിശ വാങ്ങുന്നതിനും മെത്രാപ്പോലീത്തായെ കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഒരു പട്ടക്കാരനും ഒരു അയ്മേനിയും ട്രസ്റ്റികളായിരിക്കണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചാണ് സമുദായ ട്രസ്റ്റികൾ ഉണ്ടായിട്ടുള്ളത്.

പില്ക്കാലത്ത് (ഏബ്രഹാം മല്പാൻ) പ്രൊട്ടസ്റ്റന്റ് നവീകരണാശയങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ചവരിൽ പ്രമുഖനാണ്. തത്ഫലമായി നവീകരണാശയങ്ങളോട് പ്രതിപത്തി കാട്ടിയവർ എതിർവിഭാഗമായി സഭയിൽ തുടരുകയും കാലക്രമേണ അത് മറ്റൊരു വിഭജനത്തിന് കാരണമായിത്തീരുകയും ചെയ്തു. 1889-ലെ റോയൽ കോടതിവിധിയിലൂടെ മലങ്കര സഭയിൽനിന്നും പ്രൊട്ടസ്റ്റന്റ് നവീകരണ വിഭാഗം വേർപെടുകയും 'മാർത്തോമ്മാ സഭ' (മലങ്കര മാർത്തോമ്മാ സുറിയാനി സഭ) എന്ന പേരിൽ പുതിയ സഭ രൂപപ്പെടുകയും ചെയ്തു.

## മുളന്തുരുത്തി സുന്നഹദോസ് (1876)

മലങ്കരസഭയുടെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നാണ് മുളന്തുരുത്തി സുന്നഹദോസ്. നവീകരണവിഭാഗത്തെ വ്യവഹാരത്തിൽ തോല്പിക്കുവാനായി മലങ്കരസഭ

അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് തൃതീയനെ മലങ്കരയിലേക്ക് വരുത്തുകയും അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ മലങ്കരസഭയുടെ ഒരു യോഗം മുളന്തുരുത്തിയിൽകൂടി നിശ്ചയങ്ങൾ കൈക്കൊള്ളുകയും ചെയ്തു. 1876 ജൂൺ മാസത്തിൽ മുളന്തുരുത്തി പള്ളിയിൽവെച്ച് ചേർന്ന മലങ്കരസഭാ പ്രതിനിധി സമ്മേളത്തിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യവും പരമാധികാരവും അന്ത്യോഖ്യാ പാത്രിയർക്കീസിന് അടിയറവ് വയ്ക്കുന്നതായി എഴുതാൻ പാത്രിയർക്കീസ് നിഷ്ക്കർഷിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ ഇത് എതിർത്തു. 1873-ൽ വെളിയനാട് വച്ച് ചേർന്ന സഭായോഗ തീരുമാനങ്ങളെ കൂടാതെ മലങ്കര സഭ പുരാതനകാലം മുതൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധികാരസീമയിൽ ഉൾപ്പെട്ടതായിരുന്നുവെന്നും തീരുമാനം കൈക്കൊണ്ടു. നവീകരണവിഭാഗത്തെ വ്യവഹാരത്തിൽ തോല്പിക്കുന്നതിന് സുന്നഹദോസ് തീരുമാനങ്ങൾ സഹായിച്ചുവെങ്കിലും സഭയുടെ സ്വകീയതയ്ക്കും സ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടുന്നതിനും സഭയുടെ വിഭജനത്തിനും മുളന്തുരുത്തി സുന്നഹദോസ് വഴിതെളിച്ചു എന്നത് ദുഃഖകരമായ ചരിത്രസത്യമാണ്. പത്രോസ് തൃതീയൻ പാത്രിയർക്കീസാണ് മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയതും അതിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചതും. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ കാലത്താണ് ചരിത്രപ്രസിദ്ധമായ സുന്നഹദോസ് കൂടുവാൻ ഇടയായത്.

## ആധുനിക മലങ്കര സഭ
### (മലങ്കരസഭയിലെ കാതോലിക്കാമാർ)

മുളന്തുരുത്തി സുന്നഹദോസുകൂടി വിദേശാധിപത്യത്തിനു കീഴിൽ സഭയെ കൊണ്ടുവരുവാനുള്ള ശ്രമത്തെ ചെറുക്കുന്നതിന്റെ ഭാഗമാണ് 1912-ലെ കാതോലിക്കാ സിംഹാസനസ്ഥാപനം (ഈ വിഷയം വിശദമായി അടുത്ത യൂണിറ്റിൽ പഠിക്കും).

ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ 1912 സെപ്റ്റംബർ 15-ാം തീയതി കാതോലിക്കാ സ്ഥാനത്ത് അവരോധിതനായി. പ. അബ്ദേദ്മ്ശിഹാ പാത്രിയർക്കീസ് ബാവാ, പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സഹകരണത്തിൽ വാകത്താനം ഗീവർഗീസ് മാർ പീലക്സിനോസിനെയും (രണ്ടാം കാതോലിക്കാ ഗീവർഗീസ് പ്രഥമൻ) കണ്ടനാട് കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസിനെയും 1913 ഫെബ്രുവരി 9-ന് വാഴിച്ചു. 1913 മെയ് രണ്ടാം തീയതി ഒന്നാം കാതോലിക്കാ പാമ്പാക്കുട ചെറിയപള്ളിയിൽവച്ച് കാലം ചെയ്തു; അവിടെ കബറടക്കി. സഭാന്തരീക്ഷത്തിൽ വീണ്ടും പ്രതിസന്ധി രൂക്ഷമായി. കാതോലിക്കാവാഴ്ചയ്ക്ക് അല്പം കാലതാമസം ഉണ്ടായി. മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റ് അനാഥമാകാതിരിക്കുവാൻ സഭാനേതാക്കന്മാർ ഗൗരവപൂർവ്വം ആലോചിച്ചു. അങ്ങനെ 1925 ഏപ്രിൽ 30-ന് നിരണം പള്ളിയിൽവച്ച് ഗീവർഗീസ് മാർ പീലക്സിനോസിനെ (വാകത്താനം) പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ ആയി വാഴിച്ചു. ഇദ്ദേഹം 1928 ഡിസംബർ 17-ാം തീയതി കാലം ചെയ്തു. വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനും കൊല്ലം, നിരണം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായും ആയിരുന്ന ഗീവർഗീസ് മാർ ഗ്രീഗോറിയോസിനെ (കല്ലാശ്ശേരിൽ തിരുമേനി) 1929 ഫെബ്രുവരി 15-ാം തീയതി കോട്ടയം ഏലിയാ ചാപ്പലിൽവച്ച് പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായായി വാഴിച്ചു. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് കാലം ചെയ്തതിനെത്തുടർന്ന് 1934-ൽ കൂടിയ മലങ്കര അസ്സോസിയേഷൻ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. അങ്ങനെ കാതോലിക്കാസ്ഥാനവും മലങ്കരമെത്രാപ്പോലീത്താസ്ഥാനവും ഒരാളിൽത്തന്നെ വന്നുചേർന്നു. സഭയുടെ ആസ്തിയും അസ്തിത്വവും ചോദ്യം ചെയ്യപ്പെട്ടുകൊണ്ട് സമുദായക്കേസ്

ആവിർഭവിച്ചു. പല കോടതിവിധികൾക്കുശേഷം അവസാനം 1958–ൽ സുപ്രീംകോടതി വിധിയിലൂടെ അന്തിമവിജയം ഉണ്ടായി. 1950 ഡിസംബർ 21–ന് കേരളാ ഹൈക്കോടതി മലങ്കരസഭയ്ക്കെതിരായി സമുദായക്കേസ്സിൽ വിധി പ്രഖ്യാപിച്ചപ്പോൾ അതുവരെ കാതോലിക്കാ ബാവായുടെ ആസ്ഥാനമായിരുന്ന പഴയ സെമിനാരിയുടെ കൈവശാവകാശത്തെക്കുറിച്ച് ആശങ്കയുണ്ടായി. ഈ സാഹചര്യത്തിൽ ഒരൊറ്റ ദിവസംകൊണ്ട് ഒന്നരലക്ഷം രൂപാ പിരിച്ചെടുത്ത് എട്ട് ഏക്കർ വരുന്ന ദേവലോകം വിലയ്ക്കു വാങ്ങി. അവിടെ പ. കാതോലിക്കായുടെ ആസ്ഥാനമായി. 1958–ലെ സുപ്രീംകോടതി വിധിയെത്തുടർന്നു സഭയിൽ സമാധാനം ഉണ്ടായി. 1958 ഡിസംബർ 16–ാം തീയതി അന്ത്യോക്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവായും കിഴക്കിന്റെ കാതോലിക്കാ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും പരസ്പരം സ്വീകരിച്ചുകൊണ്ട് കല്പനകൾ കൈമാറി. 1962 മെയ് 17–ാം തീയതി നിരണത്തു കൂടിയ മലങ്കര അസ്സോസിയേഷൻ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി കണ്ടനാട് ഭദ്രാസനമെത്രാപ്പോലീത്താ ഔഗേൻ മാർ തീമോത്തിയോസ്സിനെ തെരഞ്ഞെടുത്തു. 1964 ജനുവരി 3–ാം തീയതി പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കാലംചെയ്തു. ദേവലോകം അരമനയിൽ അദ്ദേഹത്തെ കബറടക്കി.

സഭാസമാധാനത്തിന്റെ ശുഭകരമായ അവസരങ്ങൾ കാണുന്നതിനു കഴിഞ്ഞു. പ. അന്ത്യോക്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ മലങ്കരസഭയുടെ ക്ഷണപ്രകാരം മലങ്കരയിൽ എഴുന്നള്ളി. മലങ്കരസഭാ അസ്സോസിയേഷൻ കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തിരുന്ന ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ പ. പാത്രിയർക്കീസ് ബാവ, പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ആയി വാഴിച്ചു. സഭാന്തരീക്ഷത്തിലെ സമാധാനം ഭഞ്ജിക്കുവാൻ ഇടയാക്കുന്ന ഒരു കല്പന 1970–ൽ പ. പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ചു. പ. മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെയും മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തെയും ചോദ്യം ചെയ്ത ഒരു വേദവിപരീതമായിരുന്നു ആ കല്പനയിലെ ഉള്ളടക്കം. തുടർന്ന് മലങ്കരസഭയുടെ അറിവോ സമ്മതമോ ഇല്ലാതെ ഏതാനും മെത്രാന്മാരെ വാഴിച്ച് സഭയിലെ സമാധാനത്തിന് ഭംഗം വരുത്തി. വ്യവഹാരങ്ങൾ ആരംഭിച്ചു. പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനിയുടെ പിൻഗാമിയായി 1970 ഡിസംബർ 31–ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷൻ ബാഹ്യകേരള ഭദ്രാസനത്തിന്റെ ഡോ. മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. ശാരീരികക്ഷീണം നേരിട്ടപ്പോൾ പ. ഔഗേൻ ബാവാ തിരുമേനി സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് 1975 ഒക്ടോബർ 27–ന് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായായി പഴയ സെമിനാരിയിൽവച്ച് വാഴിക്കപ്പെട്ടു. മലങ്കരയുടെ പൗരാണികമായ നാമം 'മാർത്തോമ്മ' എന്നതുകൂടി സ്ഥാനനാമത്തോടു ചേർത്താണ് അദ്ദേഹം വാഴിക്കപ്പെട്ടത്. പ. ഔഗേൻ കാതോലിക്കാ ബാവാ 1975 ഡിസംബർ 8–ാം തീയതി കാലം ചെയ്തു. ദേവലോകം ചാപ്പലിൽ കബറടക്കി. 1980 മെയ് 1–ന് കൂടിയ മലങ്കര അസ്സോസിയേഷൻ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയെ പിൻഗാമിയായി തെരഞ്ഞെടുത്തു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് 1991 ഏപ്രിൽ 29–ാം തീയതി പരുമലയിൽവച്ച് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ സ്ഥാനാരോഹണം ചെയ്യപ്പെട്ടു. 1974–ൽ ഉണ്ടായ സഭാ ഭിന്നിപ്പിനെത്തുടർന്നുണ്ടായ വ്യവഹാരങ്ങളുടെ വിധി 1995–ൽ സുപ്രിംകോടതി പ്രഖ്യാപിച്ചു. അതേത്തുടർന്ന് 2002 മാർച്ച് 20–ാം തീയതി സപ്രീംകോടതി നിർദ്ദേശപ്രകാരം സുപ്രീംകോടതി

നിരീക്ഷകൻ റിട്ട. ചീഫ് ജസ്റ്റീസ് വി.എസ്. മളീമഠിന്റെ സാന്നിദ്ധ്യത്തിൽ കൂടിയ പരുമല അസ്സോസിയേഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ മലങ്കര മെത്രാപ്പോലീത്തയാണെന്ന് പ്രഖ്യാപിച്ചു. പിന്നീട് സുപ്രീംകോടതി അതംഗീകരിച്ച് വിധിയുണ്ടായി. 1992 സെപ്റ്റംബർ 19-ന് പരുമലയിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ തീമോത്തിയോസിനെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. വാർദ്ധക്യസഹജമായ അസ്വാസ്ഥ്യം കാരണം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്വയം ഒഴിഞ്ഞതിനാൽ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ 2005 ഒക്ടോബർ 31-ാം തീയതി പ. ബസേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ എന്ന പേരിൽ അവരോധിച്ചു. പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ 2006 ജനുവരി 26-ാം തീയതി കാലം ചെയ്തു. ശാസ്താംകോട്ട ഹൊറേബ് ആശ്രമത്തിൽ കബറടക്കി. 2006 സെപ്റ്റംബർ 21-ാം തീയതി മലങ്കര അസ്സോസിയേഷൻ പരുമലയിൽ കൂടുന്നതിന് പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കല്പന പുറപ്പെടുവിച്ചു. 2006 സെപ്റ്റംബർ 21-ാം തീയതി അസ്സോസിയേഷൻ കൂടിയെങ്കിലും തുടർന്നടപടികൾക്കായി 2006 ഒക്ടോബർ 12-ാം തീയതിയിലേക്ക് മാറ്റിവച്ചു. അന്നുകൂടിയ യോഗത്തിൽ കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തുനിന്നും പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തുനിന്നും സ്ഥാനത്യാഗം ചെയ്കയാൽ 2010 നവംബർ 1-ാം തീയതി പരുമല പള്ളിയിൽവച്ച് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ മലങ്കരയിലെ എട്ടാമത്തെ കാതോലിക്കയായി പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കായെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് വാഴിച്ചു. സ്ഥാനാരോഹണ ചടങ്ങുകൾക്ക് മുൻഗാമി പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ നേതൃത്വം നല്കി. മലങ്കരയിലെ ഏഴാം കാതോലിക്കാ പ. ദിദിമോസ് പ്രഥമൻ ബാവ 2014 മെയ് 26-ന് കാലം ചെയ്തു. പത്തനാപുരം താബോർ ദയറാ ചാപ്പലിൽ കബറടക്കി.

## പ്രവർത്തനങ്ങൾ

1. മാർത്തോമ്മാ ശ്ലീഹായുടെ ഭാരതസന്ദർശനത്തെക്കുറിച്ച് നിലനിൽക്കുന്ന രണ്ടു പാരമ്പര്യങ്ങൾ വിശദമാക്കുക?
2. ഉദയംപേരൂർ സുന്നഹദോസ് എന്നാലെന്ത്? അതിലൂടെ നമ്മുടെ സഭയ്ക്ക് ഉണ്ടായ ദോഷങ്ങൾ എന്തെല്ലാം?
3. ചുരുക്കമായി വിവരിക്കുക.
    1. പേർഷ്യൻ കുടിയേറ്റം.
    2. കൂനൻകുരിശു സത്യം.
4. തോമ്മാ അർക്കദിയാക്കോൻ മാർത്തോമ്മാ ഒന്നാമനായി അവരോധിക്കപ്പെട്ടതെങ്ങനെ?
5. മലങ്കരസഭയിലെ വിഭജനത്തിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുക.
6. പ്രസിദ്ധമായ വട്ടിപ്പണക്കേസ് എന്താണ്?
7. മുളന്തുരുത്തി സുന്നഹദോസ് എന്നാലെന്ത്? അതിന്റെ ദോഷഫലങ്ങൾ ചർച്ച ചെയ്യുക.

അദ്ധ്യായം മൂന്ന്

# കാതോലിക്കാ സിംഹാസന ചരിത്രം

മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിന്റെയും, സ്വയംശീർഷകത്വത്തിന്റെയും പ്രതീകമാണ് മലങ്കരയുടെ കാതോലിക്കേറ്റ്. കാതോലിക്കാ സ്ഥാപനത്തെക്കുറിച്ചും അതിന് മുഖാന്തിരമായ സംഭവങ്ങളെ കുറിച്ചുമാണ് ഈ പാഠഭാഗത്തിൽ നാം ചർച്ച ചെയ്യുന്നത്.

## കാതോലിക്കാ - പാത്രിയർക്കീസ് സ്ഥാനനാമങ്ങൾ

'കാതോലിക്കാ' എന്ന നാമം 'കാത്-ഹോലിക്കോസ്' എന്ന ഗ്രീക്ക് പദത്തിൽനിന്നുണ്ടായിട്ടുള്ളതാണ്. 'പൊതുവിന്റെ ആൾ' എന്നാണ് ഈ വാക്കിന്റെ അർത്ഥം. എന്നാൽ റോമാസാമ്രാജ്യത്തിനുള്ളിൽ സാമ്പത്തിക ചുമതല വഹിക്കുന്ന സർക്കാരുദ്യോഗസ്ഥനും ഈ പേരിൽ അറിയപ്പെട്ടിരുന്നു. ആയതിനാൽ റോമാസാമ്രാജ്യത്തിനുള്ളിൽ കാതോലിക്കോസ് എന്ന പേര് സഭാസ്ഥാനികൾക്കായി ഉപയോഗിച്ചിരുന്നില്ല. എന്നാൽ റോമാ സാമ്രാജ്യത്തിനു പുറത്ത് പേർഷ്യ, ജോർജ്ജിയ, അർമേനിയ മുതലായ പ്രദേശങ്ങളിൽ സഭാസ്ഥാനികൾ കാതോലിക്കോസ് എന്ന പേരിലറിയപ്പെട്ടിരുന്നു. 'പൊതുവിന്റെ ആൾ' എന്നതു കൂടാതെ ഒരു നിശ്ചിത ഭൂപ്രദേശത്തിന്റെ സ്വതന്ത്ര ഭരണം നിർവ്വഹിക്കുന്ന സഭാ സ്ഥാനി എന്ന അർത്ഥത്തിലും ഈ സ്ഥാനനാമം മേല്പറഞ്ഞ സഭകളിൽ ഉപയോഗിച്ചിരുന്നു.

പാത്രിയർക്കീസ് എന്ന സ്ഥാനനാമം റോമാ സാമ്രാജ്യത്തിനുള്ളിലുള്ള സഭാ സ്ഥാനികൾ ഉപയോഗിച്ചിരുന്ന ഒരു നാമധേയമാണ്. 'പ്രധാന പിതാവ്' എന്നർത്ഥം വരുന്ന 'പാറ്ററി', 'ആർക്കീസ്' എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് പാത്രിയർക്കീസ് എന്ന സ്ഥാനനാമം ഉണ്ടായിട്ടുള്ളത്. സഭയുടെയോ, കുടുംബത്തിന്റെയോ, വർഗ്ഗ വംശങ്ങളുടെയോ പ്രധാന ചുമതലക്കാരൻ ഈ പേരിലറിയപ്പെട്ടിരുന്നു. പാത്രിയർക്കീസും കാതോലിക്കോസും സ്ഥാന നാമങ്ങളിലും അതുൾക്കൊള്ളുന്ന അധികാര അവകാശങ്ങളിലും തുല്യരാണെന്ന് മേൽപറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാണല്ലോ. രണ്ട് സ്ഥാന നാമങ്ങളും തുല്യ അധികാരാവകാശങ്ങളോടെ വ്യത്യസ്ത സഭാവിഭാഗങ്ങളിലെ സ്ഥാനികൾക്ക് ഉപയോഗിച്ചിരുന്നു.

## കാതോലിക്കാ-മഫ്രിയാനസ്ഥാനങ്ങൾ പേർഷ്യൻ സാമ്രാജ്യത്തിൽ

പേർഷ്യൻ സഭയിൽ എ.ഡി 290 നോടടുത്ത് കാതോലിക്കാ സ്ഥാനം നിലവിൽ വന്നു. ഏകദേശം മുന്നൂറിൽപ്പരം വർഷങ്ങൾക്ക് ശേഷം അന്ത്യോഖ്യൻ സുറിയാനി സഭാംഗങ്ങളായി പേർഷ്യൻ സാമ്രാജ്യത്തിൽ അധിവസിച്ചിരുന്ന തിഗ്രീസിലെ സഭയിലും മഫ്രിയാന സ്ഥാനം നിലവിൽ വന്നു. പേർഷ്യൻ സഭയുടെ തലവനെ കാതോലിക്കാ എന്ന നാമത്തിലും തിഗ്രീസിലെ സഭയുടെ തലവനെ മഫ്രിയാന എന്ന നാമത്തിലും വിളിച്ചുപോന്നു. കാതോലിക്കാ പേർഷ്യൻ സഭാംഗങ്ങളുടെ തലവനും മഫ്രിയാന അന്ത്യോഖ്യൻ സുറിയാനി സഭാംഗങ്ങളായി പേർഷ്യയിൽ അധിവസിക്കുന്നവരുടെ നേതാവുമായിരുന്നു. കാതോലിക്കാ പാത്രിയർക്കീസിന് തുല്യസ്ഥാനിയും മഫ്രിയാന ('ഫലം കായ്ക്കുന്നവൻ') പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയുമാണെന്ന സങ്കൽപ്പം ആ കാലങ്ങളിൽ നിലവിലുണ്ടായിരുന്നു. എന്നാൽ 13-ാം നൂറ്റാണ്ടിനുശേഷം കാതോലിക്കാ മഫ്രിയാന സ്ഥാനനാമങ്ങൾ തുല്യ രേഖകളിൽ കാണാവുന്നതാണ്. മേൽപറഞ്ഞവയിൽ പേർഷ്യൻ സഭയുടെ കാതോലിക്കായുമായിട്ടായിരുന്നു മലങ്കരസഭ ഏകദേശം പതിനാറാം നൂറ്റാണ്ടു വരെ സമ്പർക്കവും സൗഹൃദവും പുലർത്തിയിരുന്നത്. തിഗ്രിസിലെ മഫ്രിയാന അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയും,

അന്ത്യോഖ്യ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട സുറിയാനി സഭാംഗവുമായിരുന്നു. അദ്ദേഹം സുറിയാനി സഭാംഗങ്ങളായി തിഗ്രീസിൽ പാർത്തിരുന്നവർക്ക് ഇടയശുശ്രൂഷ നിർവ്വഹിച്ചിരുന്നു. കൂടാതെ തിഗ്രിസിലെ സഭ അന്ത്യോഖ്യൻ സഭയുടെ ഭാഗമായിരുന്നു.

## മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ പശ്ചാത്തലം

മലങ്കര സഭയുടെ കാതോലിക്കാ സ്ഥാപനത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വൈദേശികാധിപത്യത്തിൽനിന്നുള്ള മോചനവും, മലങ്കരസഭയുടെ നൈസർഗ്ഗിക സ്വാതന്ത്ര്യ വാഞ്ഛയും ഇത്തരമൊരു ഭരണസംവിധാനത്തെക്കുറിച്ച് ചിന്തിക്കുവാൻ സഭാപിതാക്കന്മാരെ പ്രേരിപ്പിച്ചു എന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാകുന്നതാണ്. കൂടാതെ മലങ്കരസഭയുടെ ക്രമാനുഗതമായ വളർച്ചയുടെ ഭാഗമായി മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തെ കാണാവുന്നതുമാണ്.

മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ കാരണങ്ങളിൽ പ്രധാനമായത് മുളന്തുരുത്തി സുന്നഹദോസും, അതിലൂടെ പാത്രിയർക്കീസ് അനധികൃതമായി നേടിയെടുത്ത അധികാരാവകാശങ്ങളുമാണ്. 1876-ൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ് സഭയുടെ പരമാധികാരി അന്ത്യോഖ്യ പാത്രിയർക്കീസാണെന്നും പുരാതനകാലം മുതൽ മലങ്കര സഭ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധീശത്വം അംഗീകരിച്ചിരുന്നു എന്നു മുള്ള തെറ്റായ തീരുമാനങ്ങൾ കൈക്കൊണ്ടു. മേൽപറഞ്ഞ തീരുമാനങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് സർവ്വാധികാരം ഉറപ്പാക്കുകയും, മലങ്കര സഭ അന്ത്യോഖ്യൻ സഭയുടെ ഭാഗമാണെന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു. അതുവഴി മലങ്കരസഭയുടെ നിയന്ത്രണാധികാരം മലങ്കര മെത്രാപ്പോലീത്തായിൽനിന്നും പാത്രിയർക്കീസിലേക്ക് മാറ്റപ്പെട്ടു എന്ന ധാരണയുണ്ടായി. വൈദേശികമായ ഇടപെടലുകൾ മലങ്കര സഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും മലങ്കരസഭ ഒരിക്കൽക്കൂടി വൈദേശികാധിപത്യത്തിൽ അമരുകയും ചെയ്തു. പ്രധാനമായും വൈദേശികാധിപത്യത്തിൽനിന്നുള്ള മോചനവാഞ്ഛ മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിലേക്ക് വഴിതെളിച്ചു.

കാതോലിക്കാ സ്ഥാപനത്തിന്റെ മറ്റൊരു പശ്ചാത്തലം റോയൽ കോടതി വിധിയിലൂടെ പ്രൊട്ടസ്റ്റന്റ് നവീകരണക്കാരെ പരാജയപ്പെടുത്തി മലങ്കര സഭയ്ക്ക് വിജയം നേടിക്കൊടുത്ത ജോസഫ് മാർ ദിവന്നാസ്യോസ് അഞ്ചാമന് അംഗീകാരവും ആദരവും നേടിക്കൊടുക്കണമെന്ന ആഗ്രഹമായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ പേർഷ്യയിലെ തിഗ്രിസിൽ നിലനിൽക്കുന്ന തരത്തിലുള്ള ഒരു ഭരണസംവിധാനം (മഫ്രിയാന സ്ഥാനം) മലങ്കരയിൽ ഉണ്ടാകണമെന്നും, പ്രസ്തുത സ്ഥാനത്തേക്ക് ജോസഫ് മാർ ദിവന്നാസ്യോസിനെ ഉയർത്തണമെന്നുള്ളതുമായിരുന്നു സഭാംഗങ്ങളുടെ ആഗ്രഹം. ഈ ആവശ്യത്തിലേക്ക് കോനാട്ട് മാത്തൻ മല്പാനും വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനും (വി. മാർ ദിവന്നാസ്യോസ്) പാത്രിയർക്കീസിന് കത്തുകൾ അയച്ചു. തിഗ്രീസിൽ നിന്നുപോയ മഫ്രിയാന സ്ഥാനം മലങ്കരയിൽ പുനഃസ്ഥാപിക്കണമെന്നുള്ളതായിരുന്നു മലങ്കര സഭയുടെ ആവശ്യം.

സ്വതന്ത്ര ചുമതലയുള്ള ഭരണസംവിധാനം ഉണ്ടാകണമെന്നുള്ളതല്ലാതെ പാത്രിയർക്കീസുമായോ അന്ത്യോഖ്യൻ സഭയുമായോ ഉള്ള ബന്ധം വിച്ഛേദിക്കണമെന്ന അഗ്രഹം പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിക്കോ, കൂട്ടാളികൾക്കോ ഉണ്ടായിരുന്നതായി ചരിത്ര രേഖകളിൽ പറയുന്നില്ല. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെ 1911 മെയ് 5-ാം തീയതി അബ്ദുള്ളാ പാത്രിയർക്കീസ് അകാനോനികമായി മുടക്കിയത് കാതോലിക്കാ സ്ഥാപനത്തിന്റെ ആസന്ന കാരണങ്ങളിലൊന്നാണ്.

മലങ്കര സഭയുടെ പൗരാണികതയുടെയും ചരിത്രബോധത്തിന്റെയും പ്രത്യക്ഷ ലക്ഷണമായി കാതോലിക്കേറ്റിനെ കാണാവുന്നതാണ്. കൂടാതെ സഭയുടെ ക്രമാനുഗതമായ വളർച്ചയുടെ ഫലമായി രൂപംകൊണ്ട സ്വതന്ത്ര ഭരണസംവിധാനവുമായി കാതോലിക്കേ

റ്റിനെ ദർശിക്കാവുന്നതാണ്. പൗരാണികതയും ചരിത്രബോധവും സ്വാതന്ത്ര്യവാഞ്ഛയും സ്ഥാന വളർച്ചയുമെല്ലാം കാതോലിക്കേറ്റിന്റെ സ്ഥാപന കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

### കാതോലിക്കാ സ്ഥാപനം മലങ്കരയിൽ

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് മലങ്കരസഭയിലാകമാനം വലിയ കോളിളക്കം സൃഷ്ടിച്ചു. മലങ്കരയിലെ ബഹുഭൂരിപക്ഷം പള്ളികളും ജനങ്ങളും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനോടൊപ്പം അണിനിരന്നു. അന്ത്യോഖ്യ പാത്രിയർക്കീസിന്റെ ഈ വിധമുള്ള ഇടപെടലുകൾക്ക് വിരാമമിടുന്നതിനും മേലിൽ ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് അവർ തീരുമാനിച്ചു. അബ്ദുള്ള പാത്രിയർക്കീസിന്റെ മുൻഗാമിയായിരുന്ന അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിനെ വിവരം ധരിപ്പിക്കുകയും അദ്ദേഹം മലങ്കര സഭയുടെ ക്ഷണപ്രകാരം 1912 ജൂൺ മാസം 13-ാം തീയതി മലങ്കരയിലെത്തുകയും ചെയ്തു.

മാർ ദിവന്നാസ്യോസ് ആറാമന്റെ അദ്ധ്യക്ഷതയിൽ പരുമലയിൽ കൂടിയ മാനേജിംഗ് കമ്മറ്റി യോഗം കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ കാതോലിക്കാ ആയി വാഴിക്കുന്നതിന് തീരുമാനിച്ചു. അതനസുരിച്ച് 1912 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച നിരണം വലിയ പള്ളിയിൽ വച്ച് മാർ ഈവാനിയോസിനെ മാർ ബസേലിയോസ് പൗലോസ് എന്ന നാമത്തിൽ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് അദ്ധ്യക്ഷനായ മലങ്കര സുന്നഹദോസ് കാതോലിക്കാ ആയി വാഴിച്ചു. അങ്ങനെ മലങ്കര സഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടു.

### മലങ്കരയിൽ സ്ഥാപിക്കപ്പെട്ടത് കാതോലിക്കേറ്റോ, മഫ്രിയാനേറ്റോ?

മലങ്കരയിൽ സ്ഥാപിതമായത് കാതോലിക്കേറ്റാണെന്നും മഫ്രിയാനേറ്റാണെന്നുമുള്ള രണ്ട് അഭിപ്രായങ്ങൾ നിലവിലുണ്ട്. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും കോനാട്ട് മാത്തൻ മല്പാനും അന്ത്യോഖ്യാ പാത്രിയർക്കീസിന് അയച്ചുവെന്ന് പറയപ്പെടുന്ന എഴുത്തുകളിൽ മഫ്രിയാന സ്ഥാനത്തെക്കുറിച്ചും അതിന്റെ സ്ഥാപനത്തെക്കുറിച്ചുമുള്ള ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. എന്നാൽ കാതോലിക്കാ സ്ഥാപനത്തോടനുബന്ധിച്ച് അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച കൽപ്പനകളിൽ മാർ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായെ കാതോലിക്കാ അഥവാ മഫ്രിയാന എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ ഒരു കൽപ്പനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

'In response to your request, we have ordained our beloved Ivanios as Baselios with the name Maphrian or Catholicos of the East that is the See of the Apostle Mar Thoma India and elsewhere' (Fr. Dr. V.C. Samuel, 'Truth Triumphs', MOC, Kottayam, 46) 1912 സെപ്റ്റംബർ 17-ാം തീയതി പുറപ്പെടുവിച്ച പ്രസ്തുത കൽപ്പനയിൽ മലങ്കരസഭയുടെ അപേക്ഷ പ്രകാരം ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കാ അഥവാ മഫ്രിയാനായായി മാർ ഈവാനിയോസിനെ, ബസേലിയോസ് എന്ന നാമത്തിൽ വാഴിച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മലങ്കരയിൽ സ്ഥാപിക്കപ്പെടുവാൻ ഉദ്ദേശിച്ചതും ആഗ്രഹിച്ചതും മഫ്രിയാനേറ്റാണെങ്കിലും അതിനെ കാതോലിക്കേറ്റായും കൽപ്പനയിൽ വിശേഷിപ്പിച്ചിരിക്കുന്നു. കൂടാതെ 1913 ഫെബ്രുവരി മാസം എട്ടാം തീയതി പുറപ്പെടുവിച്ച കൽപ്പനയിലും മലങ്കരയുടെ സഭാതലവനെ കാതോലിക്കായായി വിശേഷിപ്പിച്ചിരിക്കുന്നു. കൽപ്പന ഇപ്രകാരം വായിക്കുന്നു. 'When the Catholicos passes away, your bishops have the legitimate right to ordain another person in the place' മേൽപ്പറഞ്ഞ രണ്ട് കൽപ്പനകളിലും മലങ്കരസഭാദ്ധ്യക്ഷനെ കാതോലിക്കാ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. മലങ്കര സഭ ആഗ്രഹിച്ചത് മഫ്രിയാനേറ്റാണെങ്കിലും ഫലത്തിൽ മലങ്കര

യിൽ കാതോലിക്കേറ്റ് സ്ഥാപിതമായി. കാതോലിക്കായുടെ അധികാരാവകാശങ്ങൾ വിവരിക്കുന്ന കൽപ്പനയിലും മഫ്രിയാന സ്ഥാനത്തിന് അതീതമായ അഥവാ കാതോലിക്കാ സ്ഥാനികൾക്ക് നിർവ്വഹിക്കാവുന്ന അധികാരാവകാശങ്ങളേക്കുറിച്ചാണ് പരാമർശിക്കുന്നത്. ആയതിനാൽ മലങ്കരയിൽ സ്ഥാപിതമായത് സ്വതന്ത്ര കാതോലിക്കേറ്റാണ്.

### കാതോലിക്കേറ്റിന്റെ സ്ഥാപനമോ, പുനഃസ്ഥാപനമോ

കാതോലിക്കാ സ്ഥാപനം, പുനഃസ്ഥാപനമെന്ന പേരിൽ അറിയപ്പെടുവാൻ എങ്ങനെ ഇടയായി? കാതോലിക്കേറ്റിന്റെ സ്ഥാപനം പുനഃസ്ഥാപനമായി ചിത്രീകരിക്കപ്പെടുവാനുണ്ടായ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. തിഗ്രീസിലെ മഫ്രിയാനേറ്റാണ് മലങ്കരയിലേക്ക് മാറ്റി സ്ഥാപിച്ചത് എന്ന ധാരണയും അത്തരത്തിലുള്ള പ്രചരണവും, 2. മലങ്കരസഭ തിഗ്രീസിലെ സഭയുടെ ഭാഗമായിരുന്നു എന്ന ധാരണ, 3. മലങ്കരയിലെ കാതോലിക്കാ, തിഗ്രീസിലെ കാതോലിക്കായുടെ അതേ വിശേഷണപദമായ 'പൗരസ്ത്യ കാതോലിക്കാ' എന്ന തലക്കെട്ട് ഉപയോഗിക്കുന്നതിനാൽ, 4. തിഗ്രിസിലെ കാതോലിക്കേറ്റ് നിന്നുപോയിയെന്നും അതിപ്പോൾ നിലവിലില്ല എന്നുമുള്ള ധാരണ.

മേൽപറഞ്ഞ കാരണങ്ങളാൽ മലങ്കരയിലെ കാതോലിക്കേറ്റിന്റെ സ്ഥാപനം പുനഃസ്ഥാപനമെന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി. എന്നാൽ ചരിത്രപരമായ പശ്ചാത്തലം മനസ്സിലാക്കി ചിന്തിക്കുമ്പോൾ മേൽപറഞ്ഞ കാരണങ്ങൾ അവാസ്തവമാണെന്നും ആയതിനാൽ പുനഃസ്ഥാപനമല്ല, കാതോലിക്കേറ്റിന്റെ സ്ഥാപനമാണെന്നും മനസ്സിലാക്കാവുന്നതാണ്.

തിഗ്രീസിലെ മഫ്രിയാനേറ്റല്ല, മറിച്ച് സ്വയംശീർഷക അധികാരാവകാശങ്ങളോടുകൂടിയ കാതോലിക്കേറ്റാണ് മലങ്കരയിൽ സ്ഥാപിതമായത്. മലങ്കര സഭ തിഗ്രീസിലെ സഭയുടെ ഭാഗമായിരുന്നില്ല എന്നത് ഒരു ചരിത്ര വസ്തുതയാണ്. കൂടാതെ ഒരേ വിശേഷണ പദങ്ങളോ, നാമങ്ങളോ ഉപയോഗിക്കുന്നവർ ഒരേ സ്ഥാനത്തെ പ്രതിനിധാനം ചെയ്യണമെന്നില്ല. തിഗ്രീസിലെ മഫ്രിയാനേറ്റ് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ സുറിയാനി സഭാംഗങ്ങളായവർക്കുവേണ്ടി സ്ഥാപിതമായ ഒരു ഭരണ സംവിധാനമായിരുന്നു. തിഗ്രീസിലെ സഭ അന്ത്യോഖ്യൻ സഭയുടെ ഭാഗവുമായിരുന്നു. എന്നാൽ മലങ്കര സഭ പുരാതനവും അപ്പോസ്തോലികവും തദ്ദേശീയവും സ്വയംശീർഷകത്വവുമുള്ള സഭയായിരുന്നു.

മലങ്കര സഭയുടെ കാതോലിക്കേറ്റ് മുമ്പ് മറ്റെങ്ങും സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നുള്ളതും മലങ്കരയിലെ കാതോലിക്കേറ്റ് മലങ്കര സഭാംഗങ്ങൾക്കുവേണ്ടി മലങ്കര സഭയുടെ പിതാക്കന്മാരാൽ ഭരിക്കപ്പെടുന്ന ഭരണസംവിധാനമാണെന്നുള്ളതുമായ വസ്തുതകൾ മലങ്കരയുടെ കാതോലിക്കേറ്റിന്റെ സ്ഥാപനമെന്ന വസ്തുതയെ സാധൂകരിക്കുന്നു. 1912 ൽ മലങ്കരയിൽ കാതോലിക്കേറ്റിന്റെ സ്ഥാപനമാണ് നടന്നത് എന്ന് ഇതിലൂടെ മനസ്സിലാക്കാവുന്നതാണ്.

## പ്രവർത്തനങ്ങൾ

1. കാതോലിക്കാ, പാത്രിയർക്കീസ്, മഫ്രിയാന എന്നീ സ്ഥാനനാമങ്ങളുടെ ഒരു താരതമ്യ പഠനം നടത്തുക.
2. മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ പശ്ചാത്തലം വിവരിക്കുക.
3. കാതോലിക്കേറ്റിന്റെ സ്ഥാപനം പുനഃസ്ഥാപനമായി ചിത്രീകരിക്കപ്പെടുവാനുണ്ടായ കാരണങ്ങൾ പരിശോധിക്കുക.
4. കാതോലിക്കാ സ്ഥാപനത്തിനായും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനായും പരിശ്രമിച്ച സഭാപിതാക്കന്മാരുടെ ജീവിതവൈശിഷ്ട്യങ്ങൾ കണ്ടെത്തുക.
5. മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

അദ്ധ്യായം നാല്

# മലങ്കരസഭ ആധുനിക യുഗത്തിൽ

കാതോലിക്കാ സ്ഥാപനത്തിന് ശേഷമുള്ള മലങ്കരസഭാ ചരിത്രം സഭയുടെ വളർച്ച യുടെയും ഉയർച്ചയുടെയും നാളുകളാണ്. സ്വാതന്ത്ര്യബോധവും, തനിമയും മലങ്കരസ ഭയ്ക്ക് ശരിയായ ദിശാബോധം നൽകുകയും മലങ്കരസഭ ലോകോത്തര സഭകളുടെ ഗണ ത്തിലേക്ക് ഉയരുന്നതിനുള്ള സാദ്ധ്യതയുടെ വാതിൽ തുറക്കുകയും ചെയ്തു. ആധു നിക കാലഘട്ടത്തിലെ സുപ്രധാന സംഭവങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

## ഭരണഘടന രൂപീകരണം-1934

ഇന്ത്യ സ്വതന്ത്രമാകുന്നതിനും ഇന്ത്യൻ ഭരണഘടന രൂപീകരിക്കുന്നതിനും മുമ്പുതന്നെ ഇന്ത്യയിലെ ക്രൈസ്തവ സഭയായ മലങ്കര ഓർത്തഡോക്സ് സഭ ഒരു ഭരണ ഘടന രൂപീകരിക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്തു എന്നുള്ളത് അഭിമാ നാർഹമായ ഒരു ചരിത്ര വസ്തുതയാണ്. 1934 ഡിസംബർ 26-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനാണ് സഭാ ഭരണഘടന പാസ്സാക്കിയത്. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോ ലിക്കാ ബാവ ഈ യോഗത്തിന് അധ്യക്ഷത വഹിച്ചു. മലങ്കര സഭയുടെ സ്വാതന്ത്ര്യവും തനിമയും കാത്തുസൂക്ഷിക്കുന്നതിനും, വൈദേശികാധിപത്യം ചെറുക്കുന്നതിനും സഭാ ഭരണഘടന രൂപീകരണം സഹായിച്ചു.

1911 മുതൽ 1934 വരെയുള്ള കാലഘട്ടം സംഘർഷഭരിതവും, എന്നാൽ സമാധാനാലോച നകളിലൂടെ സമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കുന്നതുമായ ഒരു കാലമായിരുന്നു. 1928-ൽ കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി, ശ്രീ. ഒ.എം. ചെറിയാന്റെ നേതൃത്വത്തിൽ ഒരു ഭരണഘടനാ സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി. 'നിയമസംഹിത' എന്ന പേരിൽ ഈ കമ്മറ്റി ഒരു പ്രാഥമിക രേഖ തയ്യാറാക്കി. അതേസമയം തന്നെ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും സ്വന്തമായി ഒരു ഭരണഘടനാ നക്കൽ തയ്യാറാക്കുന്നുണ്ടായി രുന്നു. പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഭരണഘടനാ രൂപീ കരണ സമിതിയും തയ്യാറാക്കിയ നക്കലുകളെ കുറിച്ചുള്ള പഠനങ്ങളും, ചർച്ചകളും നട ക്കവേ, 1934 ഫെബ്രുവരി 23-ന് വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു. 1934 ഡിസംബർ 26-ന് കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഭരണഘടന സബ് കമ്മറ്റി അംഗീകരിച്ച് സമർപ്പിച്ച ഭരണഘടനാരൂപം പാസ്സാക്കുകയും 1935-ൽ പ്രസ്തുത ഭരണഘടന നിലവിൽ വരുകയും ചെയ്തു. 1934-ൽ അംഗീകരിച്ച സഭാ ഭരണഘടനയിൽ 13 അദ്ധ്യായങ്ങളും, 127 വകുപ്പുകളും ഉണ്ടായിരുന്നു. നിലവിലുള്ള ഭരണഘടനയിൽ 13 അദ്ധ്യായങ്ങളും 135 വകുപ്പകളും ഉണ്ട്. ഇപ്പോൾ നിലവിലുള്ള ഭരണഘടന 1951, 1967, 1997, 2006, 2012 എന്നീ വർഷങ്ങളിൽ ഭേദഗതി ചെയ്തിട്ടുള്ളതാകുന്നു.

## മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കാ സ്ഥാനലയനം

മലങ്കരസഭയുടെ ചരിത്രപരമായ വളർച്ചയുടെ ഘട്ടങ്ങളിൽ രൂപീകൃതമായ രണ്ട് സ്ഥാനങ്ങളായിരുന്നു മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും. ഇരുപതാം നൂറ്റാണ്ടുവരെയുള്ള മലങ്കരസഭയുടെ ചരിത്രം പഠിക്കുമ്പോൾ മാർത്തോമ്മാ ശ്ലീഹായിൽനിന്ന് ആരംഭിച്ച അപ്പോസ്തോലിക പൈതൃകവും കൈവയ്പും സഭാസ്ഥാനി

കളിലൂടെ നൂറ്റാണ്ടുകളോളം തുടർന്നു എന്ന് നാം കാണുന്നു. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് നൽവരം പ്രാപിച്ച ഭാരതസഭയുടെ ആദ്യ പിതാക്കന്മാരിൽ തുടങ്ങി കാതോലിക്കായോളം ആ അപ്പോസ്തോലിക ശ്രേണി നീണ്ടു നിൽക്കുന്നു. ആദിമ ക്രൈസ്തവ പാരമ്പര്യങ്ങളിൽ എന്നപോലെ മലങ്കര സഭയുടെ ആദ്യ പിതാക്കന്മാരെ 'മൂപ്പന്മാർ' എന്നോ 'അദ്ധ്യക്ഷന്മാരെന്നോ' അറിയപ്പെട്ടിരിക്കാം. കാലാന്തരത്തിൽ ജാതിക്ക് കർത്തവ്യൻ, അർക്കദിയാക്കോൻ എന്നീ പേരുകളിൽ സഭാദ്ധ്യക്ഷന്മാർ അറിയപ്പെട്ടിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. 1653-ലെ സഭാ സ്വാതന്ത്ര്യ പ്രഖ്യാപനത്തോടനുബന്ധിച്ച് മലങ്കര സഭാദ്ധ്യക്ഷൻ മാർത്തോമ്മാ എന്ന സ്ഥാനപ്പേരിൽ അറിയപ്പെടുവാൻ തുടങ്ങി. അങ്ങനെ മാർത്തോമ്മാമാരും, അവരുടെ പിൻഗാമികളായി മലങ്കര മെത്രാപ്പോലീത്താമാരും മലങ്കര സഭയെ സുധീരം നയിക്കുകയും 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടെ രണ്ട് സുപ്രധാന സ്ഥാനങ്ങൾ മലങ്കര സഭയിൽ രൂപംകൊള്ളുകയും ചെയ്തു.

മലങ്കര സഭയുടെ ലൗകീകവും വൈദീകവും ആത്മീയവുമായ ഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം വഹിക്കുന്ന മലങ്കരമെത്രാപ്പോലീത്തായും മൂറോൻ കൂദാശ, മെത്രാഭിഷേകം മുതലായ ചുമതലകളോടൊപ്പം സുന്നഹദോസ് അദ്ധ്യക്ഷ പദവിയും അലങ്കരിക്കുന്ന കാതോലിക്കാ സ്ഥാനവും. 1912 മുതൽ 1934 വരെ ഈ രണ്ട് സ്ഥാനങ്ങളും രണ്ടായി നില നിൽക്കുകയും എന്നാൽ 1934-ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രണ്ട് സ്ഥാനങ്ങളും ഒരാളിൽ നിക്ഷിപ്തമാകത്തക്കവണ്ണം തീരുമാനിക്കുകയും ചെയ്തു. അങ്ങനെ മലങ്കരസഭയുടെ രണ്ട് സുപ്രധാന സ്ഥാനങ്ങൾ ഒന്നായിചേർന്ന് 'പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും' എന്ന നാമധേയത്തിൽ അറിയപ്പെടുവാൻ തുടങ്ങി. അങ്ങനെ കാതോലിക്കാ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പ്രസിഡന്റും മലങ്കര സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായി. ഈ സ്ഥാനലയനം, മലങ്കര സഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയെ വളരെയേറെ സഹായിച്ചു.

## 1958-ലെ ബഹു. സുപ്രീം കോടതി വിധിയും സഭാസമാധാനവും

1912ലെ കാതോലിക്കാസ്ഥാപനത്തെ തുടർന്ന് സഭയിൽ ഭിന്നത രൂക്ഷമാവുകയും ബാവാ കക്ഷിയെന്നും, മെത്രാൻ കക്ഷിയെന്നുമുള്ള പേരിൽ ഇരു വിഭാഗങ്ങളും പരസ്പര മത്സരിക്കുകയും ചെയ്തു. വാദിയായും പ്രതിയായും ഇരുവിഭാഗങ്ങളും കേസുകൾ നടത്തുന്നതോടൊപ്പം തന്നെ അനുരഞ്ജന ശ്രമങ്ങളും നടന്നിരുന്നു. അനുരഞ്ജനശ്രമങ്ങളെല്ലാം പരാജയപ്പെട്ടെങ്കിലും 1958 സെപ്റ്റംബർ 12-ാം തീയതി ഭാരതത്തിന്റെ ബഹു. സുപ്രീംകോടതി വിധി ഉണ്ടായി. ബഹു. സുപ്രീം കോടതി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി പറയുകയും അതേത്തുടർന്ന് മലങ്കരസഭയിൽ സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്തു. ചീഫ് ജസ്റ്റിസ് എസ്. ആർ. ദാസ് അദ്ധ്യക്ഷനായ അഞ്ചംഗ ബഞ്ചാണ് വിധി പ്രഖ്യാപിച്ചത്. ചീഫ് ജസ്റ്റിസിനെ കൂടാതെ ജസ്റ്റിസ് ഭഗവതി, ജസ്റ്റിസ് സിൻഹ, ജസ്റ്റിസ് സുബ്ബറാവു, ജസ്റ്റിസ് വാങ്കു എന്നിവർ ഡിവിഷൻ ബഞ്ചിലെ അംഗങ്ങളായിരുന്നു.

1938-ൽ പാത്രിയർക്കീസ് ഭാഗം കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കെതിരെ കൊടുത്ത കേസാണ് പല വിധി തീർപ്പുകളും കടന്ന് 1958-ൽ ബഹു. സുപ്രീം കോടതി വിധിയിലൂടെ അവസാനിച്ചത്. 1946-ൽ ഓർത്തഡോക്സ് സഭയ്ക്കെതിരെ വിധി ഉണ്ടായെങ്കിലും അപ്പീൽ വാദം കേട്ട് ബഹു സുപ്രീം കോടതി 1958-ൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി വിധി പ്രഖ്യാപിച്ചു. പ്രസ്തുത വിധി മലങ്കര സഭയുടെ സമാധാനത്തിന് മുഖാന്തിരമായി ഭവിച്ചു.

1958-ലെ വിധിക്കുശേഷം കാതോലിക്കാ പക്ഷത്തും പാത്രിയർക്കീസ് പക്ഷത്തുമുള്ള എല്ലാ മെത്രാപ്പോലീത്താമാരും പാത്രിയർക്കീസിന്റെ പ്രതിനിധി ഏലിയാസ് മാർ യൂലിയോസും ഉൾപ്പെട്ട സംഘം 1958 ഡിസംബർ 16-ന് കോട്ടയം പഴയ സെമിനാരിയിൽ കൂടുകയും, രാത്രി പതിനൊന്ന് മണിക്ക് പരസ്പര സ്വീകരണത്തിന്റെ കത്തുകൾ കൈമാറുകയും ചെയ്തു. പാത്രിയർക്കീസിന്റെ (ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ) പ്രതിനിധി മാർ യൂലിയോസും പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയും പരസ്പരം കത്തുകൾ കൈമാറി സഭയിൽ സമാധാനം കൈവരിച്ചു.

1958-ൽ സഭയിൽ സമാധാനം പുനഃസ്ഥാപിച്ചുവെങ്കിലും തുടർന്നും അലോസരങ്ങൾ അങ്ങിങ്ങായി പൊന്തിവന്നു. കേസുകളും, തുടർകേസുകളുമായി ഒരു നൂറ്റാണ്ടിലധികം മലങ്കര സഭ വിഭജിതമായി കഴിയുന്നു. സഭാ സമാധാനത്തിനുശേഷം നടന്നിട്ടുള്ള വാദ-പ്രതിവാദങ്ങളുടെ അന്തിമ തീരുമാനം 1995 ൽ ബഹു. സുപ്രീം കോടതി വിധിക്കുകയുണ്ടായി. എന്നാൽ തുടർന്നുള്ള വിധികൾക്കോ, സമാധാനശ്രമങ്ങൾക്കോ അന്തിമമായ വിജയം കൈവരിക്കാനായിട്ടില്ല. ബഹു. സുപ്രീം കോടതി തന്നെ സമാധാന ശ്രമങ്ങൾ വിജയത്തിലെത്തിക്കുവാൻ നടത്തിയ ശ്രമമായിരുന്നു 2002-ലെ അസോസിയേഷൻ. ചരിത്രത്തിലാദ്യമായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം സുപ്രീം കോടതി ജസ്റ്റിസായ ജസ്റ്റിസ് വി.എസ്. മളിമഠിന്റെ നിരീക്ഷണത്തിൽ നടത്തപ്പെട്ടു. 2002 മാർച്ച് 20-ന് നടന്ന പ്രസ്തുത അസോസിയേഷൻ യോഗം പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ, ക്രമപ്രകാരമുള്ള മലങ്കര മെത്രാപ്പോലീത്തായെന്ന് വോട്ടെടുപ്പിലൂടെ സ്ഥിരീകരിച്ചു. ദൗർഭാഗ്യമെന്ന് പറയട്ടെ, പാത്രിയർക്കീസ് പക്ഷം അവസാന നിമിഷത്തിൽ അതിൽനിന്നും പിന്മാറി. തുടർന്ന് ആ വിഭാഗം നിഷേധാത്മകമായി പ്രതികരിക്കുന്നതിനാൽ ഇന്നും മലങ്കര സഭയിൽ സമാധാനം ഒരു മരീചികയായി നിലകൊള്ളുന്നു.

## 2017 ലെ സുപ്രീം കോടതി വിധി

2017 ജൂലൈ 3 ന് ബഹുമാനപ്പെട്ട സുപ്രീം കോടതി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ വിധി പ്രഖ്യാപിച്ചു. 1934 ലെ മലങ്കര സഭാ ഭരണഘടനയുടെ സാധുതയെ കോടതി അംഗീകരിച്ചു.. വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര സഭയിലെ എല്ലാ പള്ളികളും 1934 ലെ ഭരണഘടനയ്ക്ക് അനുസൃതമായി ഭരിക്കപ്പെടണം. അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം ഉറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇടവകകളിൽ സമാന്തര ഭരണം നടത്താനുള്ള ശ്രമത്തെ കോടതി തടഞ്ഞു. 1876 ലെ മുളന്തുരുത്തി സുന്നഹദോസിനെ തുടർന്നാണ് സമാന്തര ഭരണം നടത്തുന്ന രീതിയുണ്ടായത്. കൊച്ചി പഞ്ചായത്ത് തദ്ദേശീയനായ മെത്രാപ്പോലിത്തായാണ് മലങ്കര സഭയുടെ തലവൻ എന്നു പ്രഖ്യാപിച്ചത് ഓർക്കണം. 1889 ലെ റോയൽ കോടതി വിധി മുതൽ ഇതേ കാര്യം അംഗീകരിച്ച് 2017 വിധി വരെ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. പാത്രിയർക്കീസിന്റെ അധികാരം ഇപ്രകാരം അസ്തമയബിന്ദുവിലെത്തി. ഇടവകകളുടെ ഭരണത്തിൽ അദ്ദേഹത്തിന് ഇടപെടാനാവില്ല. 2002 മുതൽ ചെയ്തതുപോലെ 1934 ലെ ഭരണഘടന ലംഘിച്ച് സമാന്തര ഭരണം നടത്താൻ പാത്രിയർക്കീസിന് അധികാരമില്ല. ജസ്റ്റിസുമാരായ അരുൺ മിശ്ര, അമിതാവ് റോയി എന്നിവരാണ് 2017 ലെ സുപ്രീം കോടതി വിധി പ്രഖ്യാപിച്ചത്.

## മലങ്കര സഭയും എക്യുമെനിക്കൽ പ്രസ്ഥാനവും

ഇരുപതാം നൂറ്റാണ്ട് സഭാചരിത്രത്തിൽ വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന ഒരു കാലഘട്ടമാണ്. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ ആവിർഭാവം വിഘടിത സഭാസമൂഹങ്ങളെ ഒന്നിച്ചു കൂട്ടുവാനും, ഐക്യസന്ധി സംഭാഷണങ്ങളിലേർപ്പെടുവാനും പ്രായോഗിക പ്രവർത്തനങ്ങളിൽ ഒന്നിച്ച് പ്രവർത്തിപ്പാനും ഇടയാക്കിയിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ്

സഭ എന്നും ഇത്തരം ശ്രമങ്ങൾക്ക് താൽപര്യവും ആത്മാർത്ഥമായ സഹകരണവും കാണിച്ചിട്ടുണ്ട്. 1948 ആംസ്റ്റർഡാമിൽ ഔദ്യോഗികമായി രൂപംകൊണ്ട അഖിലലോക സഭാ കൗൺസിലിന്റെ സ്ഥാപകാംഗങ്ങളിലൊന്നാണ് മലങ്കരസഭ എന്നുള്ളത് മലങ്കര സഭയുടെ എക്യുമെനിക്കൽ താൽപര്യത്തെ ചൂണ്ടിക്കാണിക്കുന്നു. അഖിലലോക സഭാ കൗൺസിലിന്റെ ആവിർഭാവത്തിന് മുമ്പും മലങ്കരസഭ എക്യുമെനിക്കൽ രംഗങ്ങളിൽ സജീവ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. ഗീവർഗീസ് ദ്വിതീയൻ ബാവാ, അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, ഫാ. ഡോ. വി.സി. ശാമുവേൽ, ഫാ. ഡോ. കെ.എം. ജോർജ്, ഫാ. ഡോ. ജേക്കബ് കുര്യൻ, സാറാ ചാക്കോ മുതലായ അനേകർ മലങ്കരസഭയുടെ പ്രതിനിധികളായി എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ സജീവസാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. മലങ്കര സഭയുടെ കക്ഷിവഴക്കും ആഭ്യന്തരപ്രശ്നങ്ങളും സഭയുടെ എക്യുമെനിക്കൽ പ്രതിച്ഛായക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

## മിഷൻ പ്രവർത്തനങ്ങൾ

മലങ്കര സഭയ്ക്ക് മാർത്തോമ്മാ ഒന്നാമൻ തോമസ് അർക്കദിയാക്കോൻ ആയിരിക്കുമ്പോൾ തന്നെ 'ഓർഡർ ഓഫ് സെന്റ് തോമസ്' എന്ന പേരിൽ ഒരു സന്യാസ പ്രസ്ഥാനം ഉണ്ടായിരുന്നതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് മലങ്കര സഭയിൽ നിലവിലുള്ള ഭൂരിപക്ഷം സന്യാസാശ്രമങ്ങളുടെയും ആവിർഭാവം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളോ അതിനുശേഷമോ ആണ്. റാന്നി പെരുനാട് ബഥനി ആശ്രമം 1918-ലും പത്തനാപുരം മൗണ്ട് താബോർ ദയറാ 1929-ലും കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യാശ്രമം 1936-ലും പുതുപ്പാടി സെന്റ് പോൾസ് ആശ്രമം 1958-ലും ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം 1960-ലും റാന്നി ഹോളി ട്രിനിറ്റി ആശ്രമം 1970-ലും മൈലപ്ര മാർ കുറിയാക്കോസ് ദയറാ 1985-ലും സ്ഥാപിതമായി. സന്യാസാശ്രമങ്ങളോടൊപ്പംതന്നെ സന്യാസിനി മഠങ്ങളും സ്ഥാപിതമായി. അങ്ങനെ ഇരുപതാം നൂറ്റാണ്ട് മലങ്കര സഭയുടെ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തി.

സന്യസാശ്രമങ്ങളുടെ സ്ഥാപനത്തോടനുബന്ധിച്ച് സുവിശേഷീകരണ പ്രവർത്തനങ്ങളും മലങ്കര സഭയിൽ രൂപംകൊണ്ടു. 1924-ൽ അർത്തുങ്കൽ ഗീവർഗിസ് കത്തനാരുടെ നേതൃത്വത്തിൽ രൂപീകൃതമായ പൗരസ്ത്യ സുവിശേഷ സമാജവും, എം. പി. പത്രോസ് ശെമ്മാശന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്ലീബാദാസ സമൂഹവും ഇതിനുദാഹരണങ്ങളാണ്. കൂടാതെ എം. വി. ജോർജ് ശെമ്മാശന്റെ (അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി) നേതൃത്വത്തിൽ 1953-ൽ സെന്റ് പോൾസ് സുവിശേഷ സംഘവും സ്ഥാപിതമായി.

## പ്രവർത്തനങ്ങൾ

1. 'കാതോലിക്കാ സ്ഥാപനത്തിനുശേഷം മലങ്കരസഭയ്ക്ക് ശരിയായ ഒരു ദിശാബോധം നൽകുവാൻ സഭാ ഭരണഘടനാ രൂപീകരണത്തിനു കഴിഞ്ഞു.' ഈ വാദം സമർത്ഥിക്കുക.
2. ചെറിയ കുറിപ്പ് തയ്യാറാക്കുക.
    1. മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കാ സ്ഥാനലയനം.
    2. മലങ്കര സഭയും എക്യൂമെനിക്കൽ പ്രസ്ഥാനവും.
    3. മലങ്കര ഓർത്തഡോക്സ് സഭയിലെ മിഷൻപ്രവർത്തനങ്ങൾ.

## ഗ്രന്ഥസൂചിക


1. ഫാ. വി.സി. ശാമുവേൽ, ആധുനിക ഭാരതസഭ, ദിവ്യബോധനം, കോട്ടയം 1987
2. സി.വി. ചെറിയാൻ, Orthodox Christianity in India; A History of the Malankara Orthodox Church AD - 52-2002, Academic Kottayam, 2003
3. Joseph Cheeran, the Indian Orthodox Church of St. Thomas (A.D 52-2009) Kottackal, Kottayam 2009
4. സഭാ വിജ്ഞാനകോശം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം 1993
5. ഫാ. എം.ഒ. ജോൺ, യെറുശലേമിൽനിന്ന്, ദിവ്യബോധനം, കോട്ടയം, 2000
6. ഫാ. വി.സി. ശാമുവേൽ, സഭ വളരുന്നു, ദിവ്യബോധനം, കോട്ടയം 1991
7. കാതോലിക്കാ സിംഹാസന ചരിത്രം, സൺഡേസ്കൂൾ പബ്ലിക്കേഷൻ, കോട്ടയം, 2009

യൂണിറ്റ് മൂന്ന്

# ക്രിസ്തീയ കുടുംബം

അദ്ധ്യായം ഒന്ന്

## വേദപുസ്തക അടിസ്ഥാനം

### ആമുഖം

സമൂഹത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് കുടുംബത്തെക്കുറിച്ചുള്ള വീക്ഷണങ്ങളും മാറി യിട്ടുണ്ട്. തന്നെയുമല്ല വിവിധ സംസ്കാരങ്ങളിലും ദേശങ്ങളിലും മതങ്ങളിലും ഒരേ വീക്ഷണം ഇതിൽ പുലർത്തിയിരുന്നു എന്നു പറയാൻ സാധിക്കുകയില്ല. എന്നിരുന്നാലും നമുക്ക് കുടുംബത്തെക്കുറിച്ച് ഒരു ക്രിസ്തീയ വീക്ഷണം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. പൊതുവായി എല്ലാവരും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ഒരു വ്യക്തിയുടെ ജീവിതം കരുപിടിപ്പിക്കുന്നതിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത് കുടുംബമാണ്. കുടുംബത്തെ പല നിലകളിൽ വീക്ഷിക്കാം.

**1. ബയോളജിക്കൽ അഥവാ ജീവശാസ്ത്രപരമായ വീക്ഷണം:** പ്രകൃതിയിലെ ജീവ ജാലങ്ങൾക്ക് ഒരു ക്രമമുണ്ട്. അത് പ്രായപൂർത്തിയാകുമ്പോൾ ഇണ ചേർന്ന് സന്തതിയെ ജനിപ്പിക്കും. കുറെക്കാലം സ്വന്തം കുട്ടികളെ വളർത്തുകയും ചെയ്യും. അതുകഴിഞ്ഞ് മാതാപിതാക്കൾ, മക്കൾ എന്ന വികാരവിചാരത്തോടെയുള്ള ഒരു ജീവിത ക്രമീകരണം ഉണ്ടാകുന്നില്ല.

**2. സൈക്കോളജിക്കൽ അഥവാ മനഃശാസ്ത്രപരം:** സ്ത്രീക്കും പുരുഷനും മനസ്സ് തുറന്ന് പങ്കിടുവാനും, സ്നേഹവും കരുതലും പങ്കു വയ്ക്കുവാനുമുള്ള ഒരു വൈകാരി കമായ ആഗ്രഹം നൈസർഗ്ഗികമായുണ്ട്. കുടുംബ ബന്ധത്തിൽക്കൂടി അത് നിറവേറുന്നു.

**3. കൊമേഴ്സ്യൽ അഥവാ സാമ്പത്തികം:** സാമ്പത്തിക സുരക്ഷിതത്വം എല്ലാവരു ടെയും നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമാണ്. പ്രത്യേകിച്ച് നിസ്സഹായരായ കുഞ്ഞു ങ്ങൾ മാതാപിതാക്കളുടെ സംരക്ഷണയിൽ മാത്രമേ വളർത്തപ്പെടുന്നുള്ളുവല്ലോ. കുടുംബം അതിനുള്ള പ്രധാന ഉപാധിയാണ്.

**4. സോഷ്യോളജിക്കൽ അഥവാ സാമൂഹികം:** മനുഷ്യൻ ആത്യന്തികമായി സാമൂ ഹികജീവിയാണ്. സമൂഹം നിലനിൽക്കണമെങ്കിൽ അതിനകത്തുതന്നെ ക്രമീകൃതമായ ഒരു ഘടന ആവശ്യമുണ്ട്. അത്തരത്തിൽ സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റായി കുടുംബം നിലകൊള്ളുന്നു. അതുകൊണ്ടാണ് കുടുംബം നന്നായാൽ സമൂഹം നന്നാകു മെന്ന് പറയുന്നത്.

### ക്രിസ്തീയ വീക്ഷണം

ഈ പറഞ്ഞ നാലു വീക്ഷണങ്ങളേയും അതിന്റെ സമഗ്രതയിൽ ഉൾക്കൊണ്ട്, അതിലു പരിയായ ഒരു കാഴ്ചപ്പാട് വേദപുസ്തകം നൽകുന്നു. അതായത് കുടുംബത്തിന്റെ ചുമത ലകൾ എല്ലാം നിർവ്വഹിക്കപ്പെടുന്നത് ദൈവേഷ്ടത്തിന് വിധേയമായിട്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ കുടുംബം എന്ന സംവിധാനംതന്നെ ദൈവത്തിന്റെ സൃഷ്ടിയിലും പരിപാലനത്തിലും ഉൾപ്പെട്ടിരിക്കുന്നതാണ്. വേദപുസ്തക അടിസ്ഥാനങ്ങളെ ചുരുക്ക മായി പ്രതിപാദിക്കാം.

**1. കുടുംബത്തെ ദൈവം സൃഷ്ടിച്ചു** (ഉല്പത്തി 1:25-26; 2): കുടുംബത്തെ ദൈവം സൃഷ്ടിച്ചു എന്നതിന്റെ രണ്ട് വിവരണങ്ങൾ നാം വേദപുസ്തകത്തിൽ വായിക്കുന്നു. ഒന്നാമത്തെ വിവരണത്തിൽ എങ്ങനെ സൃഷ്ടി നടത്തി എന്ന് വിശദീകരിക്കുന്നില്ല. എന്നാൽ ദൈവസാദൃശ്യവും സ്വരൂപവും സൃഷ്ടിയിൽ മനുഷ്യർക്കല്ലാതെ മറ്റൊരു ജീവ ജാലങ്ങൾക്കും നൽകിയിട്ടില്ല എന്ന് വെളിപ്പെടുത്തുന്നു. ദൈവസ്വഭാവത്തിൽ മനുഷ്യർ വളരണമെന്നും ചിന്തകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ദൈവത്തെ വെളി പ്പെടുത്തണമെന്നും ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ വിവരണത്തിൽ ആദ്യ മാതാപിതാക്കളെ എങ്ങനെ സൃഷ്ടിച്ചു എന്നുള്ള വിശദീകരണമാണ് നൽകിയിട്ടുള്ളത്. ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതി അവനെ സൃഷ്ടിച്ചതും അവന്റെ വാരിയെല്ലിൽ നിന്ന് ഹവ്വായെ സൃഷ്ടിച്ചതുമൊക്കെ കുടുംബത്തെ ദൈവം തന്റെ കൈകൾ കൊണ്ട് മെനഞ്ഞുണ്ടാക്കി എന്ന് വെളിപ്പെടുത്തുവാനാണ്. അന്യോന്യം കൂട്ടാളികളും പങ്കാളി കളുമായി വർത്തിക്കണമെന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. അല്ലാതെ ആദാമിനേക്കാൾ താഴെ ദാസിയുടെ സ്ഥാനമാണ് ഹവ്വായ്ക്ക് നൽകിയിരിക്കുന്നതെന്ന് പിൽക്കാലത്ത് ചില രൊക്കെ വ്യാഖ്യാനിച്ചുവെങ്കിലും വേദപുസ്തകത്തിൽ അപ്രകാരം വിവക്ഷിക്കുന്നില്ല. അന്യോന്യമുള്ള ബന്ധത്തിന്റെ ദൃഢതയാണ് ഇവിടെ എടുത്ത് പറഞ്ഞിരിക്കുന്നത്.

**2. വിവാഹബന്ധം വേർപിരിക്കാനാവില്ല** (വി. മത്തായി 19:1-12): വിവാഹ കൂദാശ യുടെ സമയത്ത് വായിക്കുന്ന സുവിശേഷഭാഗമാണ് ഇത്. യഹൂദന്മാരുടെ ഇടയിൽ ചെറിയ കാര്യങ്ങൾ പറഞ്ഞ് ഭാര്യമാരെ ഉപേക്ഷിക്കുന്ന പതിവ് ഉണ്ടായിരുന്നു. കർത്താവ് അത് അംഗീകരിച്ചില്ല. വിവാഹത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ പരസ്പര ഉടമ്പടി ഉണ്ടാക്കുകയല്ല, ദൈവത്തോടാണ് അവരുടെ ഉടമ്പടി എന്ന് വ്യക്തമാക്കുന്നു. 'ദൈവം യോജിപ്പിച്ചതാകയാൽ മനുഷ്യന് വേർപിരിക്കാൻ സാധിക്കുകയില്ല' എന്ന പഠിപ്പിക്കൽ സഭ ഗൗരവമായാണ് വീക്ഷിക്കുന്നത്. വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങൾ, ദൈവഇഷ്ട ത്തിന് ചേർന്നതല്ലാ എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**3. കർത്താവും സഭയും പോലെയുള്ള ബന്ധം** (എഫേ. 5:22-32): ഇതും വിവാഹകൂദാ ശയ്ക്ക് വായിക്കുന്ന ലേഖന ഭാഗമാണ്. മർമ്മം, രഹസ്യം അഥവാ കൂദാശ എന്ന വാക്ക് ഇവിടെ കാണുന്നു. Sacrament എന്ന ലത്തീൻ പദത്തിന് കൂദാശ എന്ന് പരിഭാഷ നൽകി യിരിക്കുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഒരിക്കലും വേർപിരിക്കാനാ വാത്തതാണ്. ക്രിസ്തു തന്റെ ജീവൻ നൽകി സഭയെ വീണ്ടെടുത്തു. ഭാര്യാഭർത്താക്ക ന്മാർ തമ്മിൽ ത്യാഗപൂർവ്വമായ സ്നേഹം നിലനിർത്തി ജീവിതാവസാനം വരെ ഒരുമിച്ച് വസിക്കുവാൻ കടപ്പെട്ടവരാണെന്നും ഇവിടെ ഓർമ്മിക്കുന്നു.

**4. ഏക ഭാര്യ, ഏക ഭർത്താവ്:** പഴയ സംസ്കാരങ്ങളിലും യഹൂദന്മാരിലും ബഹു ഭാര്യാത്വവും വെപ്പാട്ടി സമ്പ്രദായവും നിലനിന്നിരുന്നു. ക്രിസ്തീയ സഭ ഇതിനെയൊന്നും അംഗീകരിക്കുന്നില്ല. ഇടയലേഖനങ്ങളിൽ പരിശുദ്ധ പൗലോസ് ശ്ലീഹാ സഭയിലെ മൂപ്പ ന്മാർക്കും ശുശ്രൂഷകർക്കും നൽകിയിരിക്കുന്ന പ്രബോധനം വിശ്വാസികൾക്ക് മുഴുവൻ ബാധകമായി സഭ അംഗീകരിച്ചിരിക്കുന്നു (1 തീമോ. 3.2, തീത്തോ. 1:6). ഏക ഭാര്യാഭർതൃ കുടുംബരീതി ലോകത്തിന് മാതൃകയായി നൽകിയത് ക്രിസ്തീയസഭയാണ് എന്നു പറയാം.

**5. വിവാഹം ഒരു കൂദാശയാണ്:** മുകളിൽ പറഞ്ഞിരിക്കുന്ന വേദപ്രമാണങ്ങളുടെ വെളിച്ചത്തിൽ വിവാഹത്തെ ഒരു കൂദാശയായി സഭ അംഗീകരിച്ചിരിക്കുന്നു. കൂദാശയിൽ പ്രധാന കാർമ്മികൻ ദൈവമാണ്. ദൈവത്തിന്റെ സ്ഥാനത്തു നിന്ന് പ്രധാന കാർമ്മികൻ ഭാര്യാ-ഭർത്താക്കന്മാരെ കൂട്ടി യോജിപ്പിക്കുന്നു. സഭയുടെ വിവാഹ കൂദാശയിൽ രണ്ടു ഭാഗങ്ങളുണ്ട്. ആദ്യത്തെ ഭാഗത്ത് മോതിരം വാഴ്ത്തി വധൂവരന്മാർക്ക് നൽകുന്നു. വിവാഹ

നിശ്ചയം പോലും ദൈവസന്നിധിയിൽ എടുക്കപ്പെടുന്നു എന്നതിന്റെ അടയാളമായിട്ടാണ് കാർമ്മികർ മോതിരം വാഴ്ത്തി നൽകുന്നത്. പരസ്പരമുള്ള ഉടമ്പടിയല്ലായ്കയാൽ മോതിരങ്ങൾ പരസ്പരം നൽകുന്നില്ല. പ്രധാന കാർമ്മികൻ തന്നെ അതു വാഴ്ത്തി നൽകുന്നു. കിരീടം വാഴ്വിന്റെ അടുത്ത ശുശ്രൂഷയിൽ സ്ലീബായുള്ള മാല വാഴ്ത്തി കാർമ്മികൻ വധൂവരന്മാർക്ക് നൽകുന്നു. അതിനുശേഷം രണ്ടുപേരുടെയും കൈകൾ ഒരുമിച്ച് ചേർത്ത് അന്യോന്യം ഭരമേൽപ്പിക്കുമ്പോൾ ദൈവമാണ് നിങ്ങളുടെ എന്നേക്കുമുള്ള മദ്ധ്യസ്ഥൻ എന്ന് ഓർമ്മിപ്പിച്ച് പ്രാർത്ഥിക്കുന്നു. കുടുംബം ദൈവിക സ്ഥാപനമാണ് എന്ന് പഠിപ്പിക്കുന്നതാണ് വി. വിവാഹ കൂദാശയിലെ പ്രാർത്ഥനകളെല്ലാം. “യഹോവ വീടു പണിയുന്നില്ലെങ്കിൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കുന്നില്ലെങ്കിൽ കാക്കുന്നവർ വൃഥാ ജാഗരിക്കുന്നു” (സങ്കീ. 127:1) എന്ന വിശ്വാസത്തിന് പ്രാധാന്യം നൽകുമ്പോൾ എല്ലാ കുടുംബജീവിതങ്ങളും വിജയിക്കുന്നതായി കാണാവുന്നതാണ്.

**6. വി. ത്രിത്വം പരിപൂർണ്ണ മാതൃക:** പൂർണ്ണത പ്രാപിക്കാൻ ഈ ലോകത്തിൽ സാധ്യമല്ലെങ്കിലും, ആത്യന്തികമായി ഒരു ലക്ഷ്യം ജീവിതത്തിനുണ്ടായിരിക്കണം. ഒരു കുടുംബം വ്യക്തികൾ ചേർന്നുണ്ടാകുന്നതും, വ്യക്തിത്വങ്ങൾക്ക് അനിവാര്യമായ വ്യത്യസ്തതകൾ ഉള്ളതുമാണ്. അവിടെ യോജിപ്പ് എങ്ങനെ ഉണ്ടാകുമെന്ന് ചിന്തിക്കുമ്പോൾ, മറുപടിയായി ലഭിക്കുന്ന ഉത്തരമാണ് വി. ത്രിത്വം. എന്നാൽ വി. ത്രിത്വത്തിലെ കൂട്ടായ്മയൊന്നും കേവല മനുഷ്യബുദ്ധിയിൽ ഗ്രഹിക്കാമെന്ന് ചിന്തിക്കുകയുമരുത്. ഏകത്വവും, വൈവിദ്ധ്യവും ത്രിത്വത്തിൽ ഒരുമിച്ചു ചേർന്നിരിക്കുന്നു. സകലത്തെയും സൃഷ്ടിച്ച പിതാവും കഷ്ടാനുഭവങ്ങളാൽ അതിനെ വീണ്ടെടുത്ത പുത്രനും ഉണ്ടായതിനെയും ഉണ്ടാകുവാനുള്ളതിനെയും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവും വ്യത്യസ്തമായ ധർമ്മമാണ് നിർവ്വഹിക്കുന്നത്. എന്നാൽ സാരാംശത്തിൽ മൂന്നും ഒന്നാണുതാനും. ഇതുപോലെ കുടുംബത്തിൽ മാതാവിനും പിതാവിനും കുട്ടികൾക്കും വ്യത്യസ്തമായ ധർമ്മങ്ങളാണ് നിറവേറ്റാനുള്ളത്. അതേസമയം ദൈവസ്നേഹത്തിൽ എല്ലാവരും ഒന്നായിരിക്കുകയും വേണം. ഏകത്വവും ബഹുത്വവും ഒരുമിച്ചിരിക്കുന്ന ത്രിത്വത്തിലെ രഹസ്യം ക്രിസ്തീയ കുടുംബങ്ങൾക്ക് മാതൃകയാകേണ്ടതാണ്.

**7. നസ്രേത്തിലെ തിരുകുടുംബം:** പുരുഷബന്ധം കൂടാതെയാണ് യേശുക്രിസ്തു കന്യകയിൽനിന്നും ജനിച്ചതെങ്കിലും ക്രിസ്തുവിന് ഒരു കുടുംബ പശ്ചാത്തലമുണ്ടായിരുന്നു. തന്നെയുമല്ല, മനുഷ്യാവതാരത്തെപ്പറ്റി പ. കന്യകമറിയാമിന് അരുളപ്പാടു നൽകുന്നതിനുമുമ്പ് തന്നെ മറിയാമിന്റെയും യൗസേഫിന്റെയും വിവാഹ നിശ്ചയം നടത്തിയിരുന്നതായി വി. വേദപുസ്തകം സാക്ഷിക്കുന്നു (വി. മത്തായി 1:18-21; വി. ലൂക്കോസ് 1:26-38). ലോകരക്ഷിതാവായ യേശുക്രിസ്തുവിന് ജനിക്കാൻ ഒരു കുടുംബവും വളർത്തിയെടുക്കുവാൻ മാതാപിതാക്കളും ഉണ്ടായിരുന്നു എന്ന യാഥാർത്ഥ്യം പരിഗണിക്കുമ്പോൾ, കുടുംബത്തിന്റെ ആത്മീയമൂല്യം കൂടുതൽ വ്യക്തമാകുന്നു. ഒരുപോലെ ദൈവിക വെളിപാടുകൾ ലഭിച്ചവരാണ് വി. യൗസേഫും പരിശുദ്ധ കന്യകമറിയാമും. എട്ടാം ദിവസത്തെ പരിച്ഛേദനയും 40-ാം ദിവസത്തിലെ ദൈവാലയ പ്രവേശനവും 12-ാം വയസ്സിലെ ദൈവമുമ്പാകെയുള്ള പ്രതിഷ്ഠയും എല്ലാം മുറപോലെ നിർവ്വഹിക്കപ്പെട്ട് പൈതലിനെ ദൈവകൃപയിലും മനുഷ്യരുടെ കൃപയിലും വളർത്തുവാനും മാതാപിതാക്കൾ വളരെ ശ്രദ്ധിച്ചു. യേശുവിന് ഇതെല്ലാം ആവശ്യമെങ്കിൽ തിന്മയുടെ സ്വാധീനം അധികമുള്ള ഇന്നത്തെ സമൂഹത്തിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ആത്മീയ ശിക്ഷണം എത്രയധികം ആവശ്യമായിരിക്കുന്നു. കുടുംബത്തിന്റെ ദൈവിക അടിസ്ഥാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാകാര്യങ്ങളുംകൂടി ചേർത്ത് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

1. കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം മറ്റുള്ളതിൽനിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
2. വിവാഹകൂദാശയിൽ വായിക്കപ്പെടുന്ന വേദഭാഗങ്ങളെപ്പറ്റി കൂടുതൽ വിശകലനം ചെയ്യുക.
3. കുടുംബത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം, കുടുംബജീവിതത്തിന്റെ കെട്ടുറപ്പിനെ എങ്ങനെ സഹായിക്കും. ചർച്ച ചെയ്യുക.

അദ്ധ്യായം രണ്ട്

# ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ

## ആമുഖം

കുടുംബജീവിതങ്ങളിൽ എല്ലാ കാലങ്ങളിലും പ്രശ്നങ്ങളും, വെല്ലുവിളികളും ഉണ്ടായിട്ടുണ്ട്. എന്നാൽ ആധുനിക കാലത്ത് ഇത് കുറേക്കൂടി സങ്കീർണ്ണമായിരിക്കുന്നു. പല കാരണങ്ങൾ അതിനു പുറകിലുണ്ട്. ഒരു സമൂഹത്തിന്റെ വളർച്ച അതിന്റെ ഭൗതികതയിലാണെന്ന് ഏവരും ചിന്തിക്കുന്നു. ഭൗതിക സാഹചര്യങ്ങളും സാങ്കേതിക വിദ്യകളുടെ വളർച്ചാരീതികളും നമുക്കും ഉണ്ടാകണമെന്ന് നാം ആഗ്രഹിച്ചുപോകുന്നു. അതോടൊപ്പം ആധുനിക സൈബർ കുടുംബങ്ങൾക്ക് സംഭവിച്ച കുടുംബ ബന്ധങ്ങളിലെ താളപ്പിഴകളും അറിയാതെ നമ്മുടെ കുടുംബത്തിലേക്കും വ്യാപിച്ചു തുടങ്ങി. ഭൗതിക വളർച്ചയും കുടുംബ സമാധാനവും ഒരുമിച്ച് പോകുന്നില്ല. വിവാഹമോചനങ്ങളും കുടുംബ തകർച്ചയും നമ്മുടെ സമൂഹത്തിലും അവഗണിക്കാനാവാത്ത നിലയിൽ വന്നുകൊണ്ടിരിക്കുന്നു. പ്രധാനമായ വെല്ലുവിളികളെക്കുറിച്ച് നമുക്കു പരിശോധിക്കാം.

**1. കൗദാശികമായ മൂല്യത്തിന് പ്രാധാന്യം നഷ്ടപ്പെട്ടു:** കുടുംബത്തിന്റെ സുസ്ഥിരത അതേപ്പറ്റിയുള്ള ക്രിസ്തീയ വീക്ഷണത്തിലും വിശ്വാസത്തിലുമാണ് സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ പാഠത്തിൽ പഠിച്ചതുപോലെ, ദൈവം കൂട്ടി ചേർക്കുന്നതാണെന്നും അത് വേർപിരിക്കാനാവുന്നതുമല്ലെന്നുള്ള വിശ്വാസം ആധുനിക കുടുംബങ്ങളിൽ കുറഞ്ഞു വരുന്നു. ഭൗതിക സാഹചര്യങ്ങളാണ് വിവാഹത്തെ ഉറപ്പിച്ചു നിർത്തുന്നതെന്ന് ആധുനിക ദമ്പതികൾ വിശ്വസിക്കുന്നതിനാൽ ദൈവത്തെക്കൂടി മറന്ന് അതിനായി കഠിനാദ്ധ്വാനം ചെയ്യുന്നു. ഈ മൂല്യതകർച്ച വലിയ വെല്ലുവിളിയാണ്.

**2. മാറുന്ന കുടുംബ വ്യവസ്ഥകൾക്കനുസരിച്ച് ദമ്പതികൾക്ക് പൊരുത്തപ്പെടാൻ ആകാത്ത മാനസികാവസ്ഥ:** സമൂഹത്തിന്റെ മാറ്റങ്ങൾ കുടുംബത്തെ വളരെ സ്വാധീനിക്കുന്നതാണ്. കൂട്ടുകുടുംബ വ്യവസ്ഥിതി, കാർഷിക സമൂഹത്തോട് ചേർന്ന് നിൽക്കുന്ന ഒന്നാണ്. ദൈവാശ്രയബോധവും മനുഷ്യബന്ധവും ആ സമൂഹത്തിൽ കൂടുതലായിരുന്നു. കാർഷിക സമൂഹം വ്യവസായിക യുഗത്തിലേക്ക് നീങ്ങിയപ്പോൾ കൂട്ടുകുടുംബങ്ങൾ അണുകുടുംബ (Nuclear families)ങ്ങളായി മാറി.

വ്യാവസായിക യുഗത്തിൽനിന്നും ഇന്ന് സൈബർ യുഗത്തിലേക്ക് സമൂഹം നീങ്ങിയിരിക്കുകയാണ്. ഒരുകാലത്ത് അലംഘനീയമെന്ന് ആത്മീയതയിലും ഭൗതീകതയിലും ഉറപ്പിച്ചിരുന്ന മൂല്യങ്ങൾക്ക് ഇടിവുതട്ടി. ഉദാഹരണത്തിന് വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് പഴയ സമൂഹത്തിൽ അംഗീകരിക്കപ്പെട്ട മൂല്യമായിരുന്നു. ഇന്ന് അതിന് മാറ്റം വന്നു. ആ തരത്തിൽ സമൂഹത്തിൽ വന്ന മാറ്റങ്ങൾ കുടുംബങ്ങൾക്ക് വെല്ലുവിളിയായിട്ടുണ്ട്.

**3. ഭാര്യാ-ഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങളിൽ വന്ന മാറ്റങ്ങൾ** (Role Changes): കുടുംബം ഒരു വ്യവസ്ഥിതിയാണ്. അതിനകത്ത് ഒരോരുത്തർക്കും ചെയ്യുവാനുള്ള ധർമ്മങ്ങൾ ഉണ്ട്. അത് മുൻകാലങ്ങളിൽ കൃത്യമായി നിർവഹിച്ചിരുന്നു. ഭർത്താവ് വീടിന് പുറത്ത് അദ്ധ്വാനിച്ച് കുടുംബത്തിനാവശ്യമായ വരുമാനം ഉണ്ടാക്കുകയും ഭാര്യ വീടിനകത്ത് പരിചരിക്കുകയും കുട്ടികൾ മാതാപിതാക്കളെ അനുസരിച്ച് വളരുകയും ചെയ്യുക എന്ന ഒരു ക്രമം ഉണ്ടായിരുന്നു. സ്ത്രീകളുടെ കഴിവുകൾ വളരുന്നതിന് സഹായമല്ലാത്ത

ഒരു ക്രമമായിരുന്നു എന്ന ദൂഷ്യം ഈ വ്യവസ്ഥിതിക്കുണ്ട്. എന്നാൽ അംഗീകൃതമായ ഒരു ഭരണവ്യവസ്ഥ ഉണ്ടായിരുന്നു എന്ന നല്ല വശവും അതിനുണ്ടായിരുന്നു. ഈ ക്രമം മാറി സ്ത്രീയും പുരുഷനും വീടിന് പുറത്ത് അദ്ധ്വാനിക്കുന്നവരായി മാറി. മാറിയ സാഹചര്യങ്ങളിൽ എല്ലാവർക്കും സ്വീകാര്യമായ ഒരു ആഭ്യന്തര ഭരണക്രമം ഇന്ന് കുടുംബങ്ങളിൽ ഉരുത്തിരിഞ്ഞിട്ടില്ല. ഇത് മറ്റൊരു വെല്ലുവിളിയാണ്.

**4. ആഗോളവൽക്കരണത്തിന്റെ സ്വാധീനം:** സാമ്പത്തികമായ വളർച്ചയും നേട്ടവുമാണ് ആഗോളവൽക്കരണ സമൂഹത്തിലെ വിജയത്തിന്റെ പ്രധാനപ്പെട്ട അളവുകോൽ. 'പണം ഇല്ലാത്തവൻ പിണം' എന്ന പഴഞ്ചൊല്ല് അക്ഷരാർത്ഥത്തിൽ സമൂഹത്തിലെ എല്ലാ വ്യക്തികളെയും സ്വാധീനിച്ചിരിക്കുന്നു. ഭൗതിക ജീവിതത്തിൽ, എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്ന തലത്തിൽ ഉയർച്ച ഉണ്ടായില്ലെങ്കിൽ ഭാര്യാ ഭർത്താക്കന്മാർക്ക് അസംതൃപ്തി ഉണ്ടാകും. അത് കുടുംബ സമാധാനത്തെ ബാധിക്കും. ഭൗതിക വളർച്ചയിൽ ഒട്ടേറെ പ്രതീക്ഷകൾ ദമ്പതികൾ വച്ചുപുലർത്തുന്നുണ്ട്. പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം കുടുംബങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും.

**5. മാധ്യമങ്ങളുടെ തെറ്റായ സ്വാധീനങ്ങൾ:** സുഖലോലുപത, ആഢംബരം, വിലകൂടിയ വസ്തുക്കൾ മുതലായ പലതിനോടും ആവശ്യത്തിലധികം ആർത്തി സൃഷ്ടിക്കുന്നത് മാധ്യമങ്ങളാണ്. ബുദ്ധിയും യുക്തിയും ഉപയോഗിക്കേണ്ടിടത്ത് വൈകാരികമായ ഇളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന മൂല്യബോധവും മനോഭാവവും ആത്മീയതയിൽ അടിസ്ഥാനപ്പെട്ടതാകണമെന്നില്ല. ഒട്ടേറെ ത്യാഗം ആവശ്യമായിരിക്കുന്ന ഒന്നാണ് കുടുംബ ജീവിതം. ത്യാഗമനസ്ഥിതിക്ക് പകരം ആർജ്ജിക്കുവാനുള്ള താൽപര്യമാണ് മാധ്യമങ്ങൾ സൃഷ്ടിക്കുന്നത്. 'കൊടുക്കുന്നതിനേക്കാൾ അധികം നേടുക'. കുടുംബത്തിനകത്തും ഈ സമവാക്യം ഉപയോഗിച്ച് തുടങ്ങുന്നതുകൊണ്ട് അതും മറ്റൊരു വെല്ലുവിളിയായി മാറിയിരിക്കുന്നു.

**6. തിന്മയ്ക്ക് ലഭിച്ചിരിക്കുന്ന സാമൂഹികാംഗീകാരം:** ഒരുകാലത്ത് സമൂഹം വളരെ മ്ലേച്ഛമെന്ന് വിധിച്ചിരുന്ന പലതിനും ഇന്ന് സമൂഹം അംഗീകാരം നൽകിയിരിക്കുന്നു. മദ്യപാനം അതിൽ പ്രധാനപ്പെട്ട ഒന്നാണ്. കേവല സൗഹൃദത്തിന്റെ ഭാഗമായി തുടങ്ങുന്ന ഈ ശീലം മിക്കവരെയും അടിമത്തത്തിലേക്ക് നയിക്കുന്നു. ഈ ഒറ്റ കാരണം കൊണ്ടുതന്നെ അനേക കുടുംബങ്ങൾ പ്രശ്നങ്ങളിലേക്കും പിന്നീട് വിവാഹ മോചനത്തിലേക്കും എത്തിച്ചേരുന്നു. മയക്കുമരുന്നിനോടുള്ള ആസക്തി, വിവാഹേതര ബന്ധങ്ങൾ, കുറ്റവാസനകൾ, മുതലായ അധാർമ്മിക പ്രവർത്തികളും കുടുംബ ജീവിതത്തിന് വെല്ലുവിളിയായിട്ടുണ്ട്.

**7. മാനസിക രോഗങ്ങൾ:** ഇന്നത്തെ സമൂഹത്തിൽ മാനസിക രോഗങ്ങൾ വർദ്ധിച്ചു വരുന്നു. വിഷാദം, സംശയം, ഉന്മാദം, സാഡിസം (സാഡിസം: മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുക), അപകർഷത, അകാരണമായ ഭയം മുതലായ ചെറുതും വലുതുമായ മാനസിക രോഗങ്ങൾ ദമ്പതികളിലൊരാൾക്ക് വന്നാൽ അതു കുടുംബത്തെ ബാധിക്കും. പങ്കാളിക്ക് ആവശ്യമായ പരിചരണവും നല്ല ചികിത്സയും തക്കസമയത്ത് നൽകിയാൽ പല അസുഖങ്ങളും ഭേദമാകുന്നതാണ്. അതിനുള്ള ത്യാഗമനസ്സ് പങ്കാളിക്ക് ഇല്ലാതെപോയാൽ പ്രശ്നം ഗുരുതരമാകും. അത്തരം സന്ദർഭങ്ങളിൽ വിവാഹം മോചിക്കണമോ എന്ന് പ്രാർത്ഥനാപൂർവ്വം ചിന്തിച്ച് തീരുമാനിക്കേണ്ടതാണ്.

**8. വിവാഹ സംബന്ധിയായ പ്രശ്നങ്ങൾ:** സ്ത്രീധനം എന്ന സമ്പ്രദായം ഭാരതീയ സ്ത്രീകളെ സംബന്ധിച്ച് വലിയ പ്രതിസന്ധിയാണ്. മാതാപിതാക്കളിൽ ഇത് വലിയ സാമ്പത്തിക ഭാരം ഉണ്ടാക്കുന്നു. ശാരീരികവും മാനസികവുമായ അധിക്ഷേപം, സ്ത്രീകൾക്കു നേരെയുള്ള അക്രമം, കൊലപാതകം, ആത്മഹത്യ എന്നിവയ്ക്കും

സ്ത്രീധന സംബന്ധിയായ തർക്കങ്ങൾ കാരണമാകുന്നു. വിവാഹത്തിലെ കക്ഷികൾ തമ്മിൽ സ്ത്രീധനം കൊടുക്കുന്നതോ വാങ്ങുന്നതോ 1961 ലെ സ്ത്രീധന നിരോധന നിയമപ്രകാരം കുറ്റകരമായ, ജാമ്യമില്ലാത്ത കുറ്റമാണ്. ലിംഗഭേദമെന്യേ മക്കൾക്ക് എല്ലാവർക്കും മാതാപിതാക്കളുടെ സ്വത്തിൽ അവകാശമുണ്ട്.

ഈ പട്ടികയിൽ ഇനിയും ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനുണ്ട്. ദമ്പതികളുടെ കുടുംബങ്ങൾ തമ്മിലുള്ള അകൽച്ച, വ്യക്തിത്വങ്ങളിലെ അന്തരം, പരസ്പരമുള്ള ആദരമില്ലായ്മ, അഹന്ത, അസൂയ, അനിയന്ത്രിതമായ കോപം, ക്ഷമിക്കാനുള്ള കഴിവില്ലായ്മ, അലസത, കുട്ടികളെ വളർത്തുന്നതിൽ ഏകോപനമില്ലായ്മ മുതലായ ഒട്ടേറെ പ്രശ്നങ്ങൾ ഇനിയുമുണ്ട്. ആത്മീയമായ അടിത്തറയിൽ കുടുംബം പണിയുകയാണ് എല്ലാത്തിനും പരിഹാരം. 'A family prays together stays together'. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിൽക്കും. ആരാധന, നോമ്പ്, ഉപവാസം മുതലായ ആത്മീയ നിഷ്ഠകൾ പരിശീലിച്ച് ദൈവസ്വഭാവത്തിൽ ദമ്പതികൾ വളരുകയാണെങ്കിൽ എല്ലാ വെല്ലുവിളികളെയും അതിജീവിക്കുവാൻ കഴിയും. "യഹോവ വീടു പണിയുന്നില്ലെങ്കിൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു." (സങ്കീ. 127:1) എന്ന ദൈവവചനം ആധുനിക കുടുംബങ്ങൾ കുറച്ചുകൂടി ഗൗരവമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

1. ആധുനിക കുടുംബജീവിതത്തിലെ വെല്ലുവിളികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുക.
2. ഭൗതിക പുരോഗതി കുടുംബജീവിതത്തിന്റെ സന്തുഷ്ടിയെ വർദ്ധിപ്പിച്ചിട്ടുണ്ടോ?
3. മാധ്യമങ്ങൾ കുടുംബങ്ങളെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു. വിശദമായി ചർച്ച ചെയ്യുക.
4. മാനസികരോഗങ്ങൾ കുടുംബജീവിത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാം?

അദ്ധ്യായം മൂന്ന്

# കുടുംബ ബന്ധങ്ങൾ

## ആമുഖം

ഒറ്റപ്പെട്ടതെങ്കിലും ചിലയിടങ്ങളിൽ കാണപ്പെട്ട ഒരു സ്ഥിതിവിശേഷത്തെക്കുറിച്ച് സൂചിപ്പിക്കട്ടെ. കൊട്ടാരസമാനമായ വീട്. ഏക മകന് അതിവിശാലമായ ഒരു മുറി. അതിൽ റ്റി.വി, ഇന്റർനെറ്റ്, പ്ലേസ്റ്റേഷൻ മുതലായ എല്ലാ ആധുനിക സൗകര്യങ്ങളും അതിനകത്ത് ഇരുന്ന് പഠിക്കുന്നതോടൊപ്പം ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ഉള്ളവരോട് ചാറ്റിംഗും, ഫേസ് ബുക്ക്, ട്വിറ്റർ മുതലായ സോഷ്യൽ നെറ്റ്‌വർക്കിങ്ങിലും എപ്പോഴും സജീവം. മുറിയുടെ വാതിലിൽ ഒരു ഫലകം തൂക്കിയിട്ടിരുന്നു. അതിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. 'No entry without permission'. അനുവാദം കൂടാതെ മുറിക്കകത്ത് പ്രവേശനമില്ല. പിതാവും മാതാവും കൂടി നിർമ്മിച്ച ഭവനം. ഏക മകന് സൗകര്യമായി പാർക്കാൻ അവർ നൽകിയ മുറിയിൽ പ്രവേശിക്കാൻ അവന്റെ പ്രത്യേകമായ സമ്മതം ആവശ്യമാണത്രേ. ആധുനിക വിവര സാങ്കേതിക വിദ്യ സൃഷ്ടിച്ചിരിക്കുന്ന വൈരുദ്ധ്യത്തിന്റെ ഒരു ചിത്രമാണ് ഇവിടെ കാണുന്നത്. ലോകത്തെ ആഗോള ഗ്രാമമായി കണ്ട് വിശ്വപൗരനായി രാജ്യാന്തരബന്ധം നടത്തുമ്പോഴും ഒരു കൂരയ്ക്ക് താഴെ താമസിക്കുന്ന മാതാപിതാക്കളോടുള്ള സംഭാഷണവും സംസർഗ്ഗവും വളരെ പരിമിതമാകുന്നു. കുടുംബത്തിനുള്ളിൽ പോലും ആഴമേറിയ സൗഹൃദം സ്ഥാപിക്കാനാവാത്ത സ്ഥിതിവിശേഷത്തെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

## കുടുംബ ബന്ധങ്ങൾ കുറഞ്ഞുപോകുന്നതിന്റെ കാരണങ്ങൾ

മാതാപിതാക്കൾ ഉദ്യോഗസ്ഥരോ, തിരക്കുകൾ ഉള്ളവരോ ആണെങ്കിൽ കുഞ്ഞുങ്ങളുമായി സമയം ചെലവഴിക്കുന്നതു കുറയുന്നു. അതിനുപകരം സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തങ്ങളുടെ അധികസമയം അവർ ചെലവിടുന്നു. കളിപ്പാട്ടങ്ങളിൽ തുടങ്ങി കമ്പ്യൂട്ടർ ഗെയിമിലൂടെ ഇന്റർനെറ്റിലും സോഷ്യൽ നെറ്റ്‌വർക്കിലുമെത്തി വീടിന് പുറത്തുള്ള ഒരു ലോകവുമായി അവർ ബന്ധം സൃഷ്ടിക്കുന്നു. കൂട്ടു കുടുംബ വ്യവസ്ഥിതി ഇല്ലാതായതോടെ പ്രായമായ വല്യപ്പന്മാർ, വല്യമ്മച്ചിമാർ എന്നിവരുമായി മുത്തശ്ശികഥകൾ കേട്ടുള്ള ആഴമായ സൗഹൃദം പങ്കിടുന്ന രീതിക്കും മാറ്റം വന്നു. ഭൗതിക പുരോഗതിയിൽ കെട്ടിപ്പടുത്തിട്ടുള്ള വീടുകളും ഫ്ളാറ്റുകളും അയൽവീടുകളായുമായിട്ടുള്ള സമ്പർക്കങ്ങളെ കെടുത്തിക്കളഞ്ഞു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പേരിൽ വീടിനടുത്തുള്ള സ്കൂളിൽ പഠനം നടത്താതെ ദൂരെയുള്ള പബ്ലിക്ക് സ്കൂളുകളിൽ പഠിക്കാൻ തുടങ്ങുമ്പോഴും കുട്ടികൾക്ക് അയൽപക്കവുമായി ആഴമേറിയ സൗഹൃദബന്ധങ്ങൾ സൃഷ്ടിക്കാൻ സാധ്യമല്ലാതെ വരുന്നു. ഇതിനെല്ലാമുപരി ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്ന അന്യവൽക്കരണവും ബന്ധങ്ങളെ ബലഹീനമാക്കുകയാണ്. അതായത് 'people are to be used and things are to be loved'. മനുഷ്യരെ ഉപയോഗിക്കാനും വസ്തുക്കളെ സ്നേഹിക്കാനുമുള്ള ഒരു തത്വശാസ്ത്രമാണ് മനുഷ്യ ഹൃദയങ്ങളിൽ ഇടം തേടിയിരിക്കുന്നത്. പണവും സാങ്കേതിക വിദ്യകളുമുണ്ടെങ്കിൽ വ്യക്തികളെ ആവശ്യമില്ലാ എന്ന നിലയിലേക്ക് മാറ്റങ്ങൾ എത്തി നിൽക്കുന്നു. Individualism അഥവാ വ്യക്തിമാഹാത്മ്യ വാദം സാമൂഹ്യ ജീവിതത്തിൽ അംഗീകൃതമായ മൂല്യമായിട്ടുണ്ട്.

ദൈവസന്നിധിയിൽ നിന്നുള്ള മനുഷ്യന്റെ അകൽച്ചയും ചെന്നെത്തി നിൽക്കുന്നത് സഹജീവിയിൽനിന്നുള്ള അകൽച്ചയിലാണ്. ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരു നാണയത്തിന്റെ ഇരുപുറങ്ങളാണ്. ഇത്തരത്തിൽ ആത്മീയവും ഭൗതികവുമായ സാഹചര്യങ്ങളിലുള്ള മാറ്റങ്ങൾ ഹേതുവായി കുടുംബ ബന്ധങ്ങളിൽ അകത്തും പുറത്തും ശിഥിലീകരണങ്ങൾ ശക്തമായിരിക്കുന്നു. ഇതിനെതിരെ ബോധപൂർവ്വമായി ക്രിസ്തീയ കുടുംബങ്ങൾ പ്രതികരിക്കേണ്ടതാണ്. കുടുംബങ്ങളുടെ തകർച്ചയുടെ പശ്ചാത്തലത്തിൽ പരിഹാരമാർഗ്ഗങ്ങളെക്കൂടി ചിന്തിക്കാം.

**1. ദൈവത്തെ കുടുംബത്തിന്റെ കേന്ദ്രമാക്കി ആഴമേറിയ ആത്മീയത കൈവരിക്കുക:** ഒരുമിച്ച് പ്രാർത്ഥിക്കുക, ആരാധിക്കുക, ഭക്ഷണം കഴിക്കുക, നർമ്മസല്ലാപങ്ങളിൽ ഏർപ്പെടുക മുതലായ കുടുംബാംഗങ്ങൾ പല നിലകളിൽ സമ്പർക്കം പുലർത്താനുള്ള അവസരം ബോധപൂർവ്വം സൃഷ്ടിക്കണം. ധനസമ്പാദനത്തിനായി മാത്രം സമയം നീക്കിവെച്ചാൽ കുടുംബത്തിനുള്ളിൽ അംഗങ്ങൾ തമ്മിൽ ഗാഢമായ ബന്ധം ഉണ്ടാവുകയില്ല.

**2. വൃദ്ധമാതാപിതാക്കളെയും, വിശാലകുടുംബങ്ങളെയും സ്നേഹിക്കാൻ എല്ലാവർക്കും കടപ്പാടുണ്ട്:** മാതാപിതാക്കളെ അനുസരിക്കുക, ആദരിക്കുക എന്നത് മാറ്റപ്പെടാനാവാത്ത ദൈവകല്പനയാണ്. സാമൂഹ്യ സാഹചര്യങ്ങളിൽ മാറ്റമുണ്ടായതുകൊണ്ട് ദൈവകല്പനയെ ധിക്കരിക്കുവാൻ ആർക്കും അവകാശമില്ല. വിവാഹ കൂദാശയിലും ഈ കല്പനയെപ്പറ്റി വ്യക്തമായി പ്രബോധനം നൽകുന്നുണ്ട്. വൃദ്ധമാതാപിതാക്കളെ വാർദ്ധക്യ ഭവനങ്ങളിലാക്കുന്നതിനേക്കാൾ ഉത്തമം കുടുംബത്തിലെ തന്നെ അടുത്ത ബന്ധുക്കൾ ആ ഉത്തരവാദിത്വം ഏറ്റെടുത്താൽ അത് ഒരു ദൈവിക സാക്ഷ്യമായിരിക്കും.

**3. കുഞ്ഞുങ്ങളെ പഥ്യോപദേശങ്ങളിൽ വളർത്തുക:** ആത്മീയതയുടെ അടിത്തറയിലേ ഭൗതിക ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും വളർത്തിയെടുക്കാവൂ. 'If character is lost everything is lost'. സ്വഭാവം നഷ്ടമായാൽ എല്ലാം നഷ്ടമായി എന്ന പരാമർശത്തിൽ വളരെ കഴമ്പുണ്ട്. ക്രിസ്തീയ ജീവിതം കുറെ വിശ്വാസപ്രമാണങ്ങളെ അംഗീകരിക്കുന്നതും കുറച്ചു ആചാരങ്ങളെ അനുഷ്ഠിക്കുന്നതും മാത്രമല്ല. അതിലുപരി ഒരു ജീവിതശൈലിയാണ്. ആ ശൈലിയുടെ ഏറ്റവും വലിയ സവിശേഷത എളിയവരെ ആദരിക്കുന്നതാണ് (സങ്കീ. 41:1). അങ്ങനെ ചെയ്യുന്നവർ ഭാഗ്യവാന്മാരെന്ന് സങ്കീർത്തനക്കാരൻ വിശേഷിപ്പിച്ചിരിക്കുന്നു. യേശുക്രിസ്തുവും തന്റെ മനുഷ്യാവതാരകാലത്ത് ചുങ്കക്കാരും പാപികളും വേശ്യാസ്ത്രീകളും കുരുടന്മാരും കുഷ്ഠരോഗികളുമടങ്ങുന്ന പുറന്തള്ളപ്പെട്ടവരോടാണ് കൂടുതൽ താദാത്മ്യപ്പെട്ടത്. ഈ മൂല്യം മാതാപിതാക്കളിൽ നിന്ന് കുട്ടികൾ കണ്ടുപഠിക്കണം. വീടിനുള്ളിൽ വൃദ്ധമാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേക കരുതലും സ്നേഹവും നൽകണം. വീടിന് പുറത്ത്, രോഗികളും സാമ്പത്തിക ഞെരുക്കങ്ങൾ അനുഭവിക്കുന്നവർക്കുമാണ് പ്രത്യേകമായി കരുതൽ നൽകേണ്ടിയിരിക്കുന്നത്.

**4. ക്രിസ്തീയ മൂല്യങ്ങൾ പ്രായത്തിനനുസരിച്ച് ഉൾകൊള്ളുവാൻ യൗവനക്കാർക്ക് സാധിക്കണം:** ചില കുടുംബങ്ങളിൽ മാതാപിതാക്കളിൽനിന്ന് മാതൃക ലഭിച്ചില്ല എന്നു കരുതി ഉത്തരവാദിത്വങ്ങളിൽനിന്നും യുവലോകം ഒഴിഞ്ഞിരിക്കരുത്. സെക്കുലർ ലോകത്തിലെ ഒട്ടനവധി കാര്യങ്ങൾ മാതാപിതാക്കളിൽനിന്നല്ലാതെ ചെറുപ്പക്കാർ കണ്ടുപഠിക്കുന്നുണ്ടല്ലോ. ഈ തത്വം ആത്മീയമായ ജീവിതത്തിലും ബാധകമാണ്. ദൈവവചനവും വിശുദ്ധന്മാരുടെ ജീവിതവും ഈ കാര്യത്തിൽ മാതാപിതാക്കളേക്കാൾ മാതൃകയായി യൗവനക്കാർ സ്വീകരിച്ചാൽ കുടുംബബന്ധങ്ങൾ മെച്ചപ്പെടുത്തുവാൻ ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

**5. സഭ ഒരു കുടുംബമാണ്:** ആരാധിക്കുന്ന സമൂഹം ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സഹവർത്തിക്കാൻ കടപ്പെട്ടവരാണ്. വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ എന്ന് പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചിരിക്കുന്നു (1 കൊരി. 12:11-20). ഒരു അവയവം കഷ്ടത അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടി കഷ്ടം അനുഭവിക്കുന്നു (വാക്യം 26). ആദിമ ക്രൈസ്തവ സമൂഹം ഈ വിധത്തിൽ അന്യോന്യം കരുതലുള്ളവരായും ഭൗതിക വസ്തുക്കൾ പങ്കിട്ടും ജീവിച്ചിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു. 'വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണുകയും... പങ്കിടുകയും ചെയ്തു (അപ്പോ. പ്ര. 2:45-46). 'മുട്ടുള്ളവർ ആരും അവരുടെ ഇടയിൽ ഉണ്ടായിരുന്നില്ല' (4:34). കർത്താവിന്റെ തിരുശരീരങ്ങൾ ഒരുമിച്ച് പങ്കിട്ട് അനുഭവിക്കുമ്പോൾ അത് അർത്ഥവത്തായി തീരുന്നത് ഭൗതികമായ വസ്തുക്കൾ ഇല്ലാത്തവരുമായി പങ്കിടുമ്പോഴാണ്. വിശ്വാസി രക്തബന്ധം വഴിയുള്ള കുടുംബ ബന്ധങ്ങളും ആരാധിക്കുന്ന കൂട്ടായ്മയിലുള്ള വിശ്വാസികളുമായും നല്ല ബന്ധങ്ങൾ സൃഷ്ടിക്കേണ്ടവരാണ്. ക്രിസ്തു ലോകത്തെ സ്നേഹിച്ചു എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഇതര സഭകളിലും മതങ്ങളിലും പെട്ടവരെയും എന്തിനധികം മതവിശ്വാസികളല്ലാത്തവരെയും സ്നേഹിക്കുവാൻ ക്രിസ്തുവിൽ നാം നിർബന്ധിതരായിരിക്കുന്നു.

**6. മനുഷ്യ ബന്ധങ്ങൾ, ആത്മശരീര മനസുകളുടെ സൗഖ്യത്തെ വർദ്ധിപ്പിക്കുന്നു:** ആരും തനിക്കായി ജീവിക്കുന്നില്ല. മരിക്കുന്നുമില്ല. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. എല്ലാവരും ബഹുമാനിക്കുന്ന മദർ തെരേസ്സാ പ്രസ്താവിച്ചു; "ഭക്ഷണ ദാരിദ്ര്യം ഉള്ള ജനകോടികൾ ഈ ഭൂമുഖത്തുണ്ടെങ്കിലും അതിനേക്കാൾ അധികം സ്നേഹദാരിദ്ര്യം അനുഭവിക്കുന്നവർ ഉണ്ടത്രെ". ആരും സ്നേഹിക്കാനില്ലാ എന്നു വരുമ്പോഴാണ് ജീവിതം ദുസ്സഹമായി തീരുന്നത്. പലഭവനങ്ങളിലെയും വൃദ്ധമാതാപിതാക്കൾ ഈ അനുഭവത്തിൽക്കൂടി ഇന്ന് കടന്നു പോകുന്നുണ്ട്. വാർദ്ധക്യത്തിലെത്തിയവർക്ക് സുഖഭോഗ വസ്തുക്കൾ അധികം വേണമെന്നില്ല. അവർക്ക് വേണ്ടത് സ്നേഹവും കരുതലും അത്യാവശ്യസന്ദർഭങ്ങളിൽ ശുശ്രൂഷയുമാണ്. വിവര സാങ്കേതിക വിദ്യയുടെ പരമകാഷ്ഠയിലേക്ക് വളരുന്ന സമൂഹത്തിൽ വീടിനകത്ത് അന്യവൽക്കരണം, ഒറ്റപ്പെടൽ ഇവയൊക്കെ സാധാരണയായിരിക്കുന്നു. അദ്ധ്യാത്മികശിക്ഷണം ലഭിച്ച ഏവരും ഈ കാര്യത്തിൽ ശ്രദ്ധിക്കുകയും മനുഷ്യ ബന്ധങ്ങൾ വീടിനുള്ളിലും പുറത്തും വർദ്ധിപ്പിക്കുവാൻ ആവോളം ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

## പ്രവർത്തനങ്ങൾ

1. കൂട്ടുകുടുംബം, ന്യൂക്ലിയർ കുടുംബം ഇവയുടെ ഗുണദോഷങ്ങൾ ചർച്ച ചെയ്യുക.
2. മാതാപിതാക്കളെ വൃദ്ധസദനങ്ങളിലാക്കുന്നതിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
3. ഇടവകയിലെ കുടുംബങ്ങൾ തമ്മിൽ ആഴമേറിയ സൗഹൃദം വളർത്തുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക.

അദ്ധ്യായം നാല്

# വ്യത്യസ്ത സഭകളിലെയും മതങ്ങളിലെയും അംഗങ്ങൾ തമ്മിലുള്ള വിവാഹ ബന്ധങ്ങൾ

## ആമുഖം

വിവാഹം, കുടുംബബന്ധങ്ങൾ എന്നിവയ്ക്കൊക്കെ എപ്പോഴും മതപരമായ ഒരു പശ്ചാത്തലവും, അനുഷ്ഠാന കർമ്മങ്ങളുമുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉരുത്തിരിഞ്ഞ സംസ്കാരങ്ങളുടെ ചരിത്രം പഠിച്ചാൽ ഇത് വ്യക്തമാണ്. സമൂഹം മതനിരപേക്ഷമായി അഥവാ മതനിഷേധമായി തീർന്ന സമൂഹങ്ങളിൽ സിവിൽ നിയമങ്ങൾ കുടുംബ ബന്ധങ്ങൾക്ക് അടിസ്ഥാനമായി മാറി. മതവിശ്വാസം അങ്ങനെയുള്ള ദമ്പതികൾക്ക് കാര്യമായ ഒരു വിഷയമല്ല. എന്നാൽ ആ സ്ഥിതിയിലേക്ക് കേരളീയ സമൂഹം പൂർണ്ണമായി മാറിയിട്ടില്ല. എന്നാൽ പ്രവാസികൾ ഏറെയുള്ള നസ്രാണി ക്രിസ്തീയ സമൂഹത്തിൽ, കുട്ടികൾ വിവിധ സംസ്കരങ്ങളോടും വിവിധ മത സഭാവിശ്വാസികളോടും അടുത്ത് സഹവസിക്കുന്നതിനും ആ വഴിക്ക് പ്രേമബന്ധം ഉണ്ടായി കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുവാനും ഇടയാകുന്നു. ഇവിടെ സഭയുടെ നിയമങ്ങൾ ഇത്തരക്കാർക്ക് വിലങ്ങുകൾ സൃഷ്ടിക്കുന്നതായി തോന്നാം. മാതാപിതാക്കളുടെ എതിർപ്പുകൾ രൂക്ഷമാവാം. ഇവയൊക്കെ അതിജീവിച്ചാലും വിശ്വാസത്തിലും അതിലൂന്നിയ ജീവിത വീക്ഷണത്തിന്റെ അന്തരങ്ങളും പിൽക്കാലത്ത് കുടുംബജീവിതങ്ങളിൽ വിള്ളൽ ഉണ്ടാക്കാൻ സാധ്യതയുണ്ട്. ഇവയെപ്പറ്റി യുവതീയുവാക്കൾ ബോധ്യമുള്ളവരാകേണ്ടിയിരിക്കുന്നു.

## സഭയുടെ നിയമം

ഓർത്തഡോക്സ് സഭയിൽ വിവാഹം ഒരു കൂദാശയാണ്. കൂദാശകൾ വിശ്വാസികൾക്ക് മാത്രമേ നൽകുകയുള്ളു. അതിനാൽ വിവാഹിതരാകുന്ന മണവാളനും മണവാട്ടിയും വിവാഹത്തിന് മുമ്പ് ഓർത്തഡോക്സ് വിശ്വാസികൾ ആയിരിക്കണം. വി. കുർബ്ബാനയിലുള്ള സംസർഗ്ഗം അതിപ്രധാനമാകയാൽ വി. കുർബ്ബാന സംസർഗ്ഗം ഇല്ലാത്ത സഭാംഗങ്ങൾ, ഓർത്തഡോക്സ് സഭയിൽ അംഗമാകാതെ വിവാഹം നടത്താൻ സാധ്യമല്ല. ഈ കാരണത്താൽ മാർത്തോമ്മാ, സി.എസ്.ഐ. തുടങ്ങിയ സഭകളിലെ അംഗങ്ങളെ (മിക്കവാറും പെൺകുട്ടികൾ) വിവാഹത്തിനെടുക്കുമ്പോൾ അവരെ ഓർത്തഡോക്സ് വിശ്വാസം പഠിപ്പിച്ച് മൂറോൻ അഭിഷേകം നടത്തി, വി. കുമ്പസാരവും വി. കുർബ്ബാനയും നൽകി സഭയിലെ അംഗങ്ങളാക്കി വിവാഹം നടത്തുന്നു. റോമൻ കത്തോലിക്കാ സഭയും കൽദായ സഭയും ആയി നവീകരണ സഭകളേക്കാൾ കുറച്ചുകൂടി വിശ്വാസത്തിൽ നമുക്ക് അടുപ്പമുള്ളതിനാൽ അവർക്ക് മുറോനഭിഷേകം നൽകുന്നില്ല. അവരുടെ മാമ്മോദീസാ അംഗീകരിക്കുന്നു. എന്നാൽ അവർ ഓർത്തഡോക്സ് വിശ്വാസം അംഗീകരിച്ച് വി. കുമ്പസാരവും അതുവഴി വി. കുർബ്ബാനയും സ്വീകരിച്ചിരിക്കണം. പെന്തിക്കോസ്തു വിഭാഗങ്ങളാണെങ്കിൽ മാമോദീസാ ഉൾപ്പെടെ സഭയുടെ വിശ്വാസം സ്വീകരിക്കുന്നതിന്റെ എല്ലാ കർമ്മങ്ങളും, കൂദാശകളും സ്വീകരിച്ചതിന്റെ ശേഷമേ വിവാഹം നടത്തി കൊടുക്കുകയുള്ളു. ഇതര മതവിശ്വാസിയും പൂർണ്ണമായും സഭാംഗമായി തീരണം.

## റോമൻ കത്തോലിക്കാ സഭയുടെ നിലപാട്

വിവിധ സഭ, മതാംഗങ്ങൾ തമ്മിലുള്ള വിവാഹങ്ങൾക്ക് റോമൻ കത്തോലിക്കാ സഭ മറ്റൊരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതായത് പങ്കാളിയുടെ മതമോ വിശ്വാസമോ മാറാതെ

തന്നെ അവർ വിവാഹം നടത്തിക്കൊടുക്കും. വിവാഹത്തിലെ കത്തോലിക്കാ പങ്കാളിക്ക്, കത്തോലിക്കാ വിശ്വാസത്തിൽ നിലകൊള്ളുവാനും മക്കളെ അതിൽ വളർത്തുവാനും കത്തോലിക്കാ വിശ്വാസിയല്ലാത്ത പങ്കാളി സമ്മതം നൽകിയാൽ മതി. ഇത്തരത്തിലുള്ള ഒരു നിലപാട് ഓർത്തഡോക്സ് സഭ സ്വീകരിച്ചിട്ടില്ല. ദമ്പതികൾ ഒരു വിശ്വാസത്തിൽ തന്നെ ഐക്യത്തിൽ ജീവിച്ചാലെ വളരുന്ന തലമുറയ്ക്ക് ദിശാബോധവും ഉറച്ച മൂല്യങ്ങളും ലഭിക്കുകയുള്ളു എന്ന് ഓർത്തഡോക്സ് സഭ ചിന്തിക്കുന്നു. പിതാവ് ഓർത്തഡോക്സ് ആരാധനയിലും മാതാവ് പെന്തിക്കോസ്ത് കൂട്ടായ്മയിലും ചേർന്ന് നിൽക്കുന്നത് അവരുടെ കുടുംബ ജീവിതത്തിലെ ഐക്യത്തെയും അതുവഴി കുഞ്ഞുങ്ങളുടെ ഭാവിയെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ ദമ്പതികൾ വ്യത്യസ്ത സഭകളിലോ, മതങ്ങളിലോ തുടരുന്ന നിലപാടിനെ ഓർത്തഡോക്സ് സഭ പ്രോത്സാഹിപ്പിക്കുന്നില്ല.

സിവിൽ നിയമപ്രകാരം വിവാഹം നടത്തുന്നതിന് വിശ്വാസങ്ങളിലെ അന്തരം പ്രശ്നമുള്ളതല്ല. ഇന്ത്യയുടെ നിയമമനുസരിച്ച് സ്ത്രീക്ക് 18 വയസും പുരുഷന് 21 വയസും ഉണ്ടെങ്കിൽ പരസ്പരം മറ്റാരുടെയും നിർബന്ധം കൂടാതെ സ്വന്തം ഇഷ്ടപ്രകാരം സമ്മതപത്രം നൽകിയാൽ വിവാഹം രജിസ്റ്റർ ചെയ്യപ്പെടും.

## വ്യത്യസ്ത സഭാംഗങ്ങൾ തമ്മിലുള്ള വിവാഹത്തിലെ പ്രശ്നങ്ങൾ

അപ്പോസ്തോലിക സഭകളിലെ അംഗങ്ങൾ തമ്മിലുള്ള വിവാഹങ്ങൾക്ക് മിക്കവാറും മാതാപിതാക്കൾ സമ്മതം നൽകാറുള്ളതിനാൽ ആ വഴിക്ക് വലിയ പ്രശ്നങ്ങൾ ഉണ്ടാകാറില്ല. എന്നാൽ വിവാഹങ്ങൾ നടത്തപ്പെടുന്ന ദിവസങ്ങളെ സംബന്ധിച്ച് പലപ്പോഴും തർക്കങ്ങൾ ഉണ്ടാകാറുണ്ട്. കാനോനികമായ അഞ്ച് നോമ്പുകളിലും ഞായർ, തിങ്കൾ ഒഴികെയുള്ള ദിവസങ്ങളിലും ഓർത്തഡോക്സ് സഭ വിവാഹം അനുവദിക്കുന്നില്ല. പ്രായോഗികമായ ചില പരിഗണനകൾ വെച്ച് സഭയുടെ പരമാദ്ധ്യക്ഷൻ ചില ഇളവുകൾ ഇപ്പോൾ നൽകിവരാറുണ്ട്. എന്നാൽ ഈ കാര്യത്തിൽ ഇതര സഭകൾക്ക് വ്യത്യസ്തമായ നിലപാടുകളുണ്ട്. കൂടുതൽ ദിവസങ്ങൾ വിവാഹത്തിന് യോഗ്യമായി അവർ സമ്മതം നൽകിയിരിക്കുന്നു. ഉദാഹരണമായി ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ വിവാഹം നടത്തുവാൻ മാർത്തോമ്മാ സഭ അനുവാദം നൽകുന്നു. എന്നാൽ ഞായറാഴ്ചയ്ക്ക് അവർ ഇളവ് നൽകുന്നില്ല. അനിവാര്യമായ സാഹചര്യങ്ങളിൽ വിവാഹം നടക്കേണ്ടി വരുമ്പോൾ ഓർത്തഡോക്സ് സഭയുടെ നിയമങ്ങൾ ലംഘിക്കാതിരിക്കാൻ സഭാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ദമ്പതികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ മനോനിലവാരത്തെക്കുറിച്ച് വിവാഹത്തിന് മുമ്പ് സ്വയം വിലയിരുത്തൽ നടത്തേണ്ടതാണ്. വിശ്വാസവും അതിനനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങളും ജീവിത ശൈലിയും ഗൗരവമായി എടുക്കുന്നവർ അതിനനുസരിച്ചുള്ള പങ്കാളിയെ കണ്ടെത്തുന്നതാണ് സന്തുഷ്ടമായ കുടുംബജീവിതത്തിന് നല്ലത്. നോമ്പ്, ഉപവാസം, വി. കുമ്പസാരം, വി. കുർബ്ബാനയിൽ കർത്താവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതായി പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത, വാങ്ങിപ്പോയവരെക്കുറിച്ചുള്ള പ്രാർത്ഥന മുതലായവയിൽ നിഷ്ഠയുള്ളവർ ഇതൊന്നുമില്ലാത്ത പങ്കാളിയുമായി ഒരുമിച്ചു ജീവിക്കാൻ തുടങ്ങിയാൽ പിൽക്കാലത്ത് പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. യൗവന പ്രായത്തിൽ തോന്നുന്ന പ്രേമമെന്ന വികാരത്തിന്റെ തീവ്രതയിൽ മനസ്സിന്റെ അഗാധതലത്തിൽ കോറിയിടുന്ന വിശ്വാസപ്രമാണങ്ങളെ അവഗണിക്കാമെന്ന് ചിന്തിക്കുമെങ്കിലും കുറച്ചുകഴിയുമ്പോൾ അവയൊക്കെയും നിസ്സാരമല്ലെന്ന് തെളിവായി വരും. അതിനാൽ ആഴമേറിയ സ്വയവിശകലനം പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ ആവശ്യമായി വരും.

## വ്യത്യസ്ത മതസംസ്കാരങ്ങളിലുള്ളവരുമായിട്ടുള്ള വിവാഹത്തിലെ പ്രശ്നങ്ങൾ

എത്യോപ്യൻ സഭയും, നമ്മുടെ സഭയും വി. കുർബ്ബാന സംസർഗ്ഗമുള്ള സഭകളാണ്. ഈ രണ്ട് സഭകളിലെ സ്ത്രീയും പുരുഷനും തമ്മിൽ വിവാഹം കഴിക്കുന്നതിന് കാനോനികമായി തടസ്സങ്ങളില്ല. എന്നാൽ സാംസ്കാരികമായി വളരെ ഭിന്നതകളുണ്ട്. അതിനാൽ വിശ്വാസത്തോടൊപ്പം സാംസ്കാരിക-സാമൂഹിക-സാഹചര്യങ്ങളും ഗൗരവമായി കണക്കിലെടുക്കണം. ദുഷ്ട ലാക്കോടെയുള്ള പ്രണയബന്ധങ്ങളും വിവാഹങ്ങളും കൂടിവരുന്നുണ്ട്. ഇത്തരം ബന്ധങ്ങളിൽ ചെന്നുചാടുന്ന പെൺകുട്ടികൾ ക്രൂരമായ പീഢനത്തിനാണ് മതപരിവർത്തനശേഷം വിധേയമാകുന്നത്. വ്യത്യസ്ത മതങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങൾക്ക് പലവിധ പ്രശ്നങ്ങളുണ്ടാകും. പങ്കാളികൾ രണ്ടുപേരും ഓർത്തഡോക്സ് സഭയുടെ അംഗങ്ങളാവുകയാണെങ്കിൽ സഭാപരമായ പ്രശ്നങ്ങൾ പരിഹരിക്കാം. എന്നാൽ ഇത്തരം വിവാഹങ്ങൾക്ക് മാതാപിതാക്കളും ബന്ധുമിത്രാദികളും ഒരുപക്ഷേ യാഥാസ്ഥിതിക സമൂഹവും അംഗീകാരം നൽകിയില്ലെന്നിരിക്കാം. ഈ എതിർപ്പുകളെ അതിജീവിച്ച് പള്ളിയിൽ വെച്ചായാലും അതു സാധിച്ചില്ലെങ്കിൽ സിവിൽ നിയമപ്രകാരമാണെങ്കിലും വിവാഹിതരാകുന്ന ദമ്പതികളുടെ മുമ്പിൽ ഒട്ടേറെ വെല്ലുവിളികളുണ്ട്. പരസ്പരം തോന്നുന്ന ത്രീവമായ അനുരാഗത്തിൽ ഈ അന്തരങ്ങളെ അതിജീവിക്കാനാവുമോ? പ്രേമിക്കുന്ന കാലം ഭാവനയുടെതും വിവാഹം കഴിക്കുന്നത് യാഥാർത്ഥ്യത്തിന്റെയും കാലമാണ്. പ്രേമത്തിന്റെ സമയം യാഥാർത്ഥ്യമായി തെറ്റിദ്ധരിച്ചാൽ കുഴപ്പമുണ്ടാകും. വിവാഹശേഷം യാഥാർത്ഥ്യം അംഗീകരിക്കാതെ നേരത്തെ ലഭിച്ച കാൽപ്പനിക ഭാവത്തിൽ നിലനിന്നാൽ അതും കുടുംബജീവിതത്തെ പ്രതികൂലമായി ബാധിക്കും.

കുടുംബ ജീവിതത്തെ കേവലം വികാരപരമായി യുവാക്കൾ സമീപിക്കരുത്. സ്നേഹം തോന്നുമ്പോൾ ലഭിക്കുന്ന സുഖാനുഭൂതികൾക്കപ്പുറമാണ് യഥാർത്ഥ ലോകം. അവിടെ ജീവിക്കാനുള്ള പക്വതയുണ്ടോ എന്ന് സ്വയം വിലയിരുത്തണം. വിവാഹം ദൈവം കൂട്ടിചേർക്കുന്നതാണ്. അത് ജീവിതാവസാനം വരെ നിലനിൽക്കണം. ഏക ഭാര്യാ-ഭർത്തൃബന്ധം ദൈവകല്പനയാണ്. ആജീവനാന്തം വിശ്വസ്തത പുലർത്തണം. സുഖലോലുപതയും സമ്പത്തും പദവിയും കുടുംബത്തെ നിലനിർത്തുകയില്ല. അവിടെ വേണ്ടത് സ്നേഹവും, താഴ്മയും വിട്ടുവീഴ്ചയും ത്യാഗം സഹിക്കാനുള്ള സന്നദ്ധതയുമാണ്. പ്രതിസന്ധികളിൽ പരസ്പരം കുറ്റപ്പെടുത്താതെ അന്യോന്യം താങ്ങി നിൽക്കുന്ന ബന്ധമാണ്. കുട്ടികളുടെ മുമ്പിൽ കലഹിക്കാതെ മാതൃകയോടെ അവരെ വളർത്തുവാൻ രണ്ടുപേർക്കും ഒരുപോലെ കടപ്പാടുണ്ട്.

വൃദ്ധമാതാപിതാക്കളെയും സമൂഹത്തിലെ ബലഹീനരെയും ശുശ്രൂഷിക്കുവാൻ ക്രിസ്തീയ കുടുംബത്തിന് കടപ്പാടുണ്ട്. കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിലെ പക്വത എത്രമാത്രം ആർജ്ജിച്ചിട്ടുണ്ടെന്നുള്ളതാണ് ജീവിതവിജയത്തിന്റെ അടിസ്ഥാനം. വ്യത്യസ്ത മതങ്ങളിൽനിന്നും സംസ്കാരങ്ങളിൽ നിന്നും കൂട്ടിച്ചേർക്കപ്പെടുമ്പോൾ ഈ പറഞ്ഞ കാര്യങ്ങളെപ്പറ്റിയൊക്കെ ഒട്ടേറെ വ്യത്യസ്തമായ കാഴ്പ്പാടുകളുണ്ടാവാം. വ്യത്യസ്ത വീക്ഷണവും കാഴ്ചപ്പാടുകളുമായി ജീവിതത്തിൽ മുന്നോട്ടുപോയാൽ പ്രശ്നങ്ങൾ രൂക്ഷമാവും. കുടുംബ ജീവിതത്തിന് പ്രാർത്ഥനാപൂർവ്വമായി ഒരുങ്ങുക അത്യാവശ്യമാണ്. വ്യത്യസ്ത വിശ്വാസങ്ങളിൽനിന്ന് വരുന്നവർക്ക് കൂടുതലായി അത് ആവശ്യമാണ്. അതോടൊപ്പം പക്വതയുള്ളവരിൽനിന്ന് നല്ല മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതും അത്യന്താപേക്ഷിതമായിരിക്കുന്നു.

## പ്രവർത്തനങ്ങൾ

1. കുടുംബജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുക. (വിവിധ പ്രായത്തിലുള്ള അഞ്ച് ഭാര്യാഭർത്താക്കന്മാരെ ഇതിനായി തെരഞ്ഞെടുക്കാം.)
2. 'പ്രേമവിവാഹങ്ങൾ വിജയമോ പരാജയമോ' എന്ന വിഷയത്തിൽ ക്ലാസ്സിൽ ഒരു ഡിബേറ്റ് സംഘടിപ്പിക്കുക.
3. കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ നേരിടുന്നതിൽ പ്രാർത്ഥനയ്ക്കും ആചാരാനുഷ്ഠാനങ്ങൾക്കുമുള്ള പങ്ക് ക്ലാസ്സിൽ ചർച്ച ചെയ്യുക.

യൂണിറ്റ് നാല്

# വിവിധ മതങ്ങളും എക്യുമെനിസവും

അദ്ധ്യായം ഒന്ന്

## വിവിധ മതങ്ങൾ

ഇന്നത്തെ ലോകത്തിൽ, ആഗോളവത്കരണത്തിന്റെ ഭാഗമായി വിവിധ മതങ്ങളിൽപ്പെട്ടവരും, വ്യത്യസ്ത സംസ്കാരങ്ങളിൽ വളർന്നവരും ഒക്കെ കൂടുതൽ അടുത്തിടപെടുന്നുണ്ട്. എന്നാൽ ഈ വൈവിധ്യാനുഭവം ഭാരതത്തിൽ നൂറ്റാണ്ടുകളായിട്ടുള്ള ഒന്നാണ്. മതങ്ങളുടെ സൗഹൃദചരിത്രം ഭാരതത്തിന്റെ വലിയ നന്മയാണ്. ഓരോ മതത്തിനും അതാതിന്റെ തനിമ അവകാശപ്പെടാമെങ്കിലും മതങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തിത്തം അനിവാര്യമാണ്. ഈ പാഠത്തിൽ ലോകമതങ്ങളെക്കുറിച്ച് ഒരു പൊതു പഠനവും, ഭാരതമതങ്ങളെക്കുറിച്ച് ഒരു പ്രത്യേക പരിചയപ്പെടലും ഉദ്ദേശ്യമാകുന്നു. മതബഹുലതയ്ക്കുള്ളിൽ ക്രൈസ്തവ തനിമയും സുവിശേഷ ദൗത്യവും എങ്ങനെ പാലിക്കണമെന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്.

### മനുഷ്യനും മതാനുഭവവും

ചരിത്രാതീത കാലം മുതൽ മനുഷ്യരിൽ ഏതെങ്കിലും തരത്തിലുള്ള മതാനുഭവം കാണുവാൻ കഴിയും. പ്രകൃതിയിലുള്ള ശക്തിപ്രതിഭാസങ്ങളെയോ (ഉദാ: അഗ്നി, കാറ്റ്), എല്ലാറ്റിലും വ്യാപരിക്കുന്ന ചൈതന്യത്തേയോ, ഒക്കെ കേന്ദ്രീകരിച്ച് ആരാധനാ സമ്പ്രദായങ്ങളുണ്ടായി. ഈ ആരാധനാ സമ്പ്രദായങ്ങളാണ് മതരൂപങ്ങളായി വികസിച്ചത്. പിൽക്കാലത്ത് ചില ദുഷിച്ച ആരാധാന സമ്പ്രദായങ്ങൾ ഉണ്ടായപ്പോൾ അവയ്ക്കെതിരെ ഉണ്ടായ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തന്നെ മതങ്ങളായി മാറിയ ചരിത്രവുമുണ്ട്.

### മതരൂപങ്ങൾ - രണ്ട് ഗണങ്ങൾ

മതരൂപങ്ങളുടെ ആദ്യ ഗണത്തെ പ്രാഗ്മതങ്ങൾ, അഥവ പൗരാണിക മതങ്ങൾ (Primal or primitive religions) എന്നും രണ്ടാമത്തെ ഗണത്തെ വികസിത മതങ്ങൾ (Developed Religions) എന്നും വിശേഷിപ്പിക്കാം. പ്രാഗ്മതങ്ങൾക്ക് പ്രകൃതിയോട് പ്രത്യേക ബന്ധമുണ്ട്. പക്ഷേ അവയ്ക്ക് ഒരു വികസന ചരിത്രമോ, വ്യവസ്ഥാപിത ഘടനയോ, സ്ഥാപകരോ, മതഗ്രന്ഥമോ, കൃത്യമായ വിശ്വാസ പ്രമാണങ്ങളോ, ഐക്യരൂപമുള്ള ആരാധനാ സംവിധാനങ്ങളോ ഒന്നും പറയാനില്ല. ആദിവാസികളെന്നും ഗിരിവർഗ്ഗക്കാരെന്നും വിശേഷിപ്പിക്കപ്പെടുന്ന ജനസമൂഹങ്ങളുടെ ഇന്നും പരിപാലിക്കപ്പെടുന്ന മതരൂപങ്ങൾ പ്രാഗ്മതങ്ങൾ എന്ന് പറയപ്പെടുന്നു.

വികസിത മതങ്ങൾ എന്നു പറഞ്ഞാൽ അവയ്ക്ക് ചരിത്രപരമായ വികസനം, മതസ്ഥാപകരോ പരിഷ്കർത്താക്കളോ ആയ മഹാത്മാക്കൾ, മതഗ്രന്ഥങ്ങൾ, വിശ്വാസപരവും ആചാരപരവുമായ പൊതുഘടകങ്ങൾ മുതലായവ ഉണ്ട്. 'വികസിത' മതങ്ങളായി കരുതപ്പെടുന്ന മതങ്ങളിൽ ഭൂരിപക്ഷവും ഏഷ്യൻ മതങ്ങളാണ്. ഏഷ്യയുടെ പടിഞ്ഞാറും കിഴക്കും രൂപം പ്രാപിച്ചവയെന്ന അർത്ഥത്തിൽ അവയെ പാശ്ചാത്യമതങ്ങളെന്നും, പൗരസ്ത്യമതങ്ങൾ എന്നും തരംതിരിക്കാം.

## പാശ്ചാത്യമതങ്ങൾ

ഏഷ്യയുടെ പടിഞ്ഞാറ് രൂപപ്പെട്ട മതങ്ങളെ പാശ്ചാത്യമതങ്ങൾ എന്നും സെമിറ്റിക് മതങ്ങൾ എന്നും വിളിക്കുന്നു. യഹൂദമതം, ക്രൈസ്തവ മതം, ഇസ്ലാം മതം എന്നിവയാണ് അവ. നോഹയുടെ പുത്രനായ ശേമിന്റെ വംശപരമ്പരയിൽനിന്നാണ് യഹൂദ-ക്രിസ്തീയ മതങ്ങളുടെ ചരിത്രപരമായ ആരംഭം കുറിക്കുന്നതിനാൽ ആണ് ശേമ്യമതങ്ങൾ അഥവാ സെമിറ്റിക് മതങ്ങൾ എന്ന് വിളിക്കുന്നത്. പൗരസ്ത്യമതങ്ങളെക്കാൾ കൂടുതലായി പാശ്ചാത്യമതങ്ങൾ അഥവാ സെമിറ്റിക് മതങ്ങൾക്ക് ഏകദൈവവിശ്വാസത്തിലുള്ള ഊന്നൽ, മതഗ്രന്ഥ പ്രമാണികത്വം, മതസ്ഥാപക പ്രാധാന്യം, മതപ്രചരണ വ്യഗ്രത മുതലായവ ഉണ്ട്.

## പൗരസ്ത്യ മതങ്ങൾ

ഏഷ്യയുടെ പൗരസ്ത്യ ഭാഗത്ത് രൂപപ്പെട്ട മതങ്ങൾ എന്നാണ് പൗരസ്ത്യ മതങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രധാനമായി ഇന്നത്തെ ഇറാൻ (പഴയ പേർഷ്യ), ഇന്ത്യ, ചൈന, ജപ്പാൻ എന്നിവിടങ്ങളിൽ രൂപപ്പെട്ട മതങ്ങളെയാണ് പൗരസ്ത്യമതങ്ങൾ എന്നു പറയുന്നത്. പാഴ്സി മതം അഥവാ സൊരാഷ്ട്രിയൻ മതം, താവോമതം, ഷിന്റോമതം എന്നിവയെയാണ് പൗരസ്ത്യമതങ്ങൾ എന്നു പറയുന്നത്. ഇവയിൽ പാഴ്സിമതം അഥവാ സൊരാഷ്ട്രിയൻ മതം ഇറാനിൽ (പഴയ പേർഷ്യ) ഉത്ഭവിച്ചതെങ്കിലും ഇന്ന് കുറെയെങ്കിലും അനുയായികൾ അതിനുള്ളത് ഇന്ത്യയിലാണ്. ഹിന്ദു മതവും, ജൈനമതവും, ബുദ്ധമതവും, സിക്കുമതവും ഭാരതത്തിൽ ഉത്ഭവിച്ചവയായതുകൊണ്ട് ഭാരതീയ മതങ്ങൾ എന്നറിയപ്പെടുന്നു. കൺഫ്യൂഷ്യമതവും താവോ മതവും ചൈനയിൽ ഉത്ഭവിച്ചതെങ്കിലും ഇന്ന് അവയ്ക്ക് ഒരിടത്തും തന്നെ കാര്യമായ പ്രചാരം ഇല്ല.

## യഹൂദമതം മുതൽ ഷിന്റോ മതം വരെ

a) **യഹൂദമതം:** യഹൂദമതം അഥവാ എബ്രായമതം വളരെ പുരാതനമായ ലോകമതങ്ങളിൽ ഒന്നാണ്. ആദ്യ മാതാപിതാക്കളായ ആദാമിൽനിന്നും ഹവ്വായിൽനിന്നും ആരംഭിക്കുന്ന മനുഷ്യചരിത്രവും, ഗോത്രപിതാവായ അബ്രഹാമിൽനിന്നും ആരംഭിക്കുന്ന വംശചരിത്രവും മോശ മുതലുള്ള പ്രവാചകന്മാരാൽ നയിക്കപ്പെട്ട ഒരു ദൈവിക തിരഞ്ഞെടുപ്പ് ചരിത്രവും യഹൂദന്മാർക്കുണ്ട്. യഹൂദ മതജീവിതത്തിന്റെ കേന്ദ്രമായി തോറ അഥവാ ന്യായപ്രമാണത്തെ കാണാം. ബൈബിളിലെ പഴയനിയമം യഥാർത്ഥത്തിൽ യഹൂദമതഗ്രന്ഥം തന്നെയാണ്. യഹൂദമതാനുഷ്ഠാനങ്ങളുടെ ഏകീകൃത കേന്ദ്രം യരുശലേം ദേവാലയമായിരുന്നുവെങ്കിലും അത് ഏ.ഡി. 71-ൽ തകർക്കപ്പെട്ടുകഴിഞ്ഞ് വീണ്ടും നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. യഹൂദന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിപ്പോയെങ്കിലും യിസ്രായേൽ രാഷ്ട്രം 1948-ൽ രൂപീകൃതമായി. യഹൂദന്മാർ ഇപ്പോഴും മിശിഹാ അഥവാ രക്ഷകനുവേണ്ടി കാത്തിരിക്കുന്നു. ലോകചരിത്രത്തിലെ ഏറ്റവും ആദ്യത്തെ ഏക ദൈവ വിശ്വാസ പ്രസ്ഥാനമാണ് യഹൂദമതം.

b) **ക്രൈസ്തവ മതം:** പല മതങ്ങളിലൊന്നായി ക്രൈസ്തവ മതത്തെ കാണരുതെന്ന് പഠിപ്പിക്കുന്നവരുണ്ടെങ്കിലും ചരിത്രപരമായ പഠനത്തിൽ ക്രൈസ്തവധർമ്മം ലോകമതങ്ങളിലൊന്നാണ്. ദൈവപുത്രനായ യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ച ദൈവിക രക്ഷാപദ്ധതിയാണ് ക്രൈസ്തവ മതത്തിന്റെ കാതൽ. പഴയനിയമവും പുതിയനിയമവും ചേർന്ന ബൈബിളാണ് ക്രൈസ്തവമതത്തിന്റെ പ്രമാണഗ്രന്ഥം. ലോകത്തിൽ അംഗസംഖ്യയിൽ ഒന്നാം സ്ഥാനവും ഇന്ത്യയിൽ മൂന്നാം സ്ഥാനവും ക്രൈസ്തവ മതത്തിനാണ്. ക്രൈസ്തവർ പൊതുവേ ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ്, ഇവാഞ്ചലിക്കൽ, പെന്തക്കോസ്തുകാർ, കരിസ്മാറ്റിക്കുകാർ എന്നീ വിഭാഗങ്ങളായി സ്ഥിതിചെയ്യുന്നു.

ഈ ഓരോ വിഭാഗത്തിനും ഉപവിഭാഗങ്ങളുണ്ട്. മറ്റുള്ള വിഭാഗങ്ങളിൽനിന്ന് വ്യത്യസ്ത മായി റോമൻ കത്തോലിക്കാ വിഭാഗം പൊതുവിൽ തലവനായി മാർപ്പാപ്പയെ അംഗീകരി ക്കുകയും ഉപവിഭാഗങ്ങൾ അനുഷ്ഠാനപരമായ പ്രത്യേകതകൾ നിലനിർത്തികൊണ്ട് വിശ്വാസ ഐക്യം പാലിക്കുകയും ചെയ്യുന്നു.

c) **ഇസ്ലാം മതം:** 'ഇസ്ലാം' എന്ന അറബി പദത്തിന് 'അനുസരണം' എന്നാണ് അർത്ഥം. എ.ഡി. ആറാം നൂറ്റാണ്ടിൽ അറേബികൾക്ക് നേതൃത്വം നൽകിയ മുഹമ്മദ് (570-632) സ്ഥാപിച്ച മതപ്രസ്ഥാനമാണ് ഇസ്ലാം. മുഹമ്മദ് അന്ത്യപ്രവാചകനാണെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. ഈ മതപ്രസ്ഥാനത്തിന്റെ കേന്ദ്ര ബിന്ദു 'ഖുറാൻ' എന്ന മതഗ്രന്ഥമാണ്. ഖുറാനും മുഹമ്മദിന്റെ പാരമ്പര്യങ്ങളുമാണ് ഇസ്ലാമിക ശരിയത്ത് നിയമങ്ങളുടെ അടി സ്ഥാനം. ഇസ്ലാമിൽ രണ്ട് പ്രബല വിഭാഗങ്ങൾ ഉണ്ട്: സുന്നികളും ഷിയാകളും. ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് ഇസ്ലാം. ഇസ്ലാമിന്റെ ആഗോളപുണ്യ കേന്ദ്രമാണ് സൗദി അറേബ്യയിലെ മക്കാ. ഇവിടേയ്ക്കുള്ള തീർത്ഥാടനമാണ് ഹജ്ജ്. സമകാലീന ഇസ്ലാമിക മുന്നേറ്റ ശ്രമങ്ങളെ 'പൊളിറ്റിക്കൽ ഇസ്ലാം' എന്നാണ് പണ്ഡിതന്മാർ വിശേഷി പ്പിക്കുന്നത്.

d) **പാഴ്സി മതം (സൊരാഷ്ട്രീയനിസം):** ബി.സി. ആറാം നൂറ്റാണ്ടിൽ പേർഷ്യയിൽ പ്രവർത്തിച്ച ഒരു വ്യക്തിയാണ് സെരോവാഷ്ടർ. അദ്ദേഹത്തിൽനിന്നാരംഭിച്ച മതപ്രസ്ഥാ നമാണ് പാഴ്സി മതം അഥവാ സൊരാഷ്ട്രീയനിസം. പാഴ്സി മതത്തിന്റെ വേദഗ്രന്ഥമായി കരുതപ്പെടുന്നത് സൊരോവാഷ്ട്രറുടെ ഉപദേശങ്ങളായ ഗാഥകളാണ്. വിരുദ്ധ ശക്തിക ളായ അഹുരമാസ്ദ(നന്മ)യും അംഗ്രമന്യുവും (തിന്മ) തമ്മിലുള്ള നിരന്തരപോരാട്ടമായി ജീവിതത്തെ കണ്ടുകൊണ്ട്, അഹുരമാസ്ദയുടെ വശത്തുനിന്ന് വിജയം വരിക്കുവാനുള്ള ആഹ്വാനമാണ് പാഴ്സി മതത്തിന്റേത്. പേർഷ്യൻ പ്രദേശത്ത് ഇസ്ലാം പ്രബലപ്പെട്ടതിനെ തുടർന്ന് ഇന്ത്യയിൽ മാത്രമാണ് കുറേ പാഴ്സികൾ ഉള്ളത്.

e) **ഹിന്ദുമതം:** ഇന്ത്യയിൽ ഏറ്റവും പ്രബലവും, ലോകജനസംഖ്യയിൽ മൂന്നാം സ്ഥാന മുള്ളതുമായ മതമാണ് ഹിന്ദുമതം. യഥാർത്ഥത്തിൽ 'ഹിന്ദു' എന്ന പദത്തിന്റെ സൂചന ഭൂമിശാസ്ത്രപരമാണ്. സിന്ധുനദിക്ക് ചുറ്റുപാടുള്ള ഭൂവിഭാഗത്തെ അതിനു പടിഞ്ഞാറു ള്ളവർ വിളിച്ചിരുന്ന പേരാണ് ഹിന്ദു എന്നത്. ഹിന്ദുമതം എന്ന പദപ്രയോഗം ഇന്ത്യയിലെ യൂറോപ്യൻ അധിനിവേശത്തോടെയാണ് പ്രചാരത്തിലായത്. ഹിന്ദുക്കൾ തന്നെ തങ്ങളുടെ മതപ്രസ്ഥാനത്തെ 'സനാതനധർമ്മം' എന്നാണ് വിളിച്ചിട്ടുള്ളത്. ആര്യന്മാരെന്നും ആര്യ ന്മാരല്ലാത്തവരെന്നും വിശേഷിപ്പിക്കപ്പെടുന്ന ജനവിഭാഗങ്ങൾ ഹിന്ദുമതപാരമ്പര്യത്തിൽ ചേർക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ലോകത്തിൽ ഏറ്റവും കൂടുതൽ വൈവിധ്യങ്ങൾ ഉള്ള മതമാണ് ഹിന്ദുമതം. ഹിന്ദുമതത്തിലെ വേദഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനം നാലു വേദങ്ങളും ആറ് വേദാംഗങ്ങളും നാല് ഉപാംഗങ്ങളും ആണ്. ഹിന്ദുമതത്തിൽ ധാരാളം അവാന്തര വിഭാഗങ്ങളും ഭക്തിപ്രസ്ഥാനങ്ങളും ഉണ്ട്. ഭക്തി പ്രസ്ഥാനങ്ങളായ ശൈവ, വൈഷ്ണവ, ശക്തി പ്രസ്ഥാനങ്ങൾക്കുള്ളിൽ തന്നെ ഉപവിഭാഗങ്ങളുണ്ട്.

f) **ജൈനമതം:** ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചുവെന്നു കരുതപ്പെടുന്ന വർദ്ധ മാന മഹാവീരന്റെ സ്വാധീനത്തിൽ വളർന്ന പ്രസ്ഥാനമാണ് ജൈനമതം. ജൈനമതസ്ഥാപ കനായി അദ്ദേഹത്തെ കരുതുന്നുവെങ്കിലും, ജൈനമതത്തിന്റെ ഔദ്യോഗിക വീക്ഷണപ്ര കാരം ജൈനമതം സനാതനമാണ്. അതിലെ സമീപകാല തീർത്ഥങ്കരൻ മാത്രമാണ് മഹാ വീരൻ. ജൈനൻ അഥവ ജനിൻ 'വിജയിച്ചവൻ' ആണ്. കർമ്മ ബാന്ധവങ്ങളെയും പുനർ ജനനത്തെയും വിജയിച്ച് 'കൈവല്യം' അണയുകയാണ് ജൈനമതലക്ഷ്യം. ജൈനമത വേദഗ്രന്ഥങ്ങളിൽ പ്രധാനം പൂർവ്വ, അംഗ, ഉപാംഗ പേരുകളിലറിയപ്പെടുന്നവയാണ്. ജൈനമതത്തിന് ശ്വേതംബരർ എന്നും ദിഗംബരർ എന്നും രണ്ട് വിഭാഗങ്ങളുണ്ട്.

g) **ബുദ്ധമതം:** ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചുവെന്ന് വിശ്വസിക്കപ്പെടുന്ന ഗൗതമബുദ്ധന്റെ സ്വാധീനത്തിൽ വളർന്ന പ്രസ്ഥാനമാണ് ബുദ്ധമതം. ഔദ്യോഗിക വീക്ഷണ പ്രകാരം ബുദ്ധമതവും സനാതനമാണ്. 'ബുദ്ധൻ' എന്നാൽ 'ബോധി' അഥവാ 'ജ്ഞാനം പ്രാപിച്ചവൻ' എന്നാണ്. തൃഷ്ണ അഥവാ ആസക്തിയെ അതിജീവിച്ച് നിർവാണം അടയുവാനുള്ള ജ്ഞാനമാണ്, ബുദ്ധമതത്തിലെ നാല് ശ്രേഷ്ഠ സത്യങ്ങൾ നൽകുന്നത്. അവയെ വിശദമാക്കുന്ന മതഗ്രന്ഥങ്ങളാണ് ത്രിപീഠക എന്ന് അറിയപ്പെടുന്നത്. ബുദ്ധമതം ഇന്ത്യയിൽ ആരംഭിച്ചുവെങ്കിലും ഇന്ത്യയ്ക്ക് വെളിയിൽ അത് വ്യാപിച്ച് ശക്തി പ്രാപിച്ചു. ബുദ്ധമതത്തിനും രണ്ട് പ്രധാന വിഭാഗങ്ങളുണ്ട്: ഹീനയാന, മഹായാന. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും പൊതു പ്രത്യേകത അവ പുരാതന ബ്രാമണ്യ ഹിന്ദു മതത്തെ അനാചാരങ്ങളിൽ നിന്ന് പരിഷ്കരിക്കുവാൻ ഉളവായതാണെന്നാണ്. അതുകൊണ്ട് തന്നെ ഈശ്വര സങ്കൽപ്പമോ, ആത്മ സങ്കൽപ്പമോ ഇല്ലാത്ത മതപ്രസ്ഥാനങ്ങളായി രണ്ടും ശ്രദ്ധിക്കപ്പെടുന്നു.

h) **സിക്കുമതം:** ഇന്ത്യയിൽ ആരംഭിച്ച മതങ്ങളിൽ ഏറ്റവും അവസാനത്തേതാണ് സിക്കുമതം. എ.ഡി. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച മതപരിഷ്കർത്താവായിരുന്ന ഗുരുനാനാക്കിന്റെ (1469-1539) അനുയായികളാണ് സിക്കുകാർ. ഗുരുനാനാക്കിന്റെയും പിൽക്കാല ഗുരുക്കന്മാരുടെയും ഉപദേശങ്ങൾ ചേർത്ത ഗുരുഗ്രന്ഥസാഹിബ് സിക്കുമതത്തിന്റെ മതഗ്രന്ഥമാണ്. ഏകദൈവ വിശ്വാസവും, വിശ്വസാഹോദര്യവും ഉയർത്തിപ്പറയുന്ന സിക്കുമതത്തിന്റെ കേന്ദ്രസ്ഥാനമാണ് അമൃത്സറിലെ സുവർണ്ണ ക്ഷേത്രം. ഇന്ത്യയിൽ ജനസംഖ്യയിൽ നാലാം സ്ഥാനമാണ് സിക്കുമതത്തിന്.

i) **കൺഫ്യൂഷ്യ മതം:** ചൈനയിൽ ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചുവെന്ന് വിശ്വസിക്കപ്പെടുന്ന താത്വികാചാര്യനാണ് കൺഫൂഷ്യസ്. അന്ന് അദ്ദേഹത്തെ ഒരു ദിവ്യപുരുഷനായും നേതാവായും കണ്ട് അനേകം അനുയായികൾ ഉണ്ടായി. ആ പ്രസ്ഥാനം ഒരു മതപ്രസ്ഥാനമായി അറിയപ്പെട്ടു. ധാർമ്മിക പ്രമാണങ്ങളിലും ക്ഷേമരാഷ്ട്ര സങ്കല്പത്തിലും ആയിരുന്നു കൺഫ്യൂഷസിന്റെ ഊന്നൽ. കൺഫ്യൂഷ്യൻ ക്ലാസിക്കുകൾ എന്ന് അദ്ദേഹത്തിന്റെ ഉപദേശസംഹിതകൾ വിളിക്കപ്പെട്ടു. പിൽക്കാല കമ്മ്യൂണിസ്റ്റ് ചൈനയിൽ ഈ പ്രസ്ഥാനം നിരോധിക്കപ്പെട്ടതിനാൽ ചൈനയിൽ ഇന്ന് ഒരു ഔപചാരിക മതമല്ല കൺഫ്യൂഷനിസം. പക്ഷേ ചൈനീസ് സംസ്കാരത്തെയും ജനജീവിതത്തെയും എന്നും ഭരിക്കുന്ന ആശയങ്ങളായി കൺഫ്യൂഷ്യനിസം സജീവമാണ്.

j) **താവോ മതം:** 'താവോ' എന്ന ചൈനീസ് പദത്തിന്റെ സൂചന പ്രപഞ്ചത്തെയും ജീവിതത്തെയും നിയന്ത്രിക്കുന്ന തത്വം എന്നാണ്. ബി. സി. ആറാം നൂറ്റാണ്ടിൽ ചൈനയിൽ ജീവിച്ച ലാവോട്ട്സെ എന്ന ഗുരുവിന്റെ അനുയായികളാണ് താവോ മതപ്രസ്ഥാനമായി വളർത്തിയത്. താവൊ, തെ, ചിങ്ങ് എന്നീ മൂന്ന് പദങ്ങളിലൂന്നിയ ധാർമ്മിക പ്രമാണങ്ങളാണ് താവോയിസത്തിൽ ഉള്ളത്. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് ചൈനയിൽ കൺഫൂഷ്യനിസത്തിന്റെ അനുഭവവും തുടർച്ചയും താവോയിസത്തിനും ഉണ്ടായി.

k) **ഷിന്റോ മതം:** ജപ്പാന്റെ ഔദ്യോഗിക മതമാണ് ഷിന്റോ മതം. 'ഷെന്റാവോ' എന്ന ചൈനീസ് പദമാണ് ഷിന്റൊ മത പ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടത്. പ്രസ്തുത പദത്തിന്റെ അർത്ഥം 'ദൈവങ്ങളുടെ മാർഗ്ഗം' എന്നാണ്. ദൈവിക ആത്മാക്കളുടെ ആരാധനയാണ് ഷിന്റോ മതത്തിന്റെ പ്രധാന ആചാരം. ദൈവിക ആത്മാക്കളെ 'കാമി' എന്ന് ജപ്പാനിൽ വിളിക്കുന്നു. ഷിന്റോ മതത്തിന്റെ ഗ്രന്ഥങ്ങളെ കാജികി എന്നും, നിഹോംകി എന്നും വിളിക്കുന്നു. സൂര്യദേവതയിൽ നിന്നുത്ഭവിച്ച ആത്മാക്കളുടെ പിന്തുടർച്ചയിലാണ് ജപ്പാനിലെ രാജവംശം എന്നുള്ളതിനാൽ ഷിന്റോമതം ജപ്പാന്റെ രാജകീയമതമായി കരുതപ്പെടുന്നു.

## മതബഹുലതയും ക്രൈസ്തവവിശ്വാസവും

ദൈവം ഒന്നേയുള്ളു. ആ ദൈവം എല്ലാവരുടെയും ദൈവം ആണ് (റോമർ 3:29). എല്ലാവരുടെയും നന്മയും രക്ഷയും ആ ദൈവം ആഗ്രഹിക്കുന്നു. രക്ഷയുടെ മുഖാന്തിരം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലൂടെയുള്ള രക്ഷാനുഭവത്തിലേക്ക് എല്ലാവരും എത്തുവാൻ ദൈവം കാത്തിരിക്കുന്നു. അതിനായി ക്രിസ്തു ശിഷ്യർക്ക് ഏൽപ്പിച്ചിരിക്കുന്ന ചുമതലയാണ് സുവിശേഷഘോഷണം. പക്ഷേ അത് നിർവ്വഹിക്കുന്നത് ക്ഷമയോടും സ്നേഹത്തോടും താഴ്മയോടും ത്യാഗമനോഭാവത്തോടും ആയിരിക്കണം. ഇവിടെയാണ് മതസൗഹാർദ്ദത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും ആവശ്യം. ഭയപ്പെടുത്തുകയോ, വിധികൽപ്പിക്കുകയോ ചെയ്യുകയല്ല, മറ്റുള്ളവരിലും നന്മയുണ്ടെന്നും അവരിലും ദൈവം പ്രവർത്തിക്കും എന്നും ഉള്ള ധാരണയോടെ ക്രൈസ്തവ വിശ്വാസ ത്തിൽ ആഴമുള്ളവരായി ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ ശ്രമിക്കയത്രേ വേണ്ടത്. പ്രസ്തുത സാക്ഷ്യത്തിന് അനുപേക്ഷണീയമായ ഒരു സമീപനമാണ് അപ്പോസ്തോല പ്രവൃത്തികൾ 10:34-35. "ദൈവത്തിന് മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു."

### ചോദ്യങ്ങൾ

1. ആഗോളവത്ക്കരണവും മതങ്ങളെക്കുറിച്ചുള്ള പഠനവും എങ്ങനെയാണ് ബന്ധപ്പെട്ടി രിക്കുന്നത്?
2. പൗരാണികമതങ്ങൾ എന്നാൽ എന്ത്? അവയുടെ പൊതു സ്വഭാവം എന്ത്?
3. പാശ്ചാത്യമതങ്ങൾ എന്നാൽ എന്ത്? അവയുടെ പൊതു സ്വഭാവം എന്ത്?
4. പൗരസ്ത്യമതങ്ങൾ എന്നാൽ എന്ത്? അവയുടെ പൊതുസ്വഭാവം എന്ത്?
5. ലോകത്തിൽ അറിയപ്പെടുന്ന വികസിത മതങ്ങളെക്കുറിച്ച് ഉപന്യസിക്കുക?
6. സുവിശേഷ ദൗത്യം വിസ്മരിക്കാത്ത ഒരു മതസമീപനത്തെക്കുറിച്ച് ലഘുവായി പ്രതിപാദിക്കുക.
7. ഭാരതത്തിലെ മതബഹുലതയോട് സഭയുടെ പ്രതികരണം എന്തായിരിക്കണം?

അദ്ധ്യായം രണ്ട്

# വിവിധ ക്രിസ്തീയ വിഭാഗങ്ങൾ

## യേശുക്രിസ്തുവും സഭയും

സഭയെ സ്ഥാപിക്കും എന്ന് യേശുക്രിസ്തു വ്യക്തമായി പറഞ്ഞിരുന്നു (വി. മത്തായി 16:18). ആ സഭയുടെ സുപ്രധാനമായ ശക്തീകരണമാണ് പെന്തിക്കോസ്തി പെരുന്നാളിൽ യരുശലേമിൽ നടന്നത് (അപ്പോ. പ്ര. 2). കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (അപ്പോ. പ്ര. 2:47). ഇങ്ങനെ ആരംഭിച്ച സഭ, ദൈവരാജ്യത്തിന്റെ ഭൂമിയിലെ പ്രകാശനമാണ്. അതിന് യേശുക്രിസ്തുവിനോട് ആന്തരികമായ ഒരു പ്രത്യേക ഐക്യമാണുള്ളത്. ഈ ഐക്യത്തെ സൂചിപ്പിക്കുന്ന വിശേഷണങ്ങളാണ്, 'സഭ ക്രിസ്തുവിന്റെ ശരീര'മാണെന്നും, 'ക്രിസ്തുവിന്റെ മണവാട്ടി'യാണെന്നും ഉള്ള പരാമർശം. ഒരു കാര്യം സത്യം. യേശുക്രിസ്തു സ്ഥാപിച്ച സഭ ഏകമാണ്.

## ഒരു സഭയും വിവിധ സഭാവിഭാഗങ്ങളും

യേശുക്രിസ്തുവിന്റെ ശരീരമായ ഏക സഭയ്ക്ക് പ്രാദേശികമായി ഉണ്ടായ സഭാ സമൂഹങ്ങൾ തമ്മിൽ വിശ്വാസപരമായ ഐക്യം സൂക്ഷിക്കാൻ മാനുഷികമായ ബലഹീനതകൾ നിമിത്തം പിൽക്കാലത്ത് കഴിഞ്ഞില്ല. അതുമൂലം സഭയിൽ വിഭജനങ്ങൾ ഉണ്ടായി. ഇങ്ങനെ വിവിധ സഭാവിഭാഗങ്ങൾ നിലവിൽ വന്നു. സഭയുടെ വിഭജനം മനുഷ്യന്റെ പാപത്തിന്റെ ഫലവും ദൈവഹിതത്തിന് വിരുദ്ധവും ആണ്. പക്ഷേ, വിശ്വാസപരമായി തങ്ങളെടുത്ത നിലപാടുകൾ ശരിയാണെന്ന് ഓരോ സഭാവിഭാഗവും വിശ്വസിക്കുകയും അതിനെ ന്യായീകരിക്കുകയും ചെയ്യുന്നതുകൊണ്ട് വിഭജനം തുടർന്നും സഭയിൽ നിലനിൽക്കുന്നു. ക്രിസ്തുവിന്റെ ഏകസഭയുടെ ഐക്യം പ്രകാശിപ്പിക്കുന്നതിൽ ഈ വിഭജനം തടസ്സമായി നിൽക്കുകയും ചെയ്യുന്നു. എന്നൊക്കെയാണ് പ്രധാന വിഭജനങ്ങൾ ഉണ്ടായതെന്നും, ഏതൊക്കെയാണ് പ്രധാന ക്രിസ്തീയ വിഭാഗങ്ങൾ എന്നും, അവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെന്ന് അറിയുന്നതുമൂലം പരസ്പരം കൂട്ടായ്മയ്ക്കും ഐക്യത്തിനും മാർഗ്ഗങ്ങൾ ആരായുവാനും അതിനുവേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കും.

## ഏകസഭയിലെ വിഭജന ചരിത്രം

അഞ്ചാം നൂറ്റാണ്ടുവരെ ആകമാന ക്രൈസ്തവ സഭ ഏക സഭയായും വിശ്വാസപരമായി ഐക്യമുള്ള പ്രാദേശിക സഭാ സമൂഹങ്ങളായും നിലനിന്നു. എന്നാൽ എ.ഡി. 451ലെ കൽക്കദോന്യ സുന്നഹദോസിൽ വച്ചാണ് വിശ്വാസപരമായ കാരണത്താൽ സഭയിൽ ആദ്യ വിഭജനം ഉണ്ടായത്. യേശുക്രിസ്തുവിൽ ദൈവ, മനുഷ്യ സ്വഭാവങ്ങൾ എങ്ങനെ വർത്തിച്ചുവെന്ന വിഷയത്തിൽ രണ്ട് പ്രബല വീക്ഷണങ്ങൾ തമ്മിൽ സംഘർഷമുണ്ടായി. രണ്ട് വിഭാഗങ്ങളും ഏകസ്വഭാവവാദി (Miaphysitism)കളെന്നും ഇരുസ്വഭാവവാദി (Diaphysitism)കളെന്നും വിളിച്ചു വേർപിരിഞ്ഞു. ഇതിൽ ഇരുസ്വഭാവ വീക്ഷണമാണ് കൽക്കദോന്യ സുന്നഹദോസ് അംഗീകരിച്ചത് എന്നതുകൊണ്ട് മറുഭാഗം പ്രസ്തുത സുന്നഹദോസിനെ തള്ളി.

ഇങ്ങനെ കൽക്കദോന്യ വിരുദ്ധവിഭാഗം അന്നത്തെ അലക്സാന്ത്രിയൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ കൽക്കദോന്യേതര സഭാവിഭാഗമായും മറുവിഭാഗം കുസ്തന്തീനോപോലീസിലെയും റോമിലെയും പാത്രിയർക്കീസന്മാരുടെ റോമിലെ പാത്രിയർക്കീസിന്റെ

നേതൃത്വത്തിൽ കൽക്കദോന്യ വിഭാഗമായും മാറി. കൽക്കദോന്യേതര വിഭാഗം ഇന്നുവരെയും തങ്ങളുടെ വിശ്വാസ നിലപാടിൽ നിലനിന്നുകൊണ്ട്, ഇന്നത്തെ ഓറിയന്റൽ ഓർത്തഡോക്സ് സഭാവിഭാഗമായി അറിയപ്പെടുന്നു. ഈ വിഭാഗത്തിലാണ് അലക്സാന്ത്രിയൻ അഥവ കോപ്റ്റിക് ഓർത്തഡോക്സ് സഭ, അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, അർമീനിയൻ സഭ, മലങ്കര ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭ എന്നിവ.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ദൈവവും മനുഷ്യനുമായ ഏക വ്യക്തിത്വത്തിന്റെ ഐക്യസ്വഭാവം ഈ സഭകൾ ഊന്നി പറയുന്നു. ആദ്യത്തെ മൂന്നു സാർവ്വത്രിക സുന്നഹദോസുകളെ (നിഖ്യ, കുസ്തന്തീനോപോലീസ്, എഫേസൂസ്) മാത്രം ഇവർ അംഗീകരിക്കുന്നു. ഇവർ ഉപയോഗിക്കുന്ന ബൈബിളിൽ 73 പുസ്തകങ്ങൾ ഉൾപ്പെടുന്നു.

**1. കോപ്റ്റിക് സഭ:** ഇതിന് അലക്സാന്ത്രിയൻ സഭയെന്നും, ഇഗുപ്തായ സഭയെന്നും പേരുണ്ട്. കോപ്റ്റിക് വംശികവും ഭാഷാപരവുമായി മുൻതൂക്കം ഉള്ളതുകൊണ്ട് കോപ്റ്റിക് സഭ എന്നു പറയുന്നു. വി. മർക്കോസിന്റെ (സുവിശേഷകൻ) സിംഹാസന പിന്തുടർച്ചയാണ് ഈ സഭയ്ക്കുള്ളത്. ഈജിപ്തിലെ കെയ്റോയിൽ ആസ്ഥാനമുള്ള കോപ്റ്റിക് പാത്രിയർക്കീസിന് പോപ്പ് എന്ന അഭിധാനം ഉണ്ട്. സ്ഥാന നാമം Pope of Alexandria and Patriarch of all Africa on the Holy See of St. Mark the Apostle എന്നാണ്.

**2. അന്ത്യോഖ്യൻ സഭ:** അന്ത്യോഖ്യൻ സഭയുടെ പിന്തുടർച്ചയിൽ ഇന്ന് ചിതറിപ്പാർക്കുന്ന സഭയാണിത്. ഇന്ന് ഭൂമിശാസ്ത്രപരമായ ഒരു ബന്ധം ഈ സഭയ്ക്ക് അന്ത്യോഖ്യയുമായി ഇല്ല. വി. പത്രോസ് ശ്ലീഹായുടെ ശ്ലൈഹിക പിന്തുടർച്ചയുള്ള സഭയുടെ ആസ്ഥാനം സിറിയയിലെ ദമസ്കോസിലാണ്. സഭാ തലവൻ 'അന്ത്യോഖ്യാ പാത്രിയർക്കീസ്' എന്ന് വിളിക്കപ്പെടുന്നു.

**3. എത്യോപ്യൻ സഭ:** ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഏറ്റവും കൂടുതൽ അംഗബലമുള്ള സഭയാണിത്. എത്യോപ്യയിൽ ഒന്നാം നൂറ്റാണ്ടു മുതൽ ക്രിസ്തു ശിഷ്യന്മാർ (ഫിലിപ്പോസ് സ്നാനം നലകിയ എത്യോപ്യൻ ഷണ്ഡൻ മുതലായവർ) ഉണ്ടായിരുന്നെങ്കിലും ഒരു സഭയായിട്ടുള്ള ചരിത്രം തുടങ്ങുന്നത് നാലാം നൂറ്റാണ്ട് മുതലാണ്. നാലാം നൂറ്റാണ്ടിൽ എത്യോപ്യയിൽ സുവിശേഷം അറിയിച്ച ഫ്രൂമെൻഷ്യസിന്റെയും അഞ്ചാം നൂറ്റാണ്ടിൽ എത്യോപ്യയിൽ എത്തിയ ഒമ്പതു സിറിയൻ സന്യാസികളുടെയും വിശുദ്ധ പാരമ്പര്യം എത്യോപ്യൻ സഭയ്ക്കുണ്ട്. ദീർഘകാലം കോപ്റ്റിക് സഭയുടെ ആത്മീയ മേൽവിചാരകത്വം എത്യോപ്യൻ സഭയ്ക്കുണ്ടായിട്ടുണ്ട്. സഭയുടെ തലവൻ 'പാത്രിയർക്കീസ്' എന്ന് വിളിക്കപ്പെടുന്നു. സഭാ ആസ്ഥാനം ആഡിസ് അബാബയിലാണ്.

**4. അർമ്മീനിയൻ സഭ:** നാലാം നൂറ്റാണ്ടിൽ രാജാവടക്കം ഒരു രാജ്യം മുഴുവൻ ക്രിസ്ത്യാനികളായ ചരിത്രമാണ് അർമ്മീനിയൻ സഭയ്ക്കുള്ളത്. അത്ഭുതപ്രവർത്തകനും പ്രകാശവാഹിയുമായ ഗ്രിഗറിയിൽനിന്നാണ് അർമ്മീനിയ സുവിശേഷ വെളിച്ചം പ്രാപിച്ചത്. റഷ്യയുടെ ഭാഗമായിരുന്ന അർമ്മീനിയ, ലെബാനോൻ എന്നിവിടങ്ങളിൽ ജനങ്ങളും സഭാ ആസ്ഥാനങ്ങളും ഉണ്ട്. പ്രധാന ആസ്ഥാനം അർമ്മീനിയയിലെ എച്ച്മിയാഡ്സിൻ ആണ്. അവിടുത്തെ കാതോലിക്കായെ സുപ്രീം കാതോലിക്കായെന്നും, ലെബനോനിലെ പ്രാദേശിക സഭാ തലവനെ സിലിഷ്യൻ കാതോലിക്കായെന്നും വിളിക്കുന്നു. സുപ്രീം കാതോലിക്കായ്ക്ക് സിലീഷ്യായിലെ സഭയ്ക്ക് മേൽ എല്ലാ ആത്മീയ അധികാരവുമുണ്ട്. 1915 ലെ തുർക്കി വംശഹത്യയിൽ അർമേനിയൻ സഭ ഏറെ പീഡയേറ്റു.

**5. മലങ്കര ഓർത്തഡോക്സ് സഭ:** മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പൗരോഹിത്യ പിന്തുടർച്ചയിൽ ഒന്നാം നൂറ്റാണ്ട് മുതൽ ഇന്ത്യയിൽ നിലനിൽക്കുന്ന നമ്മുടെ സഭയെക്കുറിച്ച് സഭാചരിത്രഭാഗത്ത് പഠിക്കുന്നതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. സഭാതലവൻ

'കാതോലിക്കായും മലങ്കര മെത്രാപ്പോലീത്താ'യും എന്നറിയപ്പെടുന്നു. സഭയുടെ ആസ്ഥാനം കേരളത്തിൽ കോട്ടയത്ത് ദേവലോകം ആണ്.

**6. എറിത്രിയൻ സഭ:** എത്യോപ്യയിൽനിന്നും സ്വതന്ത്രമായ എറിത്രിയയിലെ സഭയാണിത്. സ്വതന്ത്രസഭയെന്ന നിലയിൽ ഈ സഭ ചില പരീക്ഷണങ്ങളിൽക്കൂടി കടന്നുപോകുന്നു. (രാഷ്ട്രീയ സാഹചര്യങ്ങൾ നിമിത്തം) സഭാ തലവൻ 'പാത്രിയർക്കീസ്' എന്നറിയപ്പെടുന്നു. എറിത്രിയായിലെ അസ്മാരയിലാണ് സഭയുടെ ആസ്ഥാനം.

## കിഴക്കൻ ഓർത്തഡോക്സ് സഭകൾ (Byzantine Orthodox Churches)

കൽക്കദോന്യ വിഭാഗം ഐക്യത്തോടെ പതിനൊന്നാം നൂറ്റാണ്ടുവരെ തുടർന്നു. എന്നാൽ പതിനൊന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിന്റെ പുറപ്പാട് എന്ന വിഷയത്തിൽ അവരുടെയിടയിൽ വിശ്വാസവ്യത്യാസം ഉണ്ടായി. പരിശുദ്ധാത്മാവ് പിതാവിൽനിന്നും 'പുത്രനിൽ നിന്നും' (ഫിലെയോക്കെ) പുറപ്പെടുന്നുവെന്നു നിഖ്യാവിശ്വാസ പ്രമാണത്തിൽ മാറ്റിച്ചൊല്ലുവാൻ റോമിലെ പാത്രിയർക്കീസ് നിർദ്ദേശിച്ചപ്പോൾ അതിനോട് കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം വിയോജിച്ചു. അവരെടുത്ത നിലപാട് പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുറപ്പെടുന്നു എന്ന നിഖ്യാവിശ്വാസ പ്രമാണത്തിലെ പദപ്രയോഗത്തെ അതേപടി പരിരക്ഷിക്കുന്നതായിരുന്നു. ഇങ്ങനെ ഫിലെയോക്കെ വിരുദ്ധ നിലപാടെടുത്തവർ ഇന്നുവരെയും തങ്ങളുടെ വിശ്വാസ നിലപാടിൽ നിന്നുകൊണ്ട് ഇന്നത്തെ ഈസ്റ്റേൺ ഓർത്തഡോക്സ് സഭാ വിഭാഗമായി അറിയപ്പെടുന്നു. ഈ വിഭാഗത്തിന് ബൈസന്റയിൻ ഓർത്തഡോക്സ് സഭകളെന്നും ഗ്രീക്ക് ഓർത്തഡോക്സ് സഭകളെന്നും പരിമിതമായ ഒരർത്ഥത്തിൽ പേരുണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിലെ ദൈവ മനുഷ്യ സ്വഭാവങ്ങളുടെ വ്യത്യസ്തത ഇവർ ഊന്നിപറയുന്നു. ആദ്യത്തെ മൂന്ന് സുന്നഹദോസുകളും കൽക്കദോനും ഉൾപ്പെടെ ഏഴ് സാർവ്വത്രിക സുന്നഹദോസുകൾ അംഗീകരിക്കുന്നു. ഈ ഗണത്തിൽ പ്രധാനമായും താഴെപറയുന്ന സഭകൾ ഉൾപ്പെടുന്നു.

| **ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ** | | |
|---|---|---|
| **ഓർത്തഡോക്സ് സഭ** | **തലവന്റെ സ്ഥാന നാമം** | **സഭാ ആസ്ഥാനം** |
| കുസ്തന്തീനോപ്പോലീസ് | എക്യുമെനിക്കൽ പാത്രിയർക്കീസ് | ഇസ്റ്റാംബൂൾ, തുർക്കി |
| അലക്സാന്ത്രിയയിലെ (ബൈസാന്റയിൻ) സഭ | അലക്സാന്ത്രിയൻ പാത്രിയർക്കീസ് | അലക്സാന്ത്രിയൻ, ഈജിപ്ത് |
| അന്ത്യോഖ്യയിലെ (ബൈസാന്റയിൻ) സഭ | അന്ത്യോഖ്യാ പാത്രിയർക്കീസ് | ദമസ്കോസ്, സിറിയ |
| യരുശലേമിലെ (ബൈസാന്റയിൻ) സഭ | യെരുശലേം പാത്രിയർക്കീസ് | യരുശലേം, ഇസ്രയേൽ |
| റഷ്യൻ | റഷ്യൻ പാത്രിയർക്കീസ് | മോസ്കോ, റഷ്യ |
| സെർബിയൻ | സെർബിയൻ പാത്രിയർക്കീസ് | ബെൽഗ്രേഡ്, സെർബിയ |
| റുമേനിയൻ | റുമേനിയൻ പാത്രിയർക്കീസ് | ബുക്കാറസ്റ്റ്, റുമേനിയ |
| സൈപ്രസ് | സൈപ്രസ് ആർച്ച് ബിഷപ്പ് | നിക്കോഷ്യ, സൈപ്രസ് |
| ഗ്രീക്ക് | ഗ്രീക്ക് ആർച്ച് ബിഷപ്പ് | ആതൻസ്, ഗ്രീസ് |
| ബൾഗാറിയൻ | ബുൾഗാറിയൻ പാത്രിയർക്കീസ് | സോഫിയ, ബുൾഗാറിയ |

| | | |
|---|---|---|
| പോളിഷ് | പോളണ്ടിന്റെ മെത്രാപ്പോലീത്താ | വാർസോ, പോളണ്ട് |
| ജോർജിയൻ | ജോർജിയൻ പാത്രിയർക്കീസ് | തബ്ലിസി, ജോർജിയ |
| ചെക്ക് | ചെക്കോസ്ലാവാക്കിയയുടെ മെത്രാപ്പോലീത്താ | പ്രാഗ്, ചെക്കോസ്ലാവാക്കിയ |
| ഫിൻലന്റ് | ഫിൻലന്റിലെ ആർച്ച് ബിഷപ്പ് | കുഒപിയൊ, ഫിൻലന്റ് |
| അമേരിക്കൻ ഓർത്തഡോക്സ് സഭ | മെത്രോപ്പോലീത്തൻ ആർച്ച് ബിഷപ്പ് | ന്യൂയോർക്ക്, അമേരിക്ക |
| ജാപ്പനീസ് | മെത്രാപ്പോലീത്താ | ടോക്യോ, ജപ്പാൻ |

## റോമൻ കത്തോലിക്കാ സഭ

പതിനൊന്നാം നൂറ്റാണ്ടിലെ സഭാ വിഭജനത്തിനുശേഷം, റോമൻ പാത്രിയർക്കീസ് പാപ്പായുടെ നേതൃത്വത്തിൽ നിലനിന്ന സഭാവിഭാഗം റോമൻ കത്തോലിക്കാ സഭ ആയി അറിയപ്പെടുന്നു. ഈ സഭാ വിഭാഗത്തിൽ ഒരു ആഗോള സഭയെന്ന വിധത്തിൽ റോമിലെ പാപ്പായുടെ കീഴിൽ തദ്ദേശീയ ആരാധനാ സ്വാതന്ത്ര്യത്തോടെയുള്ള സഭാ ഭരണ സംവിധാനങ്ങളുണ്ട്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിലെ ദൈവ മനുഷ്യ സ്വഭാവങ്ങളുടെ വ്യത്യസ്തത ഊന്നിപറയുന്നു. ആദ്യത്തെ ഏഴു സുന്നഹദോസുകൾ ഉൾപ്പെടെ ഇരുപത്തിയൊന്ന് സാർവ്വത്രിക സുന്നഹദോസുകൾ അംഗീകരിക്കുന്നു. ഫിലെയോക്കെ അംഗീകരിക്കുന്നു (നിഖ്യാവിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവ് പുത്രനിൽനിന്നും പുറപ്പെടുന്നു എന്ന് ചേർക്കുന്നത്). കന്യകമറിയാമിനെ 'അമലോത്ഭവ' എന്ന് പഠിപ്പിക്കുന്നു. ആകമാന സഭയുടെ ഏക തലവനും പത്രോസിന്റെ പിൻഗാമിയുമായി റോമാ പാപ്പയ്ക്ക് അപ്രമാദിത്തം കല്പിക്കുന്നു. വൈദിക ബ്രഹ്മചര്യം നിർബന്ധമാണ്. വി. കുർബ്ബാനയിലെ വസ്തുമാറ്റ സിദ്ധാന്തം അംഗീകരിക്കുന്നു. ബൈബിളിന് എഴുപത്തിമൂന്ന് പുസ്തകങ്ങൾ ഉൾപ്പെടുന്നു.

റോമിലെ പോപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു എങ്കിലും ആരാധന, ഭാഷ, ഭരണ സംവിധാനം എന്നിവയിൽ റീത്ത് സഭകൾക്ക് (Catholic Uniate Rites) സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സീറോ മലബാർ റീത്തും സീറോ മലങ്കര റീത്തും ഇതിന് ഉദാഹരണങ്ങളാണ്. റോമൻ കത്തോലിക്കാ സഭയിൽ ഉൾപ്പെടുന്ന റീത്ത് സഭകളെ കർദ്ദിനാൾ, ആർച്ച് ബിഷപ്പ്, മെത്രാപ്പോലീത്താ എന്നീ സ്ഥാനികൾ നയിക്കുന്നു. അവർക്ക് റീത്തിൽ ഉൾപ്പെടുന്ന ബിഷപ്പുമാർ, വൈദികർ, സന്ന്യാസിനികൾ, വിശ്വാസികൾ എന്നിവർക്കുമേൽ ഭരണാധികാരം നൽകിയിട്ടുണ്ട്. റോമിൽ സ്ഥിതി ചെയ്യുന്ന പൗരസ്ത്യ സഭകളുടെ സംഘമാണ് (Congregation for the Oriental Churches) റീത്തുകളുടെ സംഗമവേദി.

## പ്രൊട്ടസ്റ്റന്റ് സഭകൾ

പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗത്തിൽ പതിനാറാം നൂറ്റാണ്ടോടെ മറ്റൊരു വിഭജനം നടന്നതിനെയാണ് പ്രൊട്ടസ്റ്റന്റ് നവീകരണം എന്ന് പറയുന്നത്. കത്തോലിക്കാസഭയിലെ വൈദികനായിരുന്ന മാർട്ടിൻ ലൂഥർ സഭയിലെ അനാചാരങ്ങൾക്കെതിരെ എതിർപ്പുപ്രകടിപ്പിച്ചപ്പോൾ അതിനെ പിന്തുണയ്ക്കാൻ അനേകം പേരുണ്ടായി. അങ്ങനെയാണ് പ്രൊട്ടസ്റ്റന്റ് സഭകൾ ഉണ്ടായത്. പിൽക്കാലത്ത് പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിൽ തന്നെ അനേകം വിഭജനങ്ങൾ ഉണ്ടായതുമൂലം, നൂറുകണക്കിന് നവീകരണസഭകളോ സമൂഹങ്ങളോ ഇന്നുണ്ട്. ചില പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളെ സഭകൾ എന്ന രീതിയിൽ കാണുവാൻ സാധിക്കാത്തതിനാൽ സെക്ടേറിയൻ വിഭാഗങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്.

ക്രിസ്തുശാസ്ത്രപരമായി കൽക്കദൊന്യനിലപാട് (മനുഷ്യാവതാരം ചെയ്ത ദൈവ പുത്രനിലെ ദൈവമനുഷ്യസ്വഭാവങ്ങളുടെ വ്യത്യസ്തത ഊന്നിപ്പറയുന്നു) പിന്തുടരുന്നു. അറുപത്താറു പുസ്തകങ്ങളുള്ള ബൈബിളിന്റെ ആക്ഷരിക ആത്മനിശ്വസിതാധികാരം ഊന്നിപറയന്നു. വി. കുർബ്ബാനയെ ബലിയായി സ്വീകരിക്കുന്നില്ല. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും, വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും രഹസ്യകുമ്പസാരവും അംഗീകരിക്കുന്നില്ല. സി.എസ്.ഐ. സഭയും മാർത്തോമ്മാ സഭയും ഈ വിഭാഗത്തിൽപ്പെടുന്നു. മലങ്കരസഭയിൽ ആംഗ്ലിക്കൻ മിഷണറിമാർ പഠിപ്പിച്ച പ്രൊട്ടസ്റ്റന്റ് വിശ്വാസത്തെ അംഗീകരിച്ച് മാറിയവരാണ് സി.എസ്.ഐ. സഭ. സി.എം.എസ്. മിഷണറിമാരുടെ സ്വാധീനത്താൽ പ്രൊട്ടസ്റ്റന്റ് നവീകരണാശയങ്ങളോട് താത്പര്യമുണ്ടായ ചിലരുടെ താത്പര്യ പ്രകാരം പിന്നീട് ഓർത്തഡോക്സ് സഭയിൽനിന്നും വേർപെട്ടുപോയ ഒരു സഭാവിഭാഗമാണ് മാർത്തോമ്മാസഭ.

ചുരുക്കത്തിൽ ക്രൈസ്തവ ചരിത്രത്തിൽ യഥാക്രമം അഞ്ചാം നൂറ്റാണ്ട്, പതിനൊന്നാം നൂറ്റാണ്ട്, പതിനാറാം നൂറ്റാണ്ട് എന്നീ കാലഘട്ടങ്ങളിലായിട്ട് മൂന്ന് പ്രധാന വിഭജനങ്ങളുണ്ടായിട്ടുണ്ട്.

### **നവീകരണ സഭകൾ** (Reformed Churches)

പതിനാറാം നൂറ്റാണ്ടിൽ ജർമനിയിലും സ്വിറ്റ്സർലന്റിലും ഉണ്ടായ പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ഫലമായി ഉണ്ടായവയാണ് നവീകരണ സഭകൾ. സ്വിറ്റ്സർലന്റിൽ ഉൾറിച്ച് സ്വിംഗ്ലീയും ഡ്രാറ്റ്സ്ബർഗിൽ മാർട്ടിൻ ബൂസറും ജനീവായിൽ ജോണ് കാൽവിനും ഇതിന് നേതൃത്വം നൽകി. ഈ സഭകൾ പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രബലമായി. ബ്രിട്ടനിലെ സഭകളെ പ്രിസ്ബിറ്റേറിയൻ എന്നും അയർലന്റിലേത് കോൺഗ്രിഗേഷണൽ എന്നും അറിയപ്പെടുന്നു. സന്ദർഭോചിത തിരുവചന വ്യാഖ്യാനത്തിനും വിശ്വാസപ്രഖ്യാപനങ്ങളുടെ വൈവിധ്യത്തിനും ഇവർ പ്രാധാന്യം നൽകുന്നു. ആരാധനയിലും ഗീതങ്ങളിലും വൈവിധ്യത്തിന് ഇവർ അവസരമേകി.

ഇവാഞ്ചലിക്കൽ പശ്ചാത്തലമുള്ള ഇതര സഭകൾ ലാറ്റിൻ അമേരിക്കയിലും ആഫ്രിക്കയിലും വളരുന്നുണ്ട്. WCC യുടെ ആദ്യ രണ്ട് ജനറൽ സെക്രട്ടറിമാർ ഈ സഭാവിഭാഗത്തിൽനിന്നും വന്നവരാണ്; നെതർലാന്റ് റിഫോംസ് ചർച്ചിലെ വില്യം എം. വിസർട്ട് ഹൂഫ്റ്റ് (1948-66), അമേരിക്കയിലെ യുണൈറ്റഡ് പ്രിസ്ബിലൂറിയൻ സഭയിലെ യൂജിൻ സി. ബ്ലേക്ക് (1966-72) എന്നിവർ. ഈ നവീകരണസഭകൾ തമ്മിലുള്ള ബന്ധം ഉറപ്പിക്കുവാൻ വേൾഡ് റിഫോംസ് കമ്യൂണിയൻ (WRC) പ്രവർത്തിക്കുന്നു. ബിസന്റൺ ഓർത്തഡോക്സ്-റിഫോംസ് സഭകൾ തമ്മിലുള്ള വേദശാസ്ത്ര സംവാദങ്ങൾ രണ്ട് പൊതു പ്രസ്താവനകൾക്ക് കാരണമായിട്ടുണ്ട്. പരിശുദ്ധ ത്രിത്വം (1993), ക്രിസ്തുശാസ്ത്രം (1994) എന്നിവയായിരുന്നു വിഷയങ്ങൾ. 1992 മുതൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായി ആരംഭിച്ച ചർച്ചകൾ പരസ്പര സഹകരണത്തിനും അവബോധത്തിനും ഇടയാക്കി.

### **പെന്തക്കോസ്തുകാർ**

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹോളിനസ്, ഇവാൻജലിക്കൽ പ്രസ്ഥാനങ്ങളുടെ ഭാഗമായി രൂപപ്പെട്ടതാണ് പെന്തക്കോസ്തു പ്രസ്ഥാനം. പരിശുദ്ധാത്മാവിന്റെ വ്യക്തിഗത അനുഭവത്തിന് ഇവർ പ്രാധാന്യം നൽകുന്നു. ലോസ് ആഞ്ചലസിൽ 1906 ൽ നടന്ന അസൂസാ തെരുവ് റിവൈവലാണ് ഈ പ്രസ്ഥാനത്തിന്റെ ആരംഭമായി കണക്കാക്കുന്നത്. ഇതിന്റെ ഉപജ്ഞാതാവ് കറുത്ത വംശജനായ അടിമയുടെ മകനായ വില്യം സൈമൂറായിരുന്നു (1870-1922). ആദിമ സഭ അനുഭവിച്ച അതേ ആത്മീയ ദാനങ്ങൾ ഈ തലമുറയിലും അനുഭവിക്കാൻ കഴിയും എന്ന് ഇവർ ധരിക്കുന്നു. പരിശുദ്ധആത്മാവിലുള്ള

സ്നാനത്തിന്റെ പ്രത്യക്ഷ അടയാളമാണ് അന്യഭാഷ (Speaking in Tongue). ഇത് ഈ പ്രസ്ഥാനത്തിന്റെ പൂർണ്ണ അംഗമാകുന്നതിന് ആവശ്യമാണ്. പരമ്പരാഗതമായ ആരാധനയോടും ക്രമങ്ങളോടും ഇവർ അകലം പാലിക്കുന്നു. അനേകം സാമൂഹിക പ്രവർത്തന മേഖലകളിൽ അംഗങ്ങൾ പങ്കെടുക്കുന്നത് നിരോധിച്ചിട്ടുണ്ട്.

### കരിസ്മാറ്റിക് സഭകൾ

ഒരു പാസ്റ്ററിന്റെയോ സ്ഥാപകന്റെയോ മികവിൽ ആശ്രയിച്ച് മുന്നോട്ടുപോകുന്ന പുതുസഭകളാണിവ. 1970 കളിൽ അമേരിക്കയിലാണ് ഇവയിൽ ഭൂരിപക്ഷവും ആരംഭിച്ചത്. സമകാലിക സംസ്കാരത്തിനും യുവാക്കളുടെ ആവശ്യത്തിനും അനുയോജ്യമായ വിധത്തിൽ ആരാധന, ആചരണങ്ങൾ, പ്രസംഗം എന്നിവ രൂപപ്പെടുത്തും. ആതമീയ അന്വേഷകന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായാണ് ആരാധന രൂപപ്പെടുത്തുന്നത്. ഇവരെ ഇവാഞ്ചലിക്കൽ പെന്തക്കോസ്തുകാർ എന്ന വിഭാഗത്തിൽ പെടുത്താം. സാമ്പത്തികവും ആത്മീയവുമായ അനുഗ്രഹം, പൂർണ്ണത എന്നിവയെ ആസ്പദമാക്കി 'സമൃദ്ധിയുടെ സുവിശേഷം' (Prosperity Gospel) ഇവർ പങ്കുവയ്ക്കുന്നു. ആധുനിക ബിസിനസ്-വിപണന തന്ത്രങ്ങൾ സംയോജിപ്പിച്ച് സഭയുടെ വളർച്ച, വികാസം, പ്രവർത്തനങ്ങൾ എന്നിവ ക്രമീകരിക്കുന്നു.

## കേരളത്തിലെ സഭകൾ

### കൽദായ സഭ

പൗരാണിക സാംസ്കാരിക കേന്ദ്രമായിരുന്ന സുമേറിയൻ പ്രദേശത്ത് മുളച്ച് വളർന്നതാണ് കൽദായസഭ. മാർത്തോമ്മാ ശ്ലീഹായുടെ ശിഷ്യനായിരുന്ന ആദായിയാണ് കൽദയരുടെയിടയിൽ സുവിശേഷം അറിയിച്ചതെന്നാണ് പാരമ്പര്യം. പേർഷ്യൻ കാതോലിക്കാ നെസ്തോറിന്റെ വിശ്വാസം സ്വീകരിച്ചതോടെ ഈ സഭ നെസ്തോറിയൻ സഭ എന്ന് അറിയപ്പെട്ടിരുന്നു. ഇന്ത്യയിൽ ഈ സഭയുടെ ആസ്ഥാനം തൃശൂർ ആണ്.

### തൊഴിയൂർ സഭ (മലബാർ സ്വതന്ത്രസുറിയാനി സഭ)

യെരുശലേമിലെ മാർ കൂറിലോസ് മലങ്കരയിൽവെച്ച് അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്ന കാട്ടുമങ്ങാട്ട് എബ്രഹാം റമ്പാനെ മലങ്കരസഭയുടെ അറിവോ അനുവാദമോ കൂടാതെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി. ഇത് സംബന്ധിച്ച് ഉണ്ടായ വ്യവഹാരത്തെത്തുടർന്നു കോടതിവിധി അനുസരിച്ച് തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങളിൽനിന്ന് മാറി ബ്രിട്ടീഷ് മലബാറിന്റെ പ്രദേശമായ തൊഴിയൂരിലേക്ക് മാർ കൂറിലോസ് താമസമാക്കി. അദ്ദേഹത്തിന്റെ പിൻഗാമികളും കൂടെനിന്നവരും ഉൾപ്പെടുന്നതാണ് തൊഴിയൂർസഭ.

### ചോദ്യങ്ങൾ

1. യേശുക്രിസ്തുവും സഭയുമായുള്ള ബന്ധത്തിൽ സഭ ഏകമാണെന്ന് നൽകുന്ന സൂചനകൾ ഏതൊക്കെ?
2. എന്തുകൊണ്ടാണ് വിഭജനം സഭയിൽ നിലനിൽക്കുന്നത്?
3. സഭയിലെ വിഭജന ചരിത്രത്തിന്റെ മൂന്നു പ്രധാന ഘട്ടങ്ങൾ ഏവ?
4. ക്രൈസ്തവ ചരിത്രത്തിലെ നാലു പ്രധാന വിഭാഗങ്ങളുടെയും പ്രധാനപ്പെട്ട വിശ്വാസപരമായ പ്രത്യേകതകൾ ഏതെല്ലാം?

അദ്ധ്യായം മൂന്ന്

# എക്യുമെനിക്കൽ പ്രസ്ഥാനം

## എക്യുമെനിക്കൽ എന്ന പദസൂചന

എക്യുമെനിക്കൽ എന്ന പദത്തിന്റെ മൂലം 'ഒയ്ക്കുമെനെ' എന്ന ഗ്രീക്ക് പദമാണ്. ഈ പദത്തിന്റെ അർത്ഥം 'അധിവസിക്കുന്നിടം' എന്നാണ്. അധിവസിക്കുന്നിടത്തിന്റെ ഐക്യം എന്ന സൂചനയോടെ ഈ പദം പ്രപഞ്ചത്തിന് മുഴുവനും, റോമൻ സാമ്രാജ്യ ത്തിനു മുഴുവനും, യവന ഭാഷ സംസാരിക്കുന്നിടത്തിന് മുഴുവനും, സഭയ്ക്ക് മുഴുവനും ഒക്കെയായി വിവിധ സാഹചര്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ ഒരു തുടർച്ചയായി വിവിധ ക്രിസ്തീയ വിഭാഗങ്ങൾ തമ്മിലുള്ള സഹകരണത്തിന്റെയും ഐക്യത്തിന്റെയും പ്രവർത്തനങ്ങൾക്ക് എക്യുമെനിക്കൽ പ്രസ്ഥാനം എന്ന് പേരായി. ആധുനിക കാലഘട്ട ത്തിൽ സഭകളുടെ ഐക്യത്തിനും അതീതമായി മനുഷ്യസമൂഹങ്ങൾ തമ്മിലുള്ള നീതി പൂർവ്വമായ സഹകരണത്തിനും പ്രപഞ്ചത്തിന്റെ മുഴുവൻ സമഗ്രതയ്ക്ക് വേണ്ടിയുള്ള കൂട്ടായ യത്നത്തിനും എക്യുമെനിക്കൽ പ്രസ്ഥാനമെന്ന് പറയുന്നുണ്ട്. ഈ പാഠത്തിൽ പ്രധാനമായും, ഭിന്നിച്ചു നിൽക്കുന്ന സഭാവിഭാഗങ്ങൾ തമ്മിലുള്ള സഹകരണത്തിനും ഐക്യത്തിനുമായിട്ടുള്ള പ്രവർത്തനമായിട്ടാണ് എക്യുമെനിക്കൽ പ്രസ്ഥാനത്തെ സമീ പിക്കുന്നത്.

## ചരിത്രപരമായ പശ്ചാത്തലം

യൂറോപ്പിലെയും അമേരിക്കയിലെയും പ്രൊട്ടസ്റ്റന്റ് സഭാ വിഭാഗങ്ങളിൽ ആത്മീയ ഉണർവ്വ് പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടപ്പോൾ, സഭാ വ്യത്യാസങ്ങൾക്കപ്പുറമായ ആത്മീയ ഐക്യത്തിൽ ഊന്നി ബൈബിൾ പഠനത്തിനും, മിഷനറി പ്രവർത്തനങ്ങൾക്കും സേവന പദ്ധതികൾക്കും തുടക്കമിട്ടതോടെയാണ് എക്യുമെനിക്കൽ പ്രസ്ഥാനം രൂപംപ്രാപിച്ചത്. അതിന്റെ മുൻപന്തിയിൽ നിന്നത് നാല് കാര്യങ്ങളാണ്. 1. വിദ്യാർത്ഥി-യുവജന ആത്മീയ കൂട്ടായ്മ ഉന്നം വച്ച സംഘടനകൾ 2. മിഷനറി പ്രസ്ഥാനം 3. ജീവിതവും പ്രവർത്തനവും (Life and Work) എന്ന ക്രിസ്തീയ സാമൂഹ്യ സേവന പ്രസ്ഥാനം 4. വിശ്വാസവും സഭാ ക്രമവും (Faith and Order) എന്ന വിശ്വാസ ഐക്യപഠന പ്രസ്ഥാനം

## വിദ്യാർത്ഥി, യുവജന, ആത്മീയ കൂട്ടായ്മ ഉന്നം വച്ച സംഘടനകൾ

യൂറോപ്പിലും അമേരിക്കയിലും ക്രൈസ്തവ യുവജനങ്ങൾക്ക് ആത്മീയ നവോത്ഥാനം ആഹ്വാനം ചെയ്ത വ്യക്തികളുടെയും സമൂഹങ്ങളുടെയും പ്രവർത്തനം പത്തൊമ്പതാം നൂറ്റാ ണ്ടിൽ ശക്തമായി. 1844-ൽ സ്ഥാപിതമായ Y.M.C.A. (Young Men Christian Association) ഉം, 1854-ൽ സ്ഥാപിതമായ Y.W.C.A. (Young Women Christian Association) ഉം അതേ കാല ഘട്ടത്തിൽ സർവ്വകലാശാലാ കാമ്പസുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയ S.V.M. (Student's Volunteer Movement), W.S.C.F. (World Student's Christian Federation) മുതലായവയും സഭാവ്യത്യാസത്തിനതീതമായ പ്രാർത്ഥന - പഠന സംരംഭങ്ങളിലേക്ക് യുവജനങ്ങളെ ക്ഷണിച്ചു. ഈ അനുഭവങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് യുവജന ങ്ങൾക്ക് ദേശീയ, അന്തർദേശീയ തലങ്ങളിൽ നേതൃത്വവും വേദികളും ഉണ്ടായത് സഭാ പ്രവർത്തനങ്ങളെ ഐക്യത്തിന്റെ പാതയിൽ കൊണ്ടുവരുവാൻ പ്രേരകമായി.

## മിഷനറി പ്രസ്ഥാനം

ആത്മീയ ഉണർവ്വുപ്രസ്ഥാനങ്ങളും, യുവജന, വിദ്യാർത്ഥി കൂട്ടായ്മകളും പ്രചോദനം നൽകിയ ഒരു പ്രധാന മേഖല സുവിശേഷവത്ക്കരണത്തിന്റേതായിരുന്നു. മിഷനറി പ്രവർത്തനത്തിൽ സഭാവ്യത്യാസമില്ലാതെ സഹകരിക്കുവാനുള്ള സൊസൈറ്റികൾ രൂപം കൊണ്ടു. 1792-ൽ സ്ഥാപിതമായ ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റിയും, 1795-ൽ സ്ഥാപിതമായ ലണ്ടൻ മിഷണറി സൊസൈറ്റിയും ഉദാഹരണങ്ങളാണ്. ഇതിനോട് ചേർന്ന് സംയുക്തമായ ബൈബിൾ പരിഭാഷ, ബൈബിൾ പ്രചാരണ പദ്ധതികളും രൂപംകൊണ്ടു. അങ്ങനെയാണ് 1804-ൽ ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റി സ്ഥാപിതമായത്. ഇതുകൂടാതെ ഏഷ്യയിലെയും ആഫ്രിക്കയിലെയും മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ട മിഷനറിമാരുടെ ദേശീയവും അന്തർദേശീയവുമായ സമ്മേളനങ്ങൾ ക്രൈസ്തവ ഐക്യത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ഇതിന്റെ വ്യക്തമായ ഉദാഹരണമാണ് 1910-ൽ എഡിൻബറോയിൽ കൂടിയ അന്തർദ്ദേശീയ മിഷനറി കോൺഫ്രൻസ്.

## ജീവിതവും പ്രവർത്തനവും (Life and Work)

ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ വരുത്തിവച്ച ദുരിതങ്ങളുടെ നിവാരണത്തിനായി ക്രൈസ്തവ സഭകൾ രൂപപ്പെടുത്തിയ സംയുക്ത കർമ്മവേദിയാണിത്. ഇതിന്റെ ആഭിമുഖ്യത്തിൽ 1914 മുതൽ നടത്തിയ അന്തർദ്ദേശീയ സമ്മേളനങ്ങൾ, ക്രൈസ്തവ സഭകളുടെ ഐക്യത്തിനായി ഒരു സ്ഥിരം സംഘടന ഉണ്ടാകേണ്ടതിന്റെ ആവശ്യം ഊന്നിപറഞ്ഞു. അങ്ങനെയാണ് 1937-ൽ ഓക്സ്ഫോർഡിൽ നടന്ന ജീവിതവും പ്രവർത്തനവും സമ്മേളനം അഖിലലോക സഭാ കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചത്.

## വിശ്വാസവും സഭാക്രമവും (Faith and Order)

വിശ്വാസകാര്യങ്ങളാണ് വിഭജിക്കുന്നത്. അതുകൊണ്ട് ആ വിഷയം ചർച്ച ചെയ്യേണ്ട എന്ന നിലപാടിൽനിന്ന്, തുറന്ന മനസ്സോടെ വിശ്വാസകാര്യം ചർച്ച ചെയ്താൽ അത് സഭൈക്യത്തിന് വഴിതെളിക്കും എന്ന നിലപാടിലേക്ക് സഭകൾ വന്നതിന്റെ ഫലമായി രൂപം പ്രാപിച്ച പ്രസ്ഥാനമാണ് 'വിശ്വാസവും സഭാക്രമ'വും എന്നത്. 1927 മുതൽ ഈ പ്രസ്ഥാനം സജീവമാണ്. ചിലയിടങ്ങളിലൊക്കെ സഭകൾ ഐക്യത്തിലേക്കു വരുവാനും പൊതുവേ സ്വീകാര്യമായ രീതിയിൽ വിശ്വാസ കാര്യങ്ങൾ പുനർവ്യാഖ്യാനം ചെയ്യുവാനും ഇതിന്റെ ആഭിമുഖ്യത്തിൽ സാധിച്ചിട്ടുണ്ട്. 1948-ൽ അഖില ലോകസഭാ കൗൺസിൽ (World Council of Churches - W.C.C.) രൂപം പ്രാപിച്ചപ്പോൾ ജീവിതവും പ്രവർത്തനവും എന്ന പ്രസ്ഥാനം തുടരേണ്ട എന്ന് തീരുമാനിച്ചുവെങ്കിലും വിശ്വാസവും സഭാക്രമവും ഒരു പ്രത്യേക സ്വതന്ത്ര സംവിധാനത്തോടെ ഒരു കമ്മീഷനായി തുടരുവാൻ തന്നെയാണ് തീരുമാനിച്ചത്. അതുകൊണ്ട് ഇന്ന് വിശ്വാസവും സഭാക്രമവും എന്ന കമ്മീഷനിൽ റോമൻ കത്തോലിക്കാ സഭയുൾപ്പെടെ ലോകത്തിലെ മിക്ക സഭകളും ചേർന്ന് പ്രവർത്തിക്കുന്നു.

## അഖില ലോക സഭാ കൗൺസിൽ (World Council of Churches - W.C.C)

ലോകത്തിലെ വിവിധ ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു പൊതു സംഘടനയുണ്ടാകണം എന്ന ആദ്യ നിർദ്ദേശം 1920-ൽ ഒരു ഓർത്തഡോക്സ് സഭാദ്ധ്യക്ഷനാണ് (എക്യുമെനിക്കൽ പാത്രിയർക്കീസ്) മുന്നോട്ടുവച്ചത്. 1937-ൽ ഓക്സ്ഫോർഡിൽ കൂടിയ ജീവിതവും പ്രവർത്തനവും എന്ന പ്രസ്ഥാനത്തിന്റെ കോൺഫ്രൻസാണ് അഖില ലോക സഭാ കൗൺസിൽ രൂപീകരിക്കുവാനുള്ള വ്യക്തമായ നടപടി എടുത്തത്. 1948-ൽ ആംസ്റ്റർഡാമിൽ (നെതർലന്റ്) വച്ചാണ് അഖില ലോക സഭാ കൗൺസിൽ സ്ഥാപിക്കപ്പെടുന്നത്.

മിക്ക പ്രൊട്ടസ്റ്റന്റ് സഭകളും, മലങ്കര ഓർത്തഡോക്സ് സഭയുൾപ്പെടെ പല ഓർത്ത ഡോക്സ് സഭകളും അഖില ലോക സഭാ കൗൺസിലിന്റെ സ്ഥാപകാംഗങ്ങളാണ്. സ്വിറ്റ്സർലണ്ടിലെ ജനീവയിലാണ് അഖിലലോക സഭാ കൗൺസിലിന്റെ ആസ്ഥാനവും സെക്രട്ടറിയേറ്റും.

സഭകളുടെ ഐക്യത്തിനും പൊതുവായ സാക്ഷ്യത്തിനും ഉതകുന്ന വിഷയങ്ങൾ പഠിക്കുവാനും ചർച്ച ചെയ്യുവാനും ഒന്നിച്ചുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്ന തിനും അഖില ലോക സഭാകൗൺസിൽ ശ്രദ്ധിക്കുന്നു. അംഗസഭകളുടെമേൽ യാതൊരു തീരുമാനവും അടിച്ചേൽപ്പിക്കുവാൻ സഭാ കൗൺസിലിന് അധികാരമില്ല. റോമൻ കത്തോ ലിക്കാ സഭ സഭാകൗൺസിലിൽ അംഗത്വമെടുത്തിട്ടില്ലെങ്കിലും സഭാ കൗൺസിലുമായി ചില മേഖലകളിലും വേദികളിലും (ഉദാ: ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ്, വിശ്വാസം, സഭാ ക്രമം എന്നീ കമ്മീഷനുകൾ മുതലായവ) സഹകരിക്കുന്നുണ്ട്. ആറു മുതൽ എട്ടു വർഷം വരെയുള്ള ഇടവേളകളിൽ വിവിധ രാജ്യങ്ങളിൽ വച്ച് നടക്കുന്ന ആഗോള അസംബ്ലികൾ അഖിലലോക സഭാകൗൺസിലിന്റെ ഒരു വലിയ പ്രവർത്തനവും ആഗോള ക്രൈസ്തവ സഹകരണത്തിന്റെ വലിയ ആഘോഷവുമാണ്.

## ഗ്ലോബൽ ക്രിസ്ത്യൻ ഫോറം (ജി.സി.എഫ്.)

അഖില ലോക സഭാ കൗൺസിലിനേക്കാളും വിശാലമായ ക്രൈസ്തവ പൊതുവേ ദിയാണ് 2007-ൽ ആരംഭിച്ച ഗ്ലോബൽ ക്രിസ്ത്യൻ ഫോറം. അംഗത്വപരമായും പ്രവർത്തന പരമായും സഭാ കൗൺസിലിനേക്കാൾ സ്വതന്ത്രമായ ഒരു വേദിയാണ് ജി.സി.എഫിനുള്ളത്. 2007-ൽ കെനിയയിൽ നടന്ന ആദ്യ സമ്മേളനത്തിൽ റോമൻ കത്തോലിക്കാ, ഓർത്ത ഡോക്സ്, പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങളോടൊപ്പം നിരവധി നവ ക്രൈസ്തവ ഉണർവ് സമൂഹ ങ്ങളുടെ പ്രതിനിധികളും പങ്കെടുത്തു. അഖിലലോക സഭാ കൗൺസിലിന്റെ അറിവിലും ആലോചനയിലും കൂടുതൽ വിശാലമായ സഹകരണമേഖലകൾ തേടിയാണ് ഗ്ലോബൽ ക്രിസ്ത്യൻ ഫോറം പ്രവർത്തിക്കുന്നത്.

## എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രധാന നേട്ടങ്ങളും കോട്ടങ്ങളും

a) **നേട്ടങ്ങൾ:**

1. ആഗോളതലത്തിലും, ദേശീയ - അന്തർദ്ദേശീയ തലങ്ങളിലും ക്രൈസ്തവ സഹ കരണത്തിനും സാക്ഷ്യത്തിനും അവസരങ്ങളും വേദികളും ഒരുക്കുന്നു.
2. വ്യക്തമായ സഭൈക്യനടപടികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ചു. (ഉദാ: 1947 ലെ സി.എസ്.ഐയുടെയും (ചർച്ച് ഓഫ് സൗത്ത് ഇന്ത്യ) 1970 ലെ സി.എൻ.ഐയുടെയും (ചർച്ച് ഓഫ് നോർത്ത് ഇന്ത്യ) രൂപീകരണം.
3. സഭകൾ തമ്മിൽ നിലവിലിരുന്ന തെറ്റിദ്ധാരണകൾ ലഘൂകരിക്കുവാനോ, നീക്കു വാനോ സഹായിച്ചു.
4. മതങ്ങൾ തമ്മിലും, പ്രത്യയശാസ്ത്രങ്ങൾ തമ്മിലും പൊതുനന്മയെ ലക്ഷ്യം വച്ച് സഹകരണത്തിന്റെ മേഖലകളും സംവാദവേദികളും സജ്ജീകരിച്ചു.
5. വിശ്വാസപരമായും, വൈജ്ഞാനികമായും സഹകരണ കാഴ്ചപ്പാടോടെയും, ഐക്യസമീപനത്തോടെയും പഠനങ്ങളും പ്രസിദ്ധീകരണങ്ങളും സാധ്യമാക്കി. (ഉദാ. വിശ്വാസവും സഭാക്രമവും കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച വിവിധ പഠനങ്ങൾ)
6. വേദശാസ്ത്ര പഠന മേഖലയിലും, അജപാലനമേഖലയിലും നിരവധി സംയുക്ത സംരംഭങ്ങളും അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. (ഉദാ: കേരളത്തിൽ ഓർത്ത

ഡോക്സ്-മാർത്തോമ്മ-സി.എസ്.ഐ. സഭകളുടെ സംയുക്ത (Federated Faculty for Research in Religion and Culture—FFRRC) ഫാക്കൽറ്റി.

7. സഭാംഗങ്ങൾക്കിടയിൽ സഭൈക്യചിന്ത വളർത്തുന്ന സംയുക്ത പ്രാർത്ഥനാവസരങ്ങൾ ഉണ്ടായി (ഉദാ: റോമൻ കത്തോലിക്കാ സഭയും അഖില ലോക സഭാ കൗൺസിലും സംയുക്തമായി എല്ലാ വർഷവും നടത്തുന്ന സഭൈക്യപ്രാർത്ഥന വാരവും, Y.M.CA, Y.W.C.Aകളുടെ എക്യുമെനിക്കൽ പ്രാർത്ഥനാവാരവും).
8. മാനവ ഐക്യത്തിനും പ്രാപഞ്ചിക സമഗ്രതയ്ക്കുംവേണ്ടിയുള്ള ആഗോള സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് കഴിയുന്നു.

b) **കോട്ടങ്ങൾ:**

1. സഹകരണ മേഖലകൾ വർദ്ധിപ്പിക്കുവാനല്ലാതെ സഭൈക്യ ശ്രമങ്ങൾ ശക്തിപ്പെടുത്തുവാൻ കാര്യമായിട്ടൊന്നും കഴിയുന്നില്ല.
2. എക്യുമെനിക്കൽ സഹകരണത്തിന്റെ മറവിൽ ചിലയിടങ്ങളിൽ സഭകളിൽനിന്നും അജമോഷണം നടത്തുന്നു.
3. വിശ്വാസ - ധാർമ്മികതാ കാര്യങ്ങളിൽ ലാഘവത്വ സമീപനം പ്രചരിപ്പിക്കുന്നു എന്ന വിമർശനം നിലനിൽക്കുന്നു.

## ചോദ്യങ്ങൾ

1. 'എക്യുമെനിക്കൽ' എന്ന പദത്തിന്റെ പ്രധാന സൂചനകൾ എന്തൊക്കെ?
2. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ പശ്ചാത്തലത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.
3. എക്യുമെനിക്കൽ പ്രസ്ഥാനത്തിന് വിദ്യാർത്ഥി-യുവജന സംഭാവനയെന്ത്?
4. എക്യുമെനിക്കൽ സംരംഭങ്ങൾക്ക് മിഷണറി പ്രസ്ഥാനത്തിന്റെ സംഭാവനയെന്ത്?
5. അഖില ലോക സഭാ കൗൺസിലിന്റെ പ്രധാന മുൻഗാമി "ജീവിതവും പ്രവർത്തന"വും (Life and Work) ആണ്: ചുരുക്കത്തിൽ പ്രതിപാദിക്കുക.
6. സഭൈക്യപ്രസ്ഥാനത്തിന്, "വിശ്വാസവും സഭാക്രമ"വും (Faith and Order) നൽകുന്ന സംഭാവനയെന്ത്?
7. അഖിലലോക സഭാ കൗൺസിലിന്റെ പ്രാധാന്യവും പ്രവർത്തനവും ലഘുവായി പ്രതിപാദിക്കുക?
8. ഗ്ലോബൽ ക്രിസ്ത്യൻ ഫോറം എന്നാൽ എന്ത്?
9. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രധാന നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്യുക?

## പ്രോജക്ടുകൾ

1. അഖില ലോക സഭാ കൗൺസിലിന്റെ അസംബ്ലികളെ സംബന്ധിച്ച് ഒരു റിപ്പോർട്ടും വിലയിരുത്തലും തയ്യാറാക്കുക - തുടർന്നുള്ള വർഷങ്ങളിലെ അസംബ്ലികളും ചേർത്ത് ഈ റിപ്പോർട്ട് ഒരു ഫയലാക്കി സൂക്ഷിക്കുക.
2. ന്യൂസ് പേപ്പറുകളിലും, ദൃശ്യമാധ്യമങ്ങളിലും വരുന്ന എക്യുമെനിക്കൽ വാർത്തകൾ ചേർത്ത് ഒരു വർഷത്തെയോ, കുറേ വർഷങ്ങളിലെയോ എക്യുമെനിക്കൽ ഡയറി തയ്യാറാക്കുക.
3. നിങ്ങൾ ജീവിക്കുന്ന സംസ്ഥാനത്തെ/രാജ്യത്തെ എക്യുമെനിക്കൽ പ്രസ്ഥാന പ്രവർത്തനങ്ങളെപ്പറ്റി ഒരു പേപ്പർ തയ്യാറാക്കുക.

അദ്ധ്യായം നാല്

# എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തം

## അഖില ലോക സഭാ കൗൺസിലിലൂടെ

ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ തുടക്കംമുതൽ തന്നെ ഓർത്തഡോക്സ് സഭകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. പക്ഷേ, ഭൂരിപക്ഷം പങ്കാളികളും പ്രൊട്ടസ്റ്റന്റുകാർ ആയതിനാൽ എക്യുമെനിക്കൽ പ്രസ്ഥാനം ഒരു പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനമായി പലരും കരുതുന്നു. 1920-ൽ എക്യുമെനിക്കൽ പാത്രിയർക്കീസ് (കുസ്തന്തീനോപോലീസ്) ജർമ നോസ് അഞ്ചാമൻ സഭകൾക്കയച്ച ഒരു ചാക്രിക ലേഖനം ഒരു ലീഗ് ഓഫ് ചർച്ചസ് (സഭകളുടെ പൊതുസമിതി) ഉണ്ടാക്കുവാൻ നിർദ്ദേശിക്കുകയും ആയത് വിവിധ ഘട്ട ങ്ങളിലൂടെ യാഥാർത്ഥ്യമാകുകയും ചെയ്തതാണ് അഖിലലോക സഭാകൗൺസിൽ. 1920-ന് മുമ്പുതന്നെ യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും എക്യുമെനിക്കൽ സമ്മേ ളനങ്ങളിൽ പ്രതിനിധികളായും, നേതാക്കളായും ഓർത്തഡോക്സ് സാന്നിധ്യം ഉണ്ടായി രുന്നു. ഉദാഹരണത്തിന് 1907-ലെ W.S.C.F. (World Student's Christian Federation) ടോക്കിയോ സമ്മേളനത്തിൽ ഒരു ഗ്രീക്ക് ഓർത്തഡോക്സ് മെത്രാനായിരുന്നു പ്രധാന പ്രഭാഷകൻ. അതേ സംഘടനയുടെ 1911-ലെ ഇസ്റ്റാംബുൾ സമ്മേളനം ഉദ്ഘാടനം ചെയ്തത് എക്യുമെനിക്കൽ പാത്രിയർക്കീസ് ആയിരുന്നു.

ഫെയ്ത്ത് ആന്റ് ഓർഡറിന്റെ ജനീവ (1920), ലൊസാൻ (1927), എഡിൻബറോ (1937), സമ്മേളനങ്ങളിലും, ലൈഫ് ആന്റ് വർക്കിന്റെ സ്റ്റോക്ക്ഹോം (1925), ഓക്സ്ഫോർഡ് (1937) സമ്മേളനങ്ങളിലും സജീവമായ ഓർത്തഡോക്സ് സാന്നിധ്യം ഉണ്ടായിരുന്നു. 1937-ലെ എഡിൻബറോ ഫെയ്ത്ത് ആന്റ് ഓർഡർ സമ്മേളനത്തിൽ മലങ്കര സഭാതലവൻ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നേതൃത്വത്തിലുള്ള ഡെലിഗേഷന്റെ പങ്കാളിത്തം അന്നത്തെ ലോകവാർത്ത തന്നെയായിരുന്നു.

അഖില ലോക സഭാ കൗൺസിലിന്റെ പ്രാരംഭവർഷമായ 1948 മുതൽ എല്ലാ അസംബ്ലി കളിലും മലങ്കര ഓർത്തഡോക്സ് സഭയും മറ്റു ചില ഓർത്തഡോക്സ് സഭകളും സ്ഥാപ കാംഗങ്ങളായി പങ്കെടുക്കുന്നുണ്ട്. 1961 ലെ ന്യൂഡൽഹി അസംബ്ലിയിൽ വച്ച് റഷ്യൻ ഓർത്തഡോക്സ് സഭയും സഭാ കൗൺസിൽ അംഗത്വമെടുത്തതോടെ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ഓർത്തഡോക്സ് പങ്കാളിത്തം വളരെ ശക്തവും സജീവവും ആയി.

1948-ൽ ആംസ്റ്റർഡാമിൽ സമ്മേളിച്ച ആദ്യ W.C.C അസംബ്ലിയിൽ തന്നെ ലണ്ടനിലെ ഗ്രീക്ക് ഓർത്തഡോക്സ് ആർച്ച് ബിഷപ്പായിരുന്ന ജെർമാനോസ് പ്രസിഡന്റുമാരിൽ ഒരാ ളായി തെരഞ്ഞെടുക്കപ്പെട്ടു. അന്ന് W.C.Cയുടെ വനിതാ പ്രസിഡന്റായത് മലങ്കര ഓർത്ത ഡോക്സ് സഭാംഗമായ മിസ് സാറാ ചാക്കോയാണ്. ഡബ്ല്യു.സി.സിയുടെ ചരിത്രത്തിൽ മിക്ക വാറും എല്ലാ തവണകളിലും അദ്ധ്യക്ഷരിൽ ഒരാൾ ഓറിയന്റൽ ഓർത്തഡോക്സ് കുടുംബ ത്തിൽനിന്നും മറ്റൊരാൾ ഈസ്റ്റേൺ ഓർത്തഡോക്സ് കുടുംബത്തിൽനിന്നും ആകാറുണ്ട്. അക്കൂട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസും W.C.Cയുടെ പ്രസിഡന്റായിട്ടുണ്ട് (1983-1991).

W.C.Cയുടെ അസോഷ്യേറ്റ് ജനറൽ സെക്രട്ടറിയായും, ഡിവിഷൻ ഓഫ് എക്യുമെ നിക്കൽ ആക്ഷന്റെ ഡയറക്ടർ ആയും സെൻട്രൽ കമ്മറ്റിയംഗമായും എക്സിക്യൂട്ടിവ് കമ്മറ്റിയംഗമായും, ഫെയ്ത്ത് ആന്റ് ഓർഡർ കമ്മീഷൻ അംഗമായും ഡോ. പൗലോസ്

മാർ ഗ്രിഗോറിയോസ്, അത്മായനായിരിക്കുമ്പോഴും വൈദികനായിരിക്കുമ്പോഴും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ W.C.Cയുടെ സ്റ്റാഫിൽ പ്രവർത്തിച്ചിട്ടുള്ള മലങ്കരസഭാംഗങ്ങ ളാണ്. സി.ഐ. ഇട്ടി, ഫാ. കെ.സി ജോസഫ്, ഫാ. ഡോ. കെ.എം. ജോർജ് മുതലായവർ. ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസും ഫാ. ഡോ. കെ.എം. ജോർജും, ഡോ. എൽസി ഫിലിപ്പും സെൻട്രൽ കമ്മറ്റിയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ഫെയ്ത്ത് ആന്റ് ഓർഡർ കമ്മീഷനിൽ അംഗങ്ങളായി ഫാ. ഡോ. വി.സി. ശമുവേൽ, ഫാ. ഡോ. ജോൺസ് ഏബ്രഹാം, ഫാ. ഡോ. ബേബി വർഗീസ് എന്നിവർ പ്രവർത്തിച്ചിട്ടുണ്ട്. ഫെയ്ത്ത് ആന്റ് ഓർഡർ കമ്മീഷൻ അംഗമായും സ്റ്റാന്റിംഗ് കമ്മീഷൻ അംഗമായും ഫാ. ഡോ. ജേക്കബ് കുര്യൻ പ്രവർത്തിച്ചിട്ടുണ്ട്.

ഏഷ്യയിലെ എക്യുമെനിക്കൽ വേദിയായ ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (CCA)യിലും ഭാരതത്തിലെ സഭകളുടെ എക്യുമെനിക്കൽ വേദിയായ നാഷണൽ ക്രിസ്ത്യൻ കൗൺസിലിലും (NCCI), കേരളത്തിലെ എക്യുമെനിക്കൽ വേദിയായ കേരളാ കൗൺസിൽ ഓഫ് ചർച്ചസിലും (KCC) മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സജീവ പങ്കാളിത്തമുണ്ട്.

## നേരിട്ടുള്ള എക്യുമെനിക്കൽ ഡയലോഗുകളിലൂടെ

അഖില ലോക സഭ കൗൺസിലിലൂടെയല്ലാതെ തന്നെ നേരിട്ടുള്ള എക്യുമെനിക്കൽ സംരംഭങ്ങളിലും ഓർത്തഡോക്സ് സഭകൾ പങ്കാളികളാണ്. ഒരേ സഭാ കുടുംബത്തിൽപ്പെ ട്ടവരുമായും ഇതര ഓർത്തഡോക്സ് സഭാ കുടുംബത്തിൽ പെട്ടവരുമായും റോമൻ കത്തോലിക്കാ സഭയുമായും പ്രൊട്ടസ്റ്റന്റ് സഭകളുമായും നേരിട്ട് എക്യുമെനിക്കൽ സംരംഭ ങ്ങളിൽ ഏർപ്പെടുന്നതിന്റെ വിവരങ്ങൾ ഇതുപോലുള്ള ഒരു പ്രതിപാദനത്തിൽ ഒതുങ്ങു കയില്ലാത്തതിനാൽ മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധപ്പെട്ട എക്യുമെനിക്കൽ ഡയലോഗുകൾ മാത്രം ഇവിടെ പരാമർശിക്കുന്നു.

a) **ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനം, ആഡിസ് അബാബ 1965:** ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ ആഗോള സമ്മേളനം ചരിത്രത്തിൽ ആദ്യമായി 1965 ജനുവരിയിൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി (1992-1995)യുടെ ആതിഥേയത്വത്തിൽ ആഡിസ് അബാബയിൽ സമ്മേളിച്ചു. പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ ഒരുന്നത തല ഡെലിഗേഷൻ പ്രസ്തുത സമ്മേളനത്തിൽ പങ്കുകൊണ്ടു. ഓറിയന്റൽ ഓർത്ത ഡോക്സ് സഭകൾക്ക് പൊതുവായി ഒരു സൺഡേസ്കൂൾ പാഠ്യപദ്ധതി ഉണ്ടാക്കുവാൻ തീരുമാനിക്കുകയും ആയത് നടപ്പിൽ വരുകയും ചെയ്തു.

b) **മലങ്കര സഭാ തലവന്മാരും റോമൻ കത്തോലിക്കാ സഭാ തലവന്മാരും തമ്മി ലുള്ള ചരിത്രപ്രധാനമായ കൂടിക്കാഴ്ചകൾ:**

1. 1964 ഡിസംബർ 3-ന് ബോംബെയിൽ വച്ച് പോൾ ആറാമൻ മാർപാപ്പയും ബസേ ലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കായും തമ്മിൽ കൂടിക്കാഴ്ച നടത്തി.
2. 1983 ജൂൺ 3-ന് വത്തിക്കാനിൽ വച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ബസേ ലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും തമ്മിൽ കൂടിക്കാഴ്ച നടത്തി.
3. 1985 ഫെബ്രുവരി 8-ന് കോട്ടയത്ത് വച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പയും ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായും തമ്മിൽ കൂടിക്കാഴ്ച നടത്തി.
4. 2013 സെപ്റ്റംബർ 5 ന് റോമിൽവച്ച് ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീ യൻ കാതോലിക്കായും ഫ്രാൻസിസ് മാർപ്പാപ്പായും തമ്മിൽ കൂടിക്കാഴ്ച നടത്തി.

c) **ഓറിയന്റൽ - ഈസ്റ്റേൺ ഓർത്തഡോക്സ് അനൗദ്യോഗിക ചർച്ചകൾ:** ഫാ. നിക്കോസ് നിസ്സിയോട്ടിസും, ഫാ. പോൾ വർഗീസും (ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ്) മുൻകൈയ്യെടുത്ത് ആരംഭിച്ച ഓറിയന്റൽ ഓർത്തഡോക്സ് - ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള അനൗദ്യോഗിക ചർച്ചകൾ ഡെൻമാർക്കിലെ ആർഹൂസിലും (1965), ഇംഗ്ലണ്ടിലെ ബ്രിസ്റ്റലിലും (1967), സ്വിറ്റ്സർലണ്ടിലെ ജനീവയിലും (1970), എത്യോപ്യയിലെ ആഡിസ് അബാബയിലും (1971) നടന്നു. ക്രിസ്തുശാസ്ത്ര സംബന്ധമായി നിലനിൽക്കുന്ന വ്യത്യാസങ്ങൾ വ്യാഖ്യാന രീതികളിലെ വ്യത്യാസങ്ങളാണെന്നും യഥാർത്ഥത്തിൽ രണ്ടുകൂട്ടരും അർത്ഥമാക്കുന്നത് ഒന്നുതന്നെയെന്നും അനൗദ്യോഗിക തലത്തിൽ ധാരണയായി.

d) **ഓറിയന്റൽ - ഈസ്റ്റേൺ ഓർത്തഡോക്സ് ഔദ്യോഗിക സംയുക്ത വേദശാസ്ത്ര കമ്മീഷൻ:** ഇരുവിഭാഗങ്ങളിൽനിന്നും ഔദ്യോഗികമായി നിയോഗിക്കപ്പെട്ട സംയുക്ത വേദശാസ്ത്ര കമ്മീഷൻ 1988 മുതൽ സമ്മേളിക്കുകയും 1990-ൽ ജനീവയിൽ വച്ച് പരസ്പരം സ്വീകാര്യമായ ക്രിസ്തു ശാസ്ത്ര സംബന്ധമായ പ്രമാണരേഖ ഒപ്പുവച്ച് തങ്ങളുടെ സഭകളുടെ ഔദ്യോഗിക അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. രണ്ടു സഭാ കുടുംബങ്ങളും ആദ്യ മൂന്ന് എക്യുമെനിക്കൽ സുന്നഹദോസുകൾ അംഗീകരിക്കുന്നുണ്ട്. വിഭജിതമായ കാലത്തുള്ള മുടക്കുകളും ശാപവാക്കുകളും വിസ്മരിക്കാൻ പരസ്പരം തയ്യാറായി. നിർഭാഗ്യവശാൽ പിന്നീട് ഇക്കാര്യത്തിൽ ആശാവഹമായ നടപടികൾ ഉണ്ടായില്ല.

e) **ഓറിയന്റൽ ഓർത്തഡോക്സ് - റോമൻ കത്തോലിക്കാ അനൗപചാരിക ചർച്ചകൾ:** പ്രൊഓറിയന്റെ എന്ന കാത്തോലിക്കാ സംഘടനയുടെ ആഭിമുഖ്യത്തിൽ 1971 മുതൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയുമായി ക്രിസ്തുശാസ്ത്ര സംബന്ധമായ അനൗദ്യോഗിക ചർച്ചകൾ നടന്നു. ഓസ്ട്രിയയിലെ വിയന്നയിൽ നടന്ന ചർച്ചകളിൽ ക്രിസ്തുശാസ്ത്ര സംബന്ധമായി പരസ്പര സ്വീകാര്യമായ നിലപാടുകൾ വ്യക്തമായി വന്നു. കൽക്കദോന്യ സുന്നഹദോസിൽ ഇരു വിഭാഗങ്ങളുടെയും പൂർവ്വികർ തമ്മിൽ ക്രിസ്തുശാസ്ത്രസംബന്ധമായ അഭിപ്രായ വ്യത്യാസമുണ്ടായത് കൂടുതലും ഭാഷാപരമായ അവ്യക്തതകൊണ്ടും രാഷ്ട്രീയമായ വ്യത്യസ്ത പശ്ചാത്തലങ്ങൾകൊണ്ടുമായിരുന്നുവെന്നും യഥാർത്ഥത്തിൽ ആശയപരമായി ഇരുവിഭാഗത്തിന്റെയും കാഴ്ചപ്പാട് ഒന്നുതന്നെയായിരുന്നുവെന്നും ധാരണയിലായി. ഈ ധാരണയുടെ ഔദ്യോഗികമായ നടപടികൾ വളരെ സാവധാനം നടക്കുന്നുവെങ്കിലും മറ്റു വിഷയങ്ങളിലുള്ള വ്യത്യാസങ്ങൾ ഇരുവിഭാഗങ്ങൾ തമ്മിൽ തുടരുകയും ചെയ്യുന്നു.

f) **മലങ്കര ഓർത്തഡോകസ് - റോമൻ കത്തോലിക്കാ സംയുക്ത വേദശാസ്ത്ര കമ്മീഷൻ:** 1983-ൽ റോമിൽ വച്ച് ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമനും ജോൺ പോൾ രണ്ടാമൻ മാർപാപ്പയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ധാരണയായ പ്രകാരം ഇരുസഭകളും പരസ്പര സഹകരണത്തിനും ഐക്യത്തിനുമായി സംയുക്ത വേദശാസ്ത്ര കമ്മീഷനെ നിയമിച്ചു. 1989 മുതൽ എല്ലാവർഷവും നടക്കുന്ന ചർച്ചകളിൽ പരസ്പര ധാരണയുടെ പുതിയ മാനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

## എക്യുമെനിക്കൽ പ്രസ്ഥാനത്തിലെ ഓർത്തഡോക്സ് പങ്കാളിത്തം - ഒരു വിലയിരുത്തൽ

എക്യുമെനിക്കൽ പ്രസ്ഥാനത്തിലെ ഓർത്തഡോക്സ് പങ്കാളിത്തം മൂലം ഓർത്തഡോക്സ് പാരമ്പര്യത്തിനും ഇതര പാരമ്പര്യങ്ങൾക്കും പല നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഓർത്തഡോക്സ് സഭകളുടെ ആധ്യാത്മികത, ആരാധനാവൈശിഷ്ട്യം, വേദശാസ്ത്ര

പരമായ ഉൾക്കാഴ്ചകൾ മുതലായവയിൽനിന്ന് ഇതര സഭാപാരമ്പര്യങ്ങൾക്ക് പലതും പഠിക്കുവാനും ഉൾക്കൊള്ളുവാനും കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, ആരാധനാപരിഷ്ക്കാരങ്ങൾക്ക് ഇതരസഭകൾ ശ്രമിക്കുമ്പോൾ ഓർത്തഡോക്സ് ആരാധനാക്രമങ്ങളിൽനിന്ന് പലതും ഉൾക്കൊള്ളാൻ ശ്രദ്ധിക്കുന്നു. സഭാപിതാക്കന്മാരുടെ രചനകൾക്കും, സഭാ പാരമ്പര്യത്തിനും വില കൽപ്പിക്കുന്ന പുതിയ സമീപനങ്ങൾ ഇതര സഭകൾ എടുക്കുന്നതും മറ്റൊരുത്തമ സൂചനയാണ്. അതേസമയം, ഇതര സഭകളുടെ വിശ്വാസാചാരങ്ങളിൽ മുൻവിധികൾ കൂടാതെ പല നന്മകളും കണ്ടെത്തുവാനുള്ള അന്വേഷണം ഓർത്തഡോക്സ് സഭകൾക്ക് കൂടുതലായിട്ടുണ്ടായിട്ടുണ്ട്. മനുഷ്യന്റെ അനുദിന ജീവിത യാഥാർത്ഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും ഇതര സമൂഹങ്ങളിലും ദൈവത്തിന്റെ പരിപാലനം ശ്രദ്ധിക്കുവാനും ബൈബിൾ പഠനത്തിന്റെ പ്രാധാന്യം കൂടുതൽ തിരിച്ചറിവാനും മിഷൻ പ്രവർത്തനത്തിലുള്ള ശ്രദ്ധ കുറയാതിരിക്കാനും, ഇതര സഭാ പാരമ്പര്യങ്ങളുമായുള്ള എക്യുമെനിക്കൽ സഹകരണം കൂടുതലായി ഇടയാക്കുന്നുവെന്നതും ഓർത്തഡോക്സ് സഭകൾ സമ്മതിക്കേണ്ടിയിരിക്കുന്നു. ലോകമെമ്പാടുമുള്ള ഓർത്തഡോക്സ് സഭകളിലെ ചില വൈദികർക്കും അത്മായർക്കും ഉപരിപഠനത്തിനും ഗവേഷണങ്ങൾക്കും ഉദാരമായ സൗകര്യങ്ങൾ റോമൻ കത്തോലിക്കാ സഭയും പ്രൊട്ടസ്റ്റന്റ് സഭകളും എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ ചെയ്തുകൊടുക്കുന്നു എന്നതും വിസ്മരിക്കാവുന്നതല്ല.

## ചോദ്യങ്ങൾ

1. അഖില ലോക സഭാ കൗൺസിലിലൂടെ, ഓർത്തഡോക്സ് സഭകൾ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിന്റെ പശ്ചാത്തലവും ചരിത്രവും വിവരിക്കുക
2. ഓർത്തഡോക്സ് സഭാപാരമ്പര്യങ്ങൾ തമ്മിൽ നടന്നിട്ടുള്ള വിശ്വാസപരമായ ചർച്ചകൾ ഏതൊക്കെ?
3. ഓറിയന്റൽ ഓർത്തഡോക്സ് – റോമൻ കത്തോലിക്കാ സഭാ ബന്ധത്തിൽ നടന്നിട്ടുള്ള ചർച്ച, നടപടികൾ ഏതൊക്കെ?
4. മലങ്കര ഓർത്തഡോക്സ് സഭയുടെ എക്യുമെനിക്കൽ പങ്കാളിത്തത്തെക്കുറിച്ച് പ്രത്യേകമായി ഉപന്യസിക്കുക.
5. എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ ഓർത്തഡോക്സ് സഭകളുടെ സംഭാവനയും നേട്ടങ്ങളും വിലയിരുത്തുക.

യൂണിറ്റ് അഞ്ച്

# മനുഷ്യാവകാശങ്ങൾ

അദ്ധ്യായം ഒന്ന്

## മനുഷ്യാവകാശങ്ങളുടെ ആരംഭവും സ്വഭാവവും

മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട സ്വത്ത് ജീവനാണ്. ജീവിക്കുവാനും സ്വാതന്ത്ര്യം അനുഭവിക്കുവാനുമുള്ള അവകാശം ജന്മസിദ്ധവും അടിസ്ഥാനപരവുമാണ്. എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. അവർക്ക് തുല്യ അവകാശങ്ങളും അന്തസ്സും ഉണ്ട്. എല്ലാ മനുഷ്യരുടെയും അർഹതയായി കരുതുന്ന അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമാണ് മനുഷ്യാവകാശങ്ങളായി കണക്കാക്കുന്നത്. സമൂഹത്തിന്റെ വളർച്ചയ്ക്കൊപ്പം രൂപാന്തരത്തിന് വിധേയമായ പ്രകൃത്യാനുസരണ (Natural) നിയമങ്ങളാണ് മനുഷ്യാവകാശങ്ങളായി പരിണമിച്ചത്. ദരിദ്രരെയും അഗതികളെയും ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിനെതിരെ ശബ്ദമുയർത്തുന്ന ഗ്രന്ഥമാണ് വി. വേദപുസ്തകം. യേശുക്രിസ്തു ഇത്തരം ചൂഷണങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ചു. അതുകൊണ്ട് മനുഷ്യാവകാശസംരക്ഷണം ഒരു ക്രിസ്തീയപ്രമാണം തന്നെയാണ്.

വ്യക്തികളുടെ ജീവനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും അന്തസ്സിനുമുള്ള അവകാശങ്ങളെ മനുഷ്യാവകാശങ്ങൾ എന്നു വിളിക്കാം. 'മനുഷ്യാവകാശങ്ങൾ എന്നാൽ, ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവയെ സംബന്ധിച്ച് ഓരോ മനുഷ്യനും ഭരണഘടന ഉറപ്പുനല്കുന്ന അവകാശങ്ങൾ അഥവാ ഇന്ത്യയിലെ കോടതികൾക്ക് നടപ്പാക്കാവുന്ന അന്താരാഷ്ട്രാകരാറുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അവകാശങ്ങൾ എന്നാണ്.' 1986-ലെ 'മനുഷ്യാവകാശ നിയമ'ത്തിൽ നിർവ്വചിച്ചിരിക്കുന്നത്.

ജീവനും സ്വാതന്ത്ര്യത്തിനുള്ള, ആശയവിനിമയത്തിനുള്ള, നിയമത്തിന്റെ മുമ്പിൽ തുല്യതയ്ക്കുള്ള അവകാശം മുതലായ പൗരത്വ-രാഷ്ട്രീയ അവകാശങ്ങളും വിദ്യാഭ്യാസത്തിനുള്ള, തൊഴിൽ ചെയ്യാനുള്ള, ഭക്ഷണത്തിനുള്ള അവകാശം മുതലായ സാമ്പത്തിക സാംസ്കാരിക അവകാശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇത്തരം അവകാശങ്ങൾ സംരക്ഷിച്ചുകിട്ടേണ്ടത് ഓരോ പൗരന്റേയും അവകാശമാണ്.

### മനുഷ്യാവകാശം: വേദപുസ്തക അടിസ്ഥാനത്തിൽ

ദൈവം നീതിമാനാണ്. അവൻ എല്ലാവരോടും നീതിയോടും ന്യായത്തോടും ഇടപെടുന്നു. ദൈവത്തിൽ വിശ്വസിച്ച് ദൈവകല്പനകൾ പാലിച്ചു ജീവിക്കുന്ന വ്യക്തികളെ നീതിമാന്മാർ എന്നും നാം വിളിക്കുന്നു (സങ്കീ. 37:12, ആമോസ് 5:24). താൻ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നിവർത്തിക്കുന്നതിന് വന്നു എന്നും ശിഷ്യസമൂഹത്തിന്റെ നീതി ശാസ്ത്രിമാരിലും പരീശന്മാരിലും അതീതമായിരിക്കണം എന്നും യേശു ഗിരിപ്രഭാഷണ വേളയിൽ പഠിപ്പിച്ചു (മത്തായി 5:17,20). ദൈവഹിതം പാലിക്കുകയും (മത്തായി 7:16-23) അവന്റെ കല്പനകൾ അനുസരിക്കുകയും (മത്തായി 7:24-27) ചെയ്യുന്നതിന്റെ അനിവാര്യത യേശു പഠിപ്പിച്ചു. ആരാണ് നീതിമാൻ എന്നതിന് നൽകാൻ കഴിയുന്ന വ്യാഖ്യാനം 'ദൈവസന്നിധിയിൽ നീതി ഉള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും' എന്നാണ് (ലൂക്കോസ് 1:6).

നീതി, ന്യായം എന്നിവയെ സംബന്ധിക്കുന്ന ദർശനങ്ങൾ ഭാഗ്യവർണ്ണനകളിലുണ്ട് (മത്തായി 5:3-10). നീതി ലഭിക്കാത്തവർക്ക് അതു ലഭിക്കും (മത്തായി 5:6). ദരിദ്രർക്കും പീഢിതർക്കുംവേണ്ടി നിലകൊള്ളുന്നതിനാൽ ഉപദ്രവിക്കപ്പെടുന്നവർക്ക് ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകും (മത്തായി 5:10). ആവശ്യക്കാർക്കായി കരുണ, ആർദ്രത, നീതി, സമാധാനം, ഐക്യം എന്നിവ പകരുന്നവർക്ക് സന്തോഷവും അനുഗ്രഹവും ദൈവത്തിൽനിന്നു ലഭിക്കും എന്ന് ഭാഗ്യവർണ്ണനകൾ പ്രഖ്യാപിക്കുന്നു.

ദൈവജനത്തെ ദാരിദ്ര്യത്തിൽ തള്ളിയിട്ട് അവരെ ഉപദ്രവിക്കുന്ന സ്ഥിതി മാറും എന്ന് കന്യകമറിയാമിന്റെ ഗീതത്തിൽ കാണാം (ലൂക്കോസ് 1:46-55). യേശുക്രിസ്തു ഏറ്റവും സാധാരണക്കാരെയും പരിഗണിച്ചു. അവൻ പ്രഖ്യാപിച്ചത് ശ്രദ്ധിക്കുക, "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞിടത്തോളം എല്ലാം എനിക്കാകുന്നു ചെയ്യാഞ്ഞത് എന്നു ഞാൻ സത്യമായും നിങ്ങളോട് പറയുന്നു" (മത്തായി 25:45). അനീതിയുള്ള ന്യായാധിപനോട് വ്യവഹരിക്കുന്ന വിധവയുടെ ഉപമയുടെ പ്രധാന ചിന്താവിഷയം നീതിയാണ് (ലൂക്കോസ് 18:1-8). ദൈവരാജ്യം സമാഗതമാകുമ്പോൾ നീതി ലഭിക്കും. യേശുവിന്റെ പ്രബോധനങ്ങൾ നീതി, ന്യായം എന്നീ വിഷയങ്ങൾ സംബന്ധിച്ചിട്ടുള്ള പരാമർശങ്ങളാൽ നിറഞ്ഞു നിൽക്കുന്നു.

## ചരിത്രം

മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിന് വളരെ പഴക്കമുണ്ട്. മനുഷ്യന് ജന്മനാ ചില അവകാശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അത് പ്രകൃതിദത്തമാണെന്നുമുള്ള ഒരു തത്വം സിദ്ധാന്തമായി പ്രചരിച്ചത് 17-ഉം 18-ഉം നൂറ്റാണ്ടുകളിലാണ്. ഇംഗ്ലണ്ടിലെ ജോൺ രാജാവിന്റെ ദുർഭരണത്തിനും സ്വേച്ഛാധിപത്വത്തിനുമെതിരായി പൗരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി 1215-ൽ തയ്യാറാക്കിയ അവകാശപത്രമാണ് മാഗ്നാ കാർട്ടാ. പൗരസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള ആദ്യത്തെ പ്രഖ്യാപനമായിരുന്നു ഇത്. നാടുവാഴികൾ, പുരോഹിതർ, പ്രഭുക്കന്മാർ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭമായിരുന്നുവെങ്കിലും രാജാവിന്റെ സ്വേച്ഛാധിപത്യത്തിനെതിരെ ഉയർന്ന ആദ്യത്തെ വെല്ലുവിളി എന്ന നിലയിൽ ഇതിന് ചരിത്രപരമായ പ്രാധാന്യം ഉണ്ട്. ചരിത്രപ്രസിദ്ധമായ ഈ രേഖയിൽ ഒപ്പുവെയ്ക്കാൻ രാജാവ് നിർബന്ധിതനായി. മനുഷ്യാവകാശങ്ങളാണ് മാഗ്നാകാർട്ടയിലുള്ളത്. തുടർന്നുണ്ടായ 1628-ലെ ദി പെറ്റീഷൻ ഓഫ് റൈറ്റ്, 1689-ലെ ബിൽ ഓഫ് റൈറ്റ്സ് എന്നീ രേഖകളും മാഗ്നാ കാർട്ടയും ചേർന്നതാണ് ബ്രിട്ടീഷ് ഭരണഘടനയുടെ ഉള്ളടക്കം. ബ്രിട്ടണിലെ നിയമവ്യവസ്ഥയുടെ അടിത്തറയായ സാമാന്യനിയമങ്ങളിലും മനുഷ്യാവകാശങ്ങൾ ഉൾപ്പെടും. ഇവയെ മറികടക്കാൻ രാജാവിനോ പാർലമെന്റിനോ അധികാരമില്ല.

തുടർന്ന് അമേരിക്കൻ ഭരണഘടന ഈ ബിൽ ഓഫ് റൈറ്റ്സ് (Bill of Rights) ഉൾക്കൊണ്ടുകൊണ്ടാണ് പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭേദഗതികൾ പാസാക്കിയത്. 1776-ൽ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം നടന്നപ്പോൾ മനുഷ്യാവകാശം നിഷേധിക്കുന്ന ഭരണകൂടത്തെ ഇല്ലാതാക്കുവാൻ ജനങ്ങൾക്കുള്ള അവകാശത്തെ അംഗീകരിക്കുകയും എല്ലാ മനുഷ്യരും സമന്മാരാണെന്നും അന്യാധീനപ്പെടുത്തുവാൻ കഴിയാത്ത അവകാശങ്ങൾ ഉള്ളവരാണെന്നും പ്രഖ്യാപിക്കുകയും ചെയ്തു. 1789-ൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയ ഫ്രഞ്ചുവിപ്ലവം മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിലെ പ്രധാന പോരാട്ടമാണ്. രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പേ മനുഷ്യാവകാശങ്ങൾ ഭരണഘടനാനിയമത്തിന്റെ ഭാഗമാക്കിത്തീർക്കാൻ പല രാഷ്ട്രങ്ങൾക്കും കഴിഞ്ഞു.

മനുഷ്യന്റെ ചങ്ങലകളില്ലാത്ത സ്വാതന്ത്ര്യ ചിന്തയാണ് ഇത്തരം പ്രഖ്യാപനങ്ങളുടെ പിന്നിലുള്ളത്. രണ്ടാം ലോകയുദ്ധം അവസാനിച്ചപ്പോൾ മനുഷ്യാവകാശങ്ങളോടുള്ള ആദരവാകണം സമാധാനത്തിന്റെ അടിത്തറ എന്ന ചിന്ത ലോകവ്യാപകമായി ഉണ്ടായി. ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാന ലക്ഷ്യങ്ങളായി ലോകസമാധാനവും മനുഷ്യാവകാശം സംരക്ഷണവും അംഗീകരിക്കപ്പെട്ടു.

'മനുഷ്യാവകാശങ്ങൾ' എന്ന പേര് പ്രചാരത്തിൽ വന്നത് ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനം ആരംഭിച്ചതോടെയാണ്. 1948 ഡിസംബർ 10-ന് പാരീസിൽ ചേർന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസഭ (General Assembly) പാസ്സാക്കി അംഗീകരിച്ചതാണ് മനുഷ്യാവകാശപ്രഖ്യാപനം (Universal Declaration of Human Rights). മനുഷ്യാവകാശങ്ങളുടെ ആധികാരിക രേഖയാണിത്. സർവ്വവിധ വിഭാഗീയതകൾക്കും അതീതമായി മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുകയും വ്യക്തിവൈശിഷ്ട്യം വിലമതിക്കുകയും ചെയ്യുന്നതാണ് മനുഷ്യാവകാശപ്രഖ്യാപനം.

## മനുഷ്യാവകാശ ധ്വംസനങ്ങൾ

മനുഷ്യന് ലഭിക്കേണ്ട അടിസ്ഥാനപരമായ പരിഗണന ലഭിക്കാതെ പോകുന്ന അവസ്ഥയാണ് മനുഷ്യാവകാശ ധ്വംസനമായി കണക്കാക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, തുല്യപരിഗണന എന്നിവ ലഭിക്കാതെ പോകുന്ന അവസ്ഥയും മനുഷ്യാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. കരുണ ലവലേശം പോലുമില്ലാതെ നടക്കുന്ന ക്രൂരമായ ശാരീരിക മർദ്ദനവും മൂന്നാം മുറകളും മാനസിക പീഡനങ്ങളും മനുഷ്യാവകാശ ലംഘനമാണ്. പോലീസ് മർദ്ദനം, ലോക്കപ്പ് മരണം, വെടിവയ്പ്, തടവുകാരോടുള്ള മനുഷ്യത്വരഹിതമായ പെരുമാറ്റം എന്നിവയും മനുഷ്യാവകാശലംഘനമാണ്. ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, തൊഴിൽ എന്നിങ്ങനെ എല്ലാ മേഖലകളിലും മനുഷ്യന് അന്തസ്സായി ജീവിക്കുവാനുള്ള അവകാശമുണ്ട്. ഇവ നിഷേധിക്കപ്പെടുമ്പോൾ മനുഷ്യാവകാശലംഘനമായിത്തീരും.

യഥാസമയം വൈദ്യസഹായം കൊടുക്കാതിരിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൻതുക വാങ്ങി നിയമനം നടത്തുക, യഥാർത്ഥ യോഗ്യതയുള്ളവർക്ക് നിയമനം നിഷേധിക്കുക, സ്ത്രീകളെയും പുരുഷന്മാരെയും തുല്യരായി കാണാതിരിക്കുക, മനുഷ്യനെ വില്ക്കുകയോ അടിമയായി ഉപയോഗിക്കുകയോ ചെയ്യുക, സാധാരണ ജീവിതം ദുസ്സഹമാക്കിത്തീർക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള വിവേചനപരമായ പെരുമാറ്റം, വ്യക്തികളുടെ സ്വകാര്യജീവിതത്തിൽ അനാവശ്യമായി ഇടപെടുക, ടെലിഫോൺ സംഭാഷണം ചോർത്തുക ഇവയെല്ലാം മനുഷ്യാവകാശലംഘനങ്ങളാണ്. അതിനാൽ മനുഷ്യന്റെ ജീവനോ, സ്വാതന്ത്ര്യത്തിനോ സമത്വാവകാശത്തിനോ അന്തസ്സിനോ ഭംഗം ഉണ്ടായാൽ മനുഷ്യാവകാശ ലംഘനമായി കണക്കാക്കും.

അഴിമതി മൂലമുള്ള മനുഷ്യാവകാശ ലംഘനങ്ങൾ വളരെ വലുതാണ്. പൗരന്മാരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കുന്നതിനാവശ്യമായ പൊതുമുതൽ ഏതാനും വ്യക്തികളുടെ പോക്കറ്റിലെത്തുന്നതും വ്യക്തിപരമായ ധനസമ്പാദനത്തിന് ഭരണതലത്തിൽ ഒത്താശ ചെയ്തുകൊടുക്കുന്നതും കടുത്ത മനുഷ്യാവകാശ ലംഘനമാണ്.

മനുഷ്യാവകാശ ധ്വംസനത്തിനെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ് കോടതികൾ സ്വീകരിക്കുന്നത്. മനുഷ്യാവകാശ സംരക്ഷണം വെറും പ്രസ്താവനകളിൽ ഒതുക്കാവുന്നതല്ല. ഉചിതമായ തീരുമാനങ്ങൾ നീതിപൂർവ്വം നടപ്പാക്കേണ്ട മേഖലയാണിത്. ഇതുസംബന്ധിച്ച് മനുഷ്യസമൂഹത്തിന്റെ ബാധ്യതയെപ്പറ്റി വ്യാപകമായ അവബോധം അനിവാര്യമാണ്.

പാർലമെന്റ് അംഗങ്ങൾക്കും ന്യായാധിപന്മാർക്കും മാത്രമല്ല സമൂഹത്തിന്റെ സമസ്ത വിഭാഗങ്ങൾക്കും മനുഷ്യാവകാശ സംരക്ഷണമെന്ന മഹായജ്ഞത്തിൽ പങ്കാളികളാകുവാൻ ബാധ്യതയുണ്ട്. അതിനാൽ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ സമൂഹ മനഃസാക്ഷി ഉണർത്തുക എന്നതാണ് പൗരധർമ്മം. അതിന് ഒരുമിച്ച് പ്രവർത്തിക്കുവാൻ നാം തയ്യാറാകണം.

## പ്രവർത്തനങ്ങൾ

1. മനുഷ്യാവകാശങ്ങൾ എന്നാൽ എന്ത്?
2. മനുഷ്യാവകാശങ്ങളുടെ ചരിത്രപശ്ചാത്തലം വിശദമാക്കുക?
3. വിവിധ മനുഷ്യാവകാശലംഘനങ്ങൾ വിലയിരുത്തുക?
4. എങ്ങനെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാൻ കഴിയും?

## പ്രൊജക്ടുകൾ

1. സമീപപ്രദേശത്ത് നടന്ന ഏതെങ്കിലും മനുഷ്യാവകാശലംഘനത്തെപ്പറ്റി പഠിച്ച്അതിന് എന്ത് നടപടി സ്വീകരിച്ചു എന്നു ചർച്ച ചെയ്യുക.
2. കഴിഞ്ഞ ഒരു ആഴ്ചയിലെ പത്രങ്ങൾ പരിശോധിച്ച് അതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള മനുഷ്യാവകാശലംഘനങ്ങൾ രേഖപ്പെടുത്തുക.

അദ്ധ്യായം രണ്ട്

# അടിസ്ഥാനമനുഷ്യാവകാശങ്ങൾ: ഭരണഘടനയിൽ

## ഐക്യരാഷ്ട്രസംഘടന

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മാനവരാശി നേരിടേണ്ടിവന്ന ഏറ്റവും വലിയ ദുരന്തം രണ്ടാം ലോകമഹായുദ്ധമായിരുന്നു. ഏറ്റവും ക്രൂരവും പൈശാചികവുമായ മനുഷ്യക്കുരുതികൾക്കും പീഢനങ്ങൾക്കുമാണ് ലോകം സാക്ഷ്യം വഹിച്ചത്. 1940-ൽ വിൻസ്റ്റൺ ചർച്ചിലും റൂസ്‌വെൽറ്റും അറ്റ്ലാന്റിക് സമുദ്രത്തിൽ നങ്കൂരമടിച്ചിരുന്ന ഒരു യുദ്ധകപ്പലിൽവെച്ച് നടത്തിയ കൂടിക്കാഴ്ചയുടെ ഫലമായിട്ടാണ് പ്രസിദ്ധമായ അറ്റ്ലാന്റിക് ചാർട്ടർ രൂപംകൊള്ളുന്നത്. അമേരിക്കൻ പ്രസിഡന്റ് റൂസ്‌വെൽറ്റിന്റെ അഭിപ്രായത്തിൽ ഭാവിലോകം കരുപ്പിടിപ്പിക്കേണ്ടത് നാലു മൗലിക സ്വാതന്ത്ര്യങ്ങളുടെ മൂശയിലാണ്.

1. അഭിപ്രായ സ്വാതന്ത്ര്യം
2. മതസ്വാതന്ത്ര്യം
3. ദാരിദ്ര്യത്തിൽനിന്നുള്ള മോചനം
4. ഭയത്തിൽനിന്നുള്ള മോചനം

ഭാവിതലമുറകൾ ഈ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ യുദ്ധഭീഷണി ഒഴിവാക്കുകയും സമാധാനം ഉറപ്പാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ മാനവരാശിയുടെ മുഴുവൻ രക്ഷയ്ക്കായി ഒരു പുതിയ ലോകസംഘടന ഉണ്ടാകണമെന്ന ബോധ്യം സാർവ്വദേശീയതലത്തിലുണ്ടായി. അതിന്റെ ഫലമായി സാൻഫ്രാൻസിസ്കോയിൽ 50 രാഷ്ട്രങ്ങൾ ഒത്തുചേർന്നു. 1945 ഒക്ടോബർ 24-ാം തീയതി ഈ രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ചേർന്ന് ഐക്യരാഷ്ട്രസംഘടനയുടെ അടിസ്ഥാനപ്രമാണമായ ചാർട്ടറിൽ ഒപ്പുവെച്ചു. ഒക്ടോബർ 24 ഐക്യരാഷ്ട്രദിനമായി ആചരിച്ചുപോന്നു. ലോകസമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ട് മനുഷ്യസമൂഹത്തിനാകമാനം പുരോഗതിയും മെച്ചപ്പെട്ട ജീവിതനിലവാരവും കൈവരുത്തുക എന്നതാണ് ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപിതലക്ഷ്യം. ജനങ്ങളുടെ സ്വാതന്ത്ര്യം, അവകാശസമത്വം എന്നിവയെ ഉൾക്കൊണ്ടുകൊണ്ട് രാഷ്ട്രങ്ങൾ തമ്മിൽ സുഹൃദ്ബന്ധം പുലർത്തേണ്ടത് അനിവാര്യമായിത്തീർന്നു. മനുഷ്യാവകാശങ്ങളോടും മൗലികസ്വാതന്ത്ര്യങ്ങളോടും ആദരവ് വളർത്തുക എന്നുള്ളത് ഇതിന്റെ അടിസ്ഥാനപ്രമാണമാണ്. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും മനുഷ്യത്വപരവുമായ പ്രശ്നങ്ങൾ പരസ്പര സഹകരണത്തോടെ പരിഹരിക്കുക എന്നുള്ളതും പൊതുലക്ഷ്യമാണ്.

## മനുഷ്യാവകാശ പ്രഖ്യാപനം

1948 ഡിസംബർ 10-നാണ് ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനം നടത്തുന്നത്. ഡിസംബർ 10-ന് മനുഷ്യാവകാശദിനമായി ആചരിക്കുന്നു.

മനുഷ്യാവകാശത്തെ സംബന്ധിച്ച ഈ ചരിത്രപ്രധാനമായ വിളംബരത്തിൽ മുപ്പതോളം വകുപ്പുകൾ ഉണ്ട്. ജീവനും സ്വാതന്ത്ര്യത്തിനും സുരക്ഷിതത്വത്തിനുമുള്ള അവകാശം, അടിമത്വത്തിൽനിന്നുള്ള പൂർണ്ണമായ മോചനം, ശാരീരികവും മാനസികവുമായ പീഢനങ്ങളിൽനിന്നുള്ള സംരക്ഷണം, നിയമത്തിന്റെ മുമ്പിൽ തുല്യത എന്നിവയെല്ലാം ഉൾപ്പെടുന്നു. വിദ്യാഭ്യാസം, കുടുംബാരോഗ്യം, കുടുംബക്ഷേമം എന്നിവയ്ക്കും മനുഷ്യാ

വകാശപ്രഖ്യാപനത്തിൽ ഊന്നൽ കൊടുക്കുന്നുണ്ട്. ഈ സ്വാതന്ത്ര്യവും അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു അന്തർദ്ദേശീയ സാമൂഹികക്രമത്തിന്റെ അനിവാര്യതയും പ്രഖ്യാപനത്തിൽ വിവരിക്കുന്നു.

മനുഷ്യാവകാശപ്രഖ്യാപനത്തിനു പുറമേ അന്തർദ്ദേശീയ തലത്തിൽ ഉടമ്പടികൾ ഉണ്ടാക്കിയിട്ടുണ്ട്. ഇന്റർനാഷണൽ കവനന്റ് ഓൺ സിവിൽ ആന്റ് പൊളിറ്റിക്കൽ റൈറ്റ്സ്, ഇന്റർനാഷണൽ കവനന്റ് ഓൺ എക്കണോമിക്സ്, സോഷ്യൽ ആന്റ് കൾച്ചറൽ റൈറ്റ്സ് എന്നീ ഉടമ്പടികളും 1966-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ചിട്ടുള്ളതാണ്. ഇവയെല്ലാം തന്നെ മനുഷ്യാവകാശങ്ങളിൽ അധിഷ്ഠിതമായ വ്യക്തിത്വവികസനത്തിനും സമൂഹത്തിന്റെ സർവ്വതോന്മുഖമായ അഭ്യുന്നതി ലക്ഷ്യമാക്കിയുള്ള സ്വാതന്ത്ര്യങ്ങൾക്കും ഊന്നൽ നല്കുന്നു.

## ഇന്ത്യൻ ഭരണഘടന

ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര, ജനാധിപത്യറിപ്പബ്ലിക്കായി കെട്ടിപ്പടുക്കുകയും എല്ലാ പൗരന്മാർക്കും സമത്വവും നീതിയും സ്വാതന്ത്ര്യവും ലഭിക്കുകയും സാഹോദര്യം വളർത്തുകയുമാണ് ലക്ഷ്യമെന്ന് ഭരണഘടനയുടെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവയുമായി ബന്ധപ്പെട്ട മനുഷ്യാവകാശങ്ങൾ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ മൗലിക അവകാശങ്ങളായി ചേർത്തിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, നിയമത്തിനുമുമ്പിൽ സമത്വം, നിയമത്തിന്റെ തുല്യമായ സംരക്ഷണം, മതവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യങ്ങൾ മുതലായ അടിസ്ഥാനസ്വാതന്ത്ര്യങ്ങൾ അടങ്ങിയതാണ് മൗലിക അവകാശങ്ങൾ.

ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ, ജീവിക്കുവാനുള്ള അവകാശം വ്യക്തമാക്കിയിട്ടുണ്ട്. ഒരു പൗരനും അവന്റെ ജീവനോ വ്യക്തിസ്വാതന്ത്ര്യമോ നിയമത്തിന്റെ പിൻബലമില്ലാതെ നിഷേധിക്കരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനപ്രമാണമായി ഭരണഘടനയുടെ 21-ാം അനുച്ഛേദത്തെ കണക്കാക്കാം. അന്തസ്സായി ജീവിക്കുവാനുള്ള അവകാശമാണ് ഇത് ഉറപ്പുനല്കുന്നത്.

ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മൗലിക അവകാശങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കപ്പെടണം. ഇതിന് അവകാശബോധവും നിതാന്ത ജാഗ്രതയുമുള്ള സമൂഹം അനിവാര്യമാണ്.

## മനുഷ്യാവകാശ കമ്മീഷനുകൾ

മനുഷ്യാവകാശസംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ സംരക്ഷണത്തിനും ബന്ധപ്പെട്ട വിഷയങ്ങൾക്കുംവേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യാവകാശ കോടതികൾ എന്നിവ നിലവിൽ വന്നു.

മനുഷ്യാവകാശ ലംഘനങ്ങളെപ്പറ്റിയുള്ള ആരോപണങ്ങൾ അന്വേഷിക്കുക, ആവശ്യമായ രേഖകൾ പരിശോധിക്കുക, പൊതുരേഖകൾ ആവശ്യപ്പെടുക, ഇതര കോടതികളിൽനിന്നോ ഓഫീസുകളിൽനിന്നോ മൊഴി എടുക്കുക, നേരിട്ട് അന്വേഷണം നടത്തുക എന്നിവ ചുമതലയിൽ ഉൾപ്പെടുന്നു.

## മനുഷ്യാവകാശ കോടതികൾ

മനുഷ്യാവകാശങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ വേഗത്തിൽ വിചാരണ ചെയ്ത് തീർപ്പു കല്പിക്കുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന് നിയമത്തിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ ജില്ലയിലും ആ ജില്ലയിലെ സെഷൻസ് കോടതിയെ പ്രത്യേക കോടതിയാക്കാം. അതിന് സർക്കാരിന്റെ വിജ്ഞാപനം വേണം. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ സമ്മതവും ആവശ്യമാണ്. പ്രത്യേക കോടതിയിൽ കേസ് വാദിക്കുന്നതിനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടറെയും നിയമിക്കാം. ഇത്തരം പ്രത്യേക കോടതികൾ മനുഷ്യാവകാശകോടതികൾ എന്നാണ് അറിയപ്പെടുന്നത്.

## പ്രവർത്തനങ്ങൾ

1. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ വിവരിക്കുക?
2. മനുഷ്യാവകാശപ്രഖ്യാപനംവിശദമാക്കുക?
3. മനുഷ്യാവകാശ സംരക്ഷണനിയമം വിശദമാക്കുക?
4. വിവിധ മനുഷ്യാവകാശ കമ്മീഷനുകൾ ഏതെല്ലാം? അവയുടെ അധികാരങ്ങളും ചുമതലകളും കണ്ടെത്തുക.
5. മനുഷ്യാവകാശ സംരക്ഷണത്തിന് ഭരണഘടനയും മറ്റു നിയമങ്ങളും എങ്ങനെ നടപ്പാക്കുവാൻ കഴിയും. ചർച്ച ചെയ്യുക.
6. അടുത്ത മനുഷ്യാവകാശദിനത്തിൽ മനുഷ്യാവകാശങ്ങളെപ്പറ്റി ബോധവത്കരണം നടത്തുവാൻ ഉതകുന്ന ഒരു പ്രോഗ്രാം തയ്യാറാക്കുക.

അദ്ധ്യായം മൂന്ന്

# മനുഷ്യാവകാശവും വിലപ്പെട്ട മനുഷ്യജീവനും

ജീവൻ ദൈവീകദാനമാണ്. ജീവന്റെ കാവൽക്കാരാണ് മനുഷ്യർ. എന്നാൽ സൃഷ്ടിയുടെ മകുടമായ മനുഷ്യജീവന്റെ മൂല്യം മനുഷ്യൻ മറന്നുതുടങ്ങിയിരിക്കുന്നു. അക്രമങ്ങൾ, യുദ്ധങ്ങൾ, കൊലപാതകങ്ങൾ, അപകടങ്ങൾ മുതലായവമൂലം എത്രയെത്ര ജീവനാണ് ദിനംപ്രതി പൊലിഞ്ഞുകൊണ്ടിരിക്കുന്നത്. അതോടൊപ്പം ഗർഭച്ഛിദ്രം, ഭ്രൂണഹത്യ എന്നിവ വഴി എത്രയോ കുഞ്ഞുജീവനാണ് ദിവസവും നഷ്ടപ്പെടുത്തുന്നത്. ജീവൻ പരിരക്ഷിക്കേണ്ടത് മനുഷ്യാവകാശമാണ്. ഒപ്പം ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുവാനും നമുക്ക് കഴിയണം.

വിവാഹം എന്ന പരിശുദ്ധമായ കൂദാശയിലൂടെ ഒന്നാകുന്ന സ്ത്രീയും പുരുഷനും ചേർന്ന് രൂപപ്പെടുന്നതാണ് കുടുംബം. സഭയുടെയും സമൂഹത്തിന്റെയും ഏറ്റവും ചെറിയ പതിപ്പാണ് കുടുംബം. ദൈവികമായി വിവാഹകൂദാശയിലൂടെ യോജിപ്പിക്കുന്ന ദമ്പതികൾക്ക് ദാനമായി ലഭിക്കുന്ന ദൈവീക സൗഭാഗ്യമാണ് മക്കൾ. ദൈവമാണ് അവർക്ക് ജീവൻ നല്കുന്നത്. മാതാപിതാക്കൾ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നു എന്നുമാത്രം. ഭൂമിയിൽ ഉരുവാകുന്ന എല്ലാ മനുഷ്യരും ദൈവത്തിന്റെ മകനോ മകളോ ആണ്. ദൈവകൃപയിലാണ് ഓരോ കുഞ്ഞും വളരേണ്ടത്. അതിനാൽ ജനിപ്പിക്കുന്ന ജീവനെ വളർത്തുവാനും സംരക്ഷിക്കുവാനും മാതാപിതാക്കൾക്ക് ഉത്തരവാദിത്വമുണ്ട്.

## ഭ്രൂണഹത്യ (Foeticide)

ആത്മാവും ശരീരവുമായി അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനെ ഭ്രൂണാവസ്ഥയിൽ വിദഗ്ദ്ധ പരിശോധനയിലൂടെ ലിംഗനിർണ്ണയം നടത്തി മനഃപൂർവ്വം അതിനെ നശിപ്പിക്കുന്ന നീചകർമ്മമാണ് ഭ്രൂണഹത്യ. അമ്മയുടെ ശരീരത്തിൽനിന്നും രക്തവും ഭക്ഷണവും സ്വീകരിച്ച് ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിന് മനുഷ്യസഹജമായ വികാരങ്ങളും വിചാരങ്ങളും ഉണ്ടെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. പൂർണ്ണതയിലേക്ക് വളരുന്ന മനുഷ്യവ്യക്തിതന്നെയാണ് ഗർഭാവസ്ഥയിലുള്ള ഭ്രൂണം. ഇതേ ഭ്രൂണത്തെ അമ്മയുടെ ഗർഭപാത്രത്തിൽവച്ചുതന്നെ കൊല്ലുന്നത് പ്രകൃതിക്കും ഈശ്വരനുമെതിരെയുള്ള കൊടും പാതകമാണ്. ജീവിക്കുവാനുള്ള കുഞ്ഞിന്റെ അവകാശത്തെയാണ് ബോധപൂർവ്വം നിഷേധിക്കുന്നത്.

പവിത്രമായ ഭ്രൂണത്തെ ഗർഭപാത്രത്തിൽ വച്ച് ഇഞ്ചിഞ്ചായി കൊന്ന് ധാരാളം പ്രതിഫലം പറ്റുന്ന ഡോക്ടർമാരും ആശുപത്രികളും ഇന്നിന്റെ ശാപമാണ്. പെൺഭ്രൂണത്തെ കൊലക്കത്തിക്ക് വിട്ടുകൊടുക്കാൻ മനഃസാക്ഷിയില്ലാത്ത മാതാപിതാക്കളുടെ എണ്ണവും ഏറിവരുന്നു. പെൺകുഞ്ഞു ജനിച്ചുകഴിഞ്ഞാൽ അതിനെ വിവിധ തരത്തിൽ കൊല്ലാൻ ശ്രമിക്കുന്നവരുടെ ക്രൂരതയും ഞെട്ടിക്കുന്ന സംഭവങ്ങളാണ്. സുഖവും സ്വാർത്ഥതയും തേടുന്ന ഇന്നത്തെ തലമുറ ഇത്തരം അനീതികൾക്ക് കൂട്ടുനില്ക്കുകയാണ്. ഗർഭാവസ്ഥയിലായ ജീവനെ നശിപ്പിക്കുന്നത് കൊലപാതകം തന്നെയാണ്.

പെൺകുട്ടി കുടുംബത്തിന് സാമ്പത്തിക ബാധ്യതയാണെന്ന ധാരണയും സ്ത്രീധനം, വിവാഹച്ചെലവുകൾ തുടങ്ങിയ ബാധ്യതകളും പെൺഭ്രൂണഹത്യയ്ക്ക് കാരണമാകുന്നു. ഗർഭാവസ്ഥയിൽ ലിംഗനിർണ്ണയം നടത്തുന്നത് നിയമപരമായി ശിക്ഷാർഹമാണ്. എങ്കിലും നിരവധി ആശുപത്രികളും സ്കാനിങ് കേന്ദ്രങ്ങളും പണം ഈടാക്കി നിയമത്തിന്റെ പഴുതു

കളിലൂടെ ലിംഗനിർണ്ണയം നടത്തുന്നു. മനുഷ്യന്റെ ജീവിതസുഖത്തോടും പണത്തോടും ആഢംബരത്തോടുമുള്ള അത്യാർത്തിയാണ് ഇതിനെല്ലാം പ്രേരണ.

## ഗർഭച്ഛിദ്രം (Abortion)

ഗർഭച്ഛിദ്രം എന്നത് ഗർഭാവസ്ഥയിലുള്ള കുഞ്ഞിനെ നശിപ്പിക്കുന്നതാണ്. ഇത് സ്വമേധയായോ മനഃപൂർവ്വമായോ ആകാം. അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനെ മനഃപൂർവ്വം നശിപ്പിക്കുകയാണെങ്കിൽ അത് ഭ്രൂണഹത്യപോലെതന്നെ ശിക്ഷാർഹമാണ്. മതിയായ വളർച്ചയില്ലാതെയോ മറ്റു ശാരീരികമായ അസുഖങ്ങൾകൊണ്ടോ ചിലപ്പോൾ സ്വയമേ ഭ്രൂണം നഷ്ടപ്പെട്ടുപോകാറുണ്ട്.

മാരകമായ ഗർഭച്ഛിദ്രമുറകൾ നടത്തുമ്പോൾ ഗർഭപാത്രത്തിന് ഗുരുതരമായ മുറിവേല്ക്കുകയും ഭാവിയിൽ നടുവേദനയും രക്തസ്രാവവും ഉണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ നിരാശ, കുറ്റബോധം, ഇവ വർദ്ധിച്ച് മാനസികരോഗമായി മാറുന്നു. വിശപ്പ്, ഉറക്കം എന്നിവ നഷ്ടപ്പെട്ട ആയിരക്കണക്കിന് സ്ത്രീകൾ നിത്യരോഗികളായി മാറുന്നു. താൻ കൊന്ന കുഞ്ഞിന്റെ പിടച്ചിലും കരച്ചിലും മരിക്കുംവരെ അമ്മയുടെ മനസാക്ഷിയെ മുറിപ്പെടുത്തിക്കൊണ്ടിരിക്കും. അതിനാൽ ഗർഭത്തിൽ ഉരുവാകുന്ന ജീവനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്, സ്നേഹമാണ്.

സങ്കീ. 127:3 “മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ.” മക്കൾ ദൈവത്തിന്റെ ദാനമാണെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നു. ദൈവം ദാനമായി തന്ന മക്കളെ ദൈവീകരായി വളർത്തുവാൻ മതാപിതാക്കൾക്ക് കടമയുണ്ട്. അതിന് മക്കൾ ഭാര്യാ-ഭർത്തൃ ബന്ധത്തിൽനിന്നുളവായ ഉല്പന്നമായോ വംശാവലി നിലനിർത്താനുള്ള കണ്ണിയായോ മാത്രം കാണാതെ സൃഷ്ടികർത്താവായ ദൈവത്തിന്റെ ദാനമാണെന്ന ബോധ്യം ഉണ്ടാകണം. ജീവനെ സംരക്ഷിക്കേണ്ട നാം ഒരിക്കലും ജീവന്റെ കൊലയാളിയാകാൻ പാടില്ല. ജനിക്കാൻ അർഹത നേടി ദൈവം സൃഷ്ടിച്ച ഭ്രൂണത്തെ നശിപ്പിക്കുന്നത് കൊലപാതകം തന്നെയാണ്.

ദൈവീകമായി ലഭിച്ച കുഞ്ഞുങ്ങളെ ജീവൻ നഷ്ടപ്പെടുത്താതെ ഉത്തരവാദിത്വത്തോടെ പരിപാലിക്കുവാൻ ദൈവകൃപയിൽ വളർത്തുവാൻ കഴിയണം. ജീവൻ നഷ്ടപ്പെടുത്തുന്ന പ്രവണതകളെ ശക്തമായി പ്രതിരോധിക്കുവാനും അനീതിയും അസാന്മാർഗ്ഗികവുമായ ജീവിതരീതികളിൽനിന്നും ഒഴിഞ്ഞിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം. ക്രിസ്തീയജീവിതം നയിക്കുന്നവർ ബോധപൂർവ്വമായ ഇത്തരം ഹീനകർമ്മങ്ങൾക്ക് നേതൃത്വം നല്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്. അതിനാൽ മനുഷ്യജീവനെ അതിന്റെ ഉത്ഭവത്തിന്റെ ആദ്യം മുതൽ അതീവശ്രദ്ധയോടെ സംരക്ഷിക്കണം.

## ജീവൻ പരിപോഷണ പ്രസ്ഥാനങ്ങൾ (Pro-life Movement)

ജീവനെ പരിപോഷിപ്പിക്കുന്ന വിവിധ പ്രസ്ഥാനങ്ങളാണ് പ്രോ-ലൈഫ് മൂവ്മെന്റ്സ്. ജീവൻ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ബോധനം, പരിശീലനം, കൗൺസിലിങ്, മാർഗനിർദ്ദേശം എന്നിവ ലഭ്യമാക്കിയാണ് പ്രോ-ലൈഫ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത്. ഗർഭച്ഛിദ്രം, ഭ്രൂണഹത്യ, ബാലവേല, സ്ത്രീപീഢനം മുതലായ ജീർണ്ണിച്ച സംസ്കാരങ്ങളെ സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിന് ഈ പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. പ്രോ-ലൈഫ് എന്നാൽ ജീവിക്കുവാനുള്ള നിയമപരമായ മൗലിക അവകാശത്തെ സംരക്ഷിക്കുക എന്നാണ് അർത്ഥമാക്കുന്നത്. ജീവിതത്തെയും ജീവനെയും തകർക്കുന്ന എല്ലാ സമ്പ്രദായങ്ങളെയും നിയമപരമായി നേരിടുവാൻ ഇത് പ്രേരിപ്പിക്കുന്നു.

ക്രിസ്തീയ സഭകൾ ജീവൻ സംരക്ഷിക്കുന്ന പ്രസ്ഥാനങ്ങളായി മാറണം. ജീവൻ നശിപ്പിക്കുന്ന 'മരണ' സംസ്കാരത്തിൽനിന്നും ജീവൻ നിലനിർത്തുന്ന സമൃദ്ധിയായ ജീവനിലേക്കുള്ള ക്രിസ്തുവിലേക്ക് നമുക്കു വളരാം. ജീവൻ നല്കുന്നത് ദൈവമാണ്. ജീവൻ നല്കാൻ കഴിയാത്ത നമുക്ക് ജീവനെ നശിപ്പിക്കുവാൻ അവകാശമില്ല. നമുക്ക് ജീവനെ സ്നേഹിക്കുന്നവരാകാം. ജീവനെ സംരക്ഷിക്കുന്നവരായിത്തീരാം.

## പ്രവർത്തനങ്ങൾ

1. കുഞ്ഞുങ്ങളോടുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വം എന്ത്?
2. ഗർഭച്ഛിദ്രം, ഭ്രൂണഹത്യ ഇവ വിശദമാക്കുക?
3. എന്തുകൊണ്ട് പെൺഭ്രൂണഹത്യകൾ വർദ്ധിക്കുന്നു? ഇവയെ എങ്ങനെ പ്രതിരോധിക്കുവാൻ കഴിയും?
4. പ്രോ-ലൈഫ് മൂവ്മെന്റ് എന്നാൽ എന്ത്?
5. 'സമൂഹത്തിൽ ജീവന്റെ സംരക്ഷണം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിക്കുക.
6. ഗർഭച്ഛിദ്രത്തിന്റെ ദൂഷ്യവശങ്ങൾ വിശദമാക്കുന്ന ഉപന്യാസം തയ്യാറാക്കി അവതരിപ്പിക്കുക.
7. ഗർഭിണികളായ അമ്മമാർക്കും ഗർഭസ്ഥ ശിശുവിനും വേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പ്രാർത്ഥന തയ്യാറാക്കുക.

അദ്ധ്യായം നാല്

# മനുഷ്യാവകാശങ്ങളും ഉത്തരവാദിത്വങ്ങളും
# (Rights and Responsibilities)

അവകാശങ്ങളും കർത്തവ്യങ്ങളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. എവിടെ അവകാശമുണ്ടോ അവിടെ കർത്തവ്യങ്ങളുമുണ്ട്. അതിനാൽ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പോലെതന്നെ തുല്യപ്രാധാന്യം കർത്തവ്യങ്ങൾക്കും ഉണ്ട്. അവകാശങ്ങളുടെ പരിമിതിയും കടമകളുടെ ഉത്തരവാദിത്വവും മറക്കരുത്. ഓരോ വ്യക്തിക്കും സമൂഹത്തോട് ചില കടപ്പാടുകൾ ഉണ്ട്. പൊതുനന്മയ്ക്കുവേണ്ടി ന്യായയുക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും അവ പാലിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമാണ് വ്യക്തി സ്വാതന്ത്ര്യം അർത്ഥവത്താകുന്നത്. സമൂഹത്തിന്റെ ധാർമ്മികതയും പൊതുവായ ക്ഷേമവും പൊതു സമാധാനക്രമവും പലപ്പോഴും വ്യക്തിസ്വാതന്ത്ര്യവുമായി പൊരുത്തപ്പെടാതെ വരാം. അതിനാൽ അന്യരുടെ സ്വാതന്ത്ര്യവും അവകാശവും സംരക്ഷിക്കപ്പെടണമെങ്കിൽ വ്യക്തിസ്വാതന്ത്ര്യത്തിന് ചില പരിമിതികൾ കൂടിയേ തീരു.

സമൂഹത്തിന്റെ ഭദ്രതയെ ബാധിക്കത്തക്കവണ്ണം വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുത്. സമൂഹത്തിന്റെ പൊതുവായ നന്മയും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ സമന്വയിപ്പിക്കാതെ ഒരു ജനാധിപത്യ സമൂഹത്തിന് നിലനില്ക്കാനാവില്ല. അതിനാൽ മനുഷ്യാവകാശങ്ങൾക്കും ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ രാഷ്ട്രത്തിന് അവകാശമുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം വളരെ വിലപ്പെട്ട അവകാശമാണ്. പക്ഷേ, പൊതു സമാധാനക്രമത്തിനും ധാർമ്മികതയ്ക്കും സദാചാരത്തിനും വിരുദ്ധമായി അഭിപ്രായസ്വാതന്ത്ര്യം എന്ന അവകാശം വിനിയോഗിക്കപ്പെടാവുന്നതല്ല. അതുപോലെ ഈ സ്വാതന്ത്ര്യത്തിന്റെ മറവിൽ അന്യവ്യക്തികളുടെ അന്തസ്സിനു കോട്ടം വരുത്തുന്ന പ്രസ്താവനകളും ന്യായീകരിക്കത്തക്കതല്ല. അതിനാൽ ഒരു പൗരൻ എന്ന നിലയിൽ അവകാശങ്ങളോടൊപ്പംതന്നെ രാഷ്ട്രത്തോടും സമൂഹത്തോടുമുള്ള കടമകൾ നിർവഹിക്കേണ്ടതാണ്.

നമ്മുടെ രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുവാനും നമ്മുടെ ആദർശങ്ങളും സംസ്കാരവും സംരക്ഷിക്കുവാനും നാം ബാധ്യസ്ഥരാണ്. മതം, ഭാഷ, പ്രദേശം എന്നീ വിഭാഗീയ ചിന്തകൾക്കതീതമായി എല്ലാവരെയും ഒരുപോലെ കാണാൻ കഴിയുന്ന യേശുക്രിസ്തുവിന്റെ മാതൃക നാം അനുകരിക്കണം. പ്രകൃതിയെ അതിന്റെ തനിമയിൽ കാത്തുസൂക്ഷിക്കുകയും പ്രകൃതിവിഭവങ്ങൾ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങൾക്കുംകൂടി അവകാശപ്പെട്ടതാണെന്നും അവയെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ് എന്നും നാം മനസ്സിലാക്കണം. മതമൈത്രി നിലനിർത്തുവാനും സാമൂഹ്യതിന്മകളെ വേരോടെ പിഴുതെറിഞ്ഞ് നല്ല സമൂഹത്തെ സൃഷ്ടിക്കുവാനും നമുക്ക് കഴിയണം. യേശുക്രിസ്തുവിനെ ജീവിതത്തിൽ കാട്ടിക്കൊടുക്കുന്ന നല്ല മാതൃക നമ്മുടെ ജീവിതത്തിൽ പിൻതുടരണം. ഒപ്പം എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുകയും വേണം.

## ബാലവേല

14 വയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിനെയാണ് 'ബാലവേല' എന്നു പറയുന്നത്. കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിപ്പിക്കുന്നത് കഠിനമായ കുറ്റകൃത്യമാണ്. നിർമ്മാണമേഖലകളിലും ഫാക്ടറികളിലും ഹോട്ടലുകളിലും

ചെറുകിട വ്യവസായശാലകളിലും മറ്റും കുട്ടികളെക്കൊണ്ട് അമിതമായി പണിയെടുപ്പിക്കാറുണ്ട്. തുച്ഛമായ പ്രതിഫലം കൊടുത്തു കൂടുതൽ ജോലിയെടുപ്പിക്കാൻ കഴിയും എന്നതുകൊണ്ടാണ് ബാലവേലയെടുപ്പിക്കുവാൻ തൊഴിലുടമകൾ തയ്യാറാകുന്നത്. ശരിയായ വിശ്രമമോ ഭക്ഷണമോ ലഭിക്കാതെ ഇത്തരം കുഞ്ഞുങ്ങൾ കഷ്ടപ്പെടുകയാണ്. കൂടാതെ മോശമായ പെരുമാറ്റവും കഠിനമായ അദ്ധ്വാനവും ക്രൂരമായ മർദ്ദനവും കുട്ടികൾ അനുഭവിക്കേണ്ടിവരുന്നു.

കുട്ടികളെക്കൊണ്ട് ജോലിയെടുപ്പിച്ചും ഭിക്ഷാടനം നടത്തിയും ജീവിക്കുന്ന മാതാപിതാക്കളും ഏജന്റുമാരും നമ്മുടെ സമൂഹത്തിലുണ്ട്. ഉത്സവസ്ഥലങ്ങളിലും വഴിയോരങ്ങളിലും ഭിക്ഷയാചിച്ചു തളർന്നുകിടക്കുന്ന കുഞ്ഞുങ്ങളും, ബാല്യത്തിൽ കളിച്ചും ചിരിച്ചും വളരേണ്ടതിനുപകരം കഠിനമായ ജോലി ചെയ്യാൻ വിധിക്കപ്പെടുന്ന എത്രയോ കുട്ടികളും നമ്മുടെ ചുറ്റുവട്ടങ്ങളിൽ കാണാൻ കഴിയും. ചെറിയ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കുറ്റകരമാണ് എങ്കിലും ഇത്തരം പ്രവണതകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

അനാഥരായ കുട്ടികളും ജീവിതസാഹചര്യം മോശമായ കുട്ടികളുമാണ് ഇത്തരം പീഡനങ്ങൾക്ക് വിധേയമാകുന്നത്. കുട്ടികളെ തട്ടിയെടുത്ത് ഭിക്ഷാടനം, മോഷണം എന്നിവയ്ക്ക് ഉപയോഗിക്കുന്ന സാമൂഹികവിരുദ്ധരും ഇന്നിന്റെ ശാപമാണ്. എല്ലാ കുട്ടികൾക്കും ആരോഗ്യവും സംരക്ഷണവും പ്രാഥമിക വിദ്യാഭ്യാസവും ലഭിക്കുവാനുള്ള അവകാശമുണ്ട്. അതിനുള്ള നിയമങ്ങളും നിലവിലുണ്ട്.

കുട്ടികൾക്കു ലഭിക്കേണ്ട പോഷകാഹാരമോ ശരിയായ ജീവിതശീലങ്ങളോ ഇവർക്കു ലഭിക്കുന്നില്ല. സ്നേഹവും പരിലാളനവും നിഷേധിക്കപ്പെടുന്ന ഇവർ കുറ്റകൃത്യങ്ങൾക്കും തെറ്റായ ശീലങ്ങൾക്കും അടിമകളായിത്തീരാറുണ്ട്.

ബാലവേല നിരോധിക്കുന്നതിനെക്കുറിച്ച് ശരിയായ നിയമബോധനവും പൊതുജനങ്ങൾക്ക് ശരിയായ ബോധവത്കരണവും അനിവാര്യമാണ്. കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കണ്ടാൽ അതിനെ തടയാനും അതിനെതിരെ അധികാരികൾക്ക് പരാതി നല്കുവാനും നമുക്ക് കഴിയണം. നമ്മെപ്പോലെ മറ്റു കുട്ടികൾക്കും ജീവിതസൗകര്യവും സുഖവും സ്വാതന്ത്ര്യവും അനുഭവിക്കുവാനുള്ള അവകാശമുണ്ടെന്നും നാം മനസ്സിലാക്കണം.

## ബാലനീതി

ഒരു രാഷ്ട്രത്തിന്റെ ഭാവി കുട്ടികളിലാണ്. അവർ രാഷ്ട്രത്തിന്റെ സമ്പത്താണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്. ഇന്ത്യൻ ഭരണഘടനയും നിയമങ്ങളും കുട്ടികളുടെ സമ്പൂർണ്ണസംരക്ഷണം ഉറപ്പു നല്കുന്നു. എന്നാൽ കൗമാരപ്രായത്തിൽ ഏതെങ്കിലും കുറ്റകൃത്യത്തിലേക്കു വഴുതിവീണ് കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനുംതന്നെ തീരാശാപമായി ജീവിതം നശിപ്പിക്കുന്ന കുട്ടികൾ കുറവല്ല. ബാലപീഡനം, ചൂഷണം, കുറ്റകൃത്യങ്ങൾക്ക് പ്രേരണ, സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുക, കുട്ടികളോട് മൃഗീയമായ രീതിയിൽ പെരുമാറുക ഇവയെല്ലാം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

ശിഥിലമായ കുടുംബാന്തരീക്ഷം, രക്ഷകർത്താക്കൾ കുട്ടികളോട് കാട്ടുന്ന ക്രൂരതകൾ, കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ സ്ഥിതി മനസ്സിലാക്കാത്ത രക്ഷാകർത്താക്കൾ, മാതാപിതാക്കന്മാരുടെ തെറ്റായ ജീവിതമാർഗ്ഗം, കള്ളവാറ്റ്, ചൂതുകളി, മദ്യപാനം, വ്യഭിചാരം മുതലായ അനാശാസ്യപ്രവർത്തനങ്ങൾ ഇവയെല്ലാം കുട്ടികളെ മാനസിക അസംതൃപ്തിയിലേക്കും തെറ്റായ വഴികളിലേക്കും നയിക്കുന്നു. ഇങ്ങനെയുള്ള കുട്ടികളിൽ കുറ്റവാസന സാധാരണമാണ്.

വേദനിക്കുന്ന ഇളംമനസ്സും അംഗീകരിക്കപ്പെടാത്ത വ്യക്തിത്വവും സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന ഹൃദയവും അരക്ഷിതത്വബോധവും കുട്ടികളിൽ വെറുപ്പ് ഉളവാക്കുകയും അവർ വീടിനെയും മാതാപിതാക്കളെയും അവഗണിക്കുകയും ക്രമേണ ദുഷിച്ച സാഹചര്യത്തിലേക്ക് വഴുതി വീഴുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുവാനും തെറ്റായ ജീവിതരീതിയിൽനിന്നും കുട്ടികളെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനും അവരെ ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനുമുള്ള സംവിധാനം ഉൾക്കൊള്ളുന്ന നിയമമാണ് 1986-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ 'ബാലനീതിനിയമം' (Juvanile justice Act). 2000-ൽ ഈ നിയമം സമഗ്രമായി പുതുക്കി. കുട്ടികളെ പീഢിപ്പിക്കുകയോ വഴിയാധാരമാക്കുകയോ ഉപേക്ഷിക്കുകയോ മറ്റുതരത്തിൽ ദ്രോഹിക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്. ഇപ്രകാരം കുട്ടികളെ ദ്രോഹിക്കുന്നവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വകുപ്പും ബാലനീതിനിയമത്തിൽ ഉണ്ട്. അതുപോലെ കുട്ടികളോട് ക്രൂരത കാണിക്കുകയോ, അവരെ യാചകവൃത്തിക്ക് ഉപയോഗിക്കുകയോ, അവർക്ക് മയക്കുമരുന്ന് നല്കുകയോ, ഹോട്ടലുകളിലും തൊഴിൽശാലകളിലും പണി എടുപ്പിക്കുകയോ ചെയ്യുന്നതും കുറ്റകരമാണ്.

കുട്ടികളുടെ അവകാശങ്ങളും അന്തസ്സും കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അവർക്ക് ശരിയായ വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ഉറപ്പാക്കേണ്ടതും സമൂഹത്തിന്റെ പൊതുചുമതലയാണ്. കുട്ടികളെ ചൂഷണം ചെയ്യുന്ന പ്രവണതകൾക്കും അനീതികൾക്കുമെതിരെ ശബ്ദമുയർത്തുവാനും അവരെ സംരക്ഷിക്കുവാനും നമുക്കു ശ്രമിക്കാം.

## പ്രവർത്തനങ്ങൾ

1. മനുഷ്യാവകാശങ്ങളും കർത്തവ്യങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
2. ബാലവേല എങ്ങനെ നിരോധിക്കുവാൻ കഴിയും?
3. ബാലനീതി വിശദമാക്കുക.
4. എന്തുകൊണ്ട് കുട്ടികൾ തെറ്റായ ജീവിതരീതികളിലേക്ക് പോകുന്നു?
5. നിങ്ങളുടെ സ്ഥലത്തു ബാലവേല ശ്രദ്ധയിൽപെട്ടാൽ അതിനെതിരെ എന്തു നടപടികൾ സ്വീകരിക്കും?
6. 'നിയമവും കുട്ടികളും' എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

## യൂണിറ്റ് ആറ്

# വിവിധ തത്വസംഹിതകളോടുള്ള ക്രിസ്തീയ സമീപനം

## അദ്ധ്യായം ഒന്ന്

## ഗാന്ധിജിയെ പരിചയപ്പെടുക

### ജീവചരിത്രസംഗ്രഹം

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2-ാം തീയതി ഗുജറാത്തിൽ ജനിച്ചു. ചെറുപ്പകാലത്തിലുണ്ടായിരുന്ന പ്രലോഭനങ്ങളും തിന്മകളും അതിജീവിച്ച് ശ്രേഷ്ഠമായ ധാർമ്മികബോധത്തോടും സമൂഹത്തോടുള്ള ആഴമേറിയ പ്രതിജ്ഞാബദ്ധതയോടുംകൂടി അദ്ദേഹം വളർന്നു. നന്നേ ചെറുപ്പകാലത്തുതന്നെ അദ്ദേഹം കസ്തൂർബായെ വിവാഹം ചെയ്തു. ലണ്ടനിലെ വിദ്യാഭ്യാസാനന്തരം അദ്ദേഹം ഒരു നിയമജ്ഞനായി. 1893 മുതൽ 1914 വരെ ഔദ്യോഗികജീവിതവുമായി ബന്ധപ്പെട്ട് അദ്ദേഹം ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന ഭാരതീയരുടെ ഉന്നമനത്തിനായി കൂടുതൽ സമയവും ഊർജ്ജവും ചെലവഴിച്ചു. ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോൾ വെള്ളക്കാരായ അധികാരികളിൽനിന്ന് അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളും അപമാനവും അദ്ദേഹത്തിന്റെ ഉള്ളിലെ സ്വാതന്ത്ര്യസമരസേനാനിയെ രൂപപ്പെടുത്തിക്കൊണ്ടിരുന്നു. 46-ാം വയസ്സിൽ ഭാരതത്തിലേക്ക് മടങ്ങിവരികയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും പാവങ്ങളുടെ ഉന്നമനത്തിനുംവേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം നല്കുകയും ചെയ്തു.

ഒരു മതഭ്രാന്തൻ 1948 ജനുവരി 30-ാം തീയതി വെടിയുതിർത്ത് അദ്ദേഹത്തെ വധിച്ചു. ഒരു രാഷ്ട്രീയവിശുദ്ധന്റെ വിജയപ്രദമായ ജീവിതത്തിന്റെയും സംഭാവനകളുടെയും മനോഹരമായ വിവരണമാണ് അദ്ദേഹത്തിന്റെ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന ആത്മകഥ.

### അദ്ദേഹത്തിന്റെ കടപ്പാട്

ഭാരതീയപാരമ്പര്യത്തോടും വിശിഷ്യ മതങ്ങളോടും ഗാന്ധിജി വളരെ ആഴത്തിൽ കടപ്പെട്ടിരുന്നു. മതപരമായ ഗ്രന്ഥങ്ങളിൽ ഭഗവത്ഗീത അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. അതുപോലെതന്നെ യേശുക്രിസ്തുവും അദ്ദേഹത്തിന്റെ ഗിരിപ്രഭാഷണങ്ങളും ഗാന്ധിജിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു. ടോൾസ്റ്റോയിയുടെ 'The kingdom of God is Within You' എന്ന കൃതിയും ജോൺ റസ്കിന്റെ "Unto this Last' എന്ന കൃതിയും ഗാന്ധിജിയെ വളരെ സ്വാധീനിച്ചിട്ടുണ്ടെന്ന് അദ്ദേഹം തുറന്നു സമ്മതിച്ചിട്ടുണ്ട്. എല്ലാ മതങ്ങളെക്കുറിച്ചും അർപ്പണബോധത്തോടെ അദ്ദേഹം പഠിച്ചിരുന്നു. മാതാവിൽനിന്ന് ഭക്തിയുടെ പാഠങ്ങളും പിതാവിൽനിന്ന് അന്യമതങ്ങളോടുള്ള തുറന്ന സമീപനവും അദ്ദേഹം ഗ്രഹിച്ചു.

### സത്യാന്വേഷണവും ജ്ഞാനവും

ജ്ഞാനം ലഭിക്കുന്നതിന് പഞ്ചേന്ദ്രിയങ്ങളും യുക്തിയും ബുദ്ധിയും പ്രധാന പങ്ക് വഹിക്കുന്നു. സമഗ്രദർശനത്തിന്റെ വക്താവായിരുന്ന അദ്ദേഹം ഇവയിലൊന്നിനെയും അപ്രധാനമായി കണ്ടില്ല. എന്നിരുന്നാലും ഇവയിലൂടെ ലഭിക്കുന്ന അറിവിന്റെ പരിമിതി

കളെക്കുറിച്ച് അദ്ദേഹം വളരെ ബോധവാനായിരുന്നു. ഉദാഹരണമായി ദൈവത്തെ അറിയുന്നതിന് കേവലം പഞ്ചേന്ദ്രിയങ്ങൾകൊണ്ടോ യുക്തികൊണ്ടോ കഴിയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. യുക്തിക്ക് പരിമിതികൾ ഉള്ളതുകൊണ്ടാണ് വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞത്. ഗാന്ധിജിക്ക് വിശ്വാസം എന്നത് ആറാമിന്ദ്രിയം പോലെയായിരുന്നു. അദ്ദേഹത്തിന് മനഃസാക്ഷിയുടെ ശബ്ദം ദൈവത്തിന്റെ ശബ്ദമായിരുന്നു. ഈ ശബ്ദം ശ്രവിക്കുവാൻ ജീവിതത്തിൽ അച്ചടക്കം അനിവാര്യമാണ്. നമ്മുടെ ഇന്ദ്രിയങ്ങളും യുക്തിയും ബുദ്ധിയും ശുദ്ധീകരിച്ച് വയ്ക്കുന്നില്ലെങ്കിൽ അവയിലൂടെ ലഭിക്കുന്ന അറിവ് വികലമായിത്തീരും. സത്യാന്വേഷികൾ കർശനമായി ധാർമ്മികമായ പവിത്രതയും ജീവിതവിശുദ്ധിയും ഉയർത്തിപ്പിടിക്കണമെന്ന് അദ്ദേഹം വളരെയധികം ശഠിച്ചിരുന്നു. മനുഷ്യന്റെ ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം നല്കുന്നതിന് സഹായിക്കുമ്പോൾ മാത്രമേ അറിവ് അർത്ഥവത്താകുകയുള്ളൂ.

## സത്യത്തെക്കുറിച്ച്

ഗാന്ധിജി, തന്നെ വിനയാന്വിതനായ സത്യാന്വേഷി എന്നു സ്വയം വിശേഷിപ്പിക്കുകയും സത്യം കണ്ടെത്തുവാനുള്ള പരീക്ഷണങ്ങൾക്കും അനുസൃതമായി ജീവിതത്തെ മാറ്റുകയും ചെയ്തു. അദ്ദേഹത്തിന്റെ ചിന്താപദ്ധതിയുടെ അടിസ്ഥാനം തന്നെ സത്യമായിരുന്നു. ഗാന്ധിജി, ദൈവം എന്നതിന് സത്യം എന്നു പറഞ്ഞിരുന്നു. ദൈവം സത്യമാണ് എന്ന ഉൾക്കാഴ്ച അദ്ദേഹത്തിന് വ്യക്തിപരമായ അനുഭവമായിരുന്നു. കേവലസത്യവും ആപേക്ഷികമായ സത്യവും തമ്മിൽ അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. മനുഷ്യന് കേവല സത്യത്തെ ഉൾക്കൊള്ളുവാൻ സാധ്യമല്ല. ആപേക്ഷികമായ സത്യത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് ഓരോരുത്തരും കേവലസത്യമന്വേഷിച്ച് കണ്ടുപിടിക്കണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സത്യത്തിൽ ചരിക്കുന്നതുകൊണ്ടു മാത്രമേ ദൈവത്തിൽ താദാത്മ്യപ്പെടുവാൻ പറ്റുകയുള്ളൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടങ്ങളെ 'സത്യാഗ്രഹമായി' (Truth force or soul force) ഗാന്ധിജി അവതരിപ്പിച്ചിരുന്നു. സത്യം അനുഭവിക്കുന്നതിന് ഹൃദയവിശുദ്ധി അത്യന്താപേക്ഷിതമാണ്. മനഃസാക്ഷിയുടെ ശബ്ദമായ സത്യം കേൾക്കുവാൻ ശുദ്ധവും അച്ചടക്കവുമുള്ള ജീവിതം വേണമെന്ന് അദ്ദേഹം സമർത്ഥിച്ചു. സത്യം ആത്യന്തികതയും അഹിംസ അതിലേക്കുള്ള മാർഗ്ഗവുമാണ്.

## അക്രമരാഹിത്യത്തെക്കുറിച്ച്

ഗാന്ധിജി അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും ശ്രേഷ്ഠനായ പ്രവാചകനായിരുന്നു. പ്രാചീന മതാത്മകജ്ഞാനത്തിൽനിന്നും അദ്ദേഹം അഹിംസ എന്ന തത്വം സ്വീകരിച്ചു. ഇത് വീണ്ടെടുത്ത് ആധുനികഭാരതത്തിന്റെ ആത്മീയ ശക്തിയായി മുന്നോട്ടു വളർത്തുന്നതിന് അദ്ദേഹം നിലകൊണ്ടു. ഒരു സമൂഹത്തിന്റെ രാഷ്ട്രീയജീവിതത്തിൽ അഹിംസ പ്രാവർത്തികമാക്കുന്നതിന് അദ്ദേഹത്തിന്റെ പെരുമാറ്റരീതികൾ ഉപകരിച്ചു.

ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ നിന്നും മുറിവേല്പ്പിക്കുന്നതിൽനിന്നും അകന്നുനില്ക്കണമെന്നത് അഹിംസയുടെ ഒരു ഭാഗം മാത്രമാണ്. ഗാന്ധിയുടെ ചിന്തയിൽ അഹിംസ എന്നാൽ അനീതിക്കും ചൂഷണത്തിനുമെതിരെയുള്ള ശക്തമായ സമരമായിരുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ വ്യംഗമായി അനീതി സമൂഹത്തിൽ തുടരുന്നത് പ്രോത്സാഹിപ്പിക്കുകയാവും. ഒരു വ്യക്തി അദ്ദേഹത്തിന്റെ ബലഹീനതകൾ കൊണ്ടോ ഭീരുത്വം കൊണ്ടോ അക്രമകാരിയല്ലെങ്കിൽ അതു നന്മയല്ല. ഗാന്ധിജി വ്യക്തമായി പറഞ്ഞിട്ടുണ്ട്, "അക്രമരാഹിത്യസിദ്ധാന്തം ബലഹീ

നർക്കും ഭീരുക്കൾക്കുമുള്ളതല്ല. അത് ധൈര്യമുള്ളവർക്കും ശക്തർക്കുമുള്ളതാണ്. ഏറ്റവും ധൈര്യശാലി മറ്റുള്ളവരെ കൊല്ലാതെയും മുറിവേല്പ്പിക്കാതെയും കൊല്ലപ്പെടുവാൻ ആഗ്രഹിക്കും. കാരണം മറ്റുള്ളവരെ മുറിവേല്പ്പിക്കുന്നത് തെറ്റാണെന്ന് സ്വയമറിയാൻ സാധിക്കും" (ഹരിജൻ, ജൂലൈ 20, 1937).

## സാർവ്വലൗകികസാഹോദര്യം

മനുഷ്യവംശത്തിന്റെ ഐക്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ ദർശനത്തിന്റെ പ്രധാന അടിസ്ഥാനം തന്നെ അദ്ദേഹത്തിന്റെ മതപരമായ വിശ്വാസമായിരുന്നു. ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ എല്ലാവരും സഹോദരീസഹോദരന്മാരാണ്. നമ്മളിലെല്ലാം ദൈവം വസിക്കുന്നു എന്ന് അദ്ദേഹം ശക്തമായി വിശ്വസിച്ചിരുന്നു. "നാം പലരാണ്, എന്നാൽ നമ്മളെല്ലാവരും ഒന്നാണ്" (The Collected works of Mahatma Gandhi Vo. 44, P. 82)

എണ്ണമറ്റ ശാഖകളിലും ഇലകളിലും ഒരേ ജീവൻ സംക്രമിക്കുന്ന ഒരു വലിയ വൃക്ഷത്തോട് അദ്ദേഹം മനുഷ്യവംശത്തെ താരതമ്യപ്പെടുത്തിയിരുന്നു. നിറത്തിലോ വലിപ്പത്തിലോ സമ്പാദ്യങ്ങളിലോ സ്ഥാനമാനങ്ങളിലോ ഉള്ള വൈജാത്യങ്ങളെ മറികടന്നുകൊണ്ട് എല്ലാ രാജ്യങ്ങളിലെയും പുരുഷന്മാരും സ്ത്രീകളും ഒരേ ആത്മാവിനെ പങ്കിടുന്നു. ഈ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയതിനാൽ അദ്ദേഹത്തിന് മതങ്ങൾ തമ്മിലുള്ള ഐക്യത്തിനുവേണ്ടിയും തൊട്ടുകൂടായ്മക്കെതിരായും നിലകൊള്ളുന്നതിന് സാധിച്ചു. സത്യത്തിൽ ഗാന്ധിജിക്ക് ഈ ഐക്യചിന്ത മനുഷ്യർക്കിടയിൽ മാത്രമല്ല എല്ലാ സൃഷ്ടികൾക്കും ബാധകമാണെന്ന് വിശ്വാസമുണ്ടായിരുന്നു.

## 'സർവ്വോദയ' എന്ന ആശയം

സർവ്വോദയ എന്നതിന്റെ അർത്ഥം എല്ലാവർക്കും അഭ്യുന്നതി എന്നുള്ളതാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാവർക്കും നന്മ ഉണ്ടാകുക എന്നതാണ്. സ്നേഹത്തിലും മാനുഷികമൂല്യങ്ങളിലും കേന്ദ്രീകൃതമായതും സ്വയംഭരണം നടത്തുന്നതും ചൂഷണം ചെയ്യാത്തതുമായ സഹകരണസംഘം എന്നർത്ഥം. ചുരുക്കത്തിൽ സർവ്വോദയ എന്ന ഗാന്ധിജിയുടെ സ്വപ്നപദ്ധതി; 'എല്ലാവർക്കും പുരോഗതി' എന്നതാണ്. ഗാന്ധിജിയുടെ ഈ ദർശനം ഏറ്റവും അർഹമായതിന് അതിജീവനം എന്ന ആശയത്തിനും കൂടുതൽ ഉപഭോഗം നടത്തുന്നവർക്ക് കൂടുതൽ സന്തോഷം എന്ന ചിന്തയ്ക്കും വിപരീതമായിരുന്നു. അദ്ദേഹത്തിന്റെ ദർശനം സമൂഹത്തിലെ തിരസ്കരിക്കപ്പെട്ടവരെ ഉദ്ദേശ്യമാക്കിയും എല്ലാവരുടെയും ഭൗതികവും ആത്മീയവുമായ സ്വാതന്ത്ര്യവും വളർച്ചയും ഉദ്ദേശിച്ചുള്ളതുമായിരുന്നു. അദ്ദേഹം സമൂഹത്തിലെ ദളിതരെ, തിരസ്കരിക്കപ്പെട്ടരെ ഹരിജൻ അല്ലെങ്കിൽ ദൈവത്തിന്റെ മനുഷ്യർ എന്നു വിളിച്ചു.

ധാർമ്മികമായ മാർഗ്ഗത്തിലൂടെ മാത്രമേ വിജയകരമായ അന്ത്യത്തിലെത്തുവാൻ പറ്റുകയുള്ളൂ. ലോകത്തിന്റെ ക്ഷേമത്തിനായി ഗാന്ധിജി ശുപാർശചെയ്തത് നിഷ്കാമകർമ്മം ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതസന്ദേശം പരിത്യാഗവും ആഹ്ലാദവും എന്നതായിരുന്നു. സർവ്വോദയ എല്ലാവർക്കും വിശേഷിച്ച് ദരിദ്രർക്കും തിരസ്കരിക്കപ്പെട്ടവർക്കും സേവനം ചെയ്യുന്നതിന് ആഹ്വാനം ചെയ്തു. ഈ സേവനത്തിന്റെയൊക്കെയും ഉദ്ദേശ്യം മനുഷ്യന്റെ ആത്യന്തികലക്ഷ്യമായ ദൈവികയാഥാർത്ഥ്യവത്കരണമായിരുന്നു.

## പ്രാർത്ഥന ആത്മാവിന്റെ ഭക്ഷണം

ഗാന്ധിജി ആഴമേറിയ പ്രാർത്ഥനാമനുഷ്യനായിരുന്നു. പ്രാർത്ഥന അദ്ദേഹത്തിന് ആത്മാവിന്റെ ഭക്ഷണമായിരുന്നു. പലവിധ വെല്ലുവിളികൾക്കും പ്രതിസന്ധികൾക്കും

ഇടയിലും അസാധാരണമായ സമാധാനം അദ്ദേഹം അനുഭവിച്ചിരുന്നു. ഈ സന്തോഷത്തിന്റെ കാരണം അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതമായിരുന്നു. മറ്റൊരു നേട്ടമായി അദ്ദേഹം ഉയർത്തിക്കാട്ടിയത് പ്രാർത്ഥന ഹൃദയങ്ങളെ ശുദ്ധീകരിച്ച് അഭിനിവേശങ്ങളുടെമേൽ ജയം നല്കുമെന്നത്രേ. അസ്തിത്വത്തിന്റെ തന്നെ അത്യാവശ്യമായതിനാൽ പ്രാർത്ഥനയെ അദ്ദേഹം ഇപ്രകാരം വിശദീകരിച്ചു. "ഭക്ഷണമില്ലാതെ ഒരു മനുഷ്യന് പല ദിവസങ്ങൾ നിലനില്ക്കുവാൻ സാധിക്കും. പക്ഷേ, ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് മനുഷ്യന് ഒരു നിമിഷംപോലും പ്രാർത്ഥനയില്ലാതെ നിലനില്ക്കുവാൻ സാധ്യമല്ല (Young India, December 15, 1927).

## ഉപസംഹാരം

ഗാന്ധിജി ശ്രേഷ്ഠമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ഭക്തി, ജ്ഞാനം, കർമ്മം എന്നിവയെല്ലാം അത്ഭുതകരമായി സംയോജിപ്പിച്ച് ജീവിതത്തെ പൂർണ്ണമാക്കുകയും വെല്ലുവിളികൾ നേരിട്ടുകൊണ്ട് ദൈവത്തിന്റെ സാന്നിധ്യമായി മാറുകയും ചെയ്തു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ധന്യതയും ചുറ്റുപാടുമുള്ള ലോകത്തിന്റെ ധന്യതയും പരസ്പരപൂരകങ്ങളാണ്. ഇന്നത്തെ ഉപഭോഗസംസ്കാരത്തിനും മൂല്യപ്രതിസന്ധിക്കുമിടയിലും 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന വാക്കുകളിലൂടെ ധാർമ്മിക മൂല്യാധിഷ്ഠിതമായ മനുഷ്യജീവിതത്തിന് ഗാന്ധിജി ഇന്നും ലോകത്തെ ആഹ്വാനം ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

1. ഗാന്ധിജിയുടെ ജീവിതത്തിലെ വൈശിഷ്ട്യങ്ങൾ ചുരുക്കി വിവരിക്കുക.
2. സത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് എന്തായിരുന്നു?
3. ചുരുങ്ങിയ വിവരണം തയ്യാറാക്കുക.
   1. അക്രമരാഹിത്യം
   2. സർവ്വോദയ
4. 'പ്രാർത്ഥന ആത്മാവിന്റെ ഭക്ഷണം' എന്ന ഗാന്ധിജിയുടെ ആശയം വിശദമാക്കുക.

അദ്ധ്യായം രണ്ട്

## മതമൗലികവാദം

മതങ്ങൾ നിലകൊള്ളുന്നത് മനുഷ്യനെ മാനവീകരിക്കുവാനും ജ്ഞാനസമ്പന്നനാക്കുവാനുമാണ്. എന്നാൽ വിദ്വേഷവും അക്രമവും സമൂഹത്തിൽ വ്യാപിപ്പിക്കുവാൻ പലരും മതങ്ങളെ ദുരുപയോഗം ചെയ്യുന്നുണ്ട്. മതമൗലികവാദം എന്നാൽ അവരുടെ മതത്തെ മുറുകെപിടിച്ചുകൊണ്ട് മറ്റു മതങ്ങളെ വെറുക്കുന്നതാണ്. അത് സംഘട്ടനങ്ങളിലേക്കും അക്രമത്തിലേക്കും നയിക്കുന്നതിന് കാരണമാകുന്നു. വർഗ്ഗീയതയും മതഭ്രാന്തും ഈ ആശയംതന്നെ ദ്യോതിപ്പിക്കുന്ന മറ്റു പേരുകളാണ്. ഈ അപകടകരവും സ്വയം കേന്ദ്രീകൃതവും സങ്കുചിതവുമായ ലോകദർശനം ഉയർത്തിപ്പിടിക്കുന്ന മതഭ്രാന്തന്മാരും തീവ്രവാദികളും എല്ലാ മതങ്ങളിലുമുണ്ട്. മതമൗലികവാദം ഇതരമതങ്ങളുടെ നിലനില്പിനെ തന്നെ ചോദ്യംചെയ്യുന്നു. അതുപോലെ അവർ സമൂഹത്തിൽ ഇതരമത സമൂഹങ്ങളുട ഐക്യതയിലുള്ള നിലനില്പിന് മുൻകൈ എടുക്കുന്നുമില്ല.

### വിശ്വസ്തതയും മതമൗലികവാദവും ഒന്നല്ല

അവരവരുടെ മതങ്ങളോട് വിശ്വസ്തതയും സ്ഥിരതയും ഉണ്ടായിരിക്കുന്നത് തെറ്റല്ല. ഇങ്ങനെയുള്ളവരുടെ വിശ്വസ്തത അവരവരുടെ നിലനില്പിനുവേണ്ടി മതങ്ങളുടെ വിഭവങ്ങൾ ഉപയോഗിക്കുവാൻ അവരെ പ്രേരിപ്പിക്കും. അവരവരുടെ മതത്തോടു വിശ്വസ്തരായി നിന്നുകൊണ്ടുതന്നെ മറ്റു മതങ്ങളെ തുറന്ന സമീപനത്തോടെ കാണുകയും അവരോടു സഹകരിച്ച് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യും. ഒരു ക്രിസ്ത്യാനിക്ക് ഇത് പരിശുദ്ധ ത്രിത്വത്തോടും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിനോടുമുള്ള ആഴമേറിയ പ്രതിജ്ഞാബദ്ധതയും ക്രിസ്തുവിന്റെ സഭയോടുള്ള ലയനവുമാണ്.

### മൗലികവാദവും ഇതര മതങ്ങളോടുള്ള വെറുപ്പും അക്രമവും

ദൈവം സ്നേഹവും ക്ഷമയുമാണ്. മതങ്ങളുടെ പേരിൽ ലോകമെങ്ങും അക്രമം ഉണ്ടാകുന്നുണ്ട്. മതഭ്രാന്തന്മാർ ഉണ്ടാക്കുന്ന ഭീകരമായ വർഗ്ഗീയാക്രമണങ്ങളും തീവ്രവാദങ്ങളും സാധാരണയായി ടെലിവിഷനിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് അറിയുവാനും കാണുവാനും സാധിക്കുന്നു. വിഭജനത്തിന്റെ കാലംമുതൽ ഭാരതത്തിൽ മതപരമായ സംഘർഷങ്ങളും അക്രമങ്ങളും കൂട്ടക്കൊലകളും പല മതകേന്ദ്രങ്ങളുടെയും ഭവനങ്ങളുടെയും തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

1992 ഡിസംബർ 6-ാം തീയതി ഉത്തർപ്രദേശിലെ അയോദ്ധ്യയിലുണ്ടായിരുന്ന ബാബറി മസ്ജിദ് ചില മതഭ്രാന്തശക്തികൾ രാമന്റെ നാമത്തിൽ ഒരു ക്ഷേത്രം പണിയണമെന്ന ലക്ഷ്യത്തോടെ പൊളിച്ചത് ആധുനികഭാരതത്തിന്റെ ചരിത്രത്തിലെ നിർണ്ണായകനിമിഷമായിരുന്നു. ഈ രാമക്ഷേത്ര പ്രസ്ഥാനക്കാർ ബാബറി മസ്ജിദ് തകർത്തതുമൂലം വർഗീയ വിഭാഗീയത വർദ്ധിക്കുകയും കഠിനമാകുകയും ചെയ്തു. ഇതിനെത്തുടർന്നു അക്രമങ്ങളുടെയും കൂട്ടക്കൊലകളുടെയും ചില സംഭവപരമ്പരകൾ നടന്നു. 2002-ൽ ഗുജറാത്തിൽ ഏറ്റവും നിർഭാഗ്യകരമായ ഗോധ്ര സംഭവവും നടന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള സംഘർഷത്തിനിടയാക്കി. പിന്നീട് ഭീകരമായ അന്യായം 2008-ൽ ഒറീസ്സയിലും രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും ക്രിസ്ത്യാനികളുടെ നേരെ ഉണ്ടായി. വർഗ്ഗീയത രാജ്യം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്നു. വർഗ്ഗീയതയിൽനിന്ന് മാറിനിന്നിരുന്ന ദക്ഷിണഭാരത

ത്തിലും ഈയിടെയായി പല സ്ഥലങ്ങളിലും മതത്തിന്റെ പേരിൽ അക്രമവും വർഗ്ഗീയ സംഘട്ടനങ്ങളും ഉണ്ടാകുന്നു.

## മൗലികവാദത്തിന്റെയും വർഗ്ഗീയ കലാപത്തിന്റെയും അടിസ്ഥാനകാരണങ്ങൾ

a) **ഫാസിസ്റ്റ് പ്രത്യയശാസ്ത്രം:** ഹിറ്റ്ലറുടെ നേതൃത്വത്തിലുണ്ടായ നാസികളുടെ ഫാസിസ്റ്റ് പ്രത്യയശാസ്ത്രം ഭാരതത്തിലേക്ക് ഭാരതീയമായ രീതിയിൽ ഹൈന്ദവമൗലിക വാദികളായ കേശവ് ബലീറാം ഹെഡ്ഗേവാർ (1889–1940), വിനായക് ദാമോദർ സവർക്കർ (1883–1966), മാധവറാവു സദാശിവ്റാവു ഗോൽവാൽക്കർ (1906–1973) മുതലായ നേതാക്കൾ കൊണ്ടുവന്നു. ഭാരതത്തിന്റെ ബഹുലമായ സാംസ്കാരികസവിശേഷതയ്ക്കുനേരെ കണ്ണടച്ചുകൊണ്ടു ഹൈന്ദവം എന്ന ഏകസംസ്കാരം എന്ന പുരാവൃത്തത്തെ പ്രത്യയശാസ്ത്രമാക്കുവാൻ ഇവർ ശ്രമിച്ചു. പ്രാചീനകാലത്തുതന്നെ ഭാരതത്തിൽ മതപരമായ ബഹുലത ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. ഹിന്ദുമതമൗലികവാദികളായ ധാരാളംപേർ ഇപ്പോഴും ചിന്തിക്കുന്നത് ക്രൈസ്തവമതവും ഇസ്ലാംമതവും വിദേശമതങ്ങളാണെന്നും അവയുടെ അനുയായികൾക്ക് അതിനാൽ ഭൂരിപക്ഷം വരുന്ന ജനതയ്ക്ക് തുല്യമായ പൗരത്വത്തിന് അവകാശമില്ല എന്നുമാണ്. ഈ മാതിരിയുള്ള വിദ്വേഷപ്രചരണം, തെറ്റായ അറിവുകൾ, മാനസികഭയം മുതലായവയാൽ ഹൈന്ദവരുടെ വിവിധ സംഘടനകൾ സമൂഹത്തിൽ വർഗ്ഗീയവാദത്തിനു ശക്തി വർദ്ധിപ്പിക്കുന്നു.

b) **'രാഷ്ട്രീയ'ത്തിന്റെ ദുരുപയോഗം:** മതപരമായ വികാരങ്ങളെ രാഷ്ട്രീയക്കാർ അവരുടെ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്നു. സമൂഹത്തിന്റെ സംലയനത്തിന്റെയും സമാധാനത്തിന്റെയും ചെലവിൽ അവരുടെ ആത്യന്തികലക്ഷ്യം ശക്തി നേടുക എന്നതത്രേ.

c) **സാമ്പത്തികകാര്യങ്ങൾ:** ഒരു മതസമൂഹത്തിന്റെ സാമ്പത്തികാഭ്യുന്നതി ഇതര സമൂഹങ്ങളിൽ അസൂയയും പകയും വർദ്ധിപ്പിക്കുന്നു. ക്രൈസ്തവർക്കെതിരെ ഒറീസ്സയിലെ ഖണ്ഡമാൽ ജില്ലയിൽ നടന്ന പ്രശ്നങ്ങളുടെ ഒരു കാരണം ദളിത് ക്രൈസ്തവരുടെ സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റമാണ്.

d) **മതംമാറ്റൽ പ്രശ്നം:** ഭാരതീയ ഭരണഘടനയിൽ ഏതൊരാൾക്കും തന്റെ മതം പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും അവകാശമുണ്ട്. ഭാരതത്തിലെ ക്രൈസ്തവരുടെ സുവിശേഷീകരണം കൊണ്ടുപോലും ഈ രാജ്യത്തിലെ ജനസംഖ്യയുടെ 3% ൽ താഴെ മാത്രമേ ക്രൈസ്തവരുള്ളൂ. അവരുടെ സംഖ്യ കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി വർദ്ധിക്കുന്നുമില്ല. എന്നാൽ മൗലികവാദികൾ ഈ കാര്യം ഒരു വലിയ കാര്യമായി എടുത്ത് ചില സംസ്ഥാനങ്ങളിൽ മതംമാറുന്നതിനെതിരായി ബില്ല് പാസ്സാക്കുകയും ചെയ്തു. ക്രൈസ്തവ സുവിശേഷകരും അവരുടെ കടുംപിടുത്ത മനോഭാവത്തെക്കുറിച്ചു പുനരാലോചിക്കണം. മറ്റു മതങ്ങളെ കുറ്റം പറഞ്ഞുകൊണ്ടുള്ള അക്രമകാരിയായ സുവിശേഷീകരണവും വലിയ തോതിലുള്ള മതംമാറ്റവും മതമൗലികവാദമാണെന്നുള്ളതും മറ്റു മതങ്ങളിലുള്ളവരെ പ്രകോപിപ്പിക്കുമെന്നും തിരിച്ചറിയണം

## മറ്റു മതങ്ങളെക്കുറിച്ചുള്ള അജ്ഞത

പല ആളുകളും അവരുടെ മതത്തെക്കുറിച്ച് നന്നായി അറിയാവുന്നവരും മറ്റു മതങ്ങളുടെ അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് അറിവില്ലാത്തവരുമാണ്. ഈ ന്യൂനത മറ്റു മതങ്ങളെക്കുറിച്ച് തെറ്റായ ധാരണകൾ ഉണ്ടാക്കുന്നതിനും അതിന്റെ ഫലമായി മറ്റുള്ളവരോടു വിദ്വേഷം പുലർത്തുന്നതിനും കാരണമാകും.

## പരിഹാരമാർഗ്ഗങ്ങൾ

തെറ്റായ ആശയങ്ങളും പക്ഷപാതസ്വഭാവമുള്ളതും വിദ്വേഷപരവുമായ ആശയങ്ങൾ പുറത്തുകൊണ്ടുവരുന്നതിന് വിവിധമതങ്ങളുടെ ഔപചാരികവും അനൗപചാരികവുമായ സംവാദങ്ങൾക്ക് കൂടുതൽ കൂടുതൽ അവസരം ഉണ്ടാക്കണം. സത്യം നമ്മെ സ്വതന്ത്രരാക്കും. വിവിധ മതങ്ങൾ ചേർന്നുള്ള പ്രാർത്ഥനാക്കൂട്ടങ്ങൾ, തീർത്ഥാടനങ്ങൾ, ഒരുമിച്ചുള്ള ക്യാമ്പുകൾ മുതലായവ ഈ ലക്ഷ്യത്തിലെത്തുന്നതിന് വളരെ പ്രധാനപ്പെട്ടവയാണ്. അവരവരുടെ മതത്തിൽ ആഴമേറിയ വിശ്വാസമുള്ളവർക്കേ ഇത്തരം പരിപാടികൾക്കു നേതൃത്വം കൊടുക്കുവാൻ സാധിക്കുകയുള്ളൂ. പല മതവിഭാഗങ്ങളിലെ മനുഷ്യർ തമ്മിലുള്ള സഹകരണം അന്യോന്യം മനസ്സിലാക്കുവാനും സമൂഹത്തിൽ നന്നായി സേവനം ചെയ്യുവാനും അവസരം ഒരുക്കും. വർഗ്ഗീയവാദത്തിന്റെ തീവ്രത മനസ്സിലാക്കുവാൻ ഇതിനുവേണ്ടി കുറച്ചുപുസ്തകങ്ങളോ ലേഖനങ്ങളോ മാത്രം പ്രസിദ്ധീകരിച്ചാൽ പോരാ. കൂടുതൽ കൂടുതൽ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചെങ്കിൽ മാത്രമേ നാനാത്വത്തിൽ ഏകത്വം കാത്തു സൂക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. സിനിമ സംവിധായകർ, കലാകാരന്മാർ, എഴുത്തുകാർ, പത്രപ്രവർത്തകർ മുതലായവർക്ക് അവരുടെ സർഗ്ഗശക്തി സമൂഹനന്മയ്ക്കായി ഉപയോഗിച്ച് സമാധാനം വളർത്തുന്നതിന് പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കും. ഒരു വിഭാഗക്കാരുടെ കേവല ജല്പനംകൊണ്ട് സമാധാനത്തിന്റെ വേദശാസ്ത്രം കാണുവാൻ സാധിക്കുകയില്ല. അത് വിവിധ സൃഷ്ടിപരമായ രീതികളിലൂടെ അവതരിപ്പിച്ചെങ്കിൽ മാത്രമേ വിശാലമായ സമൂഹത്തിലേക്ക് കടന്നു ചെല്ലുകയുള്ളൂ.

പൗരസ്ത്യസംസ്കാരത്തിൽ അധ്യാപകർക്ക് അല്ലെങ്കിൽ ഗുരുക്കന്മാർക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. സമൂഹത്തിൽ അന്ധകാരമുണ്ടാക്കുന്ന വിഭാഗീയ ശക്തികളെ ഉച്ചാടനം ചെയ്യുന്നതിനും സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനും ഇവർക്ക് വളരെ പ്രധാനപ്പെട്ട ചുമതലയുണ്ട്. ക്രൈസ്തവർ ഈ രാജ്യത്തിന്റെ ജനസംഖ്യയുടെ ചെറിയ വിഭാഗമേ ഉള്ളൂവെങ്കിലും സഭകൾക്ക് ധാരാളം വിദ്യാലയങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ എന്നിവയുണ്ട്. ഈ ദൗത്യം നേടുന്നതിന് ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണ്.

## മതങ്ങൾക്കും ലോകമെങ്ങുമുള്ള മാനവകുടുംബത്തിനുമുള്ള പഞ്ചശീൽ

ലോകത്തിലെ ദേശങ്ങൾ തമ്മിലുള്ള സഹകരണത്തിനു രാജ്യം ശ്രമിക്കുമ്പോൾ മതങ്ങളിൽ വിശ്വസിക്കുന്ന മനുഷ്യർ സന്നദ്ധതയോടെ ലോകമതങ്ങൾ തമ്മിൽ ഐക്യവും സഹകരണവും സംജാതമാക്കുന്നതിന് ശ്രമിക്കണം. ഈ അവസരത്തിൽ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി മതങ്ങൾക്കുവേണ്ടി നിർദ്ദേശിച്ച പഞ്ചശീൽ (അഞ്ചു ശൈലികൾ) താഴെപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം. (Paulose Mar Gregorios, Religion and Dialogue. Page 167-170).

**1. പരസ്പരബഹുമാനം:** മതങ്ങൾ തമ്മിൽ പരസ്പരം ബഹുമാനിക്കുന്നതിനും ഓരോ വ്യക്തിയെയും മറ്റു മതങ്ങളെയും തന്റെ മതത്തോടൊപ്പം ബഹുമാനിക്കുവാനും പകയോടെ മറ്റു മതങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കുവാനും ഓരോ മതത്തിലെയും നന്മ പഠിക്കുവാനും സാധിക്കണം.

**2. വിവേചനമില്ലായ്മ:** മതേതര ജനാധിപത്യത്തിന്റെ പ്രധാന ആശയംതന്നെ ഒരു പുരുഷനെയോ സ്ത്രീയെയോ അവന്റെയോ അവളുടെയോ മതത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം ചെയ്യരുതെന്നാണ്.

**3. മറ്റുള്ളവരുമായി സംവദിക്കുകയും അവരെ മനസ്സിലാക്കുകയും ചെയ്യുക:** സ്വയം പര്യാപ്തമാണെന്ന തോന്നൽ ഓരോ മതത്തിനുമുണ്ടാകാം. മറ്റു മതങ്ങളിൽനിന്ന് പഠിക്കുവാൻ ശ്രമിക്കുമ്പോഴാണ് അവരവരുടെ മതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും രൂപാന്തരം പ്രാപിക്കുവാനും സാധിക്കുന്നത്. ഏറ്റവും കുറഞ്ഞപക്ഷം ഓരോ മതത്തിലെയും നേതാക്കന്മാർക്കും ചിന്തകന്മാർക്കുമെങ്കിലും ഇതര മതങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാനുള്ള വിശാലാന്തരീക്ഷം വേണം.

**4. സമാധാനമാർഗ്ഗത്തിലൂടെ പ്രശ്നങ്ങളെ പരിഹരിക്കണം:** മതസൗഹാർദ്ദത്തിനു സമർപ്പിക്കപ്പെട്ട നേതാക്കന്മാരുടെ ഒരു ദേശീയശൃംഖല ജാഗ്രതയോടെ പ്രവർത്തിക്കുകയും രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് മതപരമായ സംഘർഷം ഉണ്ടാകുവാൻ സാധ്യതയുണ്ടോ എന്നതിനെക്കുറിച്ചും ജാഗ്രത പുലർത്തുകയും വേണം.

**5. സമൂഹത്തിന് മതങ്ങൾ തമ്മിൽ സഹകരണാധിഷ്ഠിതമായ സേവനം:** വിവിധ മതങ്ങൾ തമ്മിൽ കൂട്ടുത്തരവാദിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

## സംവാദങ്ങളിൽ ഏർപ്പെടുന്നതിന് ക്രൈസ്തവർക്കുള്ള യുക്തി

ഇതരമതവിഭാഗങ്ങളുടെ അനുയായികളുമായി സംവാദത്തിലേർപ്പെടുവാൻ ക്രൈസ്തവർക്ക് പല തരത്തിൽ കാരണമുണ്ട്. മറ്റു മതങ്ങളിലെ ദൈവികചിന്തയെക്കുറിച്ച് അറിയുവാനും ക്രിസ്തുവിന്റെ പ്രേരണ അവരിലേക്കു നല്കുവാനും അവരുടെതന്നെ വിശ്വാസത്തെ ദൃഢപ്പെടുത്തുവാനും സൃഷ്ടിപരമായ ഐക്യം മാനവജാതിയിൽ ഉണ്ടാക്കുവാനും സമൂഹത്തിൽ ഉദ്ഗ്രഥനം ഊട്ടിയുറപ്പിക്കുവാനും സാധിക്കും. അതിലെല്ലാമുപരിയായി ഈ ദൗത്യം ഏറ്റെടുക്കുവാൻ ക്രൈസ്തവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. സംവാദങ്ങൾ മൂലം യേശുക്രിസ്തുവിനോട് ആഴമേറിയ സമർപ്പണവും എല്ലാവരോടും തുറന്ന സമീപനവും ആവശ്യപ്പെടുന്നതാണ്. സൈദ്ധാന്തികചർച്ചകളുടെ പരിമിതികളിൽ നില്ക്കാതെ സംവാദങ്ങൾ എല്ലാ അതിരുകളെയും ഉല്ലംഘിച്ചുകൊണ്ട് സകലവിധ സൃഷ്ടിപരമായ പങ്കുവയ്ക്കലിനും സഹകരണത്തിനും സമൂഹത്തിന്റെ സേവനത്തിനുമായുള്ളതാണ്. ഈ പോരാട്ടത്തിന് ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ.

'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും' (വി. മത്തായി 5:9).

## പ്രവർത്തനങ്ങൾ

1. 'മതമൗലികവാദം' എന്നാലെന്ത്? ഈ പ്രവണതകൊണ്ടുള്ള ദോഷങ്ങളേവ?
2. മതമൗലികവാദം വർഗ്ഗീയ കലാപത്തിന് കാരണമാവുന്നു എന്ന് തെളിയിക്കുക.
3. മതമൗലികവാദത്തിന്റെ അടിസ്ഥാനകാരണങ്ങൾ വിവരിക്കുക.
4. മതമൗലികവാദം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏതാനും മാർഗ്ഗങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്ത് കണ്ടെത്തുക.
5. മതസൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിന് സ്വീകരിക്കാവുന്ന 'പഞ്ചശീൽ' ഏവ?
6. നിങ്ങളുടെ പ്രദേശത്ത് വിവിധ മതവിഭാഗക്കാർ പരസ്പരം സഹവർത്തിത്വത്തിൽ കഴിയുന്നുണ്ടോ? എങ്കിൽ അതിന് കാരണമായി നിങ്ങൾ കാണുന്ന പ്രത്യേകതകൾ എന്തെല്ലാം?

അദ്ധ്യായം മൂന്ന്

# സാമൂഹ്യപ്രത്യയശാസ്ത്രം

ദൈവം മനുഷ്യരെ തന്റെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചെങ്കിലും മനുഷ്യന്റെ നിറം/ലിംഗം/തൊഴിൽ/പാരമ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം നിലനില്ക്കുന്നു. അതേസമയംതന്നെ സമൂഹത്തിൽ നീതിയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള എതിർശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ കറുത്തവർഗ്ഗക്കാർ, ഭാരതത്തിലെ ദളിതർ, ലോകമെമ്പാടുമുള്ള സ്ത്രീകൾ, വികലാംഗർ എന്നിവർ സാമൂഹികവിവേചനത്തിന്റെ വേദന അനുഭവിക്കുന്നവരാണ്. ആധുനികകാലത്ത് ധാരാളം സാമൂഹികപ്രവർത്തകരും പ്രത്യയശാസ്ത്രവക്താക്കളും വേദശാസ്ത്രജ്ഞന്മാരും സമൂഹത്തിൽ ഇവർ അഭിമുഖീകരിക്കുന്ന വിവേചനം പൊതുശ്രദ്ധയിലേക്ക് കൊണ്ടുവരുവാൻ മുൻകൈയെടുത്തു.

## ദളിത് പ്രശ്നങ്ങൾ

'ദളിത്' എന്ന നാമവിശേഷണംകൊണ്ടുദ്ദേശിക്കുന്നത് താഴ്ന്ന വർഗ്ഗക്കാരുടെയും പുറജാതിക്കാരുടെയും തകർന്ന അവസ്ഥയെക്കുറിച്ചാണ്. ഇന്ന് ഭാരതത്തിലെ വിവിധ സമൂഹങ്ങളിൽ അടിച്ചമർത്തപ്പെട്ട ആളുകൾ 'ദളിത്' എന്നറിയുവാൻ ആഗ്രഹിക്കുന്നു. ഉയർന്ന വർഗ്ഗക്കാരിൽനിന്ന് അവർ അനുഭവിച്ചിരുന്ന അടിച്ചമർത്തലും അടിമത്വവുമാണ് ഇതുകൊണ്ട് ഉദ്ദേശ്യമാകുന്നത്.

## ദളിതരുടെ അടിച്ചമർത്തൽ

കഴിഞ്ഞ 3,500 വർഷത്തോളമായി ഉയർന്ന വർഗ്ഗക്കാരിൽനിന്ന് ദളിതർ അടിച്ചമർത്തപ്പെടൽ അനുഭവിച്ചുവന്നു. ഇത് ആരംഭിച്ചത് ആര്യന്മാരുടെ ഭാരതത്തിലേക്കുള്ള വരവോടുകൂടിയാണ്. ഭാരത ഉപഭൂഖണ്ഡത്തിലെ തനതു വർഗ്ഗത്തെ അടിച്ചമർത്തുവാനും അടിമകളാക്കുവാനും ആര്യന്മാർ മതപരവും മനഃശാസ്ത്രപരവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നു. ഈ കാര്യങ്ങളിൽ ശരിയായ അവബോധം ലഭിക്കുവാൻ ആര്യന്മാർ എഴുതിയ വേദഗ്രന്ഥങ്ങളിലും ചരിത്രത്തിലും ഒരു പുനർവായന നടത്തേണ്ടതാണ്.

ഋഗ്വേദത്തിലെ പുരുഷസൂക്തകീർത്തനമനുസരിച്ച് ദൈവം തന്റെ ശരീരത്തിന്റെ നാലു ഭാഗങ്ങളിൽനിന്ന് നാലു ജാതികളെ സൃഷ്ടിച്ചു. തലയിൽനിന്ന് പുരോഹിതവർഗ്ഗമായ ബ്രാഹ്മണരെയും കൈകളിൽനിന്ന് യോദ്ധാക്കളായ ക്ഷത്രിയരെയും തുടകളിൽനിന്ന് കച്ചവടക്കാരായ വൈശ്യരെയും പാദങ്ങളിൽനിന്ന് സേവനം ചെയ്യുന്നവരായ ശൂദ്രരെയും. ഈ നാല് വർഗ്ഗങ്ങളിൽ ഉൾപ്പെടാത്ത എല്ലാവരെയും പുറജാതികൾ എന്നു പറഞ്ഞുവന്നു. അടിസ്ഥാനപരമായി ദളിതർ ഈ വിഭാഗത്തിൽപെടുന്നവരാണ്.

എ.ഡി. ആദ്യ നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട മനുസ്മൃതി ദളിതരുടെ അടിച്ചമർത്തലിന് നിയമസാധുത്വം നല്കിക്കൊണ്ട് അവരുടെ മാനുഷികമായ വ്യക്തിത്വംപോലും നിരാകരിച്ചു.

## സാമൂഹികമായ ഉണർവ്വ്

ദളിതരുടെ വിമോചനത്തിനുവേണ്ടി ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ കബീർദാസ് (15-ാം നൂറ്റാണ്ട്), തുളിസീദാസ് (മരണം 1693) എന്നിവരുടെയും നേതൃത്വ

നിരയിലുണ്ടായിരുന്ന ജ്യോതിറാവു ഫുലെ (1827–1890), ഡോ. ബീമാറാവു രാംജി അംബേദ്കർ (1891–1956) മഹാത്മാഗാന്ധി മുതലായവരുടെയും സംഭാവനകൾ എടുത്തു പറയത്തക്കവയാണ്. ഭൂരിപക്ഷം ദളിതരും അംബേദ്ക്കറെ അവരുടെ പ്രവാചകനായോ ദേവനായോ ആണ് കണക്കാക്കുന്നത്. ഭാരതത്തിന്റെ ഭരണഘടനയുടെ 16–ാം വകുപ്പ് ദളിതരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ആവശ്യകത ഉൾക്കൊണ്ടിട്ടുണ്ട്. ഭരണഘടനയിലെ ഈ വകുപ്പ് തൊട്ടുകൂടായ്മ എന്ന ആചാരം നിർത്തലാക്കുകയും അത് നിയമപരമായി ശിക്ഷാർഹമാക്കുകയും ചെയ്തതായി പ്രഖ്യാപിച്ചു. എന്നാലും ഇന്നും സാമൂഹികജീവിതത്തിൽ ദളിതർക്ക് നീതിപൂർവ്വമായ സമീപനവും തുല്യതയും നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

## ദളിത്‌വേദശാസ്ത്രം

ദളിതർ അഭിമുഖീകരിക്കുന്ന അടിച്ചമർത്തൽ, ദാരിദ്ര്യം, പീഢനം, നിരക്ഷരത, അനീതി, മനുഷ്യന്റെ അന്തസ്സിന്റെയും വ്യക്തിത്വത്തിന്റെയും നിരാകണം എന്നിവയെ തരണം ചെയ്യുവാൻ 1980കളിൽ കുറെ ദളിത് ക്രൈസ്തവചിന്തകർ വേദശാസ്ത്രപരമായി ഈ വിഷയം പ്രതിഫലിപ്പിക്കുവാൻ ഗൗരവമായ ശ്രമങ്ങൾ നടത്തി. ആദ്യകാലത്തെ ദളിത്‌വേദശാസ്ത്രജ്ഞന്മാർ എ.പി. നിർമ്മൽ, എൻ.ഇ. പ്രഭാകർ, ബിഷപ്പ് എം. അസാരെ, കെ. വിത്സൻ, വി. ദൈവസഹായം, ജെയിംസ് മാസ്സേ മുതലായവരാണ്.

ദളിത് വേദശാസ്ത്രജ്ഞന്മാർ ദളിതരുടെ വീക്ഷണത്തിൽതന്നെ ചരിത്രത്തിന്റെ പുനർവായനയും എഴുത്തും അനിവാര്യമാണെന്ന് ഊന്നിപ്പറഞ്ഞു. ഇസ്രായേൽ ജനതയെ വിമോചിപ്പിച്ച ദൈവംതന്നെ അവരുടെ മക്കളെ തലമുറതലമുറയായി തങ്ങളുടെ പൂർവ്വചരിത്രം പഠിപ്പിക്കണമെന്നും എങ്ങനെയാണ് അവർ അടിമത്വത്തിൽനിന്ന് വിമോചിതരായതെന്ന് മനസ്സിലാക്കിക്കൊടുക്കണമെന്നും നിർദ്ദേശിച്ചു (ആവർത്തനപുസ്തകം 6:20–25). ദളിത് ക്രൈസ്തവരുടെ പൂർവ്വകാലം ഓർക്കണമെന്നും എങ്ങനെയാണ് ദൈവം അവരെ ഒന്നുമില്ലായ്മയിൽനിന്ന് ഒരു ജനമായി ഉയർത്തിയതെന്നും അപ്പോസ്തലനായ പൗലോസ് പരാമർശിക്കുന്നു (1 കൊരി 1:26–28).

സൃഷ്ടിയുടെ ആരംഭംമുതൽ വി. വേദപുസ്തകം മനുഷ്യവംശത്തോടുള്ള, വിശിഷ്യാ മർദ്ദിതരോടുള്ള ദൈവത്തിന്റെ ദൃഢബന്ധത്തിന്റെ രേഖയാണ്. എങ്ങനെയാണ് കഷ്ടപ്പെടുന്നവരും പീഢിതരുമായ ഇസ്രായേല്യരെ രക്ഷിക്കുവാനായി ദൈവം ഭൂമിയിലേക്ക് കടന്നുവന്നതെന്ന് പുറപ്പാടിൽ (പുറ 3:7,8) നാം വായിക്കുന്നു. ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ മനുഷ്യവംശവുമായി ഐക്യദാർഢ്യപ്പെട്ടുകൊണ്ട് ദരിദ്രരിൽ ദരിദ്രനായി ലോകത്തിലേക്കു കടന്നുവന്ന് ദളിതരുമായി ഐക്യദാർഢ്യത്തിലെത്തി അവർ തുടർച്ചയായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിമത്വവും പീഢനവും മാറ്റിയെടുക്കുവാൻ ദൈവത്തിന്റെ ആ നല്ല മാതൃക സ്വീകരിച്ച് ദളിതരുമായി ചേർന്ന് അവരുടെ പ്രശ്നങ്ങൾ പങ്കിടണം.

## ഫെമിനിസം

"അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാത്യർ 3:28). ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന് സ്ത്രീവിമോചനം എന്നോ സ്ത്രീപ്രത്യയശാസ്ത്രം (സ്ത്രീപക്ഷചിന്ത) എന്നോ പറയാം. ഇത് സമൂഹത്തിൽ സ്ത്രീകൾക്ക് നീതിക്കും തുല്യതയ്ക്കും വേണ്ടിയുള്ള പ്രചാരപ്രവർത്തനമാണ് ഈ പ്രചാരണപ്രവർത്തനങ്ങൾ. വിവിധ സ്ത്രീപ്രശ്നങ്ങളായ, സ്ത്രീകളുടെ വോട്ടവകാശം, തുല്യവേതനം, സ്ത്രീകളുടെ ജീവിത

യാതനകൾ, സന്താനോല്പാദനത്തിനുള്ള അവകാശങ്ങൾ, ഗാർഹികപീഢനം, ലൈംഗി കാക്രമണം, പ്രസവാവധി മുതലായവയ്ക്കുവേണ്ടി നിലകൊള്ളുന്നു. ഫെമിനിസം അടിസ്ഥാനപരമായി സ്ത്രീകളുടെ അടിച്ചമർത്തലിനെതിരെയുള്ള പോരാട്ടമാണ്.

18-ാം നൂറ്റാണ്ടിൽനിന്ന് 20-ാം നൂറ്റാണ്ടിന്റെ ആരംഭംവരെയുള്ള സ്ത്രീകളുടെ വോട്ടവ കാശവുമായി ബന്ധപ്പെട്ടുള്ളതാണ് ഫെമിനിസത്തിന്റെ ആദ്യകാലത്തെ അലയടി. വെർജീനിയ വുൾഫ്, എലിസബത്ത് സ്റ്റാന്റൺ മുതലായവർ ഈ കാലഘട്ടത്തിലെ സ്ത്രീനേതാക്കളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ബെറ്റി ഫ്രീഡന്റെ 'The Feminine Mystique' എന്ന ഗ്രന്ഥം സ്ത്രീകളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

ഫെമിനിസം കൂടുതലും ലക്ഷ്യപ്രാപ്തിയിലെത്തിയത് പാശ്ചാത്യ രാജ്യങ്ങളിലാണ്. ഇപ്പോൾ സ്ത്രീകളുടെ വോട്ടവകാശം ഏതാണ്ട് സർവ്വലൗകിക ചിന്താപദ്ധതിയാണ്. ഇത് സ്ത്രീകൾക്ക് കൂടുതൽ വേതനത്തോടുകൂടിയ വിശാലമായ തൊഴിലവസരങ്ങളും സർവ്വ കലാശാല വിദ്യാഭ്യാസവും ലഭിക്കുവാൻ സഹായിച്ചു. വ്യക്തിപരമായ കാര്യങ്ങളിലും വിവാഹസംബന്ധമായ കാര്യങ്ങളിലും സ്വത്തവകാശത്തിലും സ്ത്രീകൾക്ക് സ്വന്തമായ തീരുമാനങ്ങൾ എടുക്കുവാൻ കുടുതൽ അവകാശമുണ്ടായി.

ഫെമിനിസ്റ്റ് വേദശാസ്ത്രം സ്ത്രീപക്ഷത്തുനിന്നുകൊണ്ട് പാരമ്പര്യത്തെക്കുറിച്ചും ശീലങ്ങളെക്കുറിച്ചും തിരുവെഴുത്തുകളെക്കുറിച്ചും മതത്തിന്റെ വേദശാസ്ത്രത്തെക്കുറിച്ചും പുനരാഖ്യാനങ്ങൾ നടത്തുന്നു. ഫെമിനിസ്റ്റ് വേദശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളിൽ ചിലത് മതപരമായ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്ക് വർദ്ധിപ്പിക്കുക, പുരുഷമേധാവിത്വഭാവ ങ്ങളെ പുനരാഖ്യാനം ചെയ്യുക, ദൈവത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഭാഷ പുനർവായി ക്കുക, തൊഴിലും മാതൃത്വവും ചേർന്ന് സ്ത്രീയുടെ സ്ഥാനം നിർണ്ണയിക്കുക, മതപരമായ വിശുദ്ധഗ്രന്ഥങ്ങളിൽ സ്ത്രീ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് പഠിക്കുക മുതലായവയാണ്. ഫെമിനിസ്റ്റ് ക്രൈസ്തവ വേദശാസ്ത്രം കഴിഞ്ഞ കാലത്തെ വിമർശബുദ്ധിയോടെ സമീ പിച്ചു. കാരണം അത് സ്ത്രീകളോടുള്ള പിതൃദായകത്വ മേധാവിത്വചിന്തയോടുകൂടിയ സഭയും സംസ്കാരവും ആണ്. സ്ത്രീകളുടെ വ്യക്തിത്വം, ദൈവസാദൃശ്യത്തിലുള്ള അവ ളുടെ സൃഷ്ടിപരത, പ്രവചനപങ്കാളിത്തം, അദ്ധ്യാപനം, നേതൃത്വം എന്നിവയെക്കുറിച്ച് വേദപരവും വേദേതരവുമായ വശങ്ങൾ കണ്ടെത്തുവാനുള്ള ശ്രമങ്ങളാണ് രണ്ടാമത് ചെയ്തത്. ആത്യന്തികമായി എല്ലാ വേദശാസ്ത്രപഠിപ്പിക്കലും സ്ത്രീപക്ഷാനുഭവത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചു. റോസ്മേരി റാസ്ഫോഡ് റൂഥർ, എലിസബേത്ത് ഷൂസ്ലർ ഫിയോറൻസ്, ലെറ്റി എം. റസ്സൽ, അരുണ ജ്ഞാനദാസൻ മുതലായവർ അറിയ പ്പെടുന്ന വേദശാസ്ത്രജ്ഞരിൽ കുറച്ചുപേർ മാത്രമാണ്.

## പ്രവർത്തനങ്ങൾ

1. ദളിതരുടെ ഉന്നമനത്തിന് എന്തെല്ലാം ചെയ്യാമെന്നാണ് ദളിത്‌വേദശാസ്ത്രജ്ഞന്മാരുടെ നിർദ്ദേശം?
2. വിശുദ്ധ വേദപുസ്തകത്തിൽ സ്ത്രീ എങ്ങനെയാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നു ചർച്ച ചെയ്യുക.
3. ഫെമിനിസത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ഒരു അവലോകനം നടത്തുക.
4. ഗലാത്യർ 3:28 എല്ലാ മേഖലകളിലും പ്രസക്തമാണോ? ചർച്ച ചെയ്യുക.

അദ്ധ്യായം നാല്

# സാമ്പത്തികപ്രത്യയശാസ്ത്രങ്ങൾ

## മുതലാളിത്തം

മുതലാളിത്തം അല്ലെങ്കിൽ സ്വതന്ത്ര വ്യാപാര സമ്പത്ത് വ്യവസ്ഥ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് വിപണി ആശ്രയിച്ചുള്ള ഉൽപ്പാദനവും ഉൽപ്പന്നങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ ഉണ്ടാക്കുന്നതുമായ ഒരു സമ്പത്ഘടനയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ഈ സമ്പത്ത് വ്യവസ്ഥ വളർച്ച പ്രാപിച്ചത് വ്യവസായ വിപ്ലവത്തോടുകൂടിയാണ്. ഉൽപ്പാദന വർദ്ധനവും ഉൽപ്പാദകരുടെ അധികതയും മുതലാളിത്ത വ്യവസ്ഥതിയുടെ പ്രധാന അടയാളങ്ങളാണ്. ആഡം സ്മിത്തിന്റെ 'വെൽത്ത് ഓഫ് നേഷൻസ്'(1776)ൽ ക്ലാസിക്കൽ മുതലാളിത്ത പ്രത്യയശാസ്ത്രത്തെക്കുറിച്ച് മനോഹരമായി വിവരിച്ചിട്ടുണ്ട്. മുതലാളിത്തത്തിന്റെ കേന്ദ്രതത്വം മത്സരങ്ങളിലൂടെയുള്ള ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണമാണ്. മുതലാളിത്ത പങ്കാളിത്തത്തിന്റെ അടിസ്ഥാനതത്വം തന്നെ ഏറ്റവും അർഹമായതിന്റെ അതിജീവനമാണ്.

ആഗോളീകരണത്തിന്റെ കാലഘട്ടത്തിൽ യഥാർത്ഥത്തിൽ ആഗോളീകരിക്കപ്പെടുന്നത് മുതലാളിത്ത പ്രത്യയശാസ്ത്രവും സംസ്കാരവുമാണ്. ലാഭം പരമാവധിയാക്കുക എന്നതാണ് ബഹുരാഷ്ട്രകമ്പനികളുടെ പ്രധാന ഉദ്ദേശ്യം. ഉയർന്ന വിപണന സാധ്യതയുള്ളവരെ ലക്ഷ്യമാക്കി വികസ്വര രാജ്യങ്ങളിലും ഇവർ ആഡംബര വസ്തുക്കൾ കൊണ്ടുവരുന്നു. ഭൂരിപക്ഷത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനേക്കാൾ ന്യൂനപക്ഷത്തിന്റെ ആർത്തി ശമിപ്പിക്കുന്നതിലാണ് അവരുടെ പ്രധാന താൽപര്യം. പലവിധമായ ഉടമ്പടികളിലൂടെ ഗവണ്മെന്റിനെ ക്ഷീണിപ്പിക്കുകയും തത്ഫലമായി സാമൂഹികക്ഷേമത്തിനുള്ള പ്രതിബദ്ധതയിൽനിന്നും അവർ പിന്നോക്കം പോകുകയും ചെയ്യുന്നു. ഇതുമൂലം പലപ്പോഴും ബഹുരാഷ്ട്രകുത്തകകൾ ചെറിയ വ്യാപാര സ്ഥാപനങ്ങളെയും വ്യാപാരശാലകളെയും വിഴുങ്ങുകയും അവർ കുത്തകകളായി മാറി വിലവർദ്ധനവിന് വഴിയൊരുക്കുകയും ചെയ്യുന്നു.

## സോഷ്യലിസം

സോഷ്യലിസം എന്നത് അടിസ്ഥാനപരമായി ഒരു സമ്പദ്‌വ്യവസ്ഥയാണ്. ഇത് സാമൂഹിക ഉടമസ്ഥാവകാശം അല്ലെങ്കിൽ ഉൽപാദനവഴികളെ നിയന്ത്രിക്കുന്നു. സമ്പദ്ഘടനയുടെ സഹകരണാധിഷ്ഠിതമായ നിർവ്വഹണം നടക്കുന്നു. അങ്ങനെ സ്വന്തം വരവിന്റെ വിതരണവും സാമൂഹിക നിയന്ത്രണത്തിലായിത്തീരും. ഈ രീതി നിർവ്വഹിക്കുവാനുള്ള രാഷ്ട്രീയമായ പ്രത്യയശാസ്ത്രമാണ് സോഷ്യലിസം.

ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിൽ പലവിധമായ രാഷ്ട്രീയതത്വശാസ്ത്രങ്ങളിൽ ചെറിയ പരിഷ്കാരങ്ങൾ തുടങ്ങി വളരെ വിപ്ലവകരമായ ചലനങ്ങൾ വരെ കടന്നുവരും. ആധുനിക സോഷ്യലിസം ആരംഭിച്ചത് 18-ാം നൂറ്റാണ്ടിലെ ബൗദ്ധികവും തൊഴിൽപരവുമായ ആളുകളുടെ രാഷ്ട്രീയ പ്രസ്ഥാനമായിട്ടാണ്. ഇത് വ്യവസായീകരണത്തിന്റെയും സമൂഹത്തിലെ സ്വകാര്യസ്വത്തിന്റെയും അവസ്ഥയെ വിമർശിച്ചു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ സോഷ്യലിസം എന്നത് മുതലാളിത്തത്തിന് വിപരീതമായതും സാമൂഹിക സ്വത്തവകാശത്തിനുള്ള ഒരു എതിർക്രമവുമായിരുന്നു. സോഷ്യലിസ്റ്റുവാദികൾ ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിനിമയത്തിന്റെയും ദേശസാത്കരണത്തിന് പ്രാധാന്യം കൊടുത്തു.

സാമൂഹിക സോഷ്യലിസം എന്നത് രാഷ്ട്രീയമായ പ്രത്യയശാസ്ത്രമാണ്. ഇത് മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള സമാധാനപരമായ ഒരു മാറ്റമാണ്. ഇത് മാർക്സിസ്റ്റ് സാമൂഹിക പ്രത്യയശാസ്ത്രത്തെ നിരാകരിക്കുകയും നീതിപൂർവ്വമായ ഒരു സമൂഹം സ്ഥാപിക്കുവാനുള്ള രാഷ്ട്രീയനീക്കം നടത്തുകയും ചെയ്യുന്നു. സാമൂഹിക ജനാധിപത്യം ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ ആരംഭിച്ചത് 1870-ൽ ജർമനിയിലാണ്. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യഭാഗത്തോടെ സാമൂഹിക ജനാധിപത്യ ഗവൺമെന്റുകൾ വിവിധ രാജ്യങ്ങളിൽ അധികാരത്തിൽ വന്നു. സാമൂഹിക ജനാധിപത്യത്തിൽ സംസ്ഥാന നിയന്ത്രണം സംസ്ഥാന ഉടമസ്ഥതയിലല്ലെങ്കിലും വികസനവും സാമൂഹിക നീതിയും ഉറപ്പാക്കി.

ഇന്ന് പല ജനാധിപത്യ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ, വിശിഷ്യ പടിഞ്ഞാറൻ യൂറോപ്പിൽ വ്യവസായങ്ങൾ നിയന്ത്രിക്കുന്നത് ഓഹരിക്കാരുടെ പ്രതിനിധികളും തൊഴിലാളികളും ചേർന്നാണ്. ഇതിനെ വ്യവസായ ജനാധിപത്യം എന്നു പറയാം. ഇരുകൂട്ടരും വ്യവസായങ്ങളുടെ വിജയം ആഗ്രഹിക്കുന്നവരാകയാൽ ഇത് ജനാധിപത്യപരമായ ഒരു സംഘാടകത്വമാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ കൂടുതൽ നിയന്ത്രണത്തിലല്ലാതെയുള്ള നേരിട്ടുള്ള ജനാധിപത്യ രീതിയാണ്. ട്രേഡ് യൂണിയനുകളും തൊഴിലാളികളുടെ കൗൺസിലും അവരുടെ താൽപര്യങ്ങളെ കൂടുതൽ പ്രതിനിധീകരിക്കും എന്നതിലും സംശയമില്ല.

## മാർക്സിസം

കാൾമാർക്സും (1810-1883) ഫ്രെഡറിക് എംഗൽസും (1820-1899)വിഭാവനം ചെയ്ത മാർക്സിസം പ്രസിദ്ധമായ പ്രത്യയശാസ്ത്രവും സാമൂഹിക സാമ്പത്തിക സിദ്ധാന്തവുമാണ്. ചെയ്യുന്ന തൊഴിലിന്റെ ഫലം അവർക്ക് ആസ്വദിക്കുവാനുള്ളതാണെന്നാണ് മാർക്സിസം അല്ലെങ്കിൽ കമ്മ്യൂണിസം പഠിപ്പിക്കുന്നത്. തൊഴിലാളികൾ അവർ ചെയ്യുന്ന തൊഴിലിന്റെ ഫലങ്ങൾ കരഗതമാക്കുമ്പോൾ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള വിടവ് ഇല്ലാതാവുകയും സാമ്പത്തിക വേർതിരിവുകൾ മാറുകയും ചെയ്യും. മാർക്സിസ്റ്റ് സിദ്ധാന്തം വ്യക്തമാക്കുന്നത് ചരിത്രപുരോഗമനം സംഘർഷങ്ങളിലൂടെയാണ് എന്നത്രേ. മുതലാളികളും ഉടമസ്ഥരും ദരിദ്രരും തമ്മിലുള്ള സംഘർഷം ഒരു വിഭജനാതീതമായ സമൂഹം നേടിയെടുക്കുവാൻ സഹായിക്കും. അങ്ങനെ സമ്പന്നരെന്നും ദരിദ്രരെന്നും വിഭജനമില്ലാത്ത ഒരു സമൂഹമായിരിക്കും ആത്യന്തിക ലക്ഷ്യം. മാർക്സിസ്റ്റുകൾ വിശ്വസിക്കുന്നത് മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേക്കുള്ള മാറ്റം മനുഷ്യസമൂഹത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണെന്നത്രേ. സോഷ്യലിസ്റ്റ് സമൂഹം എതിർ ശക്തിയായ മുതലാളിത്തത്തേക്കാൾ ഭേദമാണെന്ന് മാർക്സിസ്റ്റുകൾ വിശ്വസിക്കുന്നു.

1883-ൽ മാർക്സിന്റെ മരണശേഷം ലോകത്തിലെ വിവിധ സംഘടനകളും മാർക്സിസത്തെ അവരുടെ രാഷ്ട്രീയത്തിന്റെയും രാജ്യനയത്തിന്റെയും സൈദ്ധാന്തിക അടിസ്ഥാനമായി അംഗീകരിച്ചു. താഴെ പരാമർശിക്കുന്ന പല രാജ്യങ്ങളുടെയും ഗവൺമെന്റുകൾ 20-ാം നൂറ്റാണ്ടിന്റെ ചില ഭാഗങ്ങളിൽ മാർക്സിസത്തോട് ചേർന്നു. അൽബാനിയ, അഫ്ഗാനിസ്ഥാൻ, അംഗോള, ബെവനിൻ, ബൾഗേറിയ, ചിലി, ചൈന, റിപ്പബ്ലിക്ക് ഓഫ് കോംഗോ, ക്യൂബ, ചെക്കോസ്ലോവോക്യ, കിഴക്കൻ ജർമനി, എത്യോപ്യ, ഗ്രനേഡാ, ഹംഗറി, ലാവോസ്, മോൾഡോവ, മംഗോളിയ, മോസാംബിക്, നേപ്പാൾ, നിക്കാരഗ്വാവ, വടക്കൻ കൊറിയ, പോളണ്ട്, റൊമാനിയ, റഷ്യ, യു.എസ്.എസ്.ആറും അതിന്റെ റിപ്പബ്ലിക്കുകളും, തെക്കൻ യെമൻ, യൂഗോസ്ലോവിയ, വെനിസ്വല, വിയറ്റ്നാം. ഇതുകൂടാതെ ഭാരതത്തിലെ സംസ്ഥാനങ്ങളായ കേരളം, ത്രിപുര, പശ്ചിമ ബംഗാൾ എന്നീ സ്ഥലങ്ങളിൽ മാർക്സിസ്റ്റ് ഗവണ്മെന്റുകൾ നിലവിൽ വന്നു. പക്ഷേ പിന്നീടുണ്ടായ തെരഞ്ഞെടുപ്പുകളിൽ പലപ്പോഴും

മാറ്റങ്ങൾ വന്നു. വെനീസ്വല, നിക്കാർഗ്വാവ, ചിലി, മോൾഡോവാ, ഭാരതത്തിന്റെ തന്നെ ചില സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ജനാധിപത്യരീതിയും ബഹുപാർട്ടി തെരഞ്ഞെടുപ്പും നടക്കുന്നു.

മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികളുടെ അവസ്ഥയിൽ വലിയതോതിൽ പ്രായോഗികമാക്കിയത് റഷ്യയിൽ വ്ളാഡിമർ ലെനിന്റെ (1870–1929) നേതൃത്വത്തിലുണ്ടായ 1917 ലെ ഒക്ടോബർ വിപ്ലവമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം മിക്കവാറും സോവിയറ്റ് പട്ടാളത്തിന്റെ പിൻബലത്തോടെ ലോകമെങ്ങും വിപ്ലവാത്മക കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉയർച്ചയ്ക്ക് സാക്ഷ്യമായി. ചിലർക്ക് ആത്യന്തികമായി അധികാരം നേടുവാനും അവരവരുടെ ഇംഗിതത്തിനനുസരിച്ച് മാർക്സിസ്റ്റ് അവസ്ഥയെ സംജാതമാക്കുവാനും സാധിച്ചു. സ്വന്തമായി അധികാരത്തിലേറിയ പല മാർക്സിസ്റ്റ് രാജ്യങ്ങളും ഒടുവിൽ കുമിഞ്ഞുകൂടിയ സമ്പദ്‌വ്യവസ്ഥയുടെ സേച്ഛാധിപത്യ സ്വഭാവമുള്ള ഭരണസംവിധാനമായി. യഥാർത്ഥത്തിൽ മാർക്സിസം പ്രായോഗികമാക്കുകയാണോ അതോ യഥാർത്ഥ മാർക്സിസത്തിൽനിന്ന് അകന്ന് രാജ്യം ഭരിക്കുകയാണോ എന്ന സംവാദത്തിന് തന്നെ വഴിതുറന്നു.

1991-ൽ സോവിയറ്റ് യൂണിയൻ തന്നെ ചിതറപ്പെടുകയും പുതിയ റഷ്യയും അതിനോട് ചേർന്നുള്ള റിപ്പബ്ലിക്കുകളും മാർക്സിസവുമായി ചേർന്ന് താദാത്മ്യപ്പെടുന്നത് അവസാനിക്കുകയും ചെയ്തു. ലോകത്തിന്റെ പലഭാഗങ്ങളിലുമുള്ള രാജ്യങ്ങളിൽ ഇത് സംഭവിച്ചു. അതോടുകൂടെ വിപ്ലവകരമായ മാർക്സിസം അല്ലെങ്കിൽ കമ്മ്യൂണിസം പൊതുവേ ലോകരാഷ്ട്രീയത്തിലെ മുൻപന്തിയിലുള്ള രാഷ്ട്രീയ ശക്തി എന്ന നില അവസാനിച്ചു. അതിന്റെ സ്ഥാനത്ത് ജനാധിപത്യപരമായ സോഷ്യലിസം അല്ലെങ്കിൽ പൊതുവേ പറഞ്ഞാൽ പുതിയ ലിബറൽ മുതലാളിത്തം സ്ഥാനം പിടിച്ചു. പരിസ്ഥിതി പ്രസ്ഥാനത്തിന്റെ വളർച്ചയുമായി മാർക്സിസം ചേർന്നു. സൈദ്ധാന്തികർ മാർക്സിസം, സോഷ്യലിസം, പരിസ്ഥിതി വിജ്ഞാനം, പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനം എന്നിവയോട് ചേർന്നുള്ള പ്രത്യയശാസ്ത്രത്തെ പരിസ്ഥിതി സോഷ്യലിസം (Eco-Socialism) എന്നു പറഞ്ഞു. ചരിത്രപരമായി കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളുടെ സ്വഭാവ പ്രത്യേകത എന്തെന്നാൽ ആസൂത്രിത സമ്പദ്ഘടനയിൽ ഉല്പാദനവിഭവങ്ങൾ രാജ്യത്തിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനുവേണ്ടിയുള്ള ഭൂപരിഷ്ക്കകരണവും വ്യവസായങ്ങളുടെ ദേശസാത്കരണവും സമ്പദ്‌വ്യവസ്ഥയുടെ പുനഃക്രമീകരണത്തിനുവേണ്ടിയുള്ള പ്രചരണവുമാണ്.

## സമ്പത്തിന്റെ വേദശാസ്ത്രത്തിലേക്ക്

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിലൂടെ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ദരിദ്രർക്കും അവശ്യക്കാർക്കും ധനം പങ്കിടുവാനാണ്. ആത്യന്തികമായി ഉടമസ്ഥൻ ദൈവമാണെന്നും പാർശ്വവത്കരിക്കപ്പെട്ടവരുടെ ആവശ്യങ്ങളോടു താദാത്മ്യപ്പെടുകയാണ് വേണ്ടതെന്നും സുവിശേഷത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു. വി. ജോൺ ക്രിസോസ്റ്റം, വലിയ മാർ ബസേലിയോസ്, വി. അപ്രേം മുതലായ ആദിമ ക്രൈസ്തവ എഴുത്തുകാരും ആധുനികകാല വേദശാസ്ത്രജ്ഞന്മാരായ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നിവരും വളരെ ശക്തമായി വിശ്വാസവും സാമൂഹിക നീതിയും തമ്മിലുള്ള ബന്ധം ഊന്നിപ്പറഞ്ഞിരിക്കുന്നു. വിശ്വാസവും സുവിശേഷവും നഷ്ടപ്പെടാതെ ക്രൈസ്തവർ വിമർശനബുദ്ധിയോടുകൂടി പ്രത്യയശാസ്ത്രങ്ങളുടെ മൂല്യനിർണ്ണയം നടത്തി നീതിയും സമാധാനവുമുള്ള സമൂഹത്തിനായി കൂട്ടായി യത്നിക്കേണ്ടതാണ്.

### പ്രവർത്തനങ്ങൾ

1. സോഷ്യലിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
2. ഒക്ടോബർ വിപ്ലവത്തിന്റെ പ്രസക്തി എന്ത്?
3. സമ്പത്തിന്റെ വിനിയോഗത്തെക്കുറിച്ചുള്ള അഭി. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ആശയങ്ങൾ പഠനവിധേയമാക്കുക.
4. മാർക്സിസവും ക്രിസ്തീയതയും തമ്മിൽ ഒരു താരതമ്യപഠനം നടത്തുക.

•